K 04
EK 14

A. M. D. G.



DEDICATED

with Kind Permission to

## The Very Rev. Fr. John Joseph, Rector,

St. Joseph's Ap. Seminary. Mangalapuzha. Alwaye,

who, enlivened by 'The Changeless Friend' left his fatherland seven and thirty years ago to spread the odour of Christ in India, who shall ever remain enshrined in the hearts of his pupils for the parental solicitude shown by him for their welfare and the wholesome influence exercised on them by his powerful personality in befitting them for the priestly life, and who will also be ever remembered by the Indian Catholics, the clergy as well as the laity, for the beneficial services, spiritual and temporal, rendered to them during the twenty—five years in which he adorned the rectorial Chair.

*The translator.*

# നിത്യമിത്രം.

(ഒന്നാംഭാഗം)

ഒരു സ്വതന്ത്രവിവൎത്തനം.

ഫാദർ ജോൺ പി. എലുവത്തിങ്കൽ.

DHARMARAM COLLEGE LIBRARY, BANGALORE.
7821
K 04
31 14

കോപ്പി 1000

ഡെക്ടോറിയൻ രജതജൂബിലിവൎഷം.

1937.

പ്രസിദ്ധപ്പെടുത്തുന്നത് എസ്സ്. എച്ച്. ലീഗിന്.

വില 0—8—0.

Translated and Published by the kind permission of Rev: Charles Mullaly S J. National Director of Apostle ship of Prayer.

Nihil Obstat.

Fr S. Thermadom.

Cen. Dep.

**Imprimatur:**

Bishop's House,
Trichur.
14—12—1937

M. Edakolathur,
Vicar General.

# വിഷയവിവരം.


| | | |
|---|---|---|
| 1. | അവതാരിക | iii |
| 2. | പ്രസ്താവന | v |
| 3. | അഭിപ്രായം | vi |
| 4. | സ്നേഹനികഷം | 1 |
| 5. | ദേവാലയസ്മരണ | 5 |
| 6. | ജെറുസലസ്മരണ | 9 |
| 7. | സായൂജ്യപ്രാപ്തി | 13 |
| 8. | തിരുശരീരം | 17 |
| 9. | മാതൃപ്രകീത്തനം | 21 |
| 10. | മൈത്രീനികഷം | 25 |
| 11. | ഒരു പ്രശ്നം | 29 |
| 12. | ശൂന്യജീവിതം | 33 |
| 13. | മിത്രഭേദം | 36 |
| 14. | പ. കുബ്ബാന | 41 |
| 15. | ഹൃദയവിനീതത്വം | 44 |
| 16. | ഏകാഭിലാഷം | 47 |
| 17. | ആത്മസംയമനം | 50 |
| 18. | കാമ്യപ്രവൃത്തി | 54 |
| 19. | പൂവ്ശരണം | 58 |
| 20. | ഉപഹാരം | 62 |
| 21. | അഭിലഷിതം | 66 |
| 22. | പൂവ്സ്മരണ | 70 |

23. മൈത്രി 74
24. സ്വാധീനത 78
25. കാവ്യാത്മകത്വം 83
26. ലക്ഷ്യം 88
27. വിജയം 92
28. നിർമ്മലരക്തം 96
29. നിശ്ശുദ്ധവിജ്ഞാനം 101
30. വിവേകശൂന്യത 106
31. നവീകരണം 111
32. മിത്രവിയോഗം 116
33. ഏകാന്തം 120
34. മിത്രകാരുണ്യം 124
35. സമ്മാനദാനം 128
36. സുശീലത്വം 131
37. ആകസ്മികദർശനം 135
38. ആത്മദുഃഖം 139
39. ക്ഷീണം 142
40. ബാലിശം 146
41. ആശ്ചര്യരാജ്യം 150
42. സ്നേഹിതപ്രകീർത്തനം 155
43. ദൈവാലയം 160
44. ദിവ്യസാന്ത്വനം 165
45. ജീവിതാമോദം 169
46. ദിവ്യവത്സരം 174

# അവതാരിക.

ഫാദർ സെബാസ്ത്യൻ തേർമഠം, വിദ്വാൻ.

ലോകം ഇന്നു് ഭൗതികപരിഷ്കാരത്തിൽ മുന്നോട്ടു കുതിച്ചുചാടിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലുംസദാചാരപരമായി അതുപിന്നോക്കം പൊയ്ക്കൊണ്ടിരിക്കയാണെന്നു സമ്മതിക്കാതെ തരമില്ല. പാശ്ചാത്യരാജ്യങ്ങളിൽനിന്നു് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്ന വിഷച്ചുരക്കുകഠം—ചില ദൂഷിച്ച സാഹിത്യങ്ങഠം—വിദ്വജ്ജനങ്ങളെക്കൂടി ചിലപ്പോഠം കണ്ണുമഞ്ഞളിപ്പിക്കാറുണ്ടു്. തന്മൂലം പലരും ഇന്നു സത്യം ഗ്രഹിക്കാതെ അജ്ഞതയുടെ മടിത്തട്ടിൽ സുഖനിദ്രകൊള്ളുകയാണു്. എന്നാൽ പണ്ഡിതന്മാക്കുകൂടി രുചിക്കത്തക്കവണ്ണം സാഹിത്യരസംതുളുമ്പുന്ന കത്തോലിക്കാ മതഗ്രന്ഥങ്ങഠം നമുക്കു വളരെ വിരളമാണല്ലോ. ഈ ന്യൂനത പരിഹരിക്കുന്നതിന്നു് മംഗലപ്പുഴ സെമിനാരി അധികൃതന്മാർ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമങ്ങളുടെ ഫലമായി ഒട്ടധികം മതഗ്രന്ഥങ്ങഠം കത്തോലിക്കാസാഹിത്യഭണ്ഡാഗാരത്തിൽ നിക്ഷേപിക്കുവാൻ അവക്കു കഴിഞ്ഞിട്ടുണ്ടു്. അവയിൽ ഗണ്യമായ ഒരു സ്ഥാനത്തെ തികച്ചും അർഹിക്കുന്ന ഒന്നാണു് റവ. ഫാദർ ജോൺ എലുവത്തിങ്കൽ അവർകളുടെ തൂലികയിൽനിന്നു സഭക്കു കൈവന്നിരിക്കുന്ന "നിത്യമിത്രം"

മഹാശയനായ റവ: ഫാദർ ഫ്രാൻസീസ് ലെബെഫെ എസ്സ്. ജെ. അവർകഠം ആംഗ്ലേയഭാഷയിൽ എഴു

തിയ "My Changeless Friend" എന്ന ഗ്രന്ഥപരമ്പരയുടെ ഏതാനുമദ്ധ്യായങ്ങൾ വിവൎത്തനം ചെയ്തിട്ടുള്ളതാണു് പ്രകൃതഗ്രന്ഥം. അന്യഭാഷകളിൽനിന്നു് വിവൎത്തനം ചെയ്യുമ്പോൾ സാധാരണ സംഭവിക്കാറുള്ള ആശയശ്രുഷ്ടത ഇപ്പുസ്തകത്തിൽ ചിലേടത്തു വന്നുപോയിട്ടുണ്ടെങ്കിലും മൂലഗ്രന്ഥകാരൻെറ ആശയങ്ങൾ അധികവും ചോൎന്നുപോകാതെതന്നെ തൎജ്ജമയിൽ പ്രകാശിപ്പിക്കുവാൻ പരിഭാഷകനു സാധിച്ചിട്ടുണ്ടു്. സാധാരണ ജനങ്ങളെ ശ്വാസം മുട്ടിക്കുന്ന സംസ്കൃതപദങ്ങൾ ഇതിൽ കുറെയധികം കടന്നുകൂടീട്ടുണ്ടെന്നൊരപവാദം ചിലർ പുറപ്പെടുവിച്ചേക്കാം. എന്നാൽ പുസ്തകം ഒരു തൎജ്ജമയാണെന്നും പരിഭാഷകൻ എഴുതി കൈതഴമ്പിച്ചിട്ടില്ലാത്ത ഒരു യുവാവാണെന്നുമുള്ള സാഹചൎയ്യങ്ങൾ ആലോചിക്കുമ്പോൾ അതൊരു ന്യൂനതയായി പരിഗണിക്കുവാൻ പാടില്ലാത്തതാണു്. ക്ലേശകരമായ ശാസ്ത്രപഠനത്തിന്നിടയിൽ ഏകദേശം 43 അദ്ധ്യായങ്ങളോളം വരുന്ന ഒരു പുസ്തകം തികഞ്ഞ സാഹിത്യരസത്തോടുകൂടിയെഴുതി കേരളീയകത്തോലിക്കൎക്കു കാഴ്ചവെക്കുന്ന സമുദായസ്നേഹവും ത്യാഗബുദ്ധിയുമുള്ള റവ. എലുവത്തിങ്കലിനെ എത്ര അഭിനന്ദിച്ചാലും മതിയാകുന്നതല്ല. നമ്മുടെ കൎത്താവിൻെറ മുന്തിരിത്തോട്ടത്തിലും സാഹിത്യലോകത്തിലും ഒപ്പം കാലുവെച്ചിരിക്കുന്ന ഗ്രന്ഥകൎത്താവിൽനിന്നു് ഇതിലും ഉൽകൃഷ്ടതരങ്ങളായ ഗ്രന്ഥതല്ലജങ്ങൾ കത്തോലിക്കസാഹിത്യത്തിനു ലഭിക്കുമെന്നു് നമുക്കു പ്രതീക്ഷിക്കാം. ഗ്രന്ഥകൎത്താവിനും ഗ്രന്ഥത്തിനും ഞാൻ സകല ഭാവുകങ്ങളും ആശംസിക്കുന്നു.

# പ്രസ്താവന.

എൻെറ മനസ്സിൽ ഒരാഗ്രഹമുദിച്ചു, കൈരളിയുടെ തിരുമുമ്പിൽ ഒരു പുസ്തകം കാണിയ്ക്കവെക്കണമെന്നു്. അതിൻെറ ഫലമാണു് ഈ "നിത്യമിത്രം."

Francis P. Lebuffe, S. J. അവർകൾ ഇംഗ്ലീഷിൽ എഴുതിയ My changeless Friend എന്ന ഗ്രന്ഥത്തിൻെറ ഏതാനും അദ്ധ്യായങ്ങളുടെ വിവർത്തനമാണു് പ്രകൃതപുസ്തകം. കഴിയുന്നതും മൂലാർത്ഥം സുവ്യക്തം പ്രകാശിപ്പിക്കുവാൻ ഞാൻ പരിശ്രമിച്ചിട്ടുണ്ടു്.

കേരളീയരുടെ—വിശേഷിച്ച് കത്തോലിക്കാ സഹോദരരുടെ—മുമ്പിൽ ഇതാ സമർപ്പിക്കുന്നു, ഈ 'നിത്യമിത്ര'ത്തെ. കേരളം, ഇതിനെ സ്വീകരിച്ച് ഒന്നാമതായി സാഹിത്യലോകത്തിലേക്കിറങ്ങിയ എന്നെ അനുഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു.

ഈ ഗ്രന്ഥനിർമ്മാണത്തിൽ എന്നെ ഉള്ളഴിഞ്ഞു സഹായിച്ച എല്ലാവരോടും ഞാൻ പ്രത്യേകം നന്ദി പറഞ്ഞുകൊള്ളുന്നു.

എന്നു്,

ഫാദർ ജോൺ എലുവത്തിങ്കൽ,

മംഗലപ്പുഴ സെമ്മിനാരി.

25—4—1113.

# അഭിപ്രായം.

ഫാദർ ജോൺ എലുവത്തിങ്കൽ അവർകഠം എഴുതിയ മതപരമായ ഒരു ഗ്രന്ഥതല്ലജമാണ് ഈ "നിത്യമിത്രം."

ക്രൈസ്തവപുരോഹിതനായ ഇദ്ദേഹത്തിൻെറ ഭാഷാസാഹിത്യവിഷയകമായ ഈ പരിശ്രമഫലം അഭിനന്ദനാൎഹമാണെന്നു് തീച്ചതന്നെ.

ഈ വിവത്തനഗ്രന്ഥം ക്രിസ്തുമതാവലംബികഠക്കും ഇതരക്കും തത്വോപദേശം ചെയ്യുന്നതിൽ സമത്ഥമാണ്. കൈരളിയുടെ ഭണ്ഡാഗാരത്തിൽ ഇതു് ഒരനഘരത്നമായി എന്നും പരിലസിക്കും.

ഭാഷാരീതി ഒരുവിധം നന്നായിട്ടുണ്ടെന്നുതന്നെ വേണം പറയുവാൻ. എങ്കിലും ഇന്നത്തെ കാലസ്ഥിതിക്കനുസരിച്ചു നോക്കുമ്പോഠം, ഈ പുസ്തകത്തിലെ സംസ്കൃതപദബാഹുല്യം കുറച്ചധികമായിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എങ്കിലും യുവാവും പരിശ്രമശീലനുമായ ഏതദ് ഗ്രന്ഥകത്താവിൻെറ ഈ പ്രഥമസാഹിത്യപരിശ്രമത്തെ, കേരളം സ്വാഗതം പറഞ്ഞു സ്വീകരിക്കുമെന്നു് വിശ്വസിക്കുന്നു.

എൻെറ പ്രിയമിത്രമായ ഈ ഗ്രന്ഥകാരനും, പുസ്തകത്തിന്നും സകല ഭാവുകങ്ങളും വന്നുചേരുവാൻ ജഗദീശ്വരനോടു പ്രാത്ഥിച്ചുകൊള്ളുന്നു. എന്നു്,

തൃശ്ശൂർ, സാഹിത്യശിരോമണി,

28-4-1113. കെ. നീലകണ്ഠൻ നമ്പീശൻ.

# നിത്യമിത്രം.

## അദ്ധ്യായം 1.

### സ്നേഹനികഷം.

"അദ്ദേഹംവന്നു; നിദ്രാനിമഗ്നരായി അവരെ അവിടുന്നു് കണ്ടു. അവിടുന്നു പത്രോസിനോടു ചോദിച്ചു: പത്രോസ്സേ! നീ ഉറങ്ങുന്നുവോ? ഒരു മണിക്കൂർനേരം എന്നോടുകൂടെ നിങ്ങൾക്കുണന്നിരുന്നുകൂടയൊ?"

(വി. മക്കോ. 14_37.)

സ്നേഹത്തിൻെറ നികഷമാകുന്നു ത്യാഗം. സ്വാത്ഥമില്ലാതെ എന്തുമേതും സഹിക്കുവാൻ സാധിക്കുന്ന ഒരു ആപ്തമിത്രത്തിനുമാത്രമേ രണ്ടു ഹൃദയങ്ങളെ തമ്മിൽ സംയോജിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇതരന്മാരിൽനിന്നു് ആവശ്യപ്പെടുവാൻ അനുചിതമായവ ഒരു സ്നേഹിതനിൽനിന്നു എനിക്കു കാംക്ഷിക്കാം. അത്രയുമല്ല, അപ്രകാരം ഞാൻ ചെയ്യുകതന്നെ ചെയ്യുന്നു. സ്നേഹത്തിൻെറ ശൃംഖലകൾ എത്രത്തോളം കരുത്തുണ്ടോ; അത്രക്കും ശക്തിമത്തായിരിക്കും അദ്ദേഹത്തോടുള്ള എൻെറ അഭ്യത്ഥനകൾ. ആ അപേക്ഷകളോടു ഒരു കറുത്ത മുഖം കാണിക്കുവാൻ അയാൾക്കു സാധിക്കുകയില്ല. ഇപ്രകാരംതന്നെ

യാണു നമ്മുടെ ദിവ്യനാഥനായ ക്രിസ്തുവിനോടുള്ള പരിശുദ്ധതമവും ഉത്കൃഷ്ടതരവുമായ സ്നേഹവും. അവിടുത്തെ വത്സലസ്നേഹിതന്മാരോടുമാത്രമേ അവിടുന്നും ത്യാഗം ആവശ്യപ്പെടുകയുള്ളൂ.

ഇന്നു ഞാൻ അവിടുത്തെ സന്നിധിയിൽ സാഷ്ടാംഗപ്രണാമം ചെയ്യുമ്പോൾ ഞാൻ അവിടത്തോടു എത്രത്തോളം സാമീപ്യം പ്രാപിക്കുന്നുണ്ടെന്നു ചിന്തിക്കാതിരിക്കയില്ല. തദർത്ഥം, ഒരു ചോദ്യത്തിനു മാത്രമേ ഞാൻ മറുപടി പറയേണ്ടതുള്ളൂ. യേശുവിനുവേണ്ടി ഏതൊരു ത്യാഗവും ചെയ്യുന്നതിനു ഞാൻ സന്നദ്ധനായിരിക്കത്തക്കവിധം അവിടത്തോടു എനിക്കു യഥാർത്ഥമായ സ്നേഹമുണ്ടോ? ഞാൻ പോയി അവിടത്തെ മുമ്പിൽ മുട്ടുകുത്തി നില്ക്കുമ്പോൾ, നീരസജനകമായ ഒരു മറുപടി എന്നിൽനിന്നു് പുറപ്പെടുകയില്ലെന്നുള്ള വിശ്വാസത്താൽ ദിവ്യമണ്ഡപത്തിലിരുന്നുകൊണ്ടു എന്നെ നോക്കുവാൻ അവിടത്തേക്കു സാദ്ധ്യമോ? അഥവാ, അവിടത്തെ സ്നേഹിതന്മാരുടെ ഗണത്തിൽനിന്നു തുലോം അകന്നു ജീവിക്കുന്ന ഒരുത്തനായി എന്നെ അവിടത്തേക്കു പരിഗണിക്കേണ്ടിവരുമോ? അന്നു് ഗദസേമ്നി തോട്ടത്തിൽവെച്ച് നിദ്രാലുക്കളും ബലഹീനരുമായ സ്വശിഷ്യന്മാരിൽനിന്നു് പിന്മാറിയതുപോലെ, യേശുവിനു ഹൃദയഭാരത്തോടും വ്യഥയോടുംകൂടെ എന്നിൽ നിന്നകലേണ്ടിവരുമോ?

കുഞ്ഞിനെ കൈത്തൊട്ടിലിലിട്ടാട്ടി താരാട്ടുപാടിയുറക്കുന്ന മാതാവിനോടു—സ്നേഹത്തിന്റെ ത്തുവമൂതം—

മധുരസ്തന്യം—ചുരത്തികൊടുത്തു് താലോലിക്കുന്ന മാതാവിനോടു—മിശിഹാ ചിലപ്പോഠം ആവശ്യപ്പെട്ടേക്കാം ആ പൈതലിനെ ദേവദൂതന്മാരുടെ ഗണത്തിൽ ചേക്കുവാൻ. അല്ലെങ്കിൽ വാദ്ധക്യം ജീവരക്തം മുഴവനും ഊററിക്കുടിക്കയാൽ—ജരാനരകളുടെ വരുതിക്കു കീഴ്പ്പെട്ടിരിക്കുന്ന—ഒരു വൃദ്ധനോടു അയാളുടെ അനന്തരജീവിതത്തിനു ഏകാവലംബമായിരുന്ന പുത്രനെ ദൈവശുശ്രൂഷക്കായി വിട്ടുകൊടുക്കുവാൻ ചോദിച്ചുവെന്നും വന്നേക്കാം. യൌവ്വനത്തിൻെറ മത്തു്പിടിച്ചു് തലതിരിയുന്ന യുവതിയുവാക്കന്മാരെ ഭൌമപ്രതാപതേജസ്സുകളിൽനിന്നു് ക്രൂശിൻപ്രതിഛായയിലേക്കു ക്ഷണിക്കുമായിരിക്കാം. എന്നാൽ, ഇവരെല്ലാവരും ഏതൊരു ത്യാഗവുമനുഷ്ഠിക്കുന്നതിനു് മുതിരത്തക്കവണ്ണം അത്രക്കും ക്രിസ്തുവിൻെറ ആപ്തമിത്രങ്ങളാണോ? അതുകൊണ്ടായിരിക്കണം നശ്വരലോകത്തിൻെറ നിരത്ഥകീത്തിയെ വലിച്ചെറിഞ്ഞു് സനാതനസമാധാനവും, സ്വൎഗ്ഗീയസംതൃപ്തിയും ലഭിക്കുന്നതിനു അടച്ചുകെട്ടിയ ആശ്രമമുറികളിൽ സിദ്ധന്മാർ അജ്ഞാതവാസം ചെയ്തതും ചെയ്യുന്നതും.

ഇതരസ്നേഹിതന്മാരെപ്പോലെതന്നെ, യേശുവും തൻെറ സുഹൃത്തുക്കളിൽനിന്നു ചില ത്യാഗങ്ങഠം ആവശ്യപ്പെടാറുണ്ടു്. നിരന്തരം എന്തെങ്കിലും ത്യാഗങ്ങഠം അവർ സഹിച്ചുകൊണ്ടിരിക്കണമെന്നാണു അവിടത്തെ അഭിലാഷം. സ്നേഹശൃംഖലക്കു ഉറപ്പുകൂടുന്നതോടുകൂടി അവിടന്നു ആവശ്യപ്പെടുന്ന ത്യാഗത്തിനും ശക്തികൂടും. അത്തരത്തിലുള്ളവയാണു് സന്ന്യാസികളാചരിക്കുന്ന ത്യാഗങ്ങഠം.

ഹാ! യേശുവേ! ജീവനാഥാ! ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടെന്നു സർവ്വജ്ഞനായ അവിടത്തേക്കു അറിയാവുന്നതാണല്ലോ. അതെ, എൻെറ ജീവിതാരംഭംമുതൽ അവിടത്തെ ഞാൻ സ്നേഹിച്ചുതുടങ്ങി. എനിക്കു വേറെ സനാതനമിത്രങ്ങളില്ല. അവിടന്നു നൽകുന്ന ക്ലേശങ്ങളുടെ തിക്തദ്രാവകം അവസാനത്തെ തുള്ളിവരെ മോന്തിക്കുടിക്കുവാൻ ഞാൻ തയ്യാറാണ്. സർവ്വം അവിടത്തേക്കു പാദകാണിയ്ക്കവെച്ചിരിക്കുന്നതുതന്നെ ഒരു നിസ്സാരത്യാഗമായിട്ടേ ഞാൻ കരുതുന്നുള്ളൂ. അവിടത്തെ സ്നേഹിതനായി എന്നെ പരിഗണിക്കുവാൻ കാരുണ്യമുണ്ടാകേണമെ! ഞാൻ അസ്ഥിരനും ദുർബ്ബലനുമാണെങ്കിലും അവിടത്തെ ഒരു മിത്രമാകുന്നു. എന്തുമേതും എന്നോടു ആവശ്യപ്പെടുവാൻ അവിടത്തേക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ട്. "എനിക്കു ശ്രേഷ്ഠമായിട്ടുള്ളതെല്ലാം എൻെറ ദൈവത്തിനു ഞാൻ സമർപ്പിക്കുന്നു." "ആത്മാർപ്പണമാധുര്യം ഞാനാസ്വദിച്ചു; പ്രതിദിനം ആയിരം പ്രാവശ്യം അവിടത്തെ ക്രൂശു ഞാൻ ചുംബിച്ചു; എൻെറ സ്വപ്നത്തിൽ അതിന്മേൽ എൻെറ രക്തം ഞാൻ ചൊരിഞ്ഞു; അതിന്മേൽ ക്രൂശിതനായി; അതിന്മേൽ ഞാൻ ജീവിച്ചു; അന്തിമനിമിഷംവരെ അതിനെ ഞാൻ സ്നേഹിച്ചു"

## അദ്ധ്യായം 2.

---

### ദേവാലയസ്മരണ.

"എന്നോടു പറഞ്ഞ സംഗതികളെപ്പററി ഞാൻ സന്തോഷിച്ചു: ദിവ്യനാഥൻെറ ആലയത്തിലേക്കു നമുക്കുപോകാം." സങ്കീർത്തനം 121_1.

പരദേശത്തു പാരതന്ത്ര്യത്തിൻെറ കനത്ത ചങ്ങല ധരിച്ചു് യഹൂദർ നിരവധികാലം തങ്ങളുടെ ക്രൂരയജമാനന്മാരെ സേവിച്ചു. യജമാനന്മാരുടെ നിർദ്ദയമർദ്ദനം അവരെ അധികമായി പീഡിപ്പിച്ചിരുന്നു. ദൈനംദിനം ബാബിലോണിലെ നദീതീരങ്ങളിൽ ഇരുന്നു, വിദൂരസ്ഥിതവും, തങ്ങളുടെ സ്നേഹത്തിനു പാത്രീഭവിച്ചിരുന്നതുമായ രാജ്യത്തെപ്പററി അവർ സശോകം വിലപിച്ചിരുന്നു. അടിമവേലയുടെ ഭാരം താങ്ങുവാൻ കെല്പില്ലാതെ അവർ നന്നാ കുഴങ്ങി. എന്നാൽ, അവരുടെ ക്ലേശങ്ങൾക്കൊരവുതിവന്നു. ഭാസുരമായ സന്തോഷത്തിൻെറ ആ ദിവസം—വിമോചനത്തിൻെറ ദിവസം—കൊഞ്ചിക്കുഴഞ്ഞുംകൊണ്ടു് അവരുടെ മുമ്പിൽ വന്നുനിന്നു. ക്ലേശപരമായ ദിനമസ്തമിച്ചു: പ്രവാസകാലംകഴിഞ്ഞു. ആനന്ദത്തിൻെറ മലർത്തോപ്പിലേക്കു—സിയോണിലേക്കു അവർ യാത്രതുടന്നു. അവരുടെ സംഭാഷണവിഷയം സ്വരാജ്യമൊ, ഭവനമൊ, പച്ചപ്പുതപ്പുപുതച്ച കുന്നുകളൊ, ചെമ്പവിഴങ്ങൾ വിളഞ്ഞുനില്ക്കുന്ന

വയലുകളൊ അല്ലായിരുന്നു. അവർ ആഹ്ളാദത്തോടെ പറഞ്ഞു "നമുക്ക് ദിവ്യനാഥൻെറ ആലയത്തിലേക്കു പോകാ"മെന്ന്. യൂദെയാമുതൽ ഗലീലവരെ നീണ്ടുകിടക്കുന്ന വാഗ്ദാനത്തിൻെറ രാജ്യത്തു ഒരു പ്രത്യേക സ്ഥലംമാത്രം അവരുടെ ക്ഷീണിച്ച കണ്ണുകൾകൊണ്ടു കണ്ടു. അതായിരുന്നു അവരുടെ മുഖകമലങ്ങളിൽ സ്ഫുരിച്ചിരുന്ന പ്രസന്നതക്കുള്ള കാരണം. "അവിടുത്തെ പരിശുദ്ധതയുടെ വന്മലയല്ലാതെ മറെറാന്നുമായിരുന്നില്ല അതു്" അതായിരുന്നു അവരുടെ യഥാൎത്ഥമായ വാസസ്ഥലം; അതായിരുന്നു അവൎക്കു സന്തോഷവും സൌഭാഗ്യവും നല്കിയിരുന്ന സ്വരാജ്യം. മാതൃഭൂമി ഒരിക്കൽകൂടി അവരുടെ ഗാനംകേട്ടു് രസിച്ചുകിടന്നു.

നമ്മെ സംബന്ധിച്ചിടത്തോളം ഇപ്രകാരമാണൊ? ദിവ്യനാഥൻെറ വാസസ്ഥലത്തേക്കു ചിഹ്നങ്ങളും അടയാളങ്ങളുംകൊണ്ടുമാത്രം ദൈവസാന്നിദ്ധ്യത്തെ സൂചിപ്പിച്ചിരുന്ന പഴയനിയമത്തിലെ ദേവാലയത്തിലേക്കല്ല— ജീവിക്കുന്ന ദൈവത്തിൻെറ വാസസ്ഥലത്തേക്കു, ക്രിസ്തുവിൻെറ സന്നിധാനത്തിങ്കലേക്കു ക്ഷണിക്കപ്പെടുമ്പോൾ ലോകഭാരത്താൽ തളൎന്ന നമ്മുടെ ഹൃദയങ്ങൾ രോമാഞ്ചംകൊള്ളാറുണ്ടോ? അവിടുത്തെ പ്രാതിനിധ്യം വഹിക്കുന്ന തിരുസ്സഭ ഔദ്യോഗികമായ പ്രാൎത്ഥനയിൽ നാമും ചേരുന്നതിന്നു നമ്മെ ക്ഷണിക്കുന്ന സ്വരമായിരിക്കാം അതു്. അല്ലെങ്കിൽ സ്വൎഗ്ഗത്തിൻേറയും ഭൂമിയുടേയും ദൈവത്തെ സ്തുതിക്കുന്നതിനു നമ്മളെ പ്രേരിപ്പിക്കുന്ന ദൈവദൂതന്മാരുടെ സ്വരമായിരിക്കാം. നമ്മളെ ഇരുക്കു

ട്ടരേയും സ്നേഹിക്കുന്നവനും, അവിട്ടത്തേയുംകുറിച്ചു സ്മരണയുള്ളവനായ ഒരു മിത്രത്തിൻെറ സദുപദേശമായിരിക്കാം. എന്തുതന്നെയായാലും വേണ്ടതില്ല, അത്തരത്തിലുള്ളക്ഷണം പലപ്പോഴും നമ്മിൽ പലക്കും ഉണ്ടാകാറുണ്ടു. ദൈവത്തിനു സ്തുതിയായിരിക്കട്ടെ—നമ്മുടെ ആ ആപ്തമിത്രത്തെ—മിശിഹായെ—നാം സന്ദശിക്കുവാൻ പോകുന്നുവെന്നറിയുമ്പോഠം, നാം ഏററം സ്നേഹിക്കുന്ന ഈ അരാദ്ധ്യനായ സുഹൃത്തുമായി സംഭാഷണംചെയ്യുവാൻ വീണ്ടും ഇടവരുമെന്നു നാം അറിയുമ്പോഠം, നാം യഥാത്ഥസന്തോഷമനുഭവിക്കുന്നുണ്ടോ?

നമ്മുടെ ഹൃദയംതുറന്നു ഒരുസ്നേഹിതനോടെന്നപോലെ സംഭാഷണംചെയ്യുന്നതു്, നമ്മുടെ സുഖദുഃഖങ്ങഠം അവിടുത്തെ കാരുണ്യമുള്ള ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതു്, എല്ലാംകൊണ്ടും സമുചിതമാകുന്നു. ദൈവമനുഷ്യനായ ക്രിസ്തുവിൻെറ ഹൃദയത്തേക്കാഠം സ്നേഹപൂണ്ണവും, ഉദാരതരവും, ധീരവുമായ ഒരു ഹൃദയം വേറെയില്ല. ലോകത്തിലെ വിശ്വസ്തസ്നേഹിതന്മാരെ നാം സ്നേഹിക്കുന്നുണ്ടു്. പക്ഷെ യേശുവിനെ ഒഴിച്ചു ഏതൊരുസ്നേഹിതനെ സന്ദശിക്കുമ്പോഴാണു് നമ്മുടെ ഹൃദയം ആനന്ദംകൊണ്ടു് തുടിക്കുന്നതു്? ആവിടുത്തെ ആഹ്വാനത്തിനു നാം ദത്തശ്രദ്ധരായിരിക്കണം. ബാബിലോണിലെ അടിമച്ചങ്ങലയിൽനിന്നു വിമോചിതരായ ഇസ്രായേൽ ജനങ്ങളെപ്പോലെ ഗീതാലാപത്തോടുകൂടെ നമ്മുടെ ഉത്കൃഷ്ടതമനായ സ്നേഹിതൻെറ മന്ദിരത്തിലേയ്ക്കു നാം പാഞ്ഞെത്തുക്കണം. അതേ, സന്തോഷം തുളുമ്പുന്ന ഹൃദയത്തിൽനിന്നു നിഗ്ഗ

ളിക്കുന്നതാകട്ടെ ആ ഗാനം. ദൈവത്തിൻെറ പരിശുദ്ധ മലയിലേക്കു വീണയും മീട്ടിക്കൊണ്ടുപോകുന്നവനെപ്പോലെ നാമും ദേവാലയത്തെ സമീപിക്കാം.

ഓ, നാഥ! അവിടത്തോടു സല്ലപിച്ചുകൊണ്ടു കഴിക്കുന്നസമയം എത്ര മധുരമുള്ളതാണ്. ഞാൻ സ്വദേശഭ്രഷ്ടനാകുന്നുവെങ്കിലും, അവിടുത്തെ ഈ ഭൌമിക ഭവനത്തിൽ എൻെറ ആകുലമായ ഹൃദയം സമാശ്വാസം കണ്ടെത്തുന്നു. അവിടെ നില്ക്കുമ്പോഠം ഞാനെൻെറ സൎവ്വസങ്കടങ്ങളും വിസ്മരിക്കുന്നു. സൎവ്വസന്തോഷങ്ങളും അവിടുന്നു വിശുദ്ധീകരിക്കുന്നു. ഇതിനു അങ്ങയുടെ അനുഗ്രഹത്തിൻെറ കരം നീട്ടുവാൻ തെല്ലും മടിയില്ല. അവിടുത്തെ —മാധുൎയ്യപൂൎണ്ണമായ സമാഗാമത്തിനായി എന്നെ വിളിക്കുക. പലപ്രാവശ്യവും അവിടുന്നു എന്നെ ക്ഷണിക്കേണമെ! അവിടത്തെപ്പക്കൽ ഹാജരാവുനാതിന്നു് എന്നോടു കല്പിക്കേണമെ. എന്തുകൊണ്ടെന്നാൽ കത്താവെ അവിടത്തോടു ഒന്നിച്ചിരിക്കുമ്പോഠം ഞാൻ പരിതൃപ്തനാണ്. "അത്യുന്നതൻെറ പക്കലാകുന്നു എൻെറ അവലംബം. ആ പരമപരിശുദ്ധൻെറ സന്നിധിയിൽ ഞാൻ സാഷ്ടാംഗപ്രണാമംചെയ്യും. ഉന്നതങ്ങളിൽനിന്നു് ഒരു വാക്യം ഞാൻ കേട്ടു. "നീ എൻേറതായിത്തീരു" എൻെറ അകക്കാമ്പിലൊരു സ്വരമുയൎന്നു. "എൻെറ ഹൃദയം അവിടുത്തേതായിതീരട്ടെ."

## അദ്ധ്യായം 3

### ജെറുസലസ്മരണ.

"ഓ! ഓർശ്ലേമെ! ഞാൻ നിന്നെ വിസ്മരിക്കുന്നെങ്കിൽ എൻെറ വലതുകൈ വിസ്മൃതമാകട്ടെ: ഞാൻ നിന്നെ അനുസ്മരിക്കുന്നില്ലെങ്കിൽ, എൻെറ സന്തോഷപ്രാരംഭം നിന്നെ ഞാൻ ആക്കുന്നില്ലെങ്കിൽ, എൻെറ നാവ് ആടിയോടൊട്ടട്ടെ." (സങ്കീർത്തനം, 5_6.)

ഇപ്പോൾ കാലമൊട്ടുകടന്നുകഴിഞ്ഞിരിക്കുന്നു; ജെറുസലം അവളുടെ സന്താനങ്ങളുടെ ത്വരിതമായ പാദപതനം ശ്രവിക്കുകയുണ്ടായി. അവരേവരും ബാബിലോണിൽ പ്രവാസം അനുഭവിച്ചുപോരുകയാണ്. ഇസ്സമയത്തിന്നിടയ്ക്ക് അവരുടെ പാദചിഹ്നമെല്ലാം മാഞ്ഞുകഴിഞ്ഞിരിക്കുന്നു. നിരവലംബരായ ആ സാധു യഹൂദർ! ജെറുസലസ്മരണ അവരെ എത്ര സന്തോഷചിത്തരാക്കി! പാമ്പുപോലെ ചാടിക്കൊത്തുന്ന കശാപ്രഹരത്താൽ അവരെ, ആ ക്രൂരയജമാനന്മാർ പീഡിപ്പിക്കുന്നതിനുമുമ്പ്, ബാലസൂര്യൻ തൻെറ കരത്താൽ ഭൂമിയെ ആശ്ലേഷിക്കുന്നതിനുമുമ്പ്, ദേവാലയത്തിൽനിന്ന് സ്വാഗതമരുളാറുണ്ടായിരുന്ന കാഹളധ്വനി ശ്രവിക്കുന്നതായി അവർ സങ്കല്പിച്ച് ദേവാലയസ്മരണ പുലർത്തിപ്പോരുന്നതിന് അവർ അന്യോന്യം സന്ദർശനം നടത്തുകപതിവായിരു

നു. ഏകസത്യദൈവത്തിന് പ്രണാമസൌരഭ്യം വഹിച്ചുപോന്നിരുന്ന സന്ധ്യാസമയത്തെ യജ്ഞത്തിന്നരികെ തപ്തചിത്തരായി, ചിന്താദൃഷ്ട്യാ, എത്തിച്ചേരുക അവൎക്ക പതിവായിരുന്നു. അതിന് മുമ്പു അവർ ദൈവമന്ദിരത്തോട്ട് പ്രദൎശിപ്പിച്ചിട്ടുള്ള വിസ്മരണം അവരെ എത്രവളരെ ശോകപൂൎണ്ണരാക്കിത്തീൎത്തു. പരിതപ്തഹൃദയത്തോടെ അവർ അന്യദേശത്ത് നിന്നുകൊണ്ടു അത്യുച്ചത്തിൽ ഇപ്രകാരം വിലപിച്ചു. "ഓ! ഓർശ്ലമെ!! ഞാൻ നിന്നെ വിസ്മരിക്കുന്നെങ്കിൽ എന്റെ വലതുകൈ വിസ്മൃതമാകട്ടെ: ഞാൻ നിന്നെ അനുസ്മരിക്കുന്നില്ലെങ്കിൽ, എന്റെ സന്തോഷപ്രാരംഭം നിന്നെ ഞാൻ ആക്കുന്നില്ലെങ്കിൽ, എന്റെ നാവു് ആടിയോടൊട്ടട്ടെ".

കഷ്ടം! ശരിയാംവണ്ണം നമ്മിൽ പലരും വിലമതിക്കുന്നതിനുമുമ്പ് ഈ മായാത്മകമായ ലോകത്തിലെ നിരവധി ദാനങ്ങൾക്ക് സംഭവിക്കാറുള്ളതുപോലെത്തന്നെ, ദിവ്യഭോജനത്തിന്നും, ദൈവസ്നേഹത്തിന്റെ ഈ അന്തിമകാലത്തും ഉണ്ടാകുന്നു. അതേ, നാം അതു വേണ്ടുംവിധം അനുഭവിക്കുന്നതിനുമുമ്പ്, അതു നമ്മിൽ പലരിൽ നിന്നും അപഹൃതമാകും. ആ കാലം സുദീൎഘമാകാതെയിരിക്കുവാൻ ഈശ്വരൻ കനിയട്ടെ. അന്ന് സ്നേഹകേന്ദ്രമായവനിൽനിന്ന് നാം ദൂരീകൃതരാകും. നാളിതുവരെ ക്രിസ്തുവിന്റെ അധിവാസം സ്ഥാപിക്കാത്തതായ കുപ്രസിദ്ധരാജ്യത്തായിരിക്കാം നമ്മുടെ പൎയ്യടനം; ദിനംപ്രതി, ഏകാന്തമായ സമുദ്രമദ്ധ്യത്തിലേക്കു യാത്രചെയ്യുകയായിരിക്കാം നാം; പീഡാവഹമായ രോഗശയ്യയിൽ കി

ടന്നു ദീർഘദിനരാത്രങ്ങൾ നാം കഴിച്ചുകൂട്ടുകയായിരിക്കാം; അപ്പോളായിരിക്കും നമുക്കു് അതീതകാലസ്മരണ ഉണ്ടാകുന്നതു്. യുവശ്രീലാളിതയായിരുന്നപ്പോൾ ശീഘ്രഗാമിയായ നിമിഷം പ്രേഷ്ഠസ്നേഹിതദശ്ശത്തിനുപോലും ഇടകൊടുക്കാതെ, അതിവ്യയം ചെയ്തതു് മനസ്സിൽ ഉദിച്ചുയരും. നമ്മുടെ ദിവ്യസ്നേഹിതൻ നമ്മെസദാ പ്രതീക്ഷിച്ചിരിക്കുന്ന സ്ഥലത്തേയ്ക്കു്, പീഡാഗ്രസ്തമായ ഹൃദയത്തോടും, വ്യഥാപൂൎണ്ണമായ അനുതാപസൂചനത്തോടും, നമ്മുടെ നയനം തിരിയും. ആ അഭിലാഷാഹമായ ദിവ്യകവാടത്തിലൂടെ നമ്മുടെ കൂടെ അപ്പോൾ കരം നീട്ടും. ഒരു മുഹൂൎത്തസന്ദശ്നത്തിനുമാത്രം, ഏതൊരുത്തന്റെ ആദരപൂൎവ്വകമായ ക്ഷണനപത്രത്തിനു് പലപ്പോഴും അശ്രദ്ധപ്രദശിപ്പിച്ചുവോ, അവിടുത്തെ സംഭാഷണമാധുൎയ്യം ഒരു നിമിഷം ആസ്വാദിക്കുവാൻ നാം ഇച്ഛിക്കും. എത്രവേഗം, നമ്മുടെ ഹൃദയംതുറന്നു് പറഞ്ഞു. ആത്മാവിന്റെ അതിഭാരം ലഘൂകരിക്കുമായിരുന്നു! എന്നാൽ ഇപ്പോൾ അതു് അസാധ്യമെന്നു് മാത്രം. വിഢ്വിഡ്ഢികൾ നാം! ദൈവത്തിന്റെ അത്യുത്തമദാനം നാം നിരാകരിച്ചു. അനാശാസ്യമായ അവജ്ഞയുടെ ഫലംശേഖരിക്കേണ്ട അവസരമാണിതു്. "സമയംകഴിഞ്ഞുപോയി; സമയംകഴിഞ്ഞുപോയി; ഇപ്പോൾ നിനക്കു് പ്രവേശമില്ല."

സ്നേഹനാഥ! എന്റെ അഭ്യൎത്ഥന ഒരു സ്നേഹിതൻ അനനുയോജ്യമെങ്കിലും അങ്ങെ സംദശനാൎത്ഥം എന്നെ പരിശീലിപ്പിച്ചാലും. ഇതരമൈത്രീപാലനാൎത്ഥം സന്ദ

ശ്നം ആവശ്യകമാണ്. താദൃശലക്ഷണത്തിന് എങ്ങ നെയാണ് നമ്മുടെ മിത്രത്വം അപവാദം വഹിക്കുന്നത്. അവിടുത്തെ പ്രസാദവരത്തിന്റെ ആധിക്യത്താൽ, അ ങ്ങയുടെ സ്നേഹപാരമ്യം എന്റെ എളിയ ഹൃദയത്തിൽ കുത്തിവെച്ചാലും. അവിടുന്ന് എന്റെ വിചാരസാമ്രാജ്യ ത്തുനിന്ന് ബഹിഷ്കൃതനായിട്ടില്ലെന്നനുഗ്രഹിക്കുന്നതിന് അവിടുത്തെ സാന്നിദ്ധ്യയാഥാൎത്ഥ്യം എന്നെ ഉദ്ബോധി പ്പിച്ചാലും. ഓ! സ്നേഹയോഗ്യനായ നാഥാ! മരണം എ ന്റെ മേൽ ചാടിവീഴുമ്പോഴും, സങ്കീൎത്തനകൎത്താവോടുകൂ ടി താഴെയുദ്ധരിക്കുന്ന വിധം പാടുന്നതിന് ഉതകുന്ന ജീ വിതചൎയ്യ എനിക്കു കനിഞ്ഞരുളേണമെ. "അവിടുത്തെ പ്രാഭവം സ്ഥിതിചെയ്യുന്നതും സൌന്ദൎയ്യം കുടികൊള്ളുന്ന തും ആയ ഭവനം ഞാൻ അഭിലഷിച്ചു."

# അദ്ധ്യായം 4.

## സായൂജ്യപ്രാപ്തി.

"ഞാൻ പോയി നിങ്ങൾക്ക് ഒരു സ്ഥലം സജ്ജീകരിക്കാം....,അനന്തരം ഞാൻ വന്ന് നിങ്ങളെ അങ്ങോട്ടു കൊണ്ടുപോകാം." (വി. യോഹ. 14. 3.)

നമ്മുടെ സായൂജ്യപ്രാപ്തി ദിവ്യനാഥൻ സാനന്ദം പരിഗണിക്കുന്നു. തത്തുല്യം അതു നാം പലപ്പോഴും വീക്ഷിക്കേണ്ടതുമാണ്. ക്ലേശങ്ങളുടെ മുൾക്കുഴിയായ ഈ ലോകത്തിൽ നിന്നുള്ള വിമോചനമാണ് മരണം. ആ സ്വർണ്ണകവാടം കടന്നുചെല്ലുന്ന നമ്മുടെ ആഗമനം പ്രതീക്ഷിച്ചിരിക്കുകയാണ് നമ്മുടെ ദിവ്യസ്നേഹിതൻ എങ്കിലും, നമ്മിലെത്രപേർ ചിലപ്പോഴെങ്കിലും, ക്രിസ്തുവിൻെറ ആനന്ദത്തെപ്പററി ചിന്തിച്ചിട്ടുണ്ട്. ക്ലേശത്തിൽ കിടന്ന് പിടക്കുന്ന ആത്മാവിനു ധർമ്മം പ്രവർത്തിക്കുവാൻ മനസ്സില്ലാതിരിക്കുമ്പോൾ, അധർമ്മത്തിൻെറ ചളിക്കുണ്ടിലേക്കു കാലുവെച്ചിറങ്ങുമ്പോൾ സ്വർഗ്ഗപ്രാപ്തിയെപ്പററിയുള്ള ചിന്ത അതിനെ ഉത്സാഹഭരിതമാക്കേണ്ടതാണ്. ക്ലേശങ്ങളുടെ അന്ധകാരം ലോകജീവിതത്തിൽ പലപ്പോഴും നമ്മെ വലയംചെയ്യുന്നു. അപ്പോൾ, മറുകരയിൽ സ്നേഹസൂചകമായ കാരുണ്ണ്യകടാക്ഷത്തോടെ തൃക്കരമുയർത്തി—നിത്യസൌഭാഗ്യപ്രകാശം പരിലസിക്കുന്ന സ്ഥലത്തു്—നില്ക്കുന്ന ആപ്തതമനായ സ്നേഹിതൻെറ ശക്തി നമ്മിൽ

ഉത്തേജിപ്പിക്കുന്ന ആ രൂപം ദശിക്കുന്നതിന്നായി നമ്മുടെ കണ്ണുകൾ ഉഴറുന്നുണ്ടോ?

അതേ, അവിടുന്നു് നമ്മെ പ്രതീക്ഷിച്ചു നില്ക്കുന്നു. ആപ്രതീക്ഷ വളരെ സഹനത്തോടുകൂടെയാണു്. അവിടുത്തെ നാം വഞ്ചിക്കുമോ? അവിടുത്തെ ആശ വിഫലമാകുമോ? അപ്രകാരം സംഭവിക്കാതെയിരിക്കട്ടെ. ഈശോയുടെ വിരഹം ചിന്തിക്കുന്നതിനുപോലും നാം അശക്തരാണു്. നമ്മുടെ വിനീതവും, ഭക്തിപരവും ആയ അഭ്യത്ഥന ആ അനിഷ്ടസംഭവത്തിൽനിന്നു് നമ്മെ വിമുക്തരാക്കട്ടെ. എന്നാൽ, നമുക്കു് അവശ്യമുണ്ടാകേണ്ട സുകൃതസമ്പത്തിൽ ഒരു മാററുകുറവോടുകൂടെയാണു് നാം പിതൃഗൃഹത്തിൽ തിരിച്ചെത്തുന്നതെന്നു വിചാരിക്കുക: ഈ ജീവിതസൂൎയ്യൻ അസ്തമിച്ചു. ക്ലേശാവഹമായ ലോക ജീവിതം അണഞ്ഞു. ഒരു നവജീവിതം ആരംഭിക്കുന്നു. അതേ, സായൂജ്യം അനുഭവിക്കുവാൻ ആരംഭിക്കുന്നു. അപ്പോൾ, നമ്മുടെ ആത്മാവു് ഭൂഷണങ്ങളണിഞ്ഞിട്ടില്ലെങ്കിൽ അതു മന്ദശോഭവും ജീൎണ്ണവുമായ സുകൃതവസ്ത്രം അണിഞ്ഞാണു് പിതൃഭവനത്തിൽ ചെന്നിട്ടുള്ളതെങ്കിൽ, അവിടെ അധിക്ഷേപത്തിന്നു അവസരം ഉണ്ടായിരുന്നുവെങ്കിൽ, യേശുവിൻെറ ശോകവീക്ഷണം അതിൻെറ അകതാരിൽ ചുഴിഞ്ഞുകയറാതെയിരിക്കുമോ? ശരിയാണു്, സുരക്ഷിതപിതൃഭവനത്തിൽ എത്തുന്ന ഒരാത്മാവു് നിരസിതമാകുകയില്ല. വേദാഗമങ്ങളിൽ അവിടുന്നു ഇപ്രകാരം നമ്മെ ഉപദേശിക്കുന്നു: "ക്രിസ്തുനാഥനെ നിങ്ങൾ സ്വീകരിക്കുവിൻ; ക്രിസ്തുവിൻെറ സാദൃശ്യം നി

ങ്ങൾ വഹിക്കുവിൻ,'' എന്നാൽ നാം അവിടുത്തെ മണി മച്ചിലേക്കു നമ്മെ കൊണ്ടുപോകുമ്പോൾ തദാനുരൂപ്യം നമ്മിലുണ്ടാകുമോ? നിത്യവും അവിടുത്തെ സജീവവുമായ ആനുരൂപ്യം അണിയേണ്ടവരാണ് നാം. എന്നാൽ എ ങ്ങനെ ഈ പ്രതിബിംബനം മലിനമായി.

യേശുക്രിസ്തുവെ! നിരാശയുടെ ഈ അന്ധകാര ത്തിൽനിന്ന് ഞങ്ങൾ വിമുക്തരാകുമോ? നമുക്കു അപ്രകാ രം ചെയ്തേ മതിയാവൂ. ലോകത്തിലുള്ള നമ്മുടെ ഒരു സ്നേഹിതൻെറ മുഖം നമ്മുടെ വിവേകമില്ലാത്ത പെരു മാററംകൊണ്ടു ദുഖത്തിൻെറ കരിനിഴൽ നിഴലിക്കുവാൻ ഇടവരുന്നത് നമുക്കു പരമസങ്കടമാണ്.

നമ്മുടെ നാശം അപരിഹാര്യവും ക്രിസ്തുവിൻെറ വിരഹതാപം അനന്തവുമാകുന്നു. ക്രിസ്തു തുല്യരാകുന്നതി നുള്ള പരിശ്രമവൈകല്യം നമ്മിൽ അക്ഷന്തവ്യമാകുന്നു. പരസ്നേഹത്തിലും ഹൃദയവിനീതത്വത്തിലും പ്രാർത്ഥനാ ഭക്തിയിലും അടിയുറച്ചുവളരുന്നവരായി നമ്മെ പ്രത ിദിനം ലോകം ദർശിക്കട്ടെ. തദവസ്ഥ കയ്വന്നാൽ പിതൃഭവ നത്തിലേക്കു തിരിച്ചുചെല്ലുവാനുള്ള മണിനാദം മുഴങ്ങു മ്പോൾ മരണത്തിൻെറ തിരശ്ശീലനീക്കി ദൈവസന്നിധി യെ പ്രാപിക്കുമ്പോൾ ക്രിസ്തു ജയംനേടിയ നമ്മുടെ ജിവി തത്തെപ്പററി നമ്മോടു വളരെ കൃതജ്ഞനായിരിക്കും.

ഓ! യേശുവേ! അപരിമിതമായ നിത്യത്വം മുതൽ അവിടുന്ന് എന്നെ സ്നേഹിച്ചു. അവിടുത്തെ പക്കൽ ആനയിക്കുന്നതിനു സദാതനത്വംമുതൽ അവിടുത്തെ

പ്രസാദവരം എന്നെ സൌന്ദര്യവാനാക്കിത്തീർത്തു. അതിനാൽ എന്റെ ദൈവമേ! എങ്ങനെയാണു് അവിടുത്തെ ഞാൻ ഭഗ്നാശനാകുന്നതു്? അവിടുന്നു് എന്നെ സ്വർഗ്ഗസമതലത്തേക്കു ക്ഷണിക്കുമ്പോൾ അവിടത്തോടു അല്പമായിട്ടെങ്കിലും അനനുരൂപനാകുന്നതിന്നു് എങ്ങനെ ഞാൻ അഭിലഷിക്കും. എന്റെ ദിവ്യനാഥാ! അപ്രകാരം സംഭവിക്കാതെയിരിക്കട്ടെ. അവിടുത്തെ പ്രസാദവരം എനിക്കു നല്കേണമെ. അതു് പ്രായോഗികമാകുന്നതിന്നു് എന്നെ ശക്തനാക്കേണമേ! എന്റെ യേശുവേ! അവിടുത്തെ ഗൃഹത്തിലേക്കു് യാത്ര തുടങ്ങുമ്പോൾ അങ്ങെ ആഗ്രഹാനുസരണം ഒരു സിദ്ധനായി എന്നെ കാണുന്നതിന്നു് അവിടുന്നു് അനുഗ്രഹിക്കേണമെ.

നിരന്തരം അവിടുത്തെ അനുഗ്രഹസമ്പൂർണ്ണമായ പരിശുദ്ധമുഖം ദർശിക്കുന്നതിന്നു ഞാൻ ആഗ്രഹിക്കുന്നെങ്കിൽ അവിടുത്തെ പ്രതീക്ഷ എന്തുകൊണ്ടു് ഞാൻ വിസ്മരിക്കുന്നു?

# അദ്ധ്യായം 5.

## 'തിരുശരീരം.'

'മൃതശരീരം എവിടെയോ അവിടെ കഴുകനും.'
(ലൂക്കാ 17_37.)

ദൈവഭക്തന്മാരോടു കുറച്ചുദിവസം അടുത്തു പെരുമാറിയാൽ അറിയാം അവർക്ക് എവിടെനിന്ന് ശക്തി ലഭിക്കുന്നുവെന്ന്. സമരത്തിലേർപ്പെട്ടിരിക്കുന്ന സഭയുടെ ധീര 'കഴുകന്മാർ' ദൈവത്തിന്റെ പൂജ്യശരീരം എവിടെ സ്ഥിതിചെയ്യുന്നുവോ അവിടെ ഓടിയെത്തുന്നു. അന്ന്—നമ്മുടെ ദിവ്യനാഥന്റെ ത്വരിതവും ദൃശ്യവുമായ സന്ദർശനത്തിന്റെ സ്മരണ എല്ലാ മാനസങ്ങളിലും നവമായിത്തന്നെ പരിലസിച്ചിരുന്നപ്പോൾ—അവിടുത്തെ അനുയായികളോടുള്ള ശത്രുത്വം പ്രോജ്ജ്വലിച്ചിരുന്നപ്പോൾ—റോമാ നിവാസികൾ ചുണ്ടെലികളെപ്പോലെ ഭൂമിക്കുള്ളിൽ ചോരങ്ങളുണ്ടാക്കി അടങ്ങിയൊതുങ്ങിപാർത്തു. അവിശ്വാസത്തിന്റെ ക്രൂരിരുളിൽ ആണ്ടു് പൈശാചികത്താന്റെ മുഷ്ടിക്കുള്ളിൽ കിടന്നുപിടച്ചിരുന്ന ലോകത്തിൽ സത്യത്തിന്റെ വിളക്കുകൊളുത്തുവാൻ മതപ്രസംഗകന്മാർക്ക് എവിടെനിന്നു ശക്തി ലഭിച്ചു? പരിശുദ്ധ കുർബ്ബാനയിൽനിന്നുതന്നെ.

എന്തിനാണ് നാം ഭൂതകാലത്തിലെ ജീർണ്ണിച്ച ദിവസങ്ങളെ മറിച്ചുനോക്കുന്നതു്. ജീവിതായോധനത്തിലേ

പ്പെട്ടു നമുക്കു ചുററും ജീവിക്കുന്ന ഉത്തമരായ സ്ത്രീപുരുഷന്മാരെ വീക്ഷിച്ചാലും. സൂൎയ്യോദയത്തിനുമുമ്പു് ദിവ്യകാരുണ്യത്തിലെഴുന്നെള്ളിയിരിക്കുന്ന സ്രഷ്ടാവിനെ സന്ദശിക്കുന്നതിന്നായി ദേവാലയത്തിലേക്കു ഓടിയെത്തുന്നവരുടെ പാദശബ്ദം നാം കേഠംക്കാറില്ലേ. ലോകം നിദ്രയുടെ അടിത്തട്ടിൽ വിശ്രമംകൊള്ളുമ്പോഠം അവർ 'സിദ്ധന്മാരുടെ യാമം' കാക്കുന്നു. പാപംകൊണ്ടു കൊട്ടമ്പിരികൊണ്ടിരിക്കുന്ന ലോകത്തിൽ പോരാടുന്നതിന്നു ശക്തി ലഭിക്കുവാൻ പരിശുദ്ധ 'അപ്പം' അവർ ഭക്ഷിക്കുന്നു. ഈ മൗനവ്രതരെക്കണ്ടാലും. ക്ലേശഭാരത്താൽ തല കുനിഞ്ഞതും, വാദ്ധക്യത്തിൻെറ ഞെക്കൽമൂലം ശോഷിച്ച ദേഹമെങ്കിലും അലൌകികമായ ഒരു പ്രകാശം വഴിഞ്ഞൊഴുകുന്ന നയനങ്ങളോടുകൂടിയ ഒരു പിതാവു; സ്വസന്താനങ്ങളെ അതിമാത്രം വാത്സല്യത്തോടെ സ്നേഹിക്കുന്ന ദിവ്യനാഥനെ അനുകരിപ്പാൻ പഠിപ്പിക്കണമെന്നുള്ള പാവനേച്ഛയുടെ പ്രേരണയാൽ ശക്തയായിത്തീൎന്ന ഒരു മാതാവു്; ദൂഷിതലോകത്തിൻെറ പാപാന്തരീക്ഷത്തിനു മദ്ധ്യേ പരിപാവനവും നിൎമ്മലവുമായ ആത്മസാന്നിദ്ധ്യം സൂചിപ്പിക്കുന്ന പ്രസാദവരത്താൽ പ്രശോഭിതമായ മുഖപത്മങ്ങളോടുകൂടിയ യുവതീയുവാക്കന്മാർ; അവിടെയുണ്ടു്.

നമ്മുടെ സഹോദരന്മാരും വിശുദ്ധ പള്ളിയുടെ ധീരയോദ്ധാക്കളുമായ ഇത്ര വളരെ പുരോഹിതന്മാൎക്കും സന്യാസികഠംക്കും എവിടെനിന്നാണു് ദുൎബ്ബലരും അസ്ഥിരരുമായ അനവധി ആത്മാക്കഠംക്കുംകൂടി സ്വൎഗ്ഗപ്രാപ്തിക്കാവശ്യകമായ ശക്തിയും ധീരതയും ലഭിച്ചതു്. ചപല

നായ ഒരു ബാലൻെറ സുസ്ഥിരമായ അജ്ഞാനം ഒരു യുവാദ്ധ്യാപകൻെറ സഹനശക്തിയെ വെല്ലുന്നതാണെങ്കിലും എന്താണ് അദ്ദേഹത്തെ തൻെറ ജോലിയിൽ ഉൽസുകനാക്കുന്നത്. സന്ന്യാസാശ്രമകവാടത്തിൽ മുട്ടുന്നവരോടു മറുപടി പറയുന്നതിന്നായി അങ്ങോട്ടുമിങ്ങോട്ടും ക്ഷീണബലമായ പാദങ്ങൾ നീട്ടിവെച്ചും, വാൎദ്ധക്യദശാസൂചകമായ മെലിഞ്ഞ കരങ്ങളെ ആട്ടിയും നടക്കുന്ന പടികാവല്ക്കാരനോടു നമുക്കു ചോദിക്കാം; അവ നിർവ്വഹിക്കുന്നതിന്നു അവരെ പ്രേരിപ്പിക്കുന്നതെന്തെന്നു നമുക്കു അന്വേഷിക്കാം. ഇവരോടു ഓരോരുത്തരോടും ഇവരുടെ ജീവിതം ഇത്ര പ്രവൃത്തിനിരതവും സുസ്ഥിരവുമാക്കിത്തീൎക്കുന്നതെന്തെന്നു നമുക്കു ചോദിക്കാം. നിനക്കു മറുപടി ആവശ്യമാണോ? എന്നാൽ അരുണോദയസമയത്തും, മദ്ധ്യാഹ്നസമയത്തും, തത്തുല്യം അസ്തമനസമയത്തും ദേവാലയത്തിൽ പ്രവേശിക്കുക. അവിടെ ദിവ്യകാരുണ്യത്തിൽ സന്നിഹിതമായ "ദൈവശരീര"ത്തിനുചുററും ഈ 'കഴുകന്മാർ' പറന്നെത്തിയിട്ടുണ്ടാകും. നമ്മുടെ ദൈവത്തിൻെറ 'സംസ്കാരരൂപസാന്നിദ്ധ്യം' (Sacramental presence) അപഹൃതമാകുന്നെങ്കിൽ, പ്രകാശരഹിതവും, ഹതസന്തോഷവും, അൎത്ഥവിഹീനവുമായിരിക്കും നമ്മുടെ ഈ ജീവിതം.

ഓ! യേശുവേ! അവിടത്തെ സിദ്ധന്മാരിൽനിന്നും എത്രയെത്ര അധഃസ്ഥിതനാണ് ഞാൻ. അങ്ങയുടെ വാസസ്ഥലം എൻെറ ഭവനമാക്കിപ്പകൎത്തുന്നതിനു എനിക്കുള്ള ക്ലേശമെത്ര വിപുലം! അവിടത്തെ സാന്നിദ്ധ്യം

എന്നെ അക്ഷമനാക്കുന്നു. അവിടത്തെ സൌമ്യസഖ്യം എനിക്ക് അതിഭാരമായിത്തീരുന്നു. ഈ വസ്തുത അവിടത്തെ മുമ്പിൽനിന്നു ഞാൻ മറച്ചുവെക്കുകയില്ല. എന്റെ ബാലിശപ്രവൃത്തിയെപ്പററി അവിടന്നു പ്രക്ഷോഭിതനാകരുതെ; കാരണം, ഒരു ചണ്ഡാലപുത്രനും കൂടി സൌമ്യശീലയായ അവന്റെ മാതാവിനെ സ്നേഹിക്കുന്നു. അതുപോലെ, ഞാനും അവിടത്തെ സ്നേഹിക്കുന്നു. എന്റെ ശിശുചാപല്യം അവിടുന്നു ക്ഷമിക്കുന്നതുപോലെ ഏതൊരു മാതാവാണ് സഹിക്കുക.

"ഓ! പുരോഹിതശ്രേഷ്ഠാ! എന്റെ നിത്യഭക്ഷണംഎനിക്കു നല്കേണമേ! അവിടുത്തെ കാസ എന്റെ ചുണ്ടുകൾക്കടിപ്പിക്കേണമെ. എന്തുകൊണ്ടെന്നാൽ, ഭക്ഷണമില്ലാതെ ഞാൻ മരണാക്രാന്തനെപോലെ ആയിത്തീന്നിരിക്കുന്നു. ഉത്തമപുരോഹിതാ! എനിക്കു അന്നപാനീയങ്ങൾ കല്പിച്ചരുളുക. ഓ! പുരോഹിതാ! സജ്ജീയഭക്ഷണം എനിക്കു നൽകേണമെ! എന്നാൽ എനിക്കു ജീവിതയാത്രയെ ഭയപ്പെടേണ്ടതില്ല. ഇന്നു എനിക്കു അവിടുന്നു ഭക്ഷണം പാകംചെയ്തുതരുന്നെങ്കിൽ, നാളെ എനിക്കു മരണം സംഭവിച്ചാലും എനിക്കു ക്ലേശമില്ല.

# അദ്ധ്യായം 6.

## "മാതൃപ്രകീൎത്തനം."

"അവിടുന്നു ശിഷ്യനോടരുൾചെയ്തു: ഇതാ നിൻെറ മാതാവ്." (യോഹ. 19-17.)

നാം ശൈശവത്തിൽ ഏതൊരു മഹതിയുടെ കരങ്ങളിൽ താരാട്ടും കേട്ടുകൊണ്ട് വിശ്രമിച്ചുവൊ—ആരുടെ പുഞ്ചിരിയിൽ നാമാററാടിയൊ—അവളെപററി—നമ്മുടെ അമ്മയെപററി-സംസാരിക്കുന്നതു് നമുക്കു എപ്പോഴും മധുരമാണ്. ഇത്തരത്തിലുള്ള ഒരു മാതാവ് ക്രിസ്തുവിനുമുണ്ടായിരുന്നു. ഇക്കാൎയ്യത്തിൽ നാമും ക്രിസ്തുവും സമമാണ്. അവിടുത്തെ സകല ജനങ്ങളും സ്നേഹിക്കുന്നതിന്നു് അവൾ കാംക്ഷിക്കുന്നു. നാം അവിടുത്തെ സന്നിധിയിൽ സാഷ്ടാംഗം പ്രണമിക്കുമ്പോൾ, നാം ആരുടെ തണലിൽ വിശ്രമം കൊണ്ടുവൊ ആ മാതാവിനെപററി ഒരു സ്നേഹിതനോടു പറയുന്നതുപോലെ നമ്മോടും അവിടുന്നു സംസാരിക്കുന്നു. അവളുടെ പരിശുദ്ധത, ജനനസമയത്തുതന്നെ ഒരു സൃഷ്ടിക്കു സ്വീകരിക്കുവാൻ സാധിക്കുന്നിടത്തോളമുള്ള പുണ്യപരിപൂൎണ്ണത, എന്നിവയെപ്പററി അവിടുന്നു നമ്മോടു സംസാരിക്കുന്നു. അനന്തരം ദൈവദൂതൻ അവൾക്ക് സ്വാഗതമരുളിയ നസ്രസിലേക്ക് നമ്മെ കൊണ്ടുപോകുന്നു. പിന്നീടു അവിടെ നിന്നും അവൾ ദൈവത്തിനു കൃതജ്ഞത ചൊല്ലുന്നതിന്നു

സ്വരമുയർത്തിയ സക്കറിയായുടെ വസതിയിലേക്ക് ന മ്മെ തിരിച്ചുവിടുന്നു. കുന്നുകളെ അതിലംഘിച്ചുള്ള അവളുടെ ബെത്ലഹയാത്ര തുടരുവാൻ നമ്മെ ഉപദേശി ക്കുന്നു. അനുഗ്രഹസംപൂർണ്ണനായ ശിശുവിനെ ആരാധി ക്കുന്നതിന് അവൾ മുട്ടുമടക്കിയ ആ നിമിഷത്തെ ശ്ലാ ഘിക്കുന്നു. അജ്ഞാനതമസ്സിൽ തപ്പിനടന്നിരുന്ന ഈ ജിപ്റ്റ്രാജ്യത്തു അവൾ അവിടത്തോടു പ്രദർശിപ്പിച്ച വാ ത്സല്യത്തെ പുരസ്കരിച്ചു നമ്മോടു മന്ത്രിക്കുന്നു. പിന്നെ ഗലീലായിലേക്കുതന്നെ നമ്മെ പ്രത്യാഗമിപ്പിക്കുന്നു. ശി ശുവായ ദൈവപുത്രനെക്കുറിച്ചു അവൾക്കുണ്ടായിരുന്ന ഉല്ക്കണ്ഠയെ നമ്മോടു പ്രസംഗിക്കുന്നു. ഈ ഭൂമുഖത്തു ജീ വിക്കുന്നതിനു ദിവ്യബാലനെ സശ്രദ്ധം അധ്യാപനം ചെയ്തതിനെയധികരിച്ചും, പ്രതിബന്ധങ്ങളെ നിരോധി ച്ചു ഒരു മാതാവിൻെറ വീരസ്നേഹം ഏവ്വിധമാണ് ക്രൂ ശിൻ ചുവട്ടിൽ പ്രദർശിപ്പിച്ചതെന്നും നമ്മെ ഉൽബോ ധിപ്പിക്കുന്നു. ഉത്തരക്ഷണം നമ്മെ നാകലോകത്തേക്കു കൊണ്ടുപോകുന്നു. ആനന്ദമാലാപിക്കുന്ന ദൈവദൂതവൃ ന്ദത്തിനുമദ്ധ്യെ, ക്രോവെൻ, സ്രാപേൻ എന്നിവരുടെ മദ്ധ്യെ, സ്വർഗ്ഗരാജ്ഞിയുടെ മുമ്പിൽ നമസ്കാരം ചെയ്യു ന്ന സ്ഥലംവരെ നമുക്ക് വഴി തെളിയിച്ചുപോകുന്നു. സ മയത്തിൻെറ അവസാനവിനാഴികവരെ മാതൃസമാഗമം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതിനു പുത്രൻ അശക്തനാ യി തീൎന്നുകൊണ്ടു തന്നോടുകൂടെ സസുഖം വാണരുളുന്ന തിനു മാതാവിനെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയിരിക്കു ന്നുവെന്നു് അപ്പോൾ നമ്മെ ധരിപ്പിക്കുന്നു.

ആ സമയത്തു നാം ആശ്ചൎയ്യംപൂണ്ടു് സാഷ്ടാംഗപ്രണാമം ചെയ്യാതിരിക്കയില്ല. നമ്മുടെ അരികിൽ ദിവ്യനാഥൻ അല്പസമയം നില്ക്കുന്നു. അപ്പോൾ അദ്ദേഹത്തിൽനിന്നു പുറപ്പെടുന്ന പ്രഭാവകാന്തി നമ്മുടെ മുഖത്തെ പ്രശോഭിപ്പിക്കുന്നു. അവിടത്തെ ഈ പ്രകൃതി നമ്മെ അത്ഭുതപരതന്ത്രരാക്കുന്നു; സ്നേഹഭാരത്താൽ അവിടത്തെ കണ്ണുകൾ പ്രകാശിച്ചിരിക്കുന്നു. സ്നേഹപരമായ ഹൃദയത്തിൻെറ പൂൎണ്ണരാഗം പ്രസ്പഷ്ടമാക്കുന്നതാകുന്നു അവിടത്തെ വാക്യം. ഈ ദശനം ഏകദേശം 2000 വത്സരങ്ങൾക്കുമുമ്പ് നടന്ന ദുഃഖപൎയ്യവസായിയായ ഒരു നാടകത്തെയാണ് നമ്മെ അനുസ്മരിപ്പിക്കുന്നതു്. ദാഹംകൊണ്ടു വരണ്ട അധരങ്ങളിൽനിന്നു സ്നേഹകേന്ദ്രമായ മാതാവിനെ സമാശ്വസിപ്പിക്കുന്ന ഒരു മധുരസ്വരം അതാ പുറപ്പെടുന്നു. "മകനെ, ഇതാ നിൻെറ മാതാവ്." അതേ, ഈ മാതാവ് എൻെറ മാതാവാകുന്നു; എന്നാൽ, ഇപ്പോളാകട്ടെ നിൻേറയും അമ്മയായിത്തീൎന്നിരിക്കുന്നു. ഞാനെൻെറ അവസാനത്തെ ദായഭാഗമായിതരുന്ന എൻെറ അമ്മയെ നീ സ്വീകരിക്കുക; സ്നേഹിക്കുക. ഇപ്പോൾ അവൾ നിൻേറയും ജനനിയായിരിക്കുന്നതുകൊണ്ടു് അവളെ സ്നേഹിക്കുവാൻ നിനക്കു ചുമതലയുണ്ടു്. തൊണ്ട ഇടറി. ക്ഷീണഗ്രസ്തമായ ശിരസ്സ്, നമ്മുടെ മറുപടി പ്രതീക്ഷിച്ചുകൊണ്ടു് പൂൎവ്വാധികം കുനിഞ്ഞു.

എൻെറ യേശുവേ! എൻെറ ദൈവമേ! എനിക്കു പ്രദാനംചെയ്ത എൻെറ ഭൗമികമാതാവിനെ ഞാൻ സ്നേ

ഹിക്കുന്നുണ്ട്. എൻെറ അജ്ഞഹൃദയത്തെ തട്ടിയുണ ത്തിയ അവളുടെ സദ്ഗുണങ്ങളെ ഞാൻ പുകഴ്ത്തുന്നു. അവഠംക്കെന്നോടുള്ള സ്നേഹംനിമിത്തം ഞാൻ അവ ളെ സ്നേഹിക്കുന്നു. പുത്രോചിതമായ നൈർമ്മല്യത്തോ ടും ഹൃഷ്ചിത്തതയോടുംകൂടി എൻെറ സ്വൎഗ്ഗീയമാതാവി നേയും ഇപ്പോഠം ഞാൻ സ്നേഹിക്കുന്നു; കാരണം, അ വഠം അവിടുത്തെ മാതാവായിരിക്കുന്നതിനാൽ എൻേറ യും മാതാവാകുന്നു വി. യോഹന്നാനെപ്പോലെ അവളെ എൻെറ മാതാവായി ഞാൻ കൈവരിക്കുന്നു. എൻെറ ഹൃദയത്തിൽ അവളെ ഞാൻ എൻെറ അമ്മയായി പ്ര തിഷ്ഠിക്കുന്നു. നാഥനായ യേശുവേ! അവിടത്തേക്കു കൃ തജ്ഞത; പ. ക. മറിയമേ! അവിടത്തേക്കു സ്വസ്തി. ക ഴിഞ്ഞ കാലത്തു അവഠം എന്നോട്ട് പ്രകാശിപ്പിച്ചുപോ ന്നിട്ടുള്ള സ്നേഹത്തിനു ഞാൻ കൃതജ്ഞത പ്രദശിപ്പിക്കു ന്നു. ഹാ! എൻെറഈ മാതാവിനെ അറിയുന്നതിന്നും, സ്നേഹിക്കുന്നതിന്നും, ദിവ്യനാഥാ! എന്നെ അവിടുന്നു അ നുഗ്രഹിക്കേണമേ!

പരിശുദ്ധ കന്യകമറിയത്തിൻെറ പരിചരണമില്ലാ തെ, ബെത്ലഹമിലൊ, നസ്രസ്സിലൊ, അഥവാ, സ്വ ൎഗ്ഗത്തിൽപോലും ക്രിസ്തുവിനു ആനന്ദം കണ്ടെത്തുന്നതി ന് അസാദ്ധ്യമാണെന്നു പറയത്തക്കവണ്ണം അത്ര തീവ്ര മായി അദ്ദേഹം സ്വജനനിയെ സ്നേഹിക്കുന്നുവെന്നുള്ളതു വാസ്തവമാണ്.

# അദ്ധ്യായം 7.

## 'മൈത്രീനികഷം.'

"തോട്ടക്കാരനെന്നു വിചാരിച്ചു അവറം അവിടു ത്തോടു പറഞ്ഞു: എജമാനനെ, നിങ്ങറം അവിടുത്തെ എടുത്തു നീക്കിയിരിക്കുന്നുവെങ്കിൽ എവിടെയാണ് നി ക്ഷേപിച്ചിരിക്കുന്നതെന്നു പറഞ്ഞാലും: ഞാൻ അവിട ത്തെ എടുത്തുകൊണ്ടു പോയിക്കൊള്ളാം."

(വി. യോഹന്നാൻ 20_15.)

അവരിൽ ചിലർ മിശിഹായോടു പറഞ്ഞു: നി ങ്ങറം ഈ ജറുശലത്തു ഒരു വൈദേശികനാണോ; ഈ ദി വസങ്ങളിൽ സംഭവിച്ചതിനെപ്പററി നിങ്ങറംക്കു അറി ഞ്ഞുകൂടയൊ. (വി. ലൂക്ക 24_18)

വി. മറിയം മഗ്ദലേനയ്ക്കും അമാവൂസ്സിലേക്കു യാത്ര തുടൎന്നുകൊണ്ടിരുന്ന ശിഷ്യന്മാൎക്കും തങ്ങളുടെ ദുഃഖകാര ണത്തെപ്പററി അന്വേഷിച്ച പരദേശിയുടെ ചോദ്യം അ ത്യാശ്ചൎയ്യജനകമായിരുന്നു. അത്ഭുതപരതന്ത്രരായി ഇത്ത രുണത്തിൽ അവർ ഇങ്ങനെ ചിന്തിച്ചു. എന്ത്! അ വിടുന്നു പോയിക്കഴിഞ്ഞുവെന്നൊ? അത്രമാത്രം; അവിട ന്നുപോയിക്കഴിഞ്ഞു. ആർ എന്നോ, എങ്ങോട്ട് എ ന്നൊന്നും ആരായുന്നില്ല. 'അവിടുന്ന്' എന്നുമാത്രം ഉരുവിടുന്നതിനുമാത്രമെ അവർ യോഗ്യരായുള്ളു. ആ തപ്തചിത്തർ 'അവിടുന്ന്' ആരെന്നു അന്വേഷിക്കു

വാൻ ശക്തരായി: അതേ, അവരുടെ ജന്മത്തിൻെറ അടിസ്ഥാനവും പ്രാഭവകേന്ദ്രവുമായിരുന്ന അവിടുന്ന് അതാ പോയ്ക്കഴിഞ്ഞു. യൂദയായിലെ ഉണങ്ങിവരണ്ട തെരുവുകളിൽക്കൂടി മൂന്നുകൊല്ലം ഏതൊരുത്തൻ നന്മകൾ വിതച്ചുകൊണ്ടു കടന്നുപോയയൊ; ജനസമുദ്രത്ത് തടാകത്തിൽ തുള്ളിക്കളിക്കുന്ന ഓളങ്ങളെ വിഭജിച്ചു; ആത്മശരീരങ്ങൾക്കു വിശ്രാന്തി നല്കി, അവരുടെ ഹൃദയകേദാരത്തിൽ അപദാനങ്ങളെ നട്ടുവളത്തി, ആ പുരുഷപുംഗവൻ അവരുടെ ജീവിതം സമാധാനരഹിതമാകത്തക്കവണ്ണം അവരിൽനിന്നു വിട്ടകന്നിരിക്കുന്നു. അതുമൂലമുള്ള അവരുടെ മനോവേദന ദുസ്സഹം. പരിഭ്രമത്തോടുകൂടി അവർ പറഞ്ഞു. 'അവിടുന്നു പോയിക്കഴിഞ്ഞു'വെന്ന്. മററൊന്നും കേൾക്കുവാൻ അവക്കു കഴിഞ്ഞില്ല.

ഇമ്മാതിരിയാണൊ ദിവ്യനാഥനെ നാം വിലമതിക്കുന്നതു്? മിത്രാഭിലാഷപിപാസയാൽ പിടക്കുന്ന ആത്മാവിൻെറ അത്യുത്തമനായ ഈ ആപ്തമിത്രത്തോടുള്ള സ്നേഹവും പരിചയവും വദ്ധിച്ച് വദ്ധിച്ച് അവിടന്നു നമ്മുടെ ആദ്ധ്യാത്മികജീവിതത്തിൻെറ കേന്ദ്രമായിത്തീരുന്നുണ്ടോ. ആ പ്രബലരൂപത്തിൻെറ കാരുണ്യസഖ്യവും, ആ വചനത്തിൻെറ മൃദുലപ്രചോദനവും കൂടാതെ, ജീവിതത്തിലുള്ള ലോകത്തിലെ എല്ലാ ദൈവാലയങ്ങളിൽനിന്നും 'ദിവ്യകാരുണ്യം' ഇപ്പോൾ അപഹൃതമാകുന്നുവെന്നു വിചാരിക്കുക. ക്രിസ്തുവിൻെറ സേനാപകപ്പിലേക്കു—പൌരോഹിത്യത്തിലേക്കു—ആരും കാലുവെക്കുന്നില്ലെന്നും സങ്കല്പിക്കുക. അപ്പോൾ നമ്മുടെജീവിതം

അന്നത്തെപ്പോലെ ആനന്ദപ്രദമായിരിക്കുമോ? നമ്മുടെ എല്ലാ ലൌകികസ്നേഹിതന്മാർ ഒത്തൊരുമിച്ചുകൂടിയാലും തെളിയിക്കുവാൻ സാധിക്കാത്ത ഒരു ന്യൂനത അപ്പോൾ നമുക്കു അനുഭവപ്പെട്ടുമൊ? നമ്മുടെ ഹൃദയം അപ്പോൾ ദുഖത്തിൽ മുങ്ങിത്തുടിക്കുമൊ? തുറന്നു കിടക്കുന്ന ദിവ്യമണ്ഡപത്തിൻെറ കവാടം, അഗ്നിക്കരികെ ശൈത്യകാലത്തു കിടക്കുന്ന കസാലപോലെ പുഞ്ചിരി തൂകി നമ്മെ ക്ഷണിക്കുന്നുണ്ടോ?

അതിൻെറ മാററുരച്ചുനോക്കുവാൻ നമ്മുടെ സ്നേഹം ഒരു നികഷം അന്വേഷിച്ച് വളരെദൂരം പോകണമെന്നില്ല. അപേക്ഷയിൽ നാം ശ്രദ്ധ പ്രദശിപ്പിക്കുന്നുവെങ്കിൽ, ഏതൊരുത്തൻെറ അനന്തസ്നേഹത്തിനു നാം പാത്രീഭൂതരായിരിക്കുന്നു, അവിടത്തെ നാം നല്ലതുപോലെ വീക്ഷിക്കുന്നുവെന്നുള്ളതിന്നു അതു മതിയായ തെളിവാകുന്നുവല്ലോ? നമ്മുടെ സഹോദരഹൃദയം മുറിപ്പെട്ടുത്തുന്നവിധത്തിൽ നാം പരദൂഷണം ചെയ്തപ്പോൾ നാം ഉപദ്രവിച്ചവനോടു ക്രിസ്തുവിനുള്ള മൈത്രീബാന്ധവത്തെക്കുറിച്ചു അനുക്ഷണം സ്വാഭാവികമായി നാം ചിന്തിച്ചുവോ? തുറന്നുകിടക്കുന്ന ദൈവാലയവാതിലിൻെറ മുമ്പിൽക്കൂടി നാം അലക്ഷ്യമായി കടന്നുപോയപ്പോൾ, നമ്മുടെ സന്ദശനത്തിൽനിന്നു ലഭിക്കാവുന്ന ആനന്ദം നമ്മുടെ ദിവ്യസ്നേഹിതനു ഉളവായിട്ടില്ലെന്നും, അദ്ദേഹത്തിൻെറപ്രസാദവരം നമുക്കു നശിച്ചുപോയിയെന്നും ആത്മാത്ഥമായി നാം വിശ്വസിച്ചുവോ? ദിവ്യഭോജനസ്വീകരണത്തിന്നു സാധിക്കാതെ വരുമ്പോൾ ആദിവസം മുഴ

വനം വാസ്തവത്തിൽ നാം ഏകാകികളെന്നു നമുക്കു തോന്നിപ്പോകുന്നുണ്ടോ? അന്നു യേശുവിനോടുകൂടെ സ്നേഹസല്ലാപം ചെയ്യുന്നതിന്നു നാം ഉദ്യമിക്കുന്നുണ്ടോ?

യേശുവെ!! ഒരു സ്നേഹിതനെ ലഭിക്കാതെ ഞാൻ ക്ലേശിക്കുകയായിരുന്നു. ആ ആഗ്രഹം എത്ര സമ്യക്കായി അവിടുന്നു സാധിച്ചിരിക്കുന്നു. നന്മയായിട്ടുള്ളതും, ശ്രേഷ്ഠമായിട്ടുള്ളതും, കരുണാപരമായിട്ടുള്ളതും പറഞ്ഞു അവിടുത്തെ ഏതുവിധമെങ്കിലും പുകഴ്ത്താവുന്നതാണ്. പോരെങ്കിൽ, ഇപ്പോഠം അവിടന്ന് എൻെറ മിത്രവുമാകുന്നു. എൻെറ ബാല്യയൌവ്വനവാദ്ധക്യദശകളിലെ ഒരു മിത്രം—സുഖദുഃഖങ്ങളിലെ ഒരു മിത്രം. എൻെറ ഹൃദയത്തിൽ ആനന്ദം തിരതല്ലുമ്പോഠം കൃതജ്ഞതാസമ്പൂർണ്ണമായ പ്രാൎത്ഥന ശ്രവിക്കുവാൻ അവിടുന്നു ആഗ്രഹിക്കുന്നു. അതിഭയങ്കരമായ ക്ലേശങ്ങളുടെ സമയത്തും ദുഃഖപൂർണ്ണമായ സഖ്യമനുഭവിക്കുവാൻ അവിടുന്നു ആഗ്രഹിക്കുന്നു. മററു മിത്രങ്ങളെ അതിശയിച്ചുപോലും അവിടത്തെ ഞാൻ ക്ലേശിപ്പിക്കുന്നുണ്ട്. എങ്കിലും അവിടുന്നു ദൈവമാകുന്നതിനാൽ എൻെറ വിവേകമില്ലായ്മ അവിടുന്നു ക്ഷമിക്കുന്നു. യേശുവെ!! ഉത്തമസ്നേഹിതാ! അവിടുത്തെ സ്നേഹത്തിന്നു ഞാൻ കൃതജ്ഞതയുള്ളവനാണ്.

## അദ്ധ്യായം 8.

---

### ഒരു പ്രശ്നം.

"അദ്ദേഹം അവർ ഓരോരുത്തരുടെ മേലും കരം വെച്ചു സുഖപ്പെടുത്തി."

'സുഖദുഃഖങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുള്ള' ഒരു മിത്രത്തെ സമീപിച്ചു അവിടത്തോടു എനിക്കു അനുഭവങ്ങളെല്ലാം എണ്ണിയെണ്ണി അറിയിക്കുന്നതു എനിക്കു വളരെ സന്തോഷമാണു്. ആനന്ദസാഗരത്തിലാറാടിക്കൊണ്ടിരിക്കുന്ന ഒരു സ്നേഹിതനോടാണെങ്കിൽ അതു മധുരതരം തന്നെ. അയാളുടെ ജീവിതം എൻേറതെന്നപോലെ പ്രശോഭനീയമെങ്കിൽ ജീവിതാനന്ദത്തെ സംബന്ധിച്ചുള്ള എൻെറ പ്രസംഗം, ആ സന്തോഷത്തിനു മാററു കൂട്ടുകതന്നെ ചെയ്യും. എന്നാൽ അവിടന്നു തൻെറ ജീവിതം, അന്ധകാരത്തിൻെറ കരിനിഴലിൽക്കൂടെ ക്ലേശപൂർവ്വകം നയിക്കുകയാണെങ്കിൽ, സ്വജീവിതക്ലേശം വിസ്മരിച്ചു് ആശ്വാസജനകമായ ഈ വാക്യം സോത്സാഹം ശ്രവിക്കുന്നു.

ഇങ്ങനെ പെരുമാറുന്ന ചങ്ങാതികൾ വളരെ കുറവാണു്. എങ്കിലും നമുക്കു് ഒരുത്തനുണ്ടു്. അവിടുന്നു സദാ നമുക്കു അനുകരണീയനാണു്. ചിലപ്പോൾ നമ്മുടെ ഹൃദയം ദുഃഖത്തിൽ ആണ്ടുപോകാറുണ്ടു്. അപ്പോൾ ഗദ്സെമനിയിൽ അതിദുസ്സഹമായ ക്ലേശങ്ങൾ മൂന്നു

മണിക്കൂർ നേരം അനുഭവിച്ച മിശിഹായെ ധ്യാനിച്ച് അവിടത്തെ സന്നിധിയിൽ നമസ്കരിക്കുക മാത്രമെ നാം ചെയ്യേണ്ടതുള്ളു. അന്നു നമുക്കു സ്വാഗതമരുളിയിരുന്ന സ്ഥലത്തു ഇന്നു മിത്രഭേദം കണ്ടെത്തിയിരിക്കുന്നതിനാലാണോ നാം ക്ലേശിക്കുന്നത്? എന്നാൽ, മാനസികമായി യേശുവിനോടുകൂടി അന്തിമാത്താഴത്തിനു ഇരിക്കാം. അടുത്തു യൂദാസ്സും ഇരിപ്പുണ്ട്. അല്ലെങ്കിൽ കയാപ്പായുടെ പ്രാസാദതളത്തിലേക്കു നമുക്കു പോകാം. അവിടെ ക്രിസ്തുവിനെ മൂന്നുപ്രാവശ്യം വാചാത്യാഗംചെയ്ത പത്രോസ്സിനെ ദർശിക്കാം. ജെറൂസലത്തിലെ ഭക്തിയുള്ള സ്ത്രീകളെ സമാശ്വസിപ്പിക്കുവാൻ ക്രിസ്തു അരുളിച്ചെയ്ത വാക്യം ശ്രവിച്ചു, ക്രൂശു വഹിച്ചുകൊണ്ടു പോകുന്ന വഴിയിൽ ധ്യാനനിരതരായി നിലകൊള്ളുമ്പോൾ, തന്നെക്കുറിച്ചോ, അന്യരെക്കുറിച്ചോ അവിടന്നു അനുഭവിച്ച ക്ലേശത്തെപ്പററി വിചിന്തനം ചെയ്യുവാൻ പോരാത്തവരാകുന്നു നാം. കാരണം, അന്യന്മാർ നമ്മെ അപലപിക്കുമ്പോൾ പരുഷപരമായി നമ്മോടു സംസാരിക്കുമ്പോൾ, ക്രിസ്തു തൻെറ ഘാതകന്മാരെ അനുഗ്രഹിക്കുവാൻവേണ്ടി ഏതൊരു ക്രൂശിൽതൂങ്ങി, ആ കുരിശിന്നടുത്തുചെല്ലാം. നമുക്കു അംഗവൈകല്യങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ, ജീവിതക്ലേശത്തിൻെറ ഭാരം താങ്ങുവാൻ നമുക്കു ശക്തിയില്ലെങ്കിൽ, സാരമില്ല; അധൈര്യപ്പെടരുത്. കുരിശിൽ തൂങ്ങിക്കിടക്കുന്ന മിശിഹായുടെ മരണത്തെ ധ്യാനിച്ചാൽമാത്രം മതി. അപ്പോൾ നമ്മുടെ ക്ലേശങ്ങൾ വെറും നിസ്സാരങ്ങളെന്നു് നമുക്കു അനുഭവപ്പെടാതിരിക്കയില്ല.

സന്തോഷംതരുന്ന നിസ്സാരസംഗതിപോലും യേശുവിന്റെ തിരുഹൃദയത്തെ അറിയിച്ച്, തന്റെ അരികത്തു നാം അധിവസിക്കണം. സ്നേഹത്തിന്റെ തള്ളിച്ച കൊണ്ട് ഹൃദയം തുടിക്കുമ്പോൾ, നസ്രസിലെ, ഭവനത്തിൽ പ്രവേശിച്ച്, ദിവ്യബാലന്റെ പക്കലെടുത്തു നമ്മുടെ സവിശ്വാസം അവിടത്തേയ്ക്കർപ്പിക്കണം. മാതാപിതാക്കന്മാർ അനുഭവിക്കുന്ന സന്തോഷം ശിശുക്കൾ വഴിയായി അവിടന്നു അറിയട്ടെ. കാരണം, ദൂഷിതമായ ലോകത്തുനിന്നുയരുന്ന ആരവങ്ങളിൽ മധുരതരമാകുന്നു നിമ്മലമായ ശിശുഹൃദയത്തിൽനിന്നു നിർഗ്ഗളിക്കുന്ന കളകളാലാപം. പത്രോസ് യോഹന്നാന്മാരുടെ മിത്രത്വത്തിൽ അനല്പാശ്വാസം കണ്ടെത്തിയതും, സ്വജനതയെ അത്യധികം സ്നേഹിച്ചതും ആയ ആ ഉത്തമഹൃദയത്തിൽ, ഒരു സുഹൃത്തിൽനിന്നു മറ്റൊരുത്തനു ലഭിക്കുന്ന സമാധാനവും നിർവൃതിയും, പ്രതിബിംബിച്ചുകാണാവുന്നതാണ്. ദാമ്പത്യത്തിന്റെ കനകച്ചങ്ങലകൊണ്ടു ബന്ധിച്ചിരിക്കുന്ന ദമ്പതിമാരുടെ പ്രേമം, ക്രിസ്തുവിനു തന്റെ പ്രേയസിയായ സഭയോടുള്ള സ്നേഹത്തോടു സദൃശമായിരിക്കേണ്ടതാണ്. എന്നാൽ അതിൽനിന്നുളവാകുന്ന പുണ്യം നമുക്കു അനുഭവിക്കാം. പ്രശംസയാൽ നമ്മുടെ കണ്ണം മുഖരിതമാകുകയും, നമ്മുടെ ഹൃദയം ആനന്ദംകൊണ്ട് തുടിക്കുകയും ചെയ്യുമ്പോൾ, ജറുസലത്തിൽ വിജയശ്രീലാളിതനായി പ്രവേശിച്ച യേശുവിനെ സംപ്രാപിക്കാം. അവിടെ, ഈ പ്രാഭവമധു എങ്ങിനെയാണ് അനുഭവിക്കേണ്ടതെന്നു അവിടന്നു നമ്മെ പഠിപ്പിക്കും. കാർ

മേഘംകൊണ്ടു ചുററപ്പെട്ട ഈ ജീവിതാന്തരീക്ഷത്തിൽ സൂര്യൻ പ്രോജ്വലിച്ച് പരിലസിക്കുമ്പോഠം, കാനായിലേക്ക് നാം ഓടി എത്തണം. ഹൃദയം മാധുര്യം അനുഭവിക്കുന്നതിനും ആസ്വദിക്കുന്നതിനും ഈശ്വരൻ ആഗ്രഹിക്കുന്നുണ്ട്. എങ്കിലും ആ മാധുര്യത്തിൻെറ ഭാരത്താൽ വിനാശം കണ്ടെത്താതിരിക്കാൻ, ആ പന്തലിൽ പ്രവേശിച്ച്, ദിവ്യനാഥൻെറ പക്കൽ അപ്പിക്കാം ആനന്ദത്തിലാററാടുന്ന ഹൃദയം.

യേശുവേ! ഒരു സങ്കല്പകഥയിൽ എൻെറ ബാല്യത്തിൽ, ഏതൊന്നു സ്പശിക്കുന്നു, അതു സുവണ്ണമാക്കിത്തീത്തിരുന്ന ഒരു നൃപനെപ്പററി വായിച്ചിട്ടുണ്ട്. അവിടത്തെ ഞാൻ അസൂയപ്പെട്ടിരുന്നു. കൂടാതെ, അതു യഥാത്ഥമാണെന്നുപോലും ഞാൻ കരുതിയിരുന്നില്ല. പക്ഷെ, ഇന്നു്, ജീവിതാമൃതം അധികമധികം ആസ്വദിച്ചതോടെ ഒരു യഥാത്ഥവും മഹനീയവും ആയ 'മീഡയ്സ് സ്പശനം' ഇജ്ജീവിതത്തിലുണ്ടെന്നു ഞാൻ ഗ്രഹിച്ചു. ആ സ്പശനശക്തി അവിടത്തെ കരത്തിനുമാത്രമേയുള്ളുപോലും. എൻെറ സ്വപ്നം യഥാത്ഥമാക്കുന്നവൻ കാരുണ്യം നിറഞ്ഞവൻതന്നെ. ഓ! സ്നേഹനാഥാ! എന്നെ അഭ്യസിപ്പിച്ചാലും: സുഖദുഃഖങ്ങഠം അവിടത്തെ പക്കൽ കൊണ്ടുവരുന്നതിന്നും; ഭയവും സ്നേഹവും, ജീവിതവും മരണവും അവിടത്തെ പക്കൽ ഉപഹരിക്കുന്നതിന്നും എന്നെ പഠിപ്പിക്കേണമെ. അപ്പോഠം മാത്രമേ കുട്ടിക്കാലത്തെ മിഥ്യാകഥ ശരിയാകുകയുള്ളൂ.

# അദ്ധ്യായം 9.

## 'ശൂന്യജീവിതം.'

"നിന്റെ നാഥനായ ദൈവത്തെ പൂൎണ്ണഹൃദയത്തോടും.... ആത്മാവോടും, ശക്തിയോടും, മനസ്സോടും സ്നേഹിക്കുക" (ലൂക്ക. 10_27.)

'അവന്റെ ജീവിതം വിഫലമായിരുന്നു' എന്നൊരുത്തന്റെ ശവകുടീരത്തിൽവെച്ചു നമുക്കു പറയുവാനിടവരുന്നതാണു് അസുഭഗമായ നിരൂപണങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്നതു്. ആ ദൗർഭാഗ്യൻ! അതികഠിനമായി അവൻ യത്നിച്ചു. ബുദ്ധി മാത്രമല്ല; മാംസളമായ കരവും തദ്ദൃമത്തിൽ അവൻ വിനിയോഗിച്ചുപോന്നു. ഇപ്പോഠം ഒന്നു്, അപ്പോഠം മറെറാന്നു്, പ്രയത്നത്തിന്നു് അവനെ പ്രേരിപ്പിച്ചു. അവനുചിതമെന്നു തോന്നിയ വിധം അവൻ ക്ലേശിച്ചു. പക്ഷെ, എന്തു ലഭിച്ചു. അവന്റെ ശരീരത്തിന്റെ നാശംമാത്രം!

നമ്മുടെ ലോകവ്യാപാരത്തെപ്പററി ഇപ്രകാരം പറയേണ്ടിവന്നാൽ അതു ദുഃഖജനകംതന്നെ. എന്നാൽ മേലുദ്ധരിച്ച വാക്യം ദൈവദൂതന്മാർ ഒരാത്മാവിനോടു് അറിയിക്കുന്നെങ്കിൽ അതിദാരുണമായ അശ്രുധാര പൊഴിക്കേണ്ടിവരും. ധനസമ്പാദനാൎത്ഥം ജീവിതം മുഴുവനായി വ്യൎത്ഥവ്യയം ചെയ്ത ഒരു പിതാവു്, എന്നാൽ തനിക്കും തന്റെ സ്നേഹപാത്രങ്ങഠംക്കും സായൂജ്യവിത്തം

നേടുവാൻ അൾത്താരയുടെ മുമ്പാകെ മുട്ടുമടക്കാത്ത ഒരു പിതാവ്, മരണം പ്രാപിച്ചിരിക്കുന്നു. ക്ലേശഗ്രസ്തനായ ആ വൃദ്ധപിതാവിൻെറ ജീവിതം! മരണത്തിൻെറ ശ്യാമളകരം പതിച്ചിരിക്കുന്ന ഒരു മാതൃപിണ്ഡത്തിനു ചുററും അവളുടെ ആപത്തുകൾ അടുത്തുകൂടിയിരിക്കുന്നു. എന്നാൽ, അവർ അതീതജീവിതത്തെ നിരീക്ഷിക്കുമ്പോൾ സന്ധ്യാസമയത്തു ഈശ്വരപ്രാൎത്ഥനയ്ക്കു അവരെ ഉപദേശിച്ച രാത്രി വളരെ കുറവാണു്. ക്ഷണഭംഗുരമായ ഇഹത്തിലെ സർവ്വാഡംബരങ്ങളുടേയും അസ്ഥിരത, ലോകത്തിൻെറ ജാള്യം എന്നിവയെപ്പററി അവരോടു സംസാരിച്ച ദിവസവും വളരെ ചുരുക്കം. ആ മഹതിയുടെ ജീവിതം! ദൈവത്തെ ഇവരെല്ലാവരും സേവിക്കുന്നതിന് ഉദ്യമിക്കുകയും സേവിക്കുകയും ചെയ്തിട്ടുണ്ടു്. എങ്കിലും ഇപ്പോൾ അവർ മരണയവനികയിൽ മറഞ്ഞുകഴിഞ്ഞിരിക്കുന്നു. ചിലരെ, പ്രശംസ ശക്തിമത്തായി ആകൎഷിച്ചു.

മരണത്തെ മറന്നു ജീവിക്കുന്നതു ദൈവപ്രബോധനത്തെ വകവെക്കാതിരിക്കുകയാണെന്നു് അവർ അറിഞ്ഞിരുന്നില്ല. ചിലരാണെങ്കിൽ സുഖഭോഗത്തിലാനന്ദമഗ്നരായി ആഗ്രഹപൂൎത്തി വരുത്തുന്ന ഈശ്വരസേവനത്തിൽനിന്നു ഏതുവിധമെങ്കിലും ഒഴിഞ്ഞുമാറുവാൻ തരംനോക്കുന്നു. വേറൊരു കൂട്ടർ ഒരേകസ്നേഹിതനെ മാത്രം തേടേണ്ട ഹൃദയത്തിൽ—ആ ദിവ്യസ്നേഹിതനുമാത്രം ആ സ്ഥാനം ഒരുക്കേണ്ട ഹൃദയത്തിൽ—ഒരു സൃഷ്ടിയെ കയററിയിരുത്തുന്നു. അങ്ങനെ അവർ എല്ലാവരും ഗാഢ്യവും നശ്വരവുമായ സ്നേഹം തങ്ങളുടെ ഹൃദയകേദാരത്തിൽ തഴച്ചുവളരുവാൻ അനുവദിച്ചു. സൃഷ്ടികൾ

ക്ക് സ്വഹൃദയത്തെ കാഴ്ചവെച്ചുകൊണ്ടുദൈവത്തെ മനുഷ്യൻ വഞ്ചിക്കുന്നു.

ഹാ! നമ്മുടെ ജീവിതം ഇവ്വിധമെങ്കിൽ, മരണത്തെപ്പററി ചിന്തിക്കുമ്പോൾ ഈ വിചാരം മനസ്സിൽ ഗാഢമായി പതിയുന്നില്ലയൊ. "അതിനുശേഷം അന്ധകാരം" എന്നാൽ ദൈവസഹായത്താൽ പ്രമാണത്തിൻെറ ഉദ്ദേശ്യം സ്നേഹമാണെന്നു നാം പഠിച്ചിട്ടുണ്ടെങ്കിൽ; 'ഇവിടെ മിശിഹായെ പരിചരിക്കുകയും സ്നേഹിക്കുകയും അറികയും ചെയ്യുന്നതാണു ജീവിതസാക്ഷാൽക്കരണ'മെന്നു് അറിഞ്ഞിട്ടുണ്ടെങ്കിൽ; മരണത്തിൻെറ നീർച്ചുഴിയിൽ നാം വീഴുമ്പോൾ നാം അറിയും "അതിനു ശേഷമുള്ള പ്രകാശം";—അനന്തസ്നേഹമായ ദൈവത്തിൻെറ പ്രകാശം; പ. ക. മറിയത്തിൻെറ ദിവ്യമുഖം കാണുമ്പോളുളവാകുന്ന ആനന്ദം! പൂർവ്വഗന്മാരുടെ പുഞ്ചിരി തൂകിക്കൊണ്ടുള്ള സ്വാഗതം! സമാധാനപരമായ ഒരു നിദ്ര.

യേശുവേ! സ്നേഹത്തിൻെറ ഏകാവലംബം അവിടന്നു മാത്രമാണെന്നു് എനിക്കറിയാം; അതു ഞാൻ ആശിക്കുകയും ചെയ്തിരുന്നു; ലോകസുഖത്തിൻെറ ക്ഷണികതയെ—മിന്നൽ പിണരിനെ—ഞാൻ ആശ്ലേഷിച്ചു. പലപ്പോഴും, നിസ്സാരസംഗതികളിൽപോലും എൻെറ ഹൃദയം അങ്ങിൽനിന്നകന്നുപോയി; ശരിയായ ഒരു ആത്മികപരിവത്തനം എന്നിൽ ഉണ്ടാകുന്നതിനു് അവിടുന്നു് എന്നെ ഉപദേശിക്കേണമെ! ദിവ്യയേശുവേ! അവിടുന്നു മാത്രമാണു് എൻെറ യഥാർത്ഥമായ സ്നേഹിതൻ എന്നു എന്നെ പഠിപ്പിക്കേണമെ!

## അദ്ധ്യായം 10.

### 'മിത്രഭേദം.'

"മിശിഹായോടുള്ള സ്നേഹത്തിൽനിന്നു ആർ എന്നെ വേർതിരിക്കും."

മിത്രഭേദം അതിയായ ക്ലേശം ജനിപ്പിക്കുന്നു. വിശ്വസ്തനെന്നു വിചാരിച്ചു, നമ്മുടെ രഹസ്യഭണ്ഡാഗാരത്തെ കാത്തു സൂക്ഷിക്കുവാൻ പ്രാപ്തനെന്നു കരുതി, ബഹുലങ്ങളായ ഹൃദയചാപല്യങ്ങളും അതിൻെറ ശക്തിയും അതിനെത്തന്നെയും ഒരുത്തനു തുറന്നു കാണിക്കുന്നു. അനന്തരം അവനൊന്നു തിരിഞ്ഞടിച്ചാൽ—അവിശ്വാസിയായിതീർന്നാൽ—നമുക്കുണ്ടാകുന്ന ദുഃഖം അവാച്യമായിരിക്കും. നമ്മുടെ മനഃപീഡ ആൎക്ക് അറിയുവാൻ കഴിയും? ഹാ! പീഡതന്നെ! അന്ന് അന്ധകാരത്തിൽ ആ സ്നേഹിതൻ എനിക്കു പ്രകാശമായിരുന്നു; ഇന്നാകട്ടെ കൃതഘ്നതയോടുകൂടി അവൻ എന്നെ അവഗണിച്ചിരിക്കുന്നു. ഇതു ഭയജനകവും ക്ലേശാവഹവുമാണ്. അന്നു ആനന്ദത്തിൻെറ പുഞ്ചിരിയോടുകൂടി എന്നെ സമീപിച്ചിരുന്ന ആ തെളിഞ്ഞ മുഖം ഇപ്പോൾ എനിക്കു അവിശ്വാസത്തിൻെറ കരിന്നിഴൽ തട്ടിയതായി തോന്നുന്നു. ഞാൻ അവൻെറ പക്കൽ ചെല്ലുന്നുണ്ടെങ്കിലും അവൻ എന്നെ സ്മരിക്കുന്നില്ല. എന്നാൽ എൻെറ സ്വസ്വഭാവവൈകല്യവും അറിഞ്ഞിരുന്നവൻ, ഇപ്പോൾ അവശതകൾ സസൂക്ഷ്മം

നിരീക്ഷിച്ചു ചൂണ്ടിക്കാണിക്കുന്നെങ്കിൽ! അവൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ ഒളിച്ചുവെച്ചിരിക്കുന്ന വഞ്ചന ഇപ്പോഠം വാരി വിതറി ഏതൊരുത്തൻേറയും വീക്ഷണത്തിനു വിഷയീഭവിപ്പിക്കുന്നെങ്കിൽ!! കഷ്ടം!

ആദ്യത്തെ പെസഹാ വ്യാഴാഴ്ച സന്ധ്യാസമയത്തു സെഹ്രിയൻ ശാലയിൽ യഹൂദന്മാരും റോമൻ ഭടന്മാരും സമ്മേളിച്ചിരുന്നു. അവരുടെ മദ്ധ്യെ ദിവ്യരക്ഷകൻ നിന്നിരുന്നു. മുമ്പു വിവരിച്ച വിധമുള്ള ഒരു ദുഃഖമാണു ദിവ്യനാഥൻ അപ്പോഠം അനുഭവിച്ചതു്. അവിടത്തെ ശിഷ്യന്മാർ, വേണ്ടിവന്നാൽ, അവിടുത്തേക്കുവേണ്ടി ജീവനെ ത്യജിക്കാമെന്നുകൂടി വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അവരുടെ അസ്ഥിരത അപ്പോഠംതന്നെ അവിടുന്നു് അവരെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോഠം ആ വാക്യം പൂൎത്തിയായി. മൂന്നുകൊല്ലം ക്രിസ്തുവിനോടുകൂടി നടന്നു് അവിടുത്തെ ഉപദേശങ്ങഠം കേട്ടും, അത്ഭുതങ്ങഠം കണ്ടും മനസ്സിനു പരിപാകത വന്നിട്ടുള്ള ശിഷ്യരിൽ ചിലർ എന്താണു പ്രവൎത്തിച്ചതു്? ഒരുത്തൻ അവിടുത്തെ ശത്രുകരങ്ങളിൽ ഏല്പിച്ചു. വേറൊരുത്തൻ ഗുരുവേ ഒരിക്കലും ദശിച്ചിട്ടില്ലെന്നും ശപഥം ചെയ്തു. അവിടുന്നു പീഡ അനുഭവിക്കുന്ന സമയത്തു് എല്ലാവരും അവിടുത്തെ പരിത്യജിച്ചു. സ്നേഹഭംഗം! കൃതഘ്നത! നോക്കു. ഏതൊരുത്തനാണു മിത്രഭേദത്താൽ ഇത്തരം ഹൃദയവ്യഥ സഹിച്ചിട്ടുള്ളതു്?

ഈദൃശസങ്കടം നാം അവിടത്തേക്കു വരുത്തിയിട്ടുണ്ടോ, വരുത്തുന്നുണ്ടോ? ഘോരപാപത്താൽ അവിടുത്തെ

സ്നേഹത്തിൽനിന്നു നാം അകന്നു പോകുന്നുണ്ടോ? എന്നാൽ ഇപ്രകാരമുള്ള ഒരു ദിനം നമ്മുടെ ജീവിതത്തിലുണ്ടാകാതിരിക്കുവാൻ ദൈവം ഇടയാക്കട്ടെ. പാപം നമ്മെ യൂദാസിനു തുല്യരാക്കുന്നു. അപ്പോൾ നാം ദിവ്യനാഥനെ ഉപേക്ഷിച്ച ആ പതിനൊന്നുപേരുടെ ഗണത്തിൽ പെട്ടവരാകയില്ലയോ? മിശിഹായുടെ അനുഗ്രഹംമൂലം നമ്മുടെ ഹൃദയത്തിൽ സച്ചിന്തകൾ തലപൊക്കുമ്പോൾ ദുശ്ചിന്തകൾ അവയെ ചവുട്ടിത്താഴ്ത്തുന്നു. പ്രാൎത്ഥന നാം വളരെ കുറച്ചിരിക്കുന്നു. വാക്കുകളെ അലക്ഷ്യമായി ഉരുവിടുന്നു. ദുരഭിലാഷങ്ങളെ ഇനിയും അമൎത്തീട്ടില്ല. അഹംഭാവം അവിടുത്തേക്കു വളരെ അനിഷ്ടകരമാണെന്നു നമുക്ക് അറിയാം. എന്നാൽ നമ്മുടെ നാവിൽനിന്നു പുറപ്പെടുത്തുന്നതു സ്വന്തം സ്തുതികളായിരിക്കും. സ്വാൎത്ഥത നിഷിദ്ധമാണെന്നു നമുക്കറിയാം. എങ്കിലും നമ്മുടെ ജിവിതം സ്വാൎത്ഥപരമാണ്. അവിടുത്തെ പാവനഹൃദയത്തിൻെറ രഹസ്യം നമ്മെ അറിയിച്ചിട്ടുണ്ട്. അവിടുത്തെ ഭവനത്തിൻെറ പുരോഭാഗത്തുകൂടി കടന്നുപോകുമ്പോൾ അവിടെ പ്രവേശിച്ച്, തന്നെ സന്ദൎശിക്കുവാൻ അവിടുന്ന് അഭിലഷിക്കുന്നു. പക്ഷെ, അവിടുത്തെ ആഗ്രഹം നാമവഗണിക്കുന്നു. അവിടുത്തെ സ്നേഹിതന്മാർ പരിപാലിക്കേണ്ട ഉന്നതാശയം—വാക്കു, പ്രവൃത്തി എന്നിവ—മനുഷ്യഭയം നിമിത്തം നമ്മൾ ലഘൂകരിച്ചിട്ടുണ്ട്. ലോകപ്രശംസയാൽ പ്രമത്തരായി നമ്മൾ അവിടുത്തെ അറികയില്ലെന്നുകൂടിയും പറഞ്ഞിട്ടുണ്ട്. അവിടുത്തെ നിരസിച്ചിട്ടുള്ളതു മഹാകാൎയ്യങ്ങളിലല്ല; ഒരുപക്ഷെ

നിസ്സാരങ്ങളിൽ മാത്രമായിരിക്കാം. ദൈവം ആരാധിക്കപ്പെടട്ടെ. ഒരിക്കൽ നമ്മുടെ മനസ്സിൽ പരിലാളിച്ചു പോന്നിരുന്ന ആശയം മലിനമാക്കിയതിനാൽ അവിടുത്തെ നമ്മൾ പരിത്യജിച്ചു. മറ്റൊരിക്കൽ, ദൈവത്തിനു സമർപ്പിച്ചിട്ടുള്ള മനുഷ്യരേയും വസ്തുക്കളേയും നിഷേധിച്ചു സംസാരിച്ചു. ദൈവത്തിൻെറ മടിത്തട്ടിൽ സസുഖം തലവെച്ചുറങ്ങുന്ന ശിശുക്കളോടു നിർദ്ദയം പെരുമാറി അവിടുത്തെ അവഗണിച്ചു. ഒരു കാലമുണ്ടായിരുന്നു. അതിനെ തിരിച്ചും മറിച്ചും നോക്കി നാം സങ്കടപ്പെടുകയാണ്. അന്നു നമ്മൾ അവിടത്തെ യഥാർത്ഥമിത്രങ്ങളായിരുന്നു. അന്നു 'പൂർണ്ണഹൃദയത്തോടും, ആത്മാവോടും, ശക്തിയോടും, മനസ്സോടും' കൂടെ അവിടുത്തെ നമ്മൾ സ്നേഹിച്ചിരുന്നു. ഇങ്ങനെ അന്ന് ഒരു ദിനമുണ്ടായിരുന്നതുകൊണ്ട്, ഇന്ന് അതു ദുഃഖത്തിനു കൂടുതൽ കാരണമായി. എന്തുകൊണ്ടെന്നാൽ അവിടുന്നു നമ്മളിൽ വെച്ചിരുന്ന വിശ്വാസത്തെ നമ്മൾ കളങ്കപ്പെടുത്തിയിരിക്കുന്നു.

യേശുവേ! നാഥാ! അവിടുത്തെ വിമലഹൃദയത്തെ ഞങ്ങൾ വേദനിപ്പിക്കുന്നുവെന്ന് അറിയുന്നത് എത്ര സങ്കടകരം! കുറെ കാലംമുമ്പ് അവിടുത്തെ സ്നേഹത്തിൻെറ പൂന്തേൻ നുകരുവാൻ ഞങ്ങളെ അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഞങ്ങളുടെ ജീവിതത്തെ ഒന്നു പരിശോധിച്ചാൽ കൃതഘ്നത കണ്ണുരുട്ടുന്നതു കാണാം. അന്നത്തെ പെസഹാ ദിവസം—പ്രശാന്തമായ ആ സായാഹ്നത്തിൽ

—വി. പ്രേഷിതന്മാരെപ്പോലെ ഞങ്ങൾ വീണ്ടും വീണ്ടും ഞങ്ങളുടെ സ്നേഹവാഗ്ദാനം സാധിച്ചു. സൈഥൎയ്യപൂൎവ്വകം വിശ്വാസപ്രതിജ്ഞ നിൎവ്വഹിക്കുകയും ചെയ്തു. എങ്കിലും മൂന്നു മണിക്കൂർ കഴിയുന്നതിന്നുമുമ്പ്, അവിടത്തെ ശിഷ്യന്മാരെ അനുകരിച്ചു ഞങ്ങളും വിസ്മരിച്ചു. കൃതഘ്നരായ അപ്പസ്തോലന്മാരേക്കാൾ ഞങ്ങളുടെ അപരാധം കഠിനതരമാണ്. എന്തുകൊണ്ടെന്നാൽ അപ്പസ്തോലന്മാരുടെ പ്രവൃത്തി ഞങ്ങൾ പലേ പ്രാവശ്യം ആവൎത്തിക്കുന്നു. ദിവ്യനാഥാ! ഇതു ഞങ്ങൾക്കെത്ര ലജ്ജാകരം. എന്നാൽ ഞങ്ങളെ ഇതിൽനിന്നു വിമോചിക്കേണമെ! അവിടുത്തെ സ്നേഹശൃംഘലയിൽ ഞങ്ങളെ ഒന്നുകൂടി ബന്ധിക്കേണമെ.

# അദ്ധ്യായം 11.

## പ. കുബ്ബാന.

"എൻെറ മാംസം ഭക്ഷിക്കയും രക്തം പാനം ചെയ്കയുംചെയ്യുന്നവൻ എന്നന്നേക്കും ജീവിക്കും".

ദൈവത്തോടു സമന്മാരായി തീരണമെന്ന അഹങ്കാരത്താലിളിച്ചുകൊണ്ട് ആദവും ഹവ്വായും പാപം പ്രവൎത്തിച്ചു. ഉന്നതത്തിലേക്കു കൈനീട്ടിയപ്പോൾ അവകഷ്ത്തിൻെറ അടിത്തട്ടിലേക്ക് അവർ അടിച്ചു താഴ്ത്തപ്പെട്ടു. എല്ലാ ജ്ഞാനവും ലഭിക്കണമെന്നു അവർ വൃഥാ ആഗ്രഹിച്ചു.

അതിനുവേണ്ടി ദൈവം നിരോധിച്ചിരുന്ന ഫലത്തെ പറിച്ചു ഭക്ഷിച്ചു. ആദ്യം ഹവ്വ; പിന്നീട് ആദം. സംശയംവിനാ അവക്കു ജ്ഞാനോദയമുണ്ടായി. ആ പാപത്തിൻെറ കച്ചഫലം പരമ്പരാഗതമായി എല്ലാ മനുഷ്യരും ഭുജിക്കേണ്ടിവന്നു. പക്ഷെ അതു അന്ധകാരമയം—ക്ലേശപൂൎണ്ണം.

ഇങ്ങനെ മനുഷ്യൻ അധഃപതിച്ചു. അവരെ പുനരുദ്ധരിക്കുവാൻ ദൈവം തീൎച്ചയാക്കി. അതിനുവേണ്ടി അവിടുന്നു അവതീൎണ്ണനായി. സ്ത്രീ മുഖേന മനുഷ്യൻ നശിച്ചു. രക്ഷയും ഒരു സ്ത്രീ വഴിയായി വേണമെന്നു അവിടുന്നു തീരുമാനിച്ച് ഒരു സ്ത്രീയെ സൃഷ്ടിച്ചു. മനുഷ്യൻെറ നാശത്തിനു മരം ഒരുപകരണമാണു്. പരിത്രാ

ണനകമ്മത്തിനും മരം ഒരു കരുവായി. ആദത്തിൻെറ ഗുരുതരമായ പ്രമാണലംഘനത്തെപ്പററി ചിന്തിക്കു മ്പോഠം നമുക്കു രോമാഞ്ചമുണ്ടാകുന്നു. എന്നാൽ ദൈവം നമ്മെ ദേവന്മാരാക്കിത്തീക്കുവാൻ ആഗ്രഹിച്ചു. അന്ന്, ഒരു ഭക്ഷണം പാപമായിരുന്നുവെങ്കിൽ ഇന്നു വേറൊരു ഭക്ഷണം പാപവിനാശകമായി തീന്നിരിക്കുന്നു. അപ്പോഠം ഏതൊന്നു മരണകാരണമായിരുന്നു, ഇപ്പോഠം ഇതു ജീവിതഹേതുവാണ്. അതെ ആത്മാവിനു ചൈതന്യം കൊടുക്കുന്ന ഒരു ദിവ്യഭക്ഷണം തരുന്നതിനാണ് അവിടുന്ന് ഇഷ്ടപ്പെട്ടത്. ആ ആത്മികഭോജനംകൊണ്ട് പ്രതിദിനം പരിപോഷിതരായി, ദൈവികത്വമണിഞ്ഞു, ദൈവത്തെ പ്രാപിക്കുവാൻ അവിടുന്നു ഇച്ഛിക്കുന്നു. അവിടുന്നു സവിനയം നമുക്കു അനുരൂപനായിത്തീന്നിരിക്കുന്നു. അവിടുന്നു സ്വമനസ്സാലെ മനുഷ്യനായി അവതരിച്ചു മനുഷ്യത്വത്തെ പാവനമാക്കിത്തീത്തു. ഇപ്പോഠം അതിനു സ്വയം രക്ഷനേടാം. അവശ്യമായ ശക്തി അതിനു നല്കിയിട്ടുണ്ട്. ദൈവദൂതന്മാരുടെ ഭക്ഷണത്തെ—പ. കുർബ്ബാനയെ—സ്വീകരിക്കുവാൻ നമ്മെ അവിടുന്നു ഉപദേശിക്കുന്നുണ്ട്. ഈ സ്വർഗ്ഗീയ വിരുന്നിനു ഇരിക്കുവാൻ നമുക്കിഷ്ടമില്ലെങ്കിൽ നാം എന്നെന്നേക്കുമായി നശിച്ചുപോകുന്നു. ദൈവജ്ഞാനത്തിൻെറ ശക്തി ആർ കണ്ടിരിക്കുന്നു! അവിടുത്തെ മാർഗ്ഗം എത്ര അജ്ഞാതം. സവ്വപവിത്രതയും, വിജ്ഞാനവും, വിവേകവും കൈവരുത്തുന്നമെന്നു കരുതി അവിടുന്നു പ. കുബ്ബാനയെ സ്ഥാപി

ച്ചു. മിശിഹാ എന്നിൽ വസിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുത്തെ പ്രാപിച്ചല്ലാതെ സദാ വൎദ്ധിച്ചുകൊണ്ടിരിക്കുന്ന ദാഹം ഒരിക്കലും ശമിക്കയില്ല. എന്നാൽ സ്വൎഗ്ഗംതന്നെ ഇവിടെആരംഭിച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ, ദൈവം നമ്മോടുകൂടെ വസിക്കുന്നു.

മിത്രങ്ങളിൽവെച്ചു അത്യുത്തമനായുള്ളോനെ! അവിടുന്നു പാപകാരണമായ അഭിലാഷം അതാപ. കുഞ്ചാന വഴിയായി ഒരു ഉൽകൃഷ്ടപുണ്യമായി മാററിയിരിക്കുന്നു. അന്നു മനുഷ്യൻ ഉന്നതിക്കായി ആഗ്രഹിച്ച് ദൈവപ്രമാണത്തെ നിരാകരിച്ചു. എന്നാൽ ആ അപരാധത്തിനു അവനെ ശിക്ഷിച്ചപ്പോൾ അവൻെറ ദുരാഗ്രഹസാഫല്യം വരുത്തികൊടുത്തു. എന്നെങ്കിലും ഒരു പിതാവു കല്പനാലംഘിതനായ ഒരു പുത്രനോടു ഇപ്രകാരം വൎത്തിച്ചിട്ടുണ്ടോ? ഓ! നാഥാ! അവിടുന്നു സത്തമൻ! ഞങ്ങളുടെ ബലഹീനത അവിടുന്ന് അറിയുന്നു. ഞാൻ അവിടുത്തോട്ട് കൃതജ്ഞത ചൊല്ലുന്നു. കാരണം ദൈവതുല്യമാകുവാനുള്ള എൻെറ അഭിലാഷം അവിടുന്നു സഫലമാക്കിയിരിക്കുന്നു.

# അദ്ധ്യായം 12.

## 'ഹൃദയവിനീതത്വം.'

"എന്നെ അനുകരിക്കുവിൻ; കാരണം, ഞാൻ പ്രശാന്തനും വിനീതനുമാകുന്നു; എന്നാൽ നിങ്ങളുടെ ആത്മാവു വിശ്രാന്തി കണ്ടെത്തും!"

നമ്മുടെ ദിവ്യനാഥൻ നാം അഭ്യസിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള അധ്യാപനപദ്ധതിയിൽവെച്ച് ഏററവും ക്ലേശാവഹമായ ഒന്നാകുന്നു വിനയത്തെ സംബന്ധിച്ചുള്ള പാഠം. അവിടുന്ന് അതിവിദഗ്ദ്ധനായ ഒരു അധ്യാപകനായിരുന്നു. അതിനാൽ അതു ഗ്രഹിക്കുവാനും അഭ്യസിക്കുവാനും മാർഗ്ഗം ചൂണ്ടികാണിച്ചുതരുവാൻ നിരന്തരക്ലേശം സഹിച്ചുപോകുന്നു. ഒരു ആശാരിയുടെവളർത്തുപുത്രനായി—ഒരു ഗ്രാമീണയുവതിയുടെ മകനായി—അവിടുന്ന് ഒരു കാലിത്തൊഴുത്തിൽ ജനിച്ചു. അവിടത്തെ ലോകം ഉൽകണ്ഠയോടെ പ്രതീക്ഷിച്ചിരുന്നു. പക്ഷെ അവിടുത്തെ എഴുന്നള്ളത്തിൽ കാഹളമൊ പീരങ്കികളൊ മുഴങ്ങിയില്ല. അവിടന്ന് അനാഡംബരനായി ലോകത്തിൽ വന്നു; തൃണശയ്യയിൽ കിടക്കുന്നു; ഒരു അപരാധിയെപ്പോലെ കാൽവരിമലയിലും മനുഷ്യൻെറ പരിഹാസവിഷയമായി ആകാശത്തിനും ഭൂമിക്കും മദ്ധ്യേ നാട്ടപ്പെട്ടിരിക്കുന്നു. വിനീതാശ്ലിഷ്ടനായി അവിടുന്ന് ഇഹത്തു ഭൂജാതനായി; അപകർഷമണിഞ്ഞുകൊണ്ടു ദിവംഗതനായി. അവിടു

ത്തെ ലോകരംഗം ഒരു ആശാരിയുടേതായിരുന്നു. ഗ്രാമീണന്മാരെ മാത്രം ഉല്ലാദിപ്പിക്കുവാൻ പോരുന്ന നസ്രസാണു തന്റെ ജന്മഭൂമി. നോക്കു, വിനയത്തിന്റെ അഗാധത.

"ഹൃദയവിനീതത്വം" ഇതുകൂടാതെ എന്റെ ജീവിതത്തെ അന്വർത്ഥീകരിക്കുന്ന മറെറാരു വാക്കുണ്ടോ? നിരവധി ക്ലേശങ്ങൾ സഹിച്ചു, ഒരു ഉൽകൃഷ്ടകല ഞാൻ കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ലോകം മുഴുവനും എന്റെ മുഖസ്തുതി പാടുവാനാണ് എനിക്ക് ആഗ്രഹം. ദൈനം ദിനം ക്ലേശിച്ച്, "രാത്രിവിളക്കി"ന്റെ ചൂടു സഹിച്ച്, ഏതാണ്ടൊരു ജ്ഞാനം സമ്പാദിച്ചിട്ടുണ്ടെങ്കിൽ ഏവരും എന്റെ പാദത്തിലിരുന്ന് അധരങ്ങളിൽനിന്നു പൊഴിയുന്ന സ്തുതിവചനം ആസ്വദിക്കുന്നതിനാണ് എന്റെ അഭിലാഷം. പോരെങ്കിൽ എന്റെ സഹോദരങ്ങളുടെ നേതാവാകുവാനുള്ള നൈപുണ്യം ഞാൻ എന്നിൽ ദർശിക്കുന്നു. അപ്പോളാണ് അഹങ്കാരം വഴിഞ്ഞൊഴുകുന്ന പ്രസന്നവദനം പ്രസ്പഷ്ടമാകുന്നത്; ഔദ്ധത്യപൂർവ്വകമായ കല്പനപുറപ്പെടുന്നത്; അന്ന് എന്റെ അന്തർവീക്ഷണത്തിന്ന് അതു വിഷയീഭവിക്കുന്നു. എന്റെ ശരീരത്തിന്റെ ലഘുമാത്രമായകോമളത്വം; അന്ന് അഹംകാരിയായ മയിലിനെപ്പോലെ എന്റെ പക്ഷങ്ങളാകുന്നഗുണങ്ങൾ നാടാകെ ഞാൻ പരത്തുന്നു. അപ്പോൾ ഏവരും എന്നെ സ്തുതിക്കണമെന്നുള്ള എന്റെ ആഗ്രഹം പുറത്തുവരുന്നു.

തീർച്ചയാണ്; വിനീതഹൃദയനായ ദിവ്യനാഥനോടു നമുക്ക് അധികസാമ്യമൊന്നുമില്ല. ആത്മപരിത്യാഗം

അനുഷ്ഠിക്കുകയെന്നതു വാസ്തവത്തിൽ ക്ലേശകരമാണ്. എങ്കിലും അതു സാധിച്ചേ മതിയാവൂ. നമ്മുടെ ദിവ്യനാഥൻെറ തൃപ്പാദത്തിൽ ബത്ലഹമിലും, നസ്രസിലും, കാൽവരിയിലും—സാഷ്ടാംഗം നമസ്കരിക്കയാണെങ്കിൽ തിക്തമായ ഈ പ്രവൃത്തി മധുരമുള്ളതാകുകയില്ലയൊ? അവിടത്തോടു നിസ്സാരമായ വിധത്തിൽ തുല്യരായിരിക്കുന്ന നമ്മോട് അവിടുന്നു പ്രദർശിപ്പിച്ചിട്ടുള്ള സ്നേഹത്തിനു നമ്മുടെ ത്യാഗം അതിതുച്ഛമായ ഒരു കാഴ്ച മാത്രമാണ്.

എൻെറ യേശുവേ! എന്നിൽ നിന്നാഗ്രഹിക്കുന്ന ഈ കർത്തവ്യം ഞാൻ ദ്വേഷിക്കുന്നു. എന്തുകൊണ്ടെന്നാൽ സുഖകരമായ ആത്മതൃപ്തി നിർദ്ദയം അപഹരിക്കുന്നതാണതു്. എൻെറ ദൈവത്തെ നിന്ദ്യമായ ഒരു ക്രൂശിൽ കണ്ടതുവരെ; ഗോശാലയിൽചെന്നു് അവിടത്തെ പിഞ്ചുകരം ദർശിച്ചതുവരെ ഞാൻ അതു തുടൎന്നു. എന്നാൽ ഇപ്പോഠം അവയെല്ലാം ഞാൻ സസന്തോഷം ആശ്ലേഷിക്കുന്നു. ഞാൻ ആഗ്രഹിക്കുന്നു; മനുഷ്യരുടെ സ്തുതികഠം വിട്ടുമാറണമെന്നു്. പ്രശംസയിലേക്ക് എൻെറ ഹൃദയം ഇനി ഒരിക്കലും ചായുകയില്ല. അതെല്ലാം ഒരു ശിശുവിൻെറ അതിശോഭനമായ ആഡംബരം മാത്രമാണ്. എന്നാൽ ഞാൻ സാനന്ദം എൻെറ ചാപല്യങ്ങഠം ജയിക്കുവാൻ ശ്രമിക്കും. ഹാ! വിനീതത്വം കുറച്ചെങ്കിലും അഭ്യസിക്കുവാൻ അവിടുന്നു് അനുഗ്രഹിക്കേണമെ.

## അദ്ധ്യായം 13.

---

### ഏകാഭിലാഷം.

"ഗുരോ! അവിടുന്നു എവിടെയാണു താമസിക്കുന്നതു്?" 'വന്നുകണ്ടാലും' അദ്ദേഹം പ്രതിവചിച്ചു."

വി. യോഹന്നാൻ 1 38_39

"കണ്ടാലും ഞാൻ വേഗം വരുന്നു. പ്രതിഫലം എന്റെ പക്കലുണ്ടു്" സഭാമിത്രങ്ങൾ പരസ്പരം സന്ദർശിക്കുന്നു. അപ്പസ്തോലിക്ക 22_12

നമുക്കിഷ്ടമുള്ളവരുമായുള്ള സമ്പർക്കം വാസ്തവത്തിൽ ആനന്ദജനകമാണ്. അന്യോന്യവിയോഗം ദുഃഖഹേതുകമാകുന്നു. ജീവിതഭാരം താങ്ങുവാൻ നിവൃത്തിയില്ലാത്ത അവസരത്തിൽ മിത്രങ്ങൾ ഒരുമിച്ചിരുന്നു അവരവരുടെ ക്ലേശങ്ങൾ പറയുന്നു. ഹൃദയത്തിന്റെ അടിത്തട്ടിലെ രഹസ്യംപോലും അറിയിക്കുന്നു. അപ്പോൾ വ്രണിതമായ ഹൃദയത്തിനു ആശ്വാസം ലഭിക്കുന്നു.

ഇപ്രകാരംതന്നെയാണ് യേശുവിന്റെ മിത്രങ്ങളുടെ ആഗ്രഹവും ഇഹലോക ജീവിതത്തിൽ മിക്കസമയവും ദിവ്യസന്ദർശനം നടത്തുവാനുള്ള ചുമതല നമുക്കുണ്ടു്. അനന്തരം യേശു നമ്മെ സമീപിക്കേണ്ട അവസരവും ആഗതമാകും. ക്ലേശങ്ങളുടെ ഞെക്കൽ; ഉത്കണ്ഠയുടെ നടുവീപ്പ്, വാർദ്ധക്യത്തിന്റെ ബലഹീനത മരണക്കട്ടിലിലേക്കു നമ്മെ വലിച്ചുകൊണ്ടുപോകുന്നു. മുന്നറിവുപോലുംകൊടുക്കാതെ, പട്ടണത്തെരുവിലൂടെ പാഞ്ഞു നമ്മുടെ സുഹൃത്തിന്റെ ഭവനത്തിൽ ഇനിയൊരിക്കലുംപതി

വുംപടി നാം പ്രവേശിക്കുകയില്ല. ഇന്നലത്തെപ്പോലെ തന്നെ ഇന്നും പള്ളിയുടെ വാതിൽ തുറന്നുകിടപ്പുണ്ട്. എന്നാൽ അതു നമുക്കു പ്രവേശിക്കുവാൻ ഉതകുന്നതല്ല.

നാം ആഗ്രഹിക്കുകമാത്രംചെയ്താൽ സത്തമനായ യേശുനാഥൻ നമ്മുടെ അടുത്തുവരുവാൻ സദാസന്നദ്ധനാണ്. ആവശ്യപ്പെടാതിരിക്കുമ്പോഴുംപോലും സ്വസാന്നിദ്ധ്യം നമുക്ക് ഉപയോഗപ്രദമെന്ന് അറിയുമ്പോൾ അവിടുന്നു നമ്മുടെ അരികിൽ ഓടിയെത്തുന്നു. പുരോഹിതനാൽ തൻെറ നെഞ്ചിന്മേൽ വഹിക്കപ്പെട്ട് അവിടുന്നു ജനനിബിഡമായ തെരുവിലൂടെ സ്ഥലകാലവ്യത്യാസംകൂടാതെ വെയിലും മഴയും അഗണ്യമാക്കി രാപ്പകൽ നമ്മുടെ അടുക്കലേക്കു എഴുന്നെള്ളുന്നു. പുരോഹിതനോടുകൂടി യേശു നമ്മുടെ ശയനമുറിയിൽ പ്രവേശിക്കുന്നു. ഈ സൗമ്യനാഥനിൽനിന്നു പുറപ്പെടുന്ന വാങ്മാധുരി ലോകത്തിലെ യാതൊരു സ്നേഹിതനും ഉരുവിടുവാൻ സാധിക്കുകയില്ല.

ആ രോഗത്തിൽനിന്ന് ഒരുപക്ഷെ നാം സുഖപ്പെട്ടും. പിന്നെ വിദഗ്ദ്ധനായ ആ വൈദ്യൻ ക്ഷീണിച്ച ഹൃദയത്തെ ആനന്ദിപ്പിക്കുമ്പോൾ മററു യാതൊരുത്തനും അഭ്യസിപ്പിപ്പാനസാദ്ധ്യമായ തത്വം പഠിപ്പിക്കുന്നു. ലോകം ക്ഷണികമായ ഒരു പ്രഹസനം മാത്രം. പ്രാചീനവും മൗലികവുമായ ഈ വസ്തുത നമ്മെ ഗ്രഹിപ്പിക്കുന്നു; പൊളിഞ്ഞുവീഴുന്ന മതിലിൽനിന്നുണ്ടാകുന്ന ശബ്ദതുല്യമാണ് പ്രശസ്തമായ മനുഷ്യപ്രശംസ. ലൗകികങ്ങൾ അലൗകികങ്ങളോടു തുല്യമല്ലെന്ന് അപ്പോൾ നാം ഗ്രഹിക്കുന്നു. നമുക്ക് അനന്തരം പൂർണ്ണസുഖം കൈവരുമ്പോൾ അവിടത്തെ സാമീപ്യം വെടിയാതിരിക്കുവാനും നിത്യാ

നന്ദം വിസ്മരിക്കാതിരിക്കുവാനുമാണ് അവിടുന്ന് അപ്ര കാരം നമ്മെ പഠിപ്പിക്കുന്നത്.

എന്നാൽ ആ രോഗം ശവക്കുഴിയിലേക്കുള്ള യാത്ര യുടെ കൂട്ടുകാരനാണെങ്കിൽതന്നെ അവിടുന്നു നമ്മെ പി തൃഗൃഹത്തിലേയ്ക്ക് ആനയിക്കുവാൻ വരുമ്പോഠം ഉണ്ടാ കുന്ന ഗാനമാധുര്യം ആക്കു ഗ്രഹിക്കുവാൻ സാധിക്കും? ന മ്മുടെ അമ്മയുടെ ആശ്ലേഷം നമുക്ക് എത്ര ആനന്ദപ്ര ദമായിരുന്നു. ആനന്ദാശ്രു മണിമാലയാൽ വിഭൂഷിതമാ കാറുണ്ടായിരുന്നു കവിഠത്തടം. എന്നാൽ ഏതൊരു മാതാവിൻെറ സ്വാഗതമാണ് അവിട്ടത്തെ സ്വീകരണ കരത്തെ വെല്ലുവാൻ ശക്തമായത്? അവിട്ടത്തെ ആഗ മനത്തിനു മുമ്പു നമ്മെ ലോകാഡംബരം ആകഷിച്ചിരി ക്കാം; എന്നാൽ ഇപ്പോഠം സവ്വവും ശാന്തി പ്രാപിച്ചിരി ക്കുന്നു. അവരെല്ലാം പുറത്തുപോയി. ദിവ്യനാഥൻ അ കത്തു പ്രവേശിച്ചു. നമ്മുടെ ഉത്തമസ്നേഹിതൻ നമ്മെ സ്വൎഗ്ഗത്തിലേക്കു ആനയിക്കുവാൻ അതാ വന്നിരിക്കുന്നു.

യേശുവേ! അവിട്ടത്തെ ആഹ്ളാദകരമായ മിത്ര ത്വത്തിൽ പരിപൂർണ്ണാനന്ദം ഞാൻ കണ്ടെത്തിയിരിക്കു ന്നു. ഇനി ഒരിക്കലും ഞാൻ അവിട്ടത്തെ വിട്ടുപിരിയുന്ന തല്ല. ജീവിതത്തിൻെറ ഏതവസ്ഥയിലും ഞാൻ അവിട്ട ത്തെ സ്നേഹിക്കും. ജീവിതം പ്രഹഷകരമായിരിക്കുമ്പോഠം വന്നു ഞാൻ സന്ദർശിക്കും. എന്നാൽ ജീവിതം അസ്തമയ പ്രായമാകുമ്പോളും ഇങ്ങനെ മൈത്രി പരിപാലിച്ചും, ദൃ ഢതരമാക്കിയും, അവിടുന്ന് എന്നെ സ്വൎഗ്ഗരാജ്യം എ ത്തിക്കുന്നതുവരെ ജീവിക്കാം. അതിനു എന്നെ അനുഗ്ര ഹിക്കേണമെ.

# അദ്ധ്യായം 14.

---

## ആത്മസംയമനം.

"എന്നെ അനുകരിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച്, അവനവന്റെ കുരിശുകൾ വഹിച്ച് എന്നെ അനുഗമിക്കട്ടെ."

ഇതാകുന്നു ആ ദേവാലയാങ്കണം; ഇവിടെയാണ് ഓരോ യഹൂദമാതാവും അവളുടെ പ്രഥമസന്താനത്തോടു കൂടി വന്നിരുന്നത്. ഇന്നിതാ അവിടെ വന്നിരിക്കുന്നു ത്രിലോകരാജ്ഞിയും പുത്രനും—നിത്യകന്യകളുടെ ഏകാവലംബം. വൃദ്ധനായ ശിമയോൻ ആ ശിശുവിനെ പ. മറിയത്തിന്റെ പക്കൽ തിരികെ ഏല്പിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹം സംഭാഷണം ആരംഭിച്ചു. ഭാവിയെ മറച്ചിരിക്കുന്ന തിരശ്ശീല വലിച്ചുനീക്കി അദ്ദേഹം പ്രവചിക്കുന്നു. നിരവധി ഹൃദയങ്ങളിൽനിന്നു ദുഃഖരാഗം പുറപ്പെടത്തക്കവണ്ണം അവളുടെ ഹൃദയത്തെ ഒരു ഖഡ്ഗം പിളക്കും. അവൾ കാലത്തിന്റെ മൂടുപടത്തിനുള്ളിലൂടെ ആ ശിശുവിന്റെ ജീവിതത്തെ ഒന്നു സൂക്ഷിച്ചുനോക്കി. രക്തംപുരണ്ട ക്രൂശാണ് അവൾ അപ്പോൾ കണ്ടതു്. അവളുടെ ദുഃഖംനിറഞ്ഞ ഹൃദയം ഒന്നുകൂടി കിടന്നു പിടച്ചു. അവൾ ആവർത്തിച്ചു പറഞ്ഞു. അവിടുത്തെ തിരുവുള്ളം എന്നിൽ നിറവേറട്ടെ.

ഇപ്രകാരമാകുന്നു, അചഞ്ചലമായ ദൈവനിശ്ചയം. ഞാൻ അന്യർക്കു ചെയ്യുവാനിരിക്കുന്ന നന്മ; അന്യഹൃദയ

ത്തിൽ എന്നുതന്നെയല്ല, സ്വഹൃദയത്തിൽതന്നെ ഞാൻ ഉത്തേജിപ്പിക്കുവാനിരിക്കുന്ന വികാരം, സ്വന്ത ആത്മാവിലനുഭവിക്കുന്ന ശോകത്തിൻെറ തോതനുസരിച്ചാണു്. സ്നേഹഭരിതമായ ഒരു മാതൃഹൃദയം നിരവധി ക്ലേശങ്ങൾക്കു വിധേയമാകുമ്പോൾ മാത്രമേ, ഒരു പക്ഷെ, അവളുടെ ഏകസന്താനത്തിൻെറ ശവമഞ്ചത്തിന്നരികെ, എവിടെനിന്നു പൈതലിനെ ദൈവസന്നിധിയിലേക്കു വഹിച്ചുകൊണ്ടുപോയി, അവിടെ സാഷ്ടാംഗപ്രണാമം ചെയ്യുമ്പോൾമാത്രമേ, ഒരുജനനി അവളുടെ വാത്സല്യപാത്രത്തെ യേശുവിനുത്തമമായവിധം സജ്ജമാക്കുന്നുള്ളു. ലോകവ്യവഹാരത്തിൻെറ തിക്തദ്രാവകം മോന്തിക്കുടിച്ചു് സഹായത്തിനുവേണ്ടി യേശുവിൻെറ പക്കൽ എത്തിയിരിക്കുന്നെന്നു അനുസ്മരിക്കുന്ന അവസരത്തിൽ മാത്രമേ ഒരു പിതാവിനു സ്നേഹഭാജനങ്ങളോടുയഥാൎത്ഥമായി സംസാരിക്കുവാൻ സാധിക്കുകയുള്ളു. "ഞാൻ യേശുവിൻേറതെന്നപോലെ, നിങ്ങൾഎൻെറ അനുകാരകന്മാർ ആകുവിൻ." സ്വയംനിഗ്രഹത്തിനു വിധേയരാകാത്ത സ്ത്രീപുരുഷന്മാർ, സ്വജീവിതത്തിൽ ക്ലേശമനുഭവിക്കാത്ത മഹതീമഹാന്മാർ, അവരുടെ കീഴുള്ളവരുടെ നേതാക്കളായിത്തീരുവാൻ സാധിക്കുകയില്ല. ക്രൂശിന്നരികെ നിന്നിട്ടുള്ളവർ, അതിനോടു അവരെ അനുബന്ധിച്ച ഓരോ ആണിയുടേയും ഭയാനകതാപമനുഭവിച്ചിട്ടുള്ളവർ ചിരാഭിലഷിതമായ ആഗ്രഹത്തിൻെറ വിഫലീകരണമാകുന്ന ശവകുടീരത്തിനുസമീപത്തിൽ നമസ്കരിച്ചിട്ടുള്ളവർ, അതിദാരുണമായ ജീവിതക്ലേശമനുഭവിച്ചിട്ടുള്ളവർ, മാത്രമേ ബലഹീനരായ ജനത്തിനു അവലംബവും ആശ്രയവുമാ

യി തിരുസ്സഭയുടെ പാലകരായി, വർത്തിച്ചുപോരുവാൻ— പുരോഹിതന്മാരാകട്ടെ, കന്യകകളാകട്ടെ—ശക്തരാകയുള്ളു. എന്നാൽ മാത്രമേ ദൈവസന്നിധിയിലേക്ക് ജനതയെ നയിക്കുവാൻ പ്രാപ്തരാകയുള്ളു. ക്ലേശങ്ങൾ ഞെക്കിപ്പിഴിയുന്ന ഹൃദയത്തിലാണ് യേശുവിൻെറ അനുഗ്രഹം വർഷിക്കുന്നത്. പരിമളധോരണി പരത്തുവാൻ ഇതുവഴി നമുക്കു സാധിക്കുമെങ്കിൽ നമ്മിലാരാണ് അതിനുവേണ്ടി ജീവിതത്തെ ബലികഴിക്കാത്തത്?

നമ്മുടെ ശക്തിയെ നല്ലപോലെ പരീക്ഷിച്ചതിൻെറ ശേഷം മാത്രമേ ദിവ്യരക്ഷകൻ നമ്മുടെ തോളിൽ ഭാരമുള്ള കുരിശു വെക്കാറുള്ളു. അതിനാൽ ഓരോ ദിവസവും നമുക്കുണ്ടാകുന്ന അല്പാല്പക്ലേശങ്ങൾ സന്മനസ്സോടെ സഹിക്കുവാൻ നാം അഭ്യസിക്കണം. നാം സ്വയം ശ്രമിക്കാത്തപക്ഷം അതു നമുക്കു വലുതായ നാശത്തെ ഉളവാക്കും. അല്പമായ ആശാഭംഗത്തിൽപോലും നാം ഭഗ്നാശരായ്ത്തീരും. നാം നിയന്ത്രിതരെങ്കിൽ, അന്യർ നമ്മെ അവഹേളിച്ചാലുംകൂടി അതു നമുക്ക് അത്രകാര്യമായി തോന്നുകയില്ല; നമ്മുടെ മിത്രങ്ങൾ നമുക്കു ഖേദജനകമായ ദുഷ്പ്രവൃത്തി ആചരിക്കുന്നുവെങ്കിൽതന്നെ ദിവ്യനാഥനല്ലാതെമററാരും നമ്മുടെഹൃദയത്തിലെ മുറിവുകാണുവാൻ ഇടവരികയില്ല. ഇങ്ങനെ ആവർത്തിച്ചുണ്ടാകുന്ന ലഘുക്ലേശങ്ങൾ നമ്മെ വലിയവയെ സഹിക്കുവാൻ ഒരുക്കും. അതിനാൽ കണ്ണുനീർ നിറഞ്ഞ കാസ നാം സ്വീകരിക്കുന്നുണ്ടെങ്കിൽ നമ്മുടെ ജീവിതദിവസം ഓരോന്നും ജീർണ്ണിച്ചുപോകുന്നതോടെ മനഃക്ലേശം ഉഗ്രതരമായി നമ്മെ അഭിമുഖീ

കരിക്കുന്നുണ്ടെങ്കിൽ, ക്രമേണ നമ്മുടെ ആരോഗ്യത്തെ വിഴുങ്ങികൊണ്ടിരിക്കുന്ന ഒരു രോഗത്തിനു. നാം വിധേയരാകുന്നുവെങ്കിൽ, അപ്പോഴാണ്, നമ്മുടെ ആത്മസംയമനത്തിൻെറ ശരിയായ നിറം നാം കാണുന്നത്; അപ്പോഴും തന്നെയാണ് യേശുവിനുവേണ്ടി എന്തും സഹിക്കാമെന്നുള്ള ആഗ്രഹം നമ്മിൽ അലതല്ലുന്നതു്.

അനുഗ്രഹദാതാവേ! ദിവ്യയേശുവേ! സർവ്വപ്രസാദവരത്തേയും അതിശയിക്കുന്ന ഒരസാധാരണദാനം എനിക്കു നൽകേണമെ! എന്തുകൊണ്ടെന്നാൽ അവിടുന്ന് എന്നെ പിതൃഗൃഹത്തിലേക്കു വിളിക്കുന്നതിനുമുമ്പു അവിടുത്തെപ്രതി ധാരാളം സഹിക്കുവാൻ ഞാൻ പരമാർത്ഥമായി ആഗ്രഹിക്കുന്നു. പീഡനം, ദുഃഖം, ആശാഭംഗം എന്നിവ തിക്തകമെന്നു എനിക്കറിയാം. എന്നാൽ അവയെല്ലാം ക്ഷമയോടെ ഞാൻ സഹിക്കും. എൻെറ സ്നേഹത്തെ പ്രകടിപ്പിക്കുവാൻ, എൻെറ അപേക്ഷ, ഒരു ശിശുവിൻെറ നിരർത്ഥകമായ ചപലതയല്ലെന്നു അവിടത്തെ ധരിപ്പിക്കാൻ, ഞാൻ സവിനയം, സസന്തോഷം എൻെറ അനന്തരജീവിതത്തിലെ ലഘുവായ ക്ലേശമെല്ലാം ആശ്ലേഷിക്കുന്നതാണ്. ഇവ സന്മനസാ വഹിക്കുവാൻ ഞാൻ ഉദ്യമിക്കാം. അവിടുന്നു എന്നെ അനുഗ്രഹിക്കുന്നുവെങ്കിൽ എത്ര ഭാരമുള്ള കുരിശും എനിക്കു നിസ്സാരമായി തോന്നുന്നതാണ്.

# അദ്ധ്യായം 15.

## കാമ്യപ്രവൃത്തി.

'ദൈവഭയമുള്ളവർ വന്നു ശ്രമിച്ചാലും: അവിടുന്ന് എനിക്കുവേണ്ടി ചെയ്തിട്ടുള്ള മഹത്തരമായ പ്രവൃത്തികൾ ഞാൻ അറിയിക്കാം.'

പണ്ടു ഗ്രീസിൽ സുപ്രസിദ്ധനായ ഒരു താത്വികൻ ജീവിച്ചിരുന്നു. അദ്ദേഹത്തിൻെറ ദേഹവിയോഗാനന്തരം ദുഖിതന്മാരായ ശിഷ്യന്മാർ വീണ്ടും ഒന്നിച്ചു കൂടിയപ്പോൾ അവരുടെ ജീവിതത്തെ പ്രശോഭിപ്പിച്ചിരുന്ന തങ്ങളുടെ ഗുരുവിനെപ്പററിയായിരുന്നു അവരുടെ സംഭാഷണം. അദ്ദേഹത്തിൻെറ ഓരോ ഗുണങ്ങളേയും, ജീവിതത്തിലെ ഓരോ നിസ്സാരസംഭവത്തേയും അവർ വിസ്മരിക്കാതിരിക്കതക്കവണ്ണം ആവത്തിച്ചനുസ്മരിച്ചു പോന്നു. ഇപ്പോൾ അവർ ആ താക്കികൻെറ അന്തിമനിമഷത്തിലെ സഖാവായിരുന്ന ഫെദോയുടെ പക്കലേയ്ക്കു തിരിഞ്ഞിരിക്കുന്നു. ഗുരുവിൻെറ മരണനിമിഷത്തെപ്പററി അവരെ ഒരിക്കൽകൂടി അനുസ്മരിപ്പിക്കുവാൻ അദ്ദേഹത്തോട്ട് അഭ്യത്ഥിക്കുന്നു. ഉത്തരക്ഷണത്തിൽ അവർ കേൾക്കുന്ന മറുവടി ഇതാകുന്നു. "അതേ എനിക്കു അതിനു സമയമുണ്ട്; അദ്ദേഹത്തിൻെറ ചരിത്രം പറയുവാൻ ഞാനുദ്യമിക്കാം. അദ്ദേഹത്തെപ്പററി അനുസ്മരിക്കുക, ഏവംവിധം അന്യർ അദ്ദേഹത്തെപ്പ

ററി സംസാരിക്കുന്നതു ശ്രവിക്കുക, അദ്ദേഹത്തെപ്പററി അതു് അന്യരോടു പ്രസംഗിക്കുക; അതാണു് എനിക്കിഷ്ടമായിട്ടുള്ളതു്.

എല്ലാ മിത്രങ്ങളുടെ സ്വഭാവവും ഏതാണ്ടിപ്രകാരമല്ലയോ? വഷമെന്നും വേനലെന്നുമുള്ള വ്യത്യാസം ഗണിക്കാതെ നമ്മോടുകൂടി നിരന്തരം സഹവസിക്കുന്ന ഒരു സുഹൃത്തിനെസ്സംബന്ധിച്ചു സംസാരിക്കുക, സവ്ദാ ഇഷ്ടകരമായ ഒരു പ്രവൃത്തി അല്ലയോ? ദുഃഖത്തിൽ ആണ്ടുപോയിരുന്ന ചില അവസരങ്ങളിൽ അദ്ദേഹത്തെയാണു് നാം അഭയം ഗമിച്ചതു്. യാതൊന്നും നമ്മിൽനിന്നു മറച്ചുവെക്കാത്ത ഒരു മിത്രം അവിടുന്നു മാത്രമാണു്. തൻെറ സവ് രഹസ്യങ്ങളും അവിടുന്നു നമ്മോടു തുറന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ നമ്മുടെ അതീത ജീവിതാദ്ധ്യായങ്ങഠം ഒന്നു വായിച്ചുനോക്കുക. അതിൽ ക്ഷണികങ്ങളായ ആനന്ദങ്ങഠം എത്രമാത്രം!! അവയെല്ലാം ക്ഷണത്തിൽ അവസാനിച്ചുപോയി. അന്നു നമ്മുടെ ഭൗമികമായ മിത്രങ്ങളെപ്പററി സംഭാഷണം ചെയ്തിരുന്നപ്പോഠം ഹൃദയം കിടന്നു തുടിച്ചിരുന്നു.

എന്നാൽ ഈ പ്രിയംകരമായ നിയമത്തിനു ഒരു അപവാദം—അതു പറയുന്നതു സങ്കടകരം—ആണെന്നു തോന്നുന്നു. ഒരു മിത്രത്തെപ്പററി മാത്രം സംസാരിക്കുന്നതിൽ സങ്കോചം തോന്നാത്തവരാണു് നാം. ഒരു സുഹൃത്തിൻെറ മൈത്രീഗോപനത്തെ കാംക്ഷിക്കുന്നവരായി ചിലരുണ്ടെന്നുവേണം പറവാൻ. എന്നാൽ ക്രിസ്തുവിൻെറ സ്നേഹിതരാണെന്നു പുറത്തു പറയുവാൻ ലജ്ജിക്കു

ക; ഹാ! എത്രനിന്ദ്യം. അവിടത്തോടു സംസാരിക്കുന്നുണ്ടെന്നു അന്യർ ഗ്രഹിക്കാതിരിപ്പാൻ വേണ്ടി നാം നമ്മുടെ പ്രാൎത്ഥന നീട്ടിവെക്കുന്നു. അന്യർ നമ്മെ ദൎശിക്കുന്നുണ്ടോ എന്നു സൂക്ഷിച്ചുനോക്കിക്കൊണ്ടു ദൈവാലയത്തിന്നകത്തു ചിലർ ഒളിഞ്ഞു കയറിപ്പറവുന്നു. ഭൗമികസ്നേഹിതന്മാരോടുകൂടി സമയം എത്രവേണമെങ്കിലും ചിലവിടുവാൻ നമുക്കുണ്ട്. ക്രിസ്തുവിൻെറ പരിശുദ്ധ നാമം ഉരുവിടുവാൻ പോലും നാം ലജ്ജിക്കുന്നു. ഇതിൻെറ കാരണമെന്തു്? ക്രിസ്തുവിൻെറ മൈത്രി നാം പാലിക്കുന്നുണ്ടെന്നു അന്യർ അറിയുന്നെങ്കിൽ നാം ലജ്ജിക്കുവാൻ അവിടത്തേയ്ക്കു വല്ല അപരാധമോ കളങ്കമോ ഉണ്ടോ? ആ ദൈവമനുഷ്യനോടു സഹവൎത്തിക്കുന്നതിനാൽ നമ്മുടെ പ്രാഭവം മങ്ങിപ്പോകുമോ? എന്തൊരു മൌഢ്യം! സൎവ്വഗുണ സംപന്നനായ ദൈവമാകുന്നു ക്രിസ്തു. അവിടുന്നു എല്ലാ സൃഷ്ടികളുടേയും നാടുനായകനാകുന്നു. ഇതുകൊണ്ടാണൊ അവിടത്തോടുള്ള നമ്മുടെ സ്നേഹം മറച്ചുവെക്കുവാൻ നാം ഉദ്യമിക്കുന്നതു്? നാം അവിടത്തെ രാജാവായും ദൈവമായും സ്വീകരിക്കുന്നെന്നു നമ്മുടെ ജീവിതരീതി അന്യരോടു പ്രസംഗിക്കട്ടെ. നമ്മുടെ ജീവിതം ക്രിസ്തുവിനുവേണ്ടി വിനിയോഗിക്കുന്നുവെന്നു് നമ്മുടെ പ്രതിദിന പ്രവൃത്തികളിൽനിന്നു അന്യർ അറിയുന്നതിൽ നാമെന്തിനു ഭയപ്പെടുന്നു. യുവതീയുവാക്കന്മാർ, വൃദ്ധർ, ലോകത്തിൽ ഔന്നത്യം വഹിക്കുന്നെങ്കിലും ഇല്ലെങ്കിലും—അവരെല്ലാവരും ക്രിസ്തുവിനെ സ്നേഹിക്കുന്നവരാകുന്നു. അവിടത്തെ നാം ശരണം ഗമിക്കു

നു. മാധുര്യ്യം! അതേ, നമ്മുടെ വാക്കുകളെ അതിശയിക്കുന്ന മാധുര്യ്യമായിരിക്കണം സ്നേഹാൎഹനായ നാഥൻെറ രമ്യമായ പ്രവൎത്തനരീതി അന്യരോടു പറഞ്ഞറിയിക്കുമ്പോൾ നമ്മിലുളവാകേണ്ടതു്. നമ്മുടെ ഓരോ പ്രവൃത്തിയിലും, വചനത്തിലും, വികാരത്തിലും, അവിടുത്തോടു് അനുരൂപരാകുവാനുള്ള ഏകാഭിലാഷമാണു നമ്മുടെ ജിവിതം ജീവാൎഹമാക്കിത്തീൎക്കുന്നതെന്നു് അവർ ഗ്രഹിക്കട്ടെ. ഇതാകുന്നു ജീവിതത്തിൻെറ ഉദ്ദേശ്യം.

ഓ! യേശുവേ! ആത്മസ്നേഹിതാ! അവിടുത്തെ പ്രേമഭാജനമായി ഈ നീചപാപനെ സ്വീകരിക്കുവാൻ അവിടുന്നു തെല്ലും മടിച്ചിട്ടില്ല. എന്നാൽ ചില അവസരങ്ങളിലെല്ലാം മനുഷ്യാവഹേളനം ഭയന്നു്, അവിടുത്തെ ഞാൻ സ്നേഹിക്കുന്നുണ്ടെന്നു് അന്യർ അറിയുന്നതിൽ ഞാൻ ലജ്ജിതനായിട്ടുണ്ടു്. സ്നേഹയോഗ്യനായ യേശുവേ! മേലാൽ അപ്രകാരം ഞാൻ പ്രവൎത്തിക്കുകയില്ല. മററുള്ളവരെ അപേക്ഷിച്ചു് അവിടുത്തെ കൂടുതൽ ഞാൻ സ്നേഹിക്കുന്നു. അന്യനെ അതിശയിച്ചു് അവിടുത്തെ എൻെറ മിത്രമായി ഞാൻ സ്വീകരിക്കുന്നു. എൻെറ പ്രേമാൎഹനെ ജനങ്ങൾ അറിയട്ടെ.

# അദ്ധ്യായം 16.

## പൂർവ്വശരണം.

"പൂർവ്വദിക്കിൽ അദ്ദേഹത്തിന്റെ നക്ഷത്രം കണ്ടിരിക്കയാൽ ഞങ്ങൾ അദ്ദേഹത്തെ ആരാധിക്കുവാൻ വന്നിരിക്കുകയാണ്:"

മൂന്നു പൌരസ്ത്യരാജാക്കന്മാർ ആകാശമണ്ഡലം വീക്ഷിക്കുന്നു. അനന്തരം അവരുടെ ശാസ്ത്രപുസ്തകമെടുത്ത് അതിന്റെ ഇലകൾ ഒന്നൊന്നായി മറിച്ചു മറിച്ച് എന്തോ അന്വേഷിക്കുന്നു. വീണ്ടും ആകാശത്തേക്ക് അവരുടെ ദൃഷ്ടി ഉയർത്തുന്നു. അവരുടെ ജ്ഞാനേന്ദ്രിയത്തിൽ അസാധാരണമായ ഒരു വികാരം ഉദിച്ചുയരുന്നു. ചിരപ്രതീക്ഷിതം അതാ കരഗതമാകുവാൻ പോകുന്നെന്ന് അവർ മനസ്സിലാക്കുന്നു. യഹൂദന്മാർക്കു നല്കിയിരുന്ന പുസ്തകങ്ങളിൽ മുൻപതിവനുസരിച്ച് അവർ വിജ്ഞാനം തേടുന്നു. വിളംബേനയെങ്കിലും ദൃഢപൂർവ്വം ഇപ്പുതിയ നക്ഷത്രം യാക്കോബിന്റെ താരമല്ലാതെ മറ്റൊന്നല്ലെന്ന് അവർ വിവേചിച്ചറിയുന്നു. അതു മനുഷ്യരക്ഷകന്റെ ജനനവാർത്ത വഹിക്കുന്നവെന്നും അവർ ചെന്ന് അദ്ദേഹത്തെ ആരാധിക്കുവാനുള്ള ദൈവവിളിയാണെന്നും അവർ അതിനെ വ്യാഖ്യാനിച്ചു. അതിനുവേണ്ടി അനേകം ദിവസങ്ങളോളം മണലാരണ്യത്തിൽ നിദ്രചെയ്യേണ്ടി വരുമെന്നും പല രാത്രിയിലും

മരുഭൂമിയിലൂടെ സഞ്ചരിക്കേണ്ടിവരുമെന്നും അവക്ക് അറിയാമായിരുന്നു. എങ്കിലും, അവർ യാത്രക്കു വൈമനസ്യം പ്രദശിപ്പിക്കുന്നില്ല. സംശയിക്കപോലും ചെയ്യുന്നില്ല; ഭവനം ഉപേക്ഷിക്കുന്നു; സ്നേഹിതരേയും അതുപോലെ മാതൃഭൂമിയേയും അവർ വിട്ടകലുന്നു. ദൈവത്തെ മാത്രം അവരുടെ നേതാവും നായകനുമായി സ്വീകരിച്ച് ക്ലേശാവഹമായ യാത്ര തുടന്ന് പാശ്ചാത്യരാജ്യത്തെത്തുന്നു.

ഏകദൈവദാസന്മാർ! യാതൊരു വംശാവലി, യഹൂദരുടെ ദൈവത്തെ കേവലം നാമമാത്രം അറിഞ്ഞിരുന്നുവോ, അതിലുപരി, സുപ്രശസ്തമായവിധം യാതൊരു വംശാവലി യഹോവയെ വിജാതിയരുടെ ദേവന്മാരുടെ ഗണത്തിൽ ഒരുത്തനായി ഗണിച്ചുപോന്നുവോ, ആ വഗ്ഗത്തിൽ ഉൾപ്പെട്ടവരായിരുന്നു ഈ വിദഗ്ദ്ധന്മാർ. എന്നാൽ എന്തോ! ഇതു സംഭവിച്ചേ മതിയാവൂ. യജമാനൻ വിളിക്കുമ്പോൾ സേവകൻ ശ്രദ്ധാരഹിതനായിരിക്കുകയോ? എന്നാൽ ദൈവത്തിനു തുല്യനായ യജമാനൻ ആർ? ഇന്നു അവിടുന്നു എന്നെ ക്ഷണിക്കുന്നു. ആ വിളി ഭൌമികമായ സ്നേഹസല്ലാപത്തിൽനിന്നു വിട്ടകലുവാനുള്ള അവിടുത്തെ പ്രേരണയാണ്. എൻെറ ശ്രോതാക്കൾക്കുമദ്ധ്യെ യേശുവും തൻെറ മാതാവും വത്തിക്കുന്നെങ്കിൽ ഏതുവിധം എൻെറ സംഭാഷണം ഞാൻ നിയന്ത്രിക്കുമായിരുന്നു, ആ വിധമായിരിക്കണം എൻെറ വാക്കുകൾ. ഇന്നലെ അവിടുന്ന് എന്നെ വിളിച്ചു. എൻെറ ജീവിതത്തിലെ ഓരോ പ്രവൃത്തിയും

അവിടുത്തെ അപദാനങ്ങൾ ഉച്ചൈസ്തരം വിളിച്ചറിയിക്കുന്നതായിരിക്കണമെന്ന് എന്നെ ധരിപ്പിച്ചു. "ഞാൻ ക്രിസ്തുവെയെന്നപോലെ, നിങ്ങൾ എൻെറ അനുകാരകന്മാർ ആകുവിൻ"നെന്ന് എൻെറ ദ്രഷ്ടാക്കളോട് ഉപദേശിക്കുവാൻ തക്കവണ്ണം അത്ര സ്പഷ്ടം ചെയ്യുന്നതായിരിക്കണം എൻെറ പ്രവൎത്തനപദ്ധതി. ഒരു പക്ഷെ, നാളേയും അതിന്നടുത്ത ദിവസവും അവിടുന്ന് എൻെറ സാമീപ്യം പ്രാപിച്ചേക്കാം. എന്നോടു സദാ പോരാടിക്കൊണ്ടിരിക്കുന്ന വിഷയസുഖത്തിൻെറ ആക്രമണം അമൎത്തുന്നതിന്നും പരിത്യാഗം അണുപോലും കാണിക്കാത്ത അനിയന്ത്രിതസ്വാതന്ത്ര്യത്തെനിഗ്രഹിച്ചു വിനിയമനം ചെയ്യുന്നതിനു മുതിരത്തക്കവണ്ണം ആത്മപരിത്യാഗവും സ്വയം ദമനവും ആചരിക്കുവാൻ അവിടുന്ന് എന്നോടു കല്പിക്കുമായിരിക്കും.

ആ പ്രചോദനം ചിലപ്പോളൊക്കെ പീഡാവഹമായി എണ്ണുന്നു. എന്നാൽ ഏതാണ്ടു 1900 വത്സരങ്ങൾമുമ്പ്, ഏഷ്യയിലെ താഴ്വരകളും കുന്നുകളും അതിലംഘിച്ചു ക്ലേശഭരിതമായ യാത്ര തുടൎന്ന ആ കറുത്ത മനുഷ്യരെപ്പററി എന്താണു പറയേണ്ടതു്? അവരുടെ ആഹ്വാനം നിരന്തരത്യാഗജനകമായിരുന്നു. എന്താണ് അവർ പ്രവൎത്തിച്ചതു്? ആദ്യമായിട്ടാണല്ലോ അവർ യേശുനാഥനെ സമാഗമിക്കുവാൻ പോകുന്നതു്. അപ്രകാരമുള്ള സംപൎക്കത്തിൽ നിന്നുണ്ടാകാവുന്ന ആനന്ദാധിക്യം അവൎക്കു തികച്ചും അജ്ഞാതമായിരുന്നു. എന്നാൽ ബത്ലഹമിലേയ്ക്കു നമ്മെ നയിച്ചിട്ടുള്ള നക്ഷത്രത്തെ അനു

ഗമിച്ചുകൊണ്ടു സന്തോഷസന്ദായകമായ നിരവധി മണിക്കൂറുകഠം നാം അനുഭവിച്ചിട്ടുണ്ടു്. ഈ ആനന്ദസംപൂൎണ്ണമായ പൂൎവ്വസ്മരണയെ ഓരോരാദിവ്യാഹ്വാനവും നമ്മിൽ ഉദ്ദീപിപ്പിക്കുന്നു. ഇപ്പോഠം നമ്മുടെ സനാതനമിത്രത്തിൻെറ നിമന്ത്രണത്തിനു നിഷേധാത്മകമായ മറുവടി നല്കുതക്കവണ്ണം കൃതഘ്നരാണൊ നാം.

പ്രിയ യേശുവേ! എൻെറ ഹൃദയത്തിൻെറ രാജാവേ! അവിടുത്തെ സ്വരം സ്വീകരിക്കുവാൻ ഞാൻ ഒരിക്കലും അലസനായിരിക്കുകയില്ല. അവിടുത്തെ സാമീപ്യം സമാഗമിക്കുവാൻ ഞാൻ മടിക്കുന്നെങ്കിൽ അവിടത്തെ പക്കലെടുക്കുവാൻ എൻെറ കാലുകഠം നീങ്ങുന്നില്ലെങ്കിൽ അതു കഷ്ടമാണ്. കാരണം, അവിടുത്തെ ശബ്ദം ശ്രവിക്കുന്നതിൽ നിന്നുളവാകുന്ന ആനന്ദം അനവധി വഷം ഞാൻ അനുഭവിച്ചിട്ടുണ്ടു്. എന്നിട്ടും ചിലപ്പോഠം കൃതഘ്നതയോടെ ഞാൻ വ്യാപരിച്ചു. അവിടുത്തെ പലപ്പോഴും പരിത്യജിച്ചു. മേലാൽ ഇപ്രകാരം സംഭവിക്കാതിരിക്കട്ടെ. ആ പ്രബുദ്ധന്മാരെ അനുഗമിച്ചു്, അവിടുത്തെ ആമന്ത്രണം സസന്തോഷം ശ്രവിക്കുവാൻ എന്നെ അനുഗ്രഹിക്കേണമേ.

## അദ്ധ്യായം 17.

### ഉപസംഹാരം.

"പിതാവേ! അവിടുത്തെ ഇഷ്ടം നിറവേറട്ടെ."

ഇതാണു ജാപ്പാനിലെ വേദസാക്ഷികളുടെ മാമലയെന്നു് അറിയപ്പെടുന്ന കുന്നു്. അവിടെ മരണശിക്ഷക്കു വിധിക്കപ്പെട്ട കത്തോലിക്കരുടെ ഒരു കൂട്ടം നില്ക്കുന്നുണ്ടു്. ക്രിസ്തുവിൻെറ വിജയപടയാളികളാകുവാനുള്ള സമയം അവൎക്കു് ആസന്നമായിരിക്കുന്നു. അക്കൂട്ടത്തിൽ ഒരു സ്ത്രീയേയും അവളുടെ മകനേയും നാം കാണുന്നു. ഇവളുടെ പേർ എലിസബെത്ത, അവൻെറ ഇഗ്നേഷ്യസ്സ് എന്നാകുന്നു. ഈ ചെറുബാലൻ സ്വമാതാവിൻെറ കരങ്ങളിൽ ഇരിക്കുന്നു. അവനും ആനന്ദസൂചകമായ വസ്ത്രമണിഞ്ഞിരിക്കുന്നു. വിദൂരസ്ഥിതനായ ഫാദർ സ്പിനോളയോടു് അവൾ പറയുകയാണു്.

'പിതാവേ! കണ്ടാലും ഇതാ എൻെറ പുത്രൻ; അവൻ എന്നോടുകൂടെ മരിക്കുവാൻ ആഗ്രഹിക്കുന്നു. എൻെറ സ്നേഹഭാജനമായ പുത്രനേയും എന്നെത്തന്നെയും ഞാൻ സസന്തോഷം ദൈവത്തിനു കാഴ്ചവെച്ചിരിക്കുന്നു.

'മകനേ, നിന്നെ ദൈവപുത്രനാക്കിത്തീൎത്ത ആ വന്ദ്യദേഹത്തെ ദശിക്കുക; ഞാൻ നിനക്കു നല്കിയിരിക്കുന്ന ജീവനെ അതിശയിക്കുന്ന ഒരു ജീവൻ അദ്ദേഹം നിനക്കു നല്കിയിരിക്കുന്നു. ഇതാ ഇഹലോകജീവൻ പകു

വസാനിക്കാറായിരിക്കുന്നു. വത്സലബാലാ! മുട്ടുകുനിച്ച് അദ്ദേഹത്തിൻെറ ആശിസ്സു അപേക്ഷിക്കുക.'

ആ ബാലൻ മുട്ടുമടക്കി. അവസാനനിമിഷം കണ്ണുരുട്ടി പാഞ്ഞെടുത്തു. ഘാതകൻ അവൻെറ ഉദ്യോഗം നിവ്വഹിച്ചു കഴിഞ്ഞു. അമ്മയും മകനും അവരുടെ ആദ്ധ്യാത്മികപിതാവിനോടുകൂടി ദൈവസമക്ഷം ഹാജരായിക്കഴിഞ്ഞു.

'ഒരു പുരുഷഹൃദയം ഒരു സ്ത്രീയിൽ' ലയിക്കുന്നു. അവരുടെ ഹൃദയം ഈ വാക്യം അന്വത്ഥമാക്കുന്നതാകുന്നു. എവ്വിധം സ്വയാപ്പണം ചെയ്യേണമെന്നു അവർ അറിഞ്ഞിരുന്നു. പാരത്രികവസ്തുക്കളോടുകൂടി ഒന്നുരച്ചു നോക്കിയപ്പോൾ ലോകവസ്തുക്കളുടെ ക്ഷണികത എലിസബത്തിന്നു ധാരാളം മനസ്സിലായി. ആകയാൽ യാതൊരു മടിയും കൂടാതെ, അവൾ ദൈവത്തിനു തന്നെത്തന്നെ സമപ്പണം ചെയ്തു. മാത്രമോ; അവളുടെ ഹൃദയത്തിൻെറ ആനന്ദത്തെ, കണ്ണിലുണ്ണിയെ, സ്രഷ്ടാവിന്നു അവൾ സമപ്പിച്ചു. എന്നാൽ ഈ തരുണി കുറച്ചുമാസം മുമ്പു യേശുവിനെപ്പററിയോ, അവിടുത്തേക്കു അവളോടുള്ള സ്നേഹത്തെപ്പററിയോ, ശ്രവിച്ചിട്ടുപോലുമില്ലായിരുന്നു.

ആ 'നഗാസിക്കി,' കുന്നിൻസമീപത്തിൽ നമുക്ക് എത്താം. അവിടെ രക്തം പുരണ്ടുരുളുന്ന മാതാവിൻേറയും പുത്രൻേറയും തല നമുക്കു ദശിക്കാം. എന്നാൽ ആ ദശനം നമുക്ക് എന്തെന്നില്ലാത്ത ലജ്ജയെ ഉളവാക്കുമായിരിക്കാം. ദൈവസേവനത്തിനു ഒരു ബാലനേയോ

ബാലികയേയോ വിട്ടുകൊടുക്കുവാൻ മടിക്കുന്ന ക്രൈസ്ത വമാതാപിതാക്കന്മാരെപ്പററി എന്തുപറയട്ടേ! അവരുടെ വാത്സല്യം അടിയുറച്ചിരിക്കുന്നവരെയായിരിക്കാം ദൈ വം ആവശ്യപ്പെടുന്നതു്; എന്നാൽ ദൈവം അവരുടെ സന്താനങ്ങളിൽനിന്നു് ഒന്നിനെ തിരഞ്ഞെടുക്കുവാൻ അഭിലഷിക്കുന്നുവെങ്കിൽ അതു തങ്ങളുടെ വാത്സല്യത്തി ന്നു് അല്പമായി മാത്രം വിധേയമായിരിക്കുന്നവനെ ആയി രിക്കുവാൻ ദൈവത്തെ അവർ ഉപദേശിക്കുന്നതുപോലെ തോന്നുന്നു. മനുഷ്യൻ പരിത്യജിക്കുന്നവരെ ദൈവം സ്വീകരിക്കണമെന്നോ? മനുഷ്യവർഗ്ഗത്തിലെ അധമകീട ങ്ങൾ ദൈവത്തിൻെറ അരമനയിൽ അധിവസിക്കേണ മെന്നോ? കൂടാതെ, മതമില്ലാത്തവരായ മിത്രങ്ങളോടു കൂടി ക്രൈസ്തവോചിതമായ ജീവിതം പരിപാലിക്കുവാൻ സാദ്ധ്യമല്ലെന്നു് അവർ അറിഞ്ഞിട്ടും അതിദാരുണവും നിരത്ഥകവും ആയ വ്യാപാരങ്ങളിൽ ലോകത്തിൻെറ രുചിയനുസരിച്ചു മുന്നോട്ടുപോകുന്നവരെപ്പററി എന്തു പറയേണ്ടൂ? ക്രിസ്തുവിനുവേണ്ടി സ്വജീവനെ പരിത്യ ജിച്ച എലിസബത്തിൻെറ സോദരീസോദരന്മാർ അ വർ എങ്ങനെ ആകും?

ഈ വേദസാക്ഷികളുടെ സഹോദരരാകുവാൻ ആ ഗ്രഹിക്കുന്ന നമ്മെപ്പററി എന്തൊന്നാണു പറയേണ്ട തു്. ഉത്തമമായവ എപ്പോഴും ദൈവത്തിനു നാം കാ ണിക്കവെക്കുന്നുണ്ടോ? നമ്മുടെ കാഴ്ച പുഞ്ചിരിയോടുകൂടി യാണൊ നാം സമപ്പിക്കുന്നതു്. നമ്മുടെ ജീവിതത്തിൻെറ പ്രശസ്തമായ സേവനം ദൈവത്തിനു സസന്തോഷം നാ

മപ്പിക്കുന്നു; എന്നാൽ നിസ്സാരമായ ആത്മപരിത്യാഗങ്ങൾ സഹിക്കുവാൻ സർവ്വദാ നാം തയ്യാറാണോ? "നാം ദേവന്മാരാകുന്നു;" എന്നാൽ ദിവ്യന്മാരായിത്തീർന്നിട്ടില്ലെങ്കിൽ, അതിനുവേണ്ടി യത്നിക്കേണ്ടവരാണ്. കഷ്ടം! ആദിമക്രൈസ്തവരുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന ക്രിസ്തുവിനോടുള്ള സ്നേഹം, ഇന്ന്, അവിടുത്തെ പക്കൽ നിന്നു ബഹുവിധ ദാനങ്ങൾ സ്വീകരിച്ചിട്ടുള്ള നമ്മുടെ സ്നേഹത്തെ അതിശയിച്ചിരുന്നുവെന്നോ?

യേശുവേ! ഞാൻ അവിടുത്തെ സ്നേഹിക്കുന്നുണ്ടെന്നും പ്രതിദിനം അധികമധികം സ്നേഹിക്കാമെന്നും പലപ്പോഴും ആവർത്തിച്ചാവർത്തിച്ച് ചെയ്ത വാഗ്ദാനം അവിടുന്നനുസ്മരിക്കുന്നു. നാഥാ! ഈ വാഗ്ദാനപത്രത്തിലെ ഓരോ വാക്കും നല്ലവണ്ണം ഗ്രഹിച്ചുകൊണ്ടുതന്നെയാണു പറഞ്ഞിരിക്കുന്നത് 'നാഗസ്കീകുന്നിൻ പ്രദേശത്തു സാനന്ദം വർത്തിച്ചിരുന്ന അവിടുത്തെ പ്രബലസ്നേഹിതരെപ്പോലെ ഞാനും അവിടുന്ന് എന്ത് ആവശ്യപ്പെടുന്നു, അതു പ്രവർത്തിക്കുന്നതാകുന്നു. അവിടുത്തെ അഭിലാഷം—നിസ്സാരമോ; ഗുരുതരമോ ഏതായിരുന്നാലും—ഞാൻ നിർവ്വഹിക്കുന്നതാണ്. എന്റെ കൈവശമുള്ളത് എന്തുതന്നെ അവിടുന്ന് ഇഷ്ടപ്പെട്ടാലും, വേണ്ട, എന്നെതന്നെ ഉപഹരിക്കുവാൻ ആവശ്യപ്പെട്ടാലും ഞാൻ തയ്യാറാണ്. പരിത്യാഗവിനാഴിക സമാഗതമാകുമ്പോൾ എന്റെ ധൈര്യവും സ്നേഹവും നശിക്കാതിരിപ്പാനും എന്റെ വാഗ്ദാനം മലിമസമാകാതിരിപ്പാനും ആവശ്യകമായ പ്രസാദവരം എനിക്കു നൽകേണമേ!

# അദ്ധ്യായം 18.

## അഭിലഷിതം.

"എന്തുകൊണ്ട് അതിനെ അഴിച്ചുകൊണ്ടുപോകു ന്നൊന്നു നിങ്ങളോട്ട് ആരെങ്കിലും ചോദിച്ചാൽ നാഥന്ന് അതിൻെറ സേവനം ആവശ്യമാണെന്നു പറയണം."

ലോകത്തിൽ ഉന്നതപദമലങ്കരിക്കുന്നവരെ സഹാ യിക്കുന്നതു നമ്മുടെ ഒരു ധമ്മമായി നാം കരുതുന്നു. ഈ അസാധാരണസാഹായ്യം അപേക്ഷിക്കുവാൻ അവരെ ആവശ്യം പ്രേരിപ്പിച്ചാലും, അഥവാ, നമ്മുടെ സഹായ്യ കരം തേടുവാൻ ഉദാരപൂവ്വം അവർ ഇഷ്ടപ്പെട്ടാലും, വേ ണ്ടതില്ല, ആ വിധം സാഹചയ്യങ്ങളിൽ നാം അതിയാ യി അഹംകരിക്കുന്നു. മുതിൎന്നവൎക്കു സാമാന്യേന നീക്കി വെച്ചിരിക്കുന്ന ജോലിയിൽ ബാലന്മാരുടെ സാഹായ്യം അഭ്യൎത്ഥിക്കുമ്പോഠം ഈ ഭാവം പ്രത്യക്ഷപ്പെടുന്നു. വൃദ്ധ ന്മാർ, തങ്ങളുടെ ഉദ്യോഗാതിൎത്തിയെ വെല്ലുന്നതെന്തെ ങ്കിലും പ്രവൎത്തിക്കുവാൻ ആവശ്യപ്പെട്ടമ്പോഠം പുഞ്ചിരി ത്തുകാറുള്ളതിൻേറയും കാരണം ഇതുതന്നെയാണ്.

ഇവിടെ ജീവിക്കുന്ന അല്പജ്ഞന്മാരുടെ മദ്ധ്യേ പറ യത്തക്ക പ്രശസ്തിയില്ലാത്തവരോട്ട് ഇവ്വിധം നാം പ്രവ ൎത്തിക്കുന്നു. പക്ഷെ ദൈവം നമ്മുടെ സാഹായ്യം ആവ ശ്യപ്പെട്ടമ്പോഠം നാം അതു നിരസിക്കുന്നു. അതു കേവ ലം ലജ്ജാകരമായ ഒരു പ്രവൃത്തിയാണ്. സൃഷ്ടികമ്മത്തി

നശേഷവും ദൈവം സ്വാസ്ഥിത്വത്തിൽ പരിപൂൎണ്ണനും തൃപ്തനുമായിരിക്കുകയാൽ സൃഷ്ടിവഴി സൗഭാഗ്യം അന്വേഷിക്കേണ്ട ആവശ്യമില്ലാത്ത അവിടുന്നു ചിലപ്പോഠം, അല്ല, എന്നും നമ്മുടെ സാഹായ്യം കാംക്ഷിക്കാറുണ്ട്. അവിടുന്ന് അനന്തപരിപൂൎണ്ണനായിരിക്കെ സ്വയം വിനീതനായി നമ്മുടെ സഹകരണം അഭ്യൎത്ഥിക്കുന്നു. നമ്മുടെ ആത്മാവിൻെറ രക്ഷയ്ക്കും സമാധാനത്തിനും ആവശ്യകമായ പ്രസാദവരം മാത്രമല്ല; ഈ സഹകരണബോധവും അവിടുന്നു നമ്മുടെ ആത്മാവിൽ കൊളുത്തിവെച്ചിട്ടുണ്ട്. ഈ മാഹാത്മ്യം, അവിടത്തെ ആ സ്വരം ശ്രവിക്കുവാൻ നമ്മെ പ്രേരിപ്പിക്കണം. പക്ഷെ ചിലപ്പോളെല്ലാം നാം ദൈവത്തിൻെറ വിളിയെ നിശ്ശേഷം നിരസിക്കുന്നു. ദിവ്യപ്രസാദവരം നമ്മുടെ ജീവിതത്തെ സംപുഷ്ടമാക്കുവാൻ എൻെറ സ്വമേധയുള്ള സഹകരണം ആവശ്യകമെന്ന് അവിടുന്നു തീൎച്ചയാക്കുന്നു. നമ്മുടെ ഇഷ്ടം—ദൈവേഷ്ടത്തെ തള്ളി—ആചരിക്കുവാൻ കാംക്ഷിക്കുമ്പോഠം മാത്രമേ വരപ്രസാദത്തിൻെറ അഭാവം നാം അനുഭവിക്കുന്നുള്ളു. ഒരിക്കൽ നമ്മിൽനിന്ന് അവിടുന്നു അല്പമായ ആത്മസംയമനം—മററൊരിക്കൽ അല്പസമയത്തെ പ്രാൎത്ഥന—വേറൊരിക്കൽ അനിയന്ത്രിതമായ ദുരാഗ്രഹനിഗ്രഹം—ആവശ്യപ്പെട്ടേക്കാം. എന്നാൽ അപ്പോഴെല്ലാം അവിടത്തെ നാം വിഗണിക്കയാണു ചെയ്യുന്നത്. മാതാപിതാക്കന്മാർ തങ്ങളുടെ സന്താനങ്ങളെ ഒരു യഥാൎത്ഥകത്തോലിക്കനായി വളൎത്തുന്നതിനും ക്രിസ്തുവിൻെറ തൃപ്പാദം അനുകരിക്കുവാൻ പഠിപ്പി

ക്കുന്നതിന്നും അവിടുന്നാഗ്രഹിക്കുന്നു. ആ അന്തസ്സൂതവും അത്യുത്തമവും ആയ പ്രവൃത്തിക്കു മുതിരുന്നവർ എത്ര പേരുണ്ട്. കഷ്ടം! സത്യവിശ്വാസത്താൽ സമലംകൃതമായിരിക്കുന്ന ഓരോ ഹൃദയത്തിലേക്കും ഏതൊരു പ്രകാശം സദാ പ്രസരിച്ചുകൊണ്ടിരിക്കുന്നു, ആ അലൗകികപ്രകാശത്താൽതന്നെ തങ്ങൾക്കു ഭരമേല്പിക്കപ്പെട്ട ഹൃദയങ്ങൾ ഉദ്ദീപ്തമാക്കുവാനും ഭൗമികവസ്തുക്കളിൽനിന്ന് അവയെ ഉയർത്തുവാനും, ഒന്നോ, രണ്ടോ വാക്യം, നിശ്ചിതസമയത്തും സ്ഥലത്തും സംസാരിക്കുവാൻ ചുമതലപ്പെട്ടവരാണു മററു ചിലർ. എന്നാൽ തങ്ങളുടെ അജഗണത്തെ സമാശ്വസിപ്പിക്കുവാൻ ആവശ്യകമായ സംഭാഷണത്തിന്ന് അവർ വിപ്രിയം പ്രദർശിപ്പിക്കുന്നു. പുണ്യശീലന്മാരെന്ന് അറിയപ്പെടുവാൻ അവക്കുള്ള ലജ്ജയാണ് അതിനു കാരണം.

ഈ വസ്തുത തിച്ചയായും ദുഃഖപരവും ഖേദജനകവുമാണ്. പക്ഷെ അത് ഏററവും പാരമാത്ഥ്യവുമാണ്. ലോകത്തെ അടക്കി ബ്ഭരിക്കുന്ന ലൌകികാധികാരികളുടെ കാൽ തലോടുന്നതിനു നാം ചാടിപ്പുറപ്പെടുന്നു; അവരെ പരിചരിക്കുന്നു. അതിനുവേണ്ടിയുള്ള നമ്മുടെ സഹനം ഒരു ധമ്മമായി നാം കരുതുന്നു. എന്നാൽ നാഥാധിനാഥനും രാജാധിരാജനുമായ ഈശ്വരൻെറ പരിചരണത്തിനുവേണ്ടി—ആരെ പരിചരിക്കുന്നതു ഭരിക്കുന്നതിന്നു തുല്യമോ, അദ്ദേഹത്തെ സേവിക്കുന്നതിന്ന്— മാത്രം നമുക്കു സമയമില്ല; ശക്തിയില്ല.

യേശുവേ! അവിടുന്നു് ഇത്ര ക്ഷമാപൂർവ്വം വർത്തിക്കുന്നതെങ്ങനെ? എന്നു ഞാൻ അന്യർക്കു സാധാരണമായി നല്കുന്നു, അതു് അവിടുത്തേക്കു ഞാൻ നിരസിക്കുന്നു. അവിടുത്തെ തൃണവൽഗണിച്ചു പരരോടും അപേക്ഷിക്കുവാൻ എനിക്കു മടിയില്ലാതായിത്തീൎന്നിരിക്കുന്നു. എനിക്കു പ്രിയങ്കരമായ വസ്തു എന്റെ ലൗകികമിത്രങ്ങൾക്കു കൊടുപ്പാൻ ഞാൻ സദാ തയ്യാറാണു്. എന്നാൽ അവ അവിടുന്നു് ആവശ്യപ്പെടുമ്പോഴുള്ള മറുവടി അവിടുത്തേക്കു ധാരാളം അറിയാമല്ലോ. എന്റേയും, അന്യരുടേയും ആത്മരക്ഷയ്ക്കുവേണ്ടി എന്റെ സഹായം അവിടുന്നു് ആവശ്യപ്പെടുന്നു. എന്നാൽ ഇപ്പോൾ എന്റെ അസ്ഥിരതയെ വിഗണിച്ചു് ഈ വിശേഷധൎമ്മത്തിനു് എന്നെ യോഗ്യനാക്കിയതിന്നു് അവിടുത്തോടു ഞാൻ കൃതജ്ഞനായിരിക്കുന്നു. ഇനിയത്തെ എന്റെ ജീവിതത്തിൽ പ്രസാദവരത്തിന്റെ വിശേഷസഹായത്താൽ, അവിടുന്നു കാംക്ഷിക്കുന്നതെല്ലാം അതിജാഗ്രതയോടെ ഞാൻ ചെയ്യുന്നതാണു്. എന്റെ ശക്തി ക്ഷയിക്കുന്നതുവരെ അവിടുത്തേയ്ക്കു സേവനം ചെയ്യുന്നതു് ഒരു മഹാകൎമ്മമായി ഞാൻ കരുതുന്നു.

# അദ്ധ്യായം 19.

---

## പൂർവ്വസ്മരണ.

'നിങ്ങൾ യാതൊരു വിദേശിയേയും ഉപദ്രവിക്കരുത്. അവനെ പീഡിപ്പിക്കയുമരുത്; നിങ്ങളും ഈജിപ്തരാജ്യത്തു പരദേശികളായിരുന്നു.'

യഹൂദർ ഈജിപ്തിൽനിന്നു പലായനം ചെയ്തു ചെങ്കടൽ തരണം ചെയ്യുന്നു. ദൈവത്തിൻെറ 'മല' എന്നു അറിയപ്പെടുന്ന 'ഡിനായു'ടെ വിസ്തൃതമായ അടിവാരത്ത് അവർ കൂടാരം അടിച്ചു താമസിക്കുന്നു. മൂശവഴി, പതിനൊന്നുമാസക്കാലത്തോളം ദൈവം അവക്ക് ഉപദേശം നൽകുന്നു. ആത്മവൃത്തിയും നീതിയും അനുഷ്ഠിക്കുവാൻ അവരെ പ്രേരിപ്പിക്കുന്ന ദൈവത്തിൻെറ സ്വരം അവർ ശ്രവിക്കുന്നു. അതിക്ലേശാവഹമായ അതീതപീഡകളെ അനുസ്മരിപ്പിക്കുന്നതായിരുന്നു ആ വാക്യം. അതു് അവരുടെ പീഡനകാലം – ദിവസം, മാസം, അല്ല വഷങ്ങൾതന്നെ – അനുസ്മരിപ്പിക്കുന്നു. മററുള്ളവർ അവരോടു എന്തെങ്കിലും സഹായം ആവശ്യപ്പെട്ടപ്പോൾ ഉടനടി അതു ചെയ്തുകൊടുക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതായിരുന്നു ആ ഉപദേശം.

നമ്മുടെ കഴിഞ്ഞ ജീവിതം അതി ദുഃഖകരവും ഖേദജനകവുമായിരിക്കാം. എന്നാൽ അതിനെപ്പററിയുള്ള സ്മരണ പരിപാകവും സുസ്ഥിരവും ആയ ശക്തി ന

മ്മിൽ ഉണ്ടാക്കുവാൻ മാത്രമേ ഉതകേണ്ടതുള്ളൂ. നമ്മിൽ കുടികൊള്ളേണ്ടതു് പാപപങ്കിലമായ അതീതജീവിതം മാത്രമല്ല, പിന്നെയോ, ഈശ്വരകാരുണ്യവും കൂടിയാണു്. ക്ലേശപരമായ ചിന്തമാത്രം പരിപാലിക്കുന്നതു് അധർമ്മവുമാകുന്നു. വിശിഷ്യ, ദിവ്യനാഥൻെറ ആർദ്രതയ്ക്കു അതു് അവഹേളനവും കൂടിയാണു്. എങ്കിലും ഉപകാരപ്രദമായ വിധം നമ്മുടെ അഭാവത്തെപ്പററി ഓക്കണം. നമ്മുടെ ഹൃദയങ്ങളെ പരിശോധിച്ചു് നമ്മുടെ അധഃപതനത്തിൻെറ വിധവും സമയവും നാം മനസ്സിലാക്കണം. ഇതു് ഒരു വിദേശിയേയും ഉപദ്രവിക്കാതിരിപ്പാൻ—അവനെ പീഡിപ്പിക്കാതിരിപ്പാൻ നമ്മെ അഭ്യസിപ്പിക്കുന്നു.

വിജാതിയർ പോലും സ്വഭാവത്രാസ്സിൻെറ സമനില വിലമതിക്കുന്നു. എന്നാൽ ചിലപ്പോളെല്ലാം നാം മറിച്ചു് പ്രവത്തിക്കാറുണ്ടു്. ആ അവസരങ്ങ്ം നാം അനുസ്മരിക്കുന്നുവെങ്കിൽ നമ്മെപ്പോലെ മററുള്ളവരും അസംയതമായ ആചാരം അനുഷ്ഠിക്കുമ്പോ്ം നമ്മുടെ സഹനശീലം പ്രത്യക്ഷീഭവിക്കും. നമ്മെ അന്യർ അവഹേളിക്കുമ്പോ്ം, നമ്മുടെ അധഃപതനത്തിൽ അവർ ആഹ്ളാദിക്കുമ്പോ്ം, അവിചാരിതമായി നമ്മെ അവർ പീഡിപ്പിക്കുമ്പോ്ം, ദുരാചാരനിരതമായ നമ്മുടെ കഴിഞ്ഞ ജീവിതത്തിൻെറ ഓമ്മ നമുക്കു സഹായമാണു്. നമ്മുടെ അവിവേകത്താൽ എത്ര പ്രാവശ്യമാണു്, ഉദ്ദേശമില്ലാതെപോലും അന്യരുടെ ഹൃദയങ്ങളെ നാം മുറിപ്പെടുത്തീട്ടുള്ളതു്. ഇപ്രകാരമുള്ള ചിന്ത താദൃശാവസരത്തിൽ നമുക്കു മാർഗ്ഗദശകമാണു്. ശരി; ഒരുപക്ഷേ, ഇച്ഛാപൂർവ്വവും

ഉദ്ദേശ്യപൂർവ്വവും തന്നെ അവർ നമ്മെ അപഹസിക്കുന്നു വെങ്കിൽ, കഴിഞ്ഞ ജീവിതത്തിൽ നമ്മളും ചുരുക്കം ചിലപ്പോളെല്ലാം അവഹേളിതമായ ഒരു ഹൃദയം ശോകം അനുഭവിക്കുവാൻ അനുവദിച്ച്, അല്ല, ഉദ്ദേശിച്ചുതന്നെ, പലതും തട്ടിമുളിച്ച് ആഹ്ളാദിച്ചിട്ടില്ലയോ? ചിലപ്പോൾ നിന്ദ്യമായി പെരുമാറുന്നവരെ നാം കണ്ടുമുട്ടുന്നു: അധമമായ ആദർശങ്ങളെ വെച്ച് പൂജിക്കുന്നവരേയും നാം കാണുന്നു. നമ്മുടെ മൂഢഹൃദയം ആഹ്ളാദം കണ്ടെത്തുന്നതും നാം അവരെ സസന്തോഷം നിന്ദാഹരെന്നു പഴിക്കുന്നതും അപ്പോഴാണ്. മഹാശയങ്ങളെ അവഗണിച്ച്, പുണ്യാഭിവൃദ്ധിയ്ക്കു കളങ്കം വരുത്തിയ പലപല അവസരവും നമ്മുടെ ജീവിതത്തിലുണ്ടല്ലോ? അതിനീചമായ ആ സംഗതികൾ നമ്മുടെ ചിന്തയ്ക്കു വിഷയമായാൽ നാം അപ്രകാരം പ്രവർത്തിക്കുകയില്ല. ദൈവത്തെ പ്രാർത്ഥിക്കുന്നതിന്നു നിശ്ശേഷം നിരാകരിക്കുകയോ, കേവലം നിരസിക്കുകയോ ചെയ്ത നിരവധി ദിവസങ്ങളെപ്പററി ചിന്തിച്ചാൽ ഈശ്വരപരിചരണത്തിൽ നാം കാണിച്ചിട്ടുള്ള നീരസം പ്രകാശിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ സ്വാർത്ഥപരമായ സ്വഭാവം പുളകിതമാകുന്നു; അഹങ്കാരം തള്ളുന്ന പ്രവൃത്തികളോടുകൂടി മററുള്ളവരുടെ വ്യാപാരം തുലനം ചെയ്യുക കാരണം.

യേശുവേ! സ്നേഹനാഥാ! പണ്ട് അപരിഷ്കൃതമായ ജനതയോടു അവിടുന്ന് അറിയിച്ചതു് അവിടുന്ന് ഓർക്കേണമേ! "നിങ്ങളുടെ വൈദ്യനായ നാഥൻ ഞാൻ

ആകുന്നു" അതേ—അവിടുന്നു് എന്നെ സുഖപ്പെടു ത്തേണമേ! അവിടുത്തേയ്ക്കു വിപ്രിയജനകമായവയിൽ നിന്നു എന്നെ വിമോചിപ്പിക്കേണമേ. എൻെറ അതീത ജീവിതം അല്പം മാത്രമേ എന്നെ ജ്ഞാനിയാക്കിയിട്ടുള്ളു. എൻെറ അനുഭവം അപൂർവ്വമായി മാത്രമേ എന്നെ സ ദ്ഗുണസമ്പന്നനാക്കിത്തീർത്തിട്ടുള്ളു. അനുഗ്രഹം ആ വശ്യമായിരിക്കുന്ന എൻെറ ബലഹീനത ഞാൻ അറിയു ന്നു. എങ്കിലും ഒരു സഹോദരൻ അപജയം കണ്ടെത്തു മ്പോഴും അവനെ കുററപ്പെടുത്തുവാൻ ഞാൻ ശ്രദ്ധാലു വാണുതാനും. ഓ! നാഥാ! 'ഞാനും ഈജിപ്തിലെ ഒരു പര ദേശി' എന്ന ഓർമ്മ നവംനവമായി സദാ എന്നിൽ കുടി കൊള്ളുവാൻ അവിടുന്നു് അനുഗ്രഹിച്ചാലും. അതിനു തകുന്ന അനുഗ്രഹവർഷം എന്നിലേയ്ക്കു ചൊരിയേണമേ. അതിന്നു് അവിടുത്തോടു് ഞാനഭ്യർത്ഥിക്കുന്നു.

# അദ്ധ്യായം 20.

## മൈത്രി.

"നിങ്ങളും നസ്രായക്കാരനായ യേശുവിനോടുകൂടി ഉണ്ടായിരുന്നു." (മാർക്കോ. 14_67.)

മൈത്രി സദാ സ്വഭാവത്തെ സ്പർശിക്കുന്നു. മിത്രങ്ങളോടുള്ള നിരന്തരസമ്പർക്കം കാലദൈർഘ്യം കൊണ്ടാണെങ്കിലും അവരോടു നമ്മെ സദൃശീഭവിപ്പിക്കുന്നു. ദ്രുതഗതിയിലൊ മന്ദഗതിയിലൊ, അവരുടെ ജീവിതത്തിലെ ദുർഗ്ഗുണങ്ങളും സദ്ഗുണങ്ങളും നമ്മുടെ ജീവിതത്തിൽ നിഴലിക്കുന്നു. ഉച്ചാട്ടഹാസം—നിന്ദാർഹമായ ഒരു വാക്യം—അവ ശൂന്യഹൃദയത്തിൻെറ ലക്ഷണമാണ്. അവ നമ്മുടെ ജീവിതത്തിൽ കാണപ്പെടുന്നുവെങ്കിൽ, ആരുടെ സഖ്യമാണ് നാം വഹിച്ചിരുന്നതെന്നു്—നമ്മുടെ സുഹൃത്തുക്കളെപ്പററി—അവ സംസാരിക്കുന്നു. പക്ഷെ നമുക്കു് അതു ലജ്ജാവഹം! മനുഷ്യസഹജമായ പാപജീവിതത്തിനു മദ്ധ്യേ നമ്മുടെ മിത്രം തൻെറ ഹൃദയത്തിൻെറ നൈർമ്മല്യം പാലിക്കുകയും, ഉന്നതാദർശങ്ങൾ ആശ്ലേഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ, ആ ജീവിതസൌരഭ്യത്തിൽനിന്നു് അല്പമായ ഒരു മാധുരിയെങ്കിലും നമ്മളും അനുഭവിക്കാതിരിക്കുകയില്ല. സ്നേഹിതരുടെ പരസ്പരമായ സ്വഭാവരൂപവത്ക്കരണസാമർത്ഥ്യം നമുക്കു് അവഗണിച്ചുകൂടാ.

ഈ മാനദണ്ഡംകൊണ്ടളന്നു ക്രിസ്തുവിൻെറ സുഹൃത്തുക്കളെന്നു നാം അറിയപ്പെടേണമോ? വേണം. ദൈവമനുഷ്യൻെറ മിത്രമെന്നു വാങ്മാത്രമായി പറയുവാൻ മാത്രമേ അവിടുത്തോടുള്ള നിരവധി വഷത്തെ മിത്രത്വം നമ്മെ പ്രാപ്തരാക്കിയിട്ടുള്ളുവെങ്കിലും, കുറഞ്ഞപക്ഷം അവിടുത്തെ സ്വഭാവവൈശിഷ്ട്യം അല്പമായെങ്കിലും നമ്മിൽ കാണുന്നില്ലേ? അവിടുത്തെ വിനീതവും ബലവത്തരവുമായ ജീവിതരീതിയുടെ മാധുരി നമ്മിൽ ഒളിഞ്ഞുകയറാതെ, സ്നേഹിതരിൽ ഉത്തമനായവൻെറ യഥാത്ഥമിത്രങ്ങൾ നാം ആയിത്തീരുവാൻ സാധിക്കുമോ? ഓരോ ദിവസവും നമ്മുടെ മിത്രമണ്ഡലത്തിൽനിന്നു നാം വിരമിക്കുമ്പോൾ, അവിചാരിതമായി കണ്ടുമുട്ടുന്ന മിത്രചക്രങ്ങളിൽനിന്നു വേർപ്പെടുമ്പോൾ, നാം ഓരോരുത്തരും സ്വാഭാവികമായി മന്ദസ്വരത്തിൽ പറയുന്നുണ്ടോ? “നിങ്ങളും നസ്രായക്കാരനായ യേശുവിനോടുകൂടി ഉണ്ടായിരുന്നു.”

മനുഷ്യപുത്രരിൽ സത്തമനെ എല്ലാവരും അറിയത്തക്കവണ്ണം പ്രയത്നത്തിലും, വിനോദത്തിലും, ഭവനത്തിലും, നിയന്ത്രിതമായതായിരിക്കണം നമ്മുടെ ജീവിതരീതി. യാവനൊരുത്തൻെറ മധുരസ്പശനത്തിനു നാം വിധേയരായി, യാവനൊരുത്തനോടു അനല്പമായി സഹവസിച്ചു, അദ്ദേഹത്തിൻെറ സ്മരണ അന്യരിൽ ഉത്തേജിപ്പിക്കുവാൻ പയ്യാപ്തമായതായിരിക്കണം നമ്മുടെ ജീവിതപദ്ധതി. അനാഥമന്ദിരങ്ങളിലോ, അദ്ധ്യയനമുറികളിലോ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആരോഗ്യസംവദ്ധക

മായ ബാലലീല, ശരിയാണ്, അവരുടെ ഔത്കൃഷ്ട്യ ത്തിനുള്ള നമ്മുടെ ഓരോ പരിശ്രമത്തേയും വിഫലമാക്കിത്തീക്കുന്നു. എന്നാൽ, അപ്പോഠം, മൂന്നുവത്സരം സ്വശിഷ്യന്മാരായി സ്വീകരിച്ചിരുന്ന 12 ആളുകളുടെ പരാങ്മുഖത ഏതൊരുത്തൻ ഈൎഷ്യയെന്യേ സഹിച്ചുവോ അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നതായിരിക്കണം, നമ്മുടെ പ്രശാന്തവും പ്രസന്നവുമായ ആൎയ്യവൃത്തി. അസഹ്യതരമായ ശകാരത്താലും കഠിനതരമായ പെരുമാററത്താലും നമ്മെ വെറുപ്പിക്കുന്നവരുടെ മദ്ധ്യേ നാം ജീവിക്കുന്നെങ്കിൽ നമ്മുടെ വാഗധികാരസൗമ്യത, തന്നെ ക്രൂശിച്ചവക്കുവേണ്ടി മരണസമയത്തുപോലും ക്ഷമായാചനം ചെയ്ത ആ സ്നേഹിതനെ പുകഴ്ത്തുന്നതായിരിക്കണം.

നാം രോഗബാധിതരാകുന്നു. തജ്ജന്യമായ പീഡയുടെ കാഠിന്യം അല്പശക്തിയെ ആട്ടിയുലക്കുന്നു. ആരുടെ സഹവാസമാണു നാം അനുഭവിച്ചുപോന്നതെന്ന് അപ്പോളാണ് അന്യർ ഗ്രഹിക്കേണ്ടത്. അപ്പോഠംതന്നെയാണു നമ്മുടെ ത്യാഗത്തിൻെറ പരിപൂൎണ്ണതയും ക്ഷമാവഹമായ സഹനത്തിലുള്ള പ്രശാന്തതയും ശോകപൂൎണ്ണനായ മനുഷ്യനെക്കുറിച്ചു പ്രസംഗിക്കേണ്ടത്. അദ്ദേഹം ക്ലേശങ്ങഠം വഴിയായി നമ്മുടെ ഹൃദയതന്ത്രുക്കഠംക്കു ശക്തി നല്കി. എന്തിന്? പീഡകഠം സഹിച്ചുകൊണ്ടു പ്രവൎത്തിക്കുവാൻ. അദ്ദേഹത്തിൻെറ പീഡാനുഭവം ക്ഷണികവും നിരൎത്ഥകവുമായ ഐഹികനന്മകഠം പരിത്യജിക്കുവാൻ നമ്മെ പഠിപ്പിച്ചു. മൈഷികലോകാതിൎത്തിയെ കടന്നു വീക്ഷിക്കുവാൻ നയനങ്ങഠംക്കു ശക്തിയും

നല്കി. ജീവിതാവസാനകാലത്തും — കോലാഹലം കൂടാ ത്ത ജീവിതപ്രകാശം അണയുന്ന കാലത്തും ജീവിതപ്രഭാ വത്തിലും, സന്തോഷസങ്കടങ്ങളിലും, വിജയാപജയങ്ങ ളിലും നിസ്വാത്ഥവും പരിശുദ്ധവുമായ നമ്മുടെ ജീവി തമാഹാത്മ്യം നമ്മെ യേശുവിൻെറ മിത്രങ്ങളായി ഉച്ച ത്തിൽ വിളിച്ചറിയിക്കട്ടെ. ഏതു്? നമ്മുടെ പാവന മായ ജീവിതരീതി.

ദൈവമായ യേശുവേ! ചിരന്തനസ്നേഹിതാ! എ ൻെറ ജീവിതചയ്യ ഉററുസൂക്ഷിക്കുന്നവനായ അവിടുന്നു് ഇതഃപയ്യന്തം എൻെറ സുഹൃത്തായിരുന്നുവെന്നു ഗ്രഹി ക്കുമോയെന്നു ഞാൻ അതിയായി ഭയപ്പെടുന്നു. ഇതരമിത്ര ത്തിമോരോന്നും എന്നിൽ ഗുരുതരമായ ചിഹ്നം ചിത്രീകരി ച്ചിട്ടുണ്ടു്. എന്നാൽ അവിടുത്തെ മൈത്രി! അതുമാത്രം യാതൊരു ലക്ഷണവും എന്നിൽ മുദ്രണം ചെയ്യാതിരിക്കു മോ? നാഥാ! അതു ഞാൻ വിശ്വസിക്കുന്നില്ല. എൻെറ ജീവിതത്തിൽ അവിടുത്തെ ജീവിതരാമണീയകത്തിൻെറ ചില നിസ്സാരരേഖകളെങ്കിലും പ്രതിബിംബിക്കുന്നുണ്ടു്. അവിടുത്തെ ദിവ്യരൂപത്തിൽനിന്നു നിഗ്ഗളിക്കുന്ന ഒരു മ്ലാൻപ്രകാശമെങ്കിലും എൻെറ ജീവിതത്തെ ശോഭന മാക്കുന്നുണ്ടുതാനും. ഹാ! "ഞാൻ ജീവിക്കുന്നു; എന്നാൽ ഞാനല്ല, യേശുവത്രെ എന്നിൽ ജീവിക്കുന്നതു്," എന്നു ഞാൻ പറയുന്ന നാളുവരെ ആ രമണീയത, ആ ആനു രൂപ്യം വദ്ധമാനമാകട്ടെ.

## അദ്ധ്യായം 21.

## സ്വാധീനത.

'ഭഗവൻ അവിടുന്ന് ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു.

നാം ദുർവ്യയംചെയ്ത ദിവസങ്ങളെപ്പററി നമുക്കു ചിലപ്പോൾ വീണ്ടുവിചാരം ഉണ്ടാകാറുണ്ട്. നമ്മുടെ ഹൃദയവ്യഥയ്ക്കു കാരണമാകത്തക്കവണ്ണം അവ നമ്മുടെ മനോരംഗത്തു സജീവം നൃത്തംചെയ്യും. അന്യരുടെമേൽ നമുക്കുണ്ടായിരുന്ന സ്വാധീനശക്തിയുടെ ലജ്ജാവഹമായ ഒരു പൂർണ്ണചരിത്രം അപ്പോൾ പ്രതിഫലിച്ചു. നാം വനവാസമനുഷ്ഠിക്കുകയല്ലായിരുന്നുവെങ്കിൽ നിശ്ചയമായും വശ്യശക്തി നമുക്കുണ്ടായിരുന്നേനേ. ജീവിതചര്യയിൽ ഞാനും ഇതരരും പരസ്പരം വ്യാപരിക്കേണ്ടിവന്നിട്ടുണ്ട്; എന്നാൽ ഈ ആകസ്മികദർശനം പലപ്പോഴും പരിപാവനമായ മാർഗ്ഗത്തിൽനിന്നു ദ്രഷ്ടാവിനെ–ആ സഖാവിനെ അന്യഥാ നയിക്കുകമാത്രമാണു ചെയ്തിട്ടുള്ളത്. നീട്ടിപ്പിടിച്ചു പറയുന്നില്ല. എന്നാൽ ഒന്നു നിശ്ചയമായും ശരിയാണ്., അതീതദിവസങ്ങളിൽ എന്നെ കണ്ടവരെ അന്ധീഭവിപ്പിക്കുമാറ് അധർമ്മനിരതമായിരുന്നു എന്റെ ജീവിതപദ്ധതി.

വൃദ്ധരുമായി ഞാൻ ഇടപെട്ടിട്ടുണ്ട്. പക്ഷെ പിടിച്ചാൽനില്ക്കാത്ത അവരുടെ മുൻകോപം എന്നെ വേദ

നപ്പെട്ടത്തി. അതിനാൽ അവരെ ഞാൻ വിട്ടകന്നു. അപ്പോഠം അവർ പിറുപിറുത്തു്; ആശ്ചയ്യപ്പെട്ടു്; യേശുവിൻെറ ഉപവി നാമമായിട്ടുമാത്രമേ ഞാൻ അനുഗമിക്കുന്നുള്ളൂ.

ജീവിതപ്രതാപവും ആരോഗ്യവും അനുഭവിക്കുന്ന മഹത്തുക്കളുമായി ഞാൻ സഖ്യത്തിലേപ്പെട്ടു. എന്നാൽ ആ മൈത്രിയുടെ ഉദയം അന്ധകാരമയവും നിഷ്പ്രഭവുമായത്രെ ഞാൻ കണ്ടെത്തിയതു്. എന്നിൽനിന്നു് അവർ പഠിച്ചു, ഈശ്വരസേവയിൽ വ്യഗ്രത പ്രദശിപ്പിക്കുവാൻ; പതിവുള്ള പ്രാത്ഥനകഠം മുടക്കുവാൻ; അയൽവാസിയ്ക്കെതിരായി സംസാരിക്കുവാൻ; മിത്രങ്ങളോടു് കപടമായി പെരുമാറുവാൻ. പോരെങ്കിൽ പാപവൃത്തിയിൽ അവർ എന്നെ അനുഗമിച്ചു. ആ അനുകരണം കഠിനപാപങ്ങളിലല്ല; ശരിതന്നെ. എങ്കിലും പാപങ്ങളിൽതന്നെ; അല്പപാപങ്ങളിൽ ദൈവത്തെ ദ്രോഹിക്കുവാൻ ഭയമില്ലാത്തവനാണു ഞാനെന്നു് എൻെറ പ്രവൃത്തി വഴി അവരെ ഞാൻ ധരിപ്പിച്ചു.

പാപരഹിതവും പരിശുദ്ധവുമായ ഹൃദയത്തോടെ ബാലികാബാലന്മാർ എൻെറ പക്കൽ വന്നു. അവരുടെ ഹൃദയം മൃദുവും, എന്തും പതിയുന്നതുമാണല്ലോ. എങ്കിലും അവയിൽ യേശുവിൻെറ തിരുഹൃദയത്തെ ചിത്രീകരിക്കുവാനും അതു് അവരിൽ പ്രതിഷ്ഠിക്കുവാനും ഞാൻ ഉദ്യമിച്ചില്ല. എന്നാൽ ലോകത്തിലെ മണൽത്തരിക്കു തുല്യം വിവിധവും നിരത്ഥകവുമായ നിസ്സാരസന്തോഷ

ത്തെ വിലവെയ്ക്കുവാൻ അവരെ ഞാൻ പഠിപ്പിച്ചു. സ്വർഗ്ഗീയപ്രകാശം ദർശിക്കുവാൻ അവരുടെ പ്രകാശമാനമായ നയനങ്ങൾ എന്നെ വീക്ഷിച്ചു. പക്ഷെ അവ ഞാൻ മ്ലാനീഭവിപ്പിച്ചു. താത്കാലികാനന്ദപ്രകർഷത്തിൽ ഉൽസുകരാകുവാൻ അവയെ തിരിച്ചുവിട്ടു. ദിവ്യനാഥൻ എൻെറ പാർശ്വത്തിൽ ഇല്ലാതിരുന്നതിനാൽ ഇതെല്ലാം സംഭവിച്ചു. എൻെറ ജീവിതാധിപത്യം അവിടുത്തേക്കല്ലായിരുന്നുവെന്നുള്ളതാണു് ഇതിന്നു കാരണം. എൻെറ ജീവിതത്തിൽ അവിടുത്തേയ്ക്കു സ്ഥാനമുണ്ടായിരുന്നില്ല. എല്ലാററിന്നുമുപരി, എൻേറയും ജീവനും ആത്മാവുമായ അവിടുത്തെ ഞാൻ സ്വീകരിച്ചില്ല.

"ഭഗവൻ! അവിടുന്നു് ഇവിടെയുണ്ടായിരുന്നുവെങ്കിൽ എൻെറ സോദരൻ മരിക്കുകയില്ലായിരുന്നു." ഈ വാക്യത്തിൻെറ പ്രതിധ്വനി നമ്മുടെ ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടിരിക്കട്ടെ. യേശു നമ്മുടെ അരികത്തുണ്ടെങ്കിൽ, മനോവാഗ്വ്യാപാരങ്ങളിൽ അവിടുത്തെ അനുഗമിച്ചിരുന്നെങ്കിൽ യാതൊരു ഹൃദയത്തേയും നാം തിരസ്കരിക്കുകയില്ലായിരുന്നു; യാതൊരാത്മാവും നമ്മുടെ പ്രവൃത്തിമൂലം പാപമയമായിത്തീരുകയില്ലായിരുന്നു. അവിടുന്നു നമ്മുടെ പക്കലധിവസിക്കുന്നെങ്കിൽ (അവിടുത്തെ ആനന്ദം നിഷ്കളങ്കമായ ശിശുഹൃദയം പരിലാളിച്ചുപോരുന്നവരോടു സഹവർത്തിക്കുന്നതിലാകുന്നു) യാതൊരു ബാലനും ഹൃദയവ്യഥയോടും ഖിന്നമനസ്സോടുംകൂടി കോപാന്ധനായ പിതാവിനെ വെറുത്തു വിട്ടകലുകയില്ലായിരുന്നു. ദുഃഖകരമായ ആ ക്രൂരിരുട്ടിനെ അകററുവാൻ

നിരവധി സംവത്സരങ്ങൾകൂടിയേ കഴിയൂ. അവിടെ സാമീപ്യം നാം പാലിക്കുന്നുവെങ്കിൽ നൈർമ്മല്യത്തിൽ ദൈവദൂതന്മാരുടെ സഹോദരന്മാരായി വർത്തിക്കുന്ന ശിശുക്കളെ ദൈവനിർദ്ദേശത്തെ വേണ്ടുംവിധം സാധിക്കാത്ത വിദ്യാലയങ്ങളിലേയ്ക്കു് അയക്കുകയില്ലായിരുന്നു. നമ്മുടെ ഗുരുവിനെ അനുസരിയ്ക്കുന്ന അദ്ധ്യേതാക്കൾ നാമായിരുന്നുവെങ്കിൽ ദുരിതമയമായ ലോകത്തിൽ, യാതൊരു തീർത്ഥകനും സങ്കടത്തിൽ കുടുങ്ങി സാന്ത്വനമന്വേഷിക്കുമ്പോൾ, അശരണനായി തള്ളപ്പെടുകയില്ലായിരുന്നു.

സത്തമനായ യേശുവേ! സൗമ്യനായ ദൈവമേ! പാവനസ്നേഹമേ! അവിടുത്തെ പന്ഥാവിൽനിന്നു വളരെ അകലെയാണു ഞാൻ. അവിടുത്തെ പാവനസാന്നിദ്ധ്യത്തെപ്പററിയുള്ള ചിന്തയിൽനിന്നു സ്വാഭാവികമായി വിയുക്തനായിരുന്നതിനാൽ എൻെറ ജീവിതം യോഗ്യമായി നയിക്കുവാൻ ഞാൻ അശക്തനായി ബ്ഭവിച്ചു. എൻെറ അപരാധം വഴി അങ്ങുന്ന് എന്നിൽനിന്നു വിട്ടകന്നു. അതിനാൽ എൻെറ ജീവിതം എനിക്കു കയ്പുള്ളതായിത്തീൎന്നു. ഞാൻ കാരണം എൻെറ സഖാക്കൾക്കും ലോകം കണ്ണീർക്കടലായി. യേശുവേ! മന്ദനായ ഒരു അദ്ധ്യേതാവിൻെറ അപരാധം ക്ഷമിച്ചാലും. ദീഘകാലത്തേക്ക് അലസനായിരുന്നവനെ മാന്ദ്യത്തിൽനിന്നു വിമോചിപ്പിച്ചാലും. ഇതെല്ലാം വാസ്തവമെന്ന് അറിയുന്നതു ദുഃഖകരം. എന്നാൽ ഇതെല്ലാം അവിടുന്ന്

ഒരിക്കലും വിസ്മരിക്കുകയില്ലെന്നു ഞാൻ സംശയിച്ചാൽ അതു് അസഹ്യം; ചിന്തിക്കുവാൻ സങ്കടകരം. ഞാൻ എനിക്കുതന്നെ ഗർഹണീയൻ. അവിടുന്നുകൂടെ, എന്നെ കൈവിടരുതേ. എൻെറ അതീതജീവിതം വിസ്മരിച്ചാലും. ഭാവിയിൽ എൻെറ പക്കൽ അതും വളരെ അടുത്തു് ആയിരുന്നാലും. എന്നാൽ എൻെറ സഹോദരൻ —അവൻ അവിടുത്തേയും സഹോദരനാകുന്നു —മരിക്കുകയില്ല.

"സസ്നേഹം എന്നെ വീക്ഷിക്കുന്ന അവിടുത്തെ സൗമ്യമുഖം ഞാൻ ദർശിക്കുന്നു; അവിടുത്തെപ്പോലെത്തന്നെ സർവമനുഷ്യരേയും സ്നേഹിക്കുവാനുള്ള പ്രസാദവരം എനിക്കു കനിഞ്ഞരുളുവാൻ അവിടുത്തെ ഞാൻ പ്രാർത്ഥിക്കുന്നു.

# അദ്ധ്യായം 22.

## കാവ്യാത്മകത്വം.

ഭഗവാൻ അരുളിച്ചെയ്യുന്നു:—"ഉന്നതത്തിൽ, വിലപനത്തിൻേറയും പ്രലാപത്തിൻേറയും സങ്കടത്തിൻേറയും ഒരു സ്വരം ശ്രവിച്ചു. തൻെറ സന്താനങ്ങളെക്കുറിച്ചുള്ള റാക്കേലി വിലാപമായിരുന്നു അതു്. അവർ ഇല്ലാതിരുന്നതിനാൽ അവൾ ആശ്വസിക്കപ്പെടുവാൻ നീരസം പ്രദർശിപ്പിച്ചു."

കാവ്യാത്മകത്വം വി. ലിഖിതത്തിൽ പ്രധാനം. ഭാവനാത്മനാ, ശതാബ്ദങ്ങൾക്കുമുമ്പു പരേതയായ റാക്കേലിൻെറ വിലാപം ശ്രവിക്കുവാൻ ജറേമിയാസ്സ് നമ്മെ തയ്യാറാക്കുന്നു. അവൾ വിലപിക്കുന്നു; എന്തിന്?, ദൈവം സ്വയം കൈവരിച്ചിരിക്കുന്ന രാജ്യം ഇപ്പോൾ ശൂന്യതയുടെ കേളീരംഗമായതിനെക്കുറിച്ചു്. അവളുടെ പൗത്രർ ബാബിലോണിലേയ്ക്കു ബന്ധിതരായി ആനീതരായപ്പോൾ അവളുടെ ശവകുടീരത്തിൽകൂടി ക്ലേശാവഹമായ യാത്ര തുടൎന്നുപോയി. അവളുടെ ഹൃദയത്തിൽ അവരുടെ പാദത്തിൻെറ ശബ്ദം ചുഴിഞ്ഞുകയറി. അവളുടെ പ്രേമഭാജനങ്ങൾ അവളെ വിട്ടകന്നു. അവളെ മാത്രമല്ല; ഏതൊരുത്തനെ സ്നേഹിക്കുവാൻ അവരെ അവൾ അഭ്യസിപ്പിച്ചു, ആ സ്രഷ്ടാവിനേയും അവർ വിസ്മരിച്ചിരുന്നു. "അവർ....ഇല്ല" സപ്പ്സമാനം ചാടി

കൊത്തുന്ന കശാപ്രഹരത്താൽ അവർ പീഡിതരായിരുന്നു. ശരിയാണ്; എങ്കിലും അവർ ലോകജീവിതം നയിച്ചുപോന്നു. എന്നാൽ അവർ....ഇല്ല! സമാധാനത്തിലും ദൈവൈക്യത്തിലുമാണ് ആത്മജീവൻ. അതുമാത്രമേ യഥാൎത്ഥമായ ജീവനാകുന്നുള്ളൂ. ആ ജീവിതം അവൎക്കു നഷ്ടപ്പെട്ടിരുന്നു. ദൈവാലയസന്ദൎശനം അവർ അവഗണിച്ചു. തത്തുല്യം ദൈവസ്നേഹാജ്ഞനവും നിയമപാലനവും. ഭൌതികകവസ്തുക്കളിൽ അനശ്വരമായ ആത്മസാന്ത്വനം അവർ തേടി. അതിനാൽ റാക്കേലിൻെറ പ്രലാപശബ്ദം ഉയൎന്നു. ബത്ലഹമിലുള്ള ചെറുകുന്നുകളിൽ മാറെറാലികൊണ്ടു.

ഈദൃശവിലാപവും പ്രലാപവും നാം ഇന്നും ശ്രവിക്കുന്നില്ലയോ. എന്നാൽ അതു റാക്കേലിൻെറ സ്വരമല്ല; യാഥാൎത്ഥ്യത്തിലും ഉദാരതയിലും അവളെ അതിശയിക്കുന്നവൻെറ സ്വരമാണ്. അതു മാതാക്കളിൽ അത്യുത്തമയുടേതിനെ വെല്ലുന്നു. പക്ഷെ അതിന്നു് ആശ്വാസം ലഭിക്കുന്നില്ലെന്നു മാത്രം. മഹാലപനാൎത്ഥം മഹാ കാരണം ആവശ്യകം. ഈ അശ്രുഗണം ഇസ്രായേലിൻെറ ശക്തൻേറതാണ്. നരേശ്വരനായ ക്രിസ്തുവിൻേറതു്. നാമാണ് അവിടുത്തെ വിലപനകാരണം. 1900 വത്സരത്തിൽപരം സ്നേഹം അവിടുത്തെ ഒരു കാരാഗൃഹവാസിയാക്കിത്തീൎത്തിരിക്കുന്നു. യജ്ഞവേദിയുള്ള ദിവ്യമണ്ഡപമാണ് അവിടുത്തെ കാരാഗാരം. മന്ദഗാമികളായ ഈ വൎഷങ്ങൾ മുഴുവനും ബന്ധനസ്ഥനായി അവിടുന്നു കഴിച്ചുകൂട്ടി. അവിടെ നിന്നു്, അനന്തസ്നേ

ഹപ്രകാശനമായ അവിട്ടത്തെ ബലിപീഠത്തിൽനിന്നു പ്രത്യുപകാരരഹിതമായ ആക്രോശം; വിസ്മൃതമായ സ്നേഹം, പൊട്ടിപുറപ്പെടുന്നു. അവിടുത്തെ പരിപാവനസാന്നിദ്ധ്യത്തെക്കുറിച്ചു സദാ ചിന്തിച്ചുപോരുന്ന നിർമ്മലവും പൂജ്യവുമായ ആത്മാക്കളുണ്ട്. വാസ്തവംതന്നെ. എന്നാൽ ഈ വിശ്വസ്താത്മാക്കളെ നാം എണ്ണിക്കൊണ്ടിരിക്കേ മാൎഗ്ഗഭ്രംശം പിണഞ്ഞ അനേകായിരം ആളുകളെ കാണുന്നില്ലയോ. അവർ ഈ സ്നേഹപാലകൻെറ വാക്യം ശ്രവിക്കാത്ത ആടുകളാണ്. നമ്മുടെ പരമമിത്രത്തിൻെറ ഹൃദയം വ്യാകുലപ്പെടുത്തുന്നവരാണു നാം. കിഴക്കു പ്രകാശമുദിക്കുന്നതു മുതൽ ക്ലേശഗ്രസ്തമായ ലോകത്തെ അന്ധകാരം വിഴുങ്ങുന്നതുവരെ, അവിടുന്നു യാതൊരുത്തരുടെ ആഗമനം പ്രതീക്ഷിച്ചു, യാതൊരുത്തരോടു സന്ദൎശനാൎത്ഥം യാചിച്ചു, അവരെ—തൻെറ സ്നേഹിതരായ നമ്മെ—കാത്തിരിക്കുന്നു. എന്നാൽ നാം അവിടെ പോകുന്നില്ല. അവിടുത്തെ ഭവനത്തിൻെറ ബഹിർവ്യാപാരനിരതരായിരിക്കുന്നു. അവിടുത്തോടുകൂടി അല്പസമയം സമ്പൎക്കം സാധിക്കുവാൻ നാം ഇഷ്ടപ്പെടുന്നില്ല. നമ്മുടെ പാദശബ്ദം അവിടുന്നു ശ്രവിച്ചുകൊണ്ടുതന്നെയിരിക്കുന്നു. അവിടുത്തോടു മധുരഗാഥ ആലാപിക്കുവാൻ ഇഷ്ടപ്പെടാത്തവരുടെ വാഗ്വിലാസവും. ആശ്വാസരഹിതമായ വിലപനത്താൽ അവിടുത്തെ ഹൃദയം ക്ലേശിക്കുന്നു. അവിടുത്തെ സന്താനങ്ങ'ളില്ലാ'ത്തതാണ് അതിൻെറ കാരണം. ശരിയാണ് അവർ ജീവിച്ചുപോരുന്നുണ്ട്; നിരൎത്ഥകമായ ലോകത്തിൻെറ അ

ഭിലാഷങ്ങൾക്ക് അതീവ ദത്തശ്രദ്ധരായി; ക്ഷണികാത്മകമായ ലോകാഡംബരങ്ങളെ ഒന്നൊന്നായി വേഗം അനുഗമിക്കുന്നവരായി; പരമമിത്രത്തിൻെറ അനന്തസ്നേഹപ്രചോദനത്തിനു ബധിരരായി; ദിവംഗതനായി; അവിടുത്തെ അടുക്കലേക്കു നമ്മെ ആകർഷിക്കുന്ന പ്രസാദവരവശീകരണത്തിനു വിഷയീഭവിക്കാത്തവരായി.

യേശുവേ! സ്നേഹാത്മൻ! അവിടുത്തെ സ്നേഹത്തിന് എത്രമാത്രം നിസ്സാരമായ പ്രതിസ്നേഹമാണു ഞാൻ പ്രദർശിപ്പിച്ചിട്ടുള്ളതെന്ന് ആരായുമ്പോൾ പരിഭ്രമവും ലജ്ജയുംപൂണ്ടു ഞാൻ മുഖം താഴ്ത്തുന്നു. കഴിഞ്ഞകാലത്ത് അവിടുത്തെ സാന്നിധ്യംതന്നെ ഞാൻ വിസ്മരിച്ചുപോന്നു. തുറന്നുകിടക്കുന്ന ദൈവാലയവാതുക്കൽകൂടി പലപ്പോഴും അഗണ്യമായി ഞാൻ കടന്നുപോയി. ഇമ്മാതിരി അവഹേളിച്ചിട്ടുള്ള മിത്രങ്ങളുടെ എണ്ണം അല്പം. ഇത്തരം പീഡിപ്പിച്ചിട്ടുള്ളവരുടെ എണ്ണവുമതിതുഛം. എൻെറ അതീതദിവസത്തിലെ കൃതഘ്നത എന്നോടു ക്ഷമിച്ചാലും. ഭാവിജീവിതത്തിൽ പ്രസാദവരസാഹായ്യത്താൽ അവിടുത്തെ വിശ്വസ്തശുശ്രൂഷകക്കു തുല്യമാകുവാൻ ഞാൻ ഉറച്ചിരിക്കുന്നു. ഒരു ക്ഷണനേരം മാത്രമെങ്കിലും അവിടുത്തെ സന്ദർശിക്കാതെ ഒരിക്കലും ദിവ്യഗേഹം അതിക്രമിച്ചു ഞാൻ കടന്നുപോകുകയില്ല. നമ്മുടെ മൈത്രിയുടെ പരസ്പരാനന്ദം മേലിലൊരിക്കലും— അവിടുത്തേയ്ക്കും എനിക്കും —ഒരിക്കലും നശിപ്പിക്കുകയില്ല. അതിനാൽ അന്നു പ്രവാചകൻ ജനതയോടു പറഞ്ഞതുപോലെ, ഇ

ന് അവിടുത്തോടു ഞാൻ അറിയിക്കട്ടെ. 'അവിടുത്തെ സ്വരം വിലപനത്തിൽനിന്നും കണ്ണുകൾ അശ്രുധാരയിൽനിന്നും വിമോചിച്ചാലും. അവിടുത്തെ ക്ലേശം സഫലീഭവിച്ചിരിക്കുന്നു; സന്താനങ്ങൾ സ്വരാജ്യത്തേക്കു പ്രത്യാഗമിക്കും.' നമ്മുടെ ചിരന്തനമിത്രത്തെ സ്നേഹിക്കുവാൻ നമുക്ക് അഭ്യസിക്കാം.

സൂര്യപ്രകാശത്താൽ പ്രോജ്വലിച്ചുകൊണ്ടിരിക്കുന്നതും ഗാനത്താൽ മുഖരിതവുമായ ലോകത്തിലൂടെ, സൗന്ദര്യം, ശക്തി, അഹംകാരം എന്നിവയുടെ മദ്ധ്യേ പ്രതിദിനം പുരോഗമനമാർഗ്ഗം തിരയുന്ന ദൈവത്തിൻെറ ബാലാ! നീ എന്താകുന്നു? എൻെറ ആത്മാവു് പ്രതിവചിച്ചു.

# അദ്ധ്യായം 23.

---

## ലക്ഷ്യം.

"ഒറിയണനേയും ആർത്തുസ്സിനേയും സൃഷ്ടിച്ചവനെ, അന്ധകാരത്തെ പ്രകാശമാക്കുന്നവനെ, പകലിനെ രാത്രിയാക്കുന്നവനെ, സമുദ്രത്തെ വിളിച്ചുയർത്തി ഭൂമുഖത്തു മഴ വർഷിപ്പിക്കുന്നവനെ അന്വേഷിക്കുക. അവിടുത്തെ നാമം നാഥനെന്നാകുന്നു."

ചിലപ്പോൾ അസന്തുഷ്ടി നമ്മുടെ ഹൃദയത്തെ വലയംചെയ്യുന്നു. അതു നമ്മെ ഇതികർത്തവ്യതാമൂഢരാക്കുന്നു, കമ്പിതചിത്തരാക്കുന്നു. അതു കേവലം അനിയന്ത്രിതമായ ഒരു വികാരമല്ല; ലോകേച്ഛുക്കളുടെ വ്യഗ്രഭാവവുമല്ല; മൌലികവും അതിപ്രധാനവും ആയ ഒരു മനോരഥമാണ്, അതിവിദഗ്ദരുടെ ചിന്തകൾപോലും പാത്രീഭവിച്ചിട്ടുള്ള ഒരു സംഗതിയും. ലോകം അതിൻെറ ആനന്ദവും, നന്മയും, സൌന്ദര്യവും പ്രതാപവും നമുക്കു പ്രദാനം ചെയ്യുന്നു. പക്ഷെ ഈ രാഗം മനുഷ്യനിൽ നിലനിന്നുപോരുന്നു. അതു എന്തുകൊണ്ടു? മനുഷ്യനാണ് നിശ്ചയമായും ലോകത്തിൻെറ യജമാനൻ. എങ്കിലും ഈ ചെറിയ ഹൃദയം എന്തുകൊണ്ടു ശാന്തിപ്രാപിക്കുന്നില്ല. എന്തുതന്നെ നമുക്കു കരഗതമായിട്ടുണ്ടെങ്കിലും, വേണ്ടതില്ല, ഇപ്പോൾ വിവേചനയെന്യേയും, അപ്പോൾ ബുദ്ധിപൂർവ്വവും, ഒരു വസ്തു അല്ലെങ്കിൽ മറെറാന്ന്, ആത്മി

കദാഹശമനാത്ഥം കൈവശപ്പെടുത്തുവാൻ നാം കരം നീട്ടുന്നു. വിത്തത്തെ നാം സേവിക്കുന്നു. പക്ഷേ, അതു ക്ഷണികം മാത്രം. പൂണ്ണസമാധാനം അതു് നല്കുന്നില്ല. നാം വിശ്വപ്രഖ്യാതരായിരിക്കാം. എന്നാൽ ആ പ്രാഭവം നമ്മുടെ സുഖതല്പരതക്ക് കൂടുതൽ ക്ലേശം വരുത്തിവെക്കുന്നുവെന്നുമാത്രം. വിഷയാത്മകമായ നിരത്ഥകാനന്ദം, കണ്ണുനയനജിഹ്വാദീന്ദ്രിയങ്ങളുടെ സംതൃപ്തി അനാശാസ്യമായ ഈ അസന്തുഷ്ടിയെ നമ്മിൽ ജനിപ്പിച്ചുപാലിച്ചുപോരുന്നു. നമുക്കു ചുററുമുള്ള അധമസൃഷ്ടങ്ങളുടെ—അധമാംശത്തിൻെറ താളത്തിന്നു തുള്ളേണ്ടവരോ നാം?

ഒരിക്കലുമല്ല. ബുദ്ധിയും വിശ്വാസവും ഒന്നുപോലെ ഈ വാസ്തവം പഠിപ്പിക്കുന്നു. ആ അപൂരിതമായ ആഗ്രഹങ്ങൾക്കു ഒരു ലക്ഷ്യമുണ്ട്. ഹൃദയാഭിലാഷത്തിന് ഒരന്തരമുണ്ട്. എന്നാൽ അതു് സാധാരണമായി നമ്മുടെ ഹൃദയരംഗത്തെ നിക്ഷേപിക്കുന്ന സ്ഥലത്തല്ല; മായാത്മകമായ ഇഹത്തുമല്ല. നമ്മുടെ ഹൃദയം അവിസ്തൃതം; കേവലം തുടങ്ങിയതു്. എങ്കിലും അതിനെ സംതൃപ്തമാക്കാൻ യാതൊന്നിനും ശക്തിയില്ല; ദൈവത്തിന്നു മാത്രം അഭ്യസ്തവിദ്യർ നമ്മുടെ അന്തരംഗങ്ങൾ എണ്ണിത്തരംതിരിക്കുന്നു. എന്നാൽ അവയെ മുഴുവൻ സംതൃപ്തമാക്കുവാൻ നിത്യതൃപ്തനായ ദൈവത്തിന്നു മാത്രമേ സാധിക്കു. ആ അന്ധകാരാത്മകമായ ഹൃദയാഭിലാഷം ദൈവത്തെ പ്രാപിക്കുവാനുള്ള സ്വാഭാവികമായ പ്രേരണമാത്രമായിരുന്നുവെന്നു പൂണ്ണമായും ദൃഢമായും നാം അവധാര

ണംചെയ്യുമ്പോഴും, സാക്ഷാൽ കരിക്കുമ്പോഴും, പ്രശംസാഹമായ ഒരു സമനില പാലിക്കുവാൻ നമുക്കു കഴിയും. 'ഞാൻ ദൈവത്തിനും ദൈവം എനിക്കും' ഇവ്വിധം, സദാ, സർവ്വസ്ഥലത്തുമായിരിക്കട്ടെ. ഇതായിരുന്നു സിദ്ധരുടെ പ്രവത്തനശക്തി!

കത്തോലിക്കക്ക് ഇതു് എത്രമാത്രം ആശ്വാസകരം! നമ്മുടെ ഹൃദയത്തിൻെറ വിപുലാഗ്രഹങ്ങളെ പരിചരിപ്പിക്കുവാൻ, അസന്തുഷ്ടി പരിഹരിക്കുവാൻ, സജീവനായ ദൈവത്തിൻെറ പുത്രനും സജീവ ദൈവവുമായ യേശുക്രിസ്തു, ജീവിക്കുന്നവരേയും മരിച്ചവരേയും വിധിപ്പാൻ വരുന്നതുവരെ എല്ലായ്പ്പോഴും നമ്മുടെ പക്കൽ അധിവസിക്കുന്നുണ്ടു്. തലമുറ തലമുറയെ അനുഗമിക്കുന്നു. എന്നാൻ നമ്മുടെ പിതാക്കന്മാരോടും പിതാമഹന്മാരോടും ദൈവം വത്തിച്ചതുപോലെ നമ്മോടും നാം അവിടുത്തെ അന്വേഷിക്കുന്നെങ്കിൽ കണ്ടെത്തുവാനും നമ്മുടെ ഹൃദയത്തിൻെറ ദുരിതമയമായ പരിശ്രമം അന്തംപ്രാപിക്കുവാനും നമ്മുടെ സമീപത്തു് അവിടുന്നു നില്ക്കുന്നു.

യേശുവേ! എൻെറ ദൈവമേ! ഇതെല്ലാം ഗ്രഹിക്കാതിരിക്കത്തക്കവണ്ണം എൻെറ ഹൃദയം കട്ടത്തിരിക്കുന്നു. മാത്രമോ! വിരൂപവും, നിരത്ഥകവും, വിലക്ഷണവുമെങ്കിലും അതു അവിടുത്തേയ്ക്കുവേണ്ടി സൃഷ്ടമായിരിക്കുന്നുവെന്നു ഞാൻ അറിയുന്നു. അങ്ങുന്നു് അല്ലാതെ മററു യാതൊരുത്തനും അതിന്നു അഭിലാഷസാഫല്യം വരുത്തു

കയുമില്ല. എങ്കിലും അതിപ്പോൾ ഇവിടേയും അപ്പോൾ അവിടേയും വിശ്രാന്തി അന്വേഷിക്കുന്നു. യാതൊന്നിലും ശാശ്വതസമാധാനം അതു കണ്ടെത്തുന്നില്ല. മനുഷ്യാഗ്രഹത്തിലുള്ള മായാത്മകത്വം എന്നെ പഠിപ്പിച്ചാലും. അങ്ങുന്നുമാത്രം എൻെറ ഹൃദയത്തിൻെറ ഏകാഭിലാഷമാകുവാൻ ലോകപ്രഭാവം ക്ഷണികമെന്നും എൻെറ ഓരോ പ്രവൃത്തിയിലും ഞാൻ അഭ്യസിച്ച പാഠം പ്രകാശിപ്പിപ്പാൻ കനിഞ്ഞാലും.

'എവിടെയെല്ലാം സൂര്യൻ പ്രകാശിക്കുന്നു, അവിടെയെല്ലാം മനുഷ്യൻ തനിക്കുതന്നെ അറിയാതെ ദൈവത്തെ അന്വേഷിച്ചു ശീഘ്രഗതിയിൽ പായുന്നു. അവൻെറ ഈ ഗതിതന്നെ ഒരു പ്രാർത്ഥന. അവനോടു അവൻ ദൈവത്തെ തിരഞ്ഞാണു് ക്ലേശിക്കുന്നതെന്നു പറഞ്ഞാൽ അവൻ ആശ്ചര്യം കൊള്ളുന്നു. താൻ വ്യാപാരാർത്ഥം ക്ലേശിക്കുന്നെന്നു അവൻ വിചാരിക്കുന്നതാണു് അതിനുള്ള കാരണം.

# അദ്ധ്യായം 24.

## വിജയം.

"പത്രോസ് അവിട്ടത്തോട്ട് പ്രതിവചിച്ചു. നാഥാ! ഭഗവൻ! രാത്രിമുഴുവനും ഞങ്ങൾ ക്ലേശിച്ചു, യാതൊന്നും ലഭിച്ചിട്ടില്ല." ലൂക്ക 5-5.

ഗലീലിയൻ തടാകതീരത്തെ ബാലാക്കകിരണങ്ങൾ അശ്ലേഷിക്കുവാൻ തുടങ്ങുന്നു! പെരേയായിലുള്ള ചെറുകുന്നുകൾ നവജാതമായ ആകാശമണ്ഡലത്തെ നോക്കിനില്ക്കുന്നു. അപ്പോൾ ഈ ഉൾക്കടലിൽ ആദായകരമാംവണ്ണം പ്രയത്നിച്ച്, നിറഞ്ഞ തോണികളോട്ടുകൂടി ആശ്വാസപ്രദായകമായ തീരത്തെ പ്രതീക്ഷിച്ച്, ക്ഷീണഗ്രസ്തന്മാരായ തോണിക്കാർ പോന്നിരുന്നു. എന്നാൽ ഒരു വഞ്ചിമാത്രം വെള്ളത്തിൻെറ ഉപരിഭാഗത്തുകൂടി, അല്പംമാത്രം താഴ്ന്ന് നീന്തിക്കൊണ്ടിരുന്നു. യാതൊന്നും ലഭിക്കാതിരുന്നതിനാൽ അശ്രദ്ധനായ ഒരുത്തൻ അതു തുഴഞ്ഞിരുന്നു. ആ രാത്രി മുഴുവനും അഗാധസമുദ്രത്തിൽ വലയിറക്കി സസൂക്ഷ്മം അവർ തിരഞ്ഞുനോക്കിയിരുന്നു. പക്ഷെ നിഷ്ഫലം. അവക്കു യാതൊന്നും കിട്ടിയില്ല.

ഈ ജീവിതത്തിൽ വിജയത്തെപ്പോലെ കാര്യമായി മറെറാന്നും മനുഷ്യൻ ആഗ്രഹിക്കുന്നില്ല. ഉദ്യോഗത്തിലോ, കച്ചവടത്തിലോ, ദുരിതമയമായ നാവികവൃത്തിയി

ലോ, എന്തിലായാലും വേണ്ടതില്ല, അപജയമൊന്നുമാത്രമാണ് അവനു ഭയങ്കരം. ആ മ്ലാനത മാത്രമാണു ജീവിതത്തിന്റെ ഓരോ നിമിഷത്തേയും അന്ധകാരമയമാക്കിച്ചെയ്യുന്നത്. നമ്മുടെ ശക്തിക്ക് അനുയോജ്യമാംവിധം യത്നിച്ചു, നമ്മുടെ ശക്തിയുടെ അവസാനകണ്ണിപോലും ഖണ്ഡിച്ചു, നമ്മുടെ ഉന്മേഷസിര അദ്ധ്വാനത്താൽ നശിപ്പിച്ചു, ഇന്നോ നാളെയോ വിജയം ഹസ്തഗതമാക്കാമെന്നു നിനച്ചുപോന്നു. അപ്പോൾ ജീവിതോദ്യമം ധൂളിഭവിച്ചതായി ദശിക്കുവാൻ ഇടയാകുന്നുവെങ്കിൽ മനുഷ്യനു വിചാരിപ്പാൻ സാദ്ധ്യമാകുന്നതിൽ നിശിതതമമായ നൈരാശ്യം നാം അനുഭവിക്കുന്നു. "ധൂളീകൃതമായ വത്സരത്തിന്റെ ഭസ്മത്തിലാണു ഞാൻ നില്ക്കുന്നത്; എന്റെ ദിവസം പൊട്ടിപ്പൊഴിഞ്ഞു. ധൂമപടലമായി ഉയന്നു. നദിയിൽ സൂര്യപ്രകാശമെന്നപോലെ എന്റെ ദിവസങ്ങൾ ഛിന്നഭിന്നമായി ചിതറി. ഇത്തരം കഥാകഥനം ഹൃദയത്തെ അതിവ വ്രണപ്പെടുത്തുന്നു. എങ്കിലും നമ്മിൽ ചിലർ ഇവ്വിധം പറയുവാൻ ദൈവം അനുവദിക്കും.

ഇതു ക്ഷണികമായ ജീവിതോദ്യമത്തെമാത്രം സ്പശിക്കുന്നതാണ്. ഇതേപ്പററി ഇങ്ങനെയെങ്കിൽ ജീവിതത്തിന്റെ പ്രധാനോദ്ദേശ്യം വിഫലമാകുന്നുവെങ്കിൽ എന്തു പറയേണ്ടു. അതു അപജയത്തിൽ കലാശിക്കുന്നെങ്കിൽ! യാതൊരു വിജയവും കരഗതമാക്കാതെ ശ്മശാനസ്ഥലം പ്രാപിക്കുക സങ്കടകരംതന്നെ. എന്നാൽ ദൈവത്തിനു ഹൃദ്യമായ പുണ്യമാജ്ജിക്കാതെ മരണംപ്രാപിക്കുക എ

ന്നതു് നിത്യമായ ക്ലേശം സ്വയം വരിക്കുകയാണു്. ലോകത്തിൽ നാം യത്നിക്കുവാനാണു് ഈശ്വരൻ അഭിലഷിക്കുന്നതു്. മരണനിമിഷംവരെ ക്രയവിക്രയം നടത്തി ദിവ്യവിത്തം നേടേണ്ടവരാണു നാം. നമ്മിൽനിന്നു സമയത്തിനൊ, നിത്യത്വത്തിനൊ കവൎന്നെടുക്കുവാൻ സാധിക്കാത്ത ദിവ്യസമ്പത്തു ഈ ക്ഷണസമയംകൊണ്ടു ആൎജ്ജിക്കേണ്ടവരാണു നാം. എപ്പോൾ പിതാവു നമ്മെ വിളിക്കുന്നു, അപ്പോൾ അദ്ദേഹത്തിൽ എത്തിച്ചേരേണ്ടവരാണു നാം. അതിന്നു ഇപ്പോൾ യത്നിക്കുന്നുണ്ടു്. നാം കഠിനപാപത്തിനു വിധേയരാകാതിരിപ്പാൻ ദൈവം കടാക്ഷിക്കട്ടെ. ഘോരപാപം ആചരിക്കുന്നവരെങ്കിൽ നാം അതിനിലധനരാകുന്നു; സായൂജ്യമൎഹിക്കുവാൻ പോരുന്ന യാതൊന്നും നമ്മുടെ കൈവശമുണ്ടാകുകയില്ലതാനും. എന്നാൽ നാം സത്തരമായ ധനം ആൎജ്ജിക്കുവാൻ മത്സരിക്കുന്നുണ്ടോ! സദാ പ്രസാദവരത്താൽ നമ്മുടെ ഭാണ്ഡം നിറക്കുവാൻ നാം ഉത്സാഹഭരിതരൊ! ഉണൎന്നുകഴിഞ്ഞാൽ നിദ്രയ്ക്കുപോകുന്നതുവരെ ഈ നിത്യസ്വൎണ്ണം കൈവശപ്പെടുത്തുവാൻ ക്ലേശിക്കണം. നിദ്രതന്നെ അതു അൎഹിക്കുന്ന ദിവ്യസമ്മാനം ലഭിക്കുമാറു ദൈവത്തിനു നിവേദിതമായിരിക്കണം. ഏകദാ അല്പമായ ഒരു ആത്മത്യാഗം; തിക്തമായ ഹൃദയത്തിനു മാധുൎയ്യംനല്കുന്ന ഒരു നിസ്സാരപ്രവൃത്തി. അന്യദാ, 'മറുകര'യെപ്പററി ഒരു സുവിദിതമായ വിജ്ഞാനം ലഭിക്കുവാൻ നമ്മുടേയും അന്യരുടേയും കണ്ണുകളുദ്ദീപ്തങ്ങളാക്കുന്ന ഒരു മനോഗതം. ഈ ആചാരങ്ങൾ പാരത്രികമായി നമ്മെ വൎദ്ധി

തസമ്പന്നരാക്കിത്തീക്കുന്നു. സ്നേഹാത്മനായ മിത്രത്തെ ത്വരിതം സന്ദശിക്കുക, നമ്മുടെ പുരോഗമനത്തെ തടയുന്ന ദുരിതങ്ങാം തരണംചെയ്തു, ക്രൂശുംവഹിച്ചു ദിവ്യനാഥനെ അനുഗമിക്കുക, പ്രലോഭനങ്ങളെ വിജയപൂവ്വം തള്ളിനീക്കുക, ഇവയും ഈദൃശങ്ങളും ദൈവികവിത്ത സമ്പാദനത്തിൽ നമ്മെ ഉത്തമ വ്യാപാരികളാക്കിത്തീക്കുന്നു.

പ്രിയ യേശുവേ! അവിടുത്തെ പക്കലെണഞ്ഞു, അതീതകാലത്തെപ്പററി ചിന്തിക്കുമ്പോാം സൎവ്വാവഹമായവയിലെല്ലാം ഞാൻ അതിനിദ്ധ്നനെന്നു ഗ്രഹിക്കുന്നു. ക്ഷണഭംഗുരമായ വിലോഭനങ്ങളുടെ വിലക്ഷണശിശു—ഞാൻ—ലോകത്തിലെ സൎണ്ണഖചിതമായ ആഡംബരമനുഗമിക്കുവാൻ ഉത്സുകനും. എനിക്കു എന്തു വാങ്ങിക്കുവാൻ അവിടുന്നു ക്രൂശിൽമരിച്ചു, തദത്ഥം യത്നിക്കുവാൻ ഞാൻ മന്ദോത്സാഹനായിരുന്നു. ഈ ചരിത്രം അതീതകാലത്തേതു് മാത്രമായിരിക്കട്ടെ. ഇതഃപരം അവിടുന്നു മുഖംതിരിച്ചാലും; എൻെറ വിവേകശൂന്യത ദൂരെത്യജിക്കുവാൻ എൻെറ ഓരോ പ്രവൃത്തികളിലും—പ്രാത്ഥന, വിനോദം, ജോലി, ഇവയിലെല്ലാം ഞാൻ അവിടുത്തെ ഗൃഹത്തിലേക്കു പാരത്രികധനത്താൽ വിഭൂഷിതനായി പ്രവേശിക്കുവാൻ.

# അദ്ധ്യായം 25.

## നിമ്മലരക്തം.

“അവിട്ടത്തെ (യേശുവിനെ) വഞ്ചിച്ച യൂദാസ്സ് അദ്ദേഹം മരണശിക്ഷക്കു വിധിക്കപ്പെട്ടിരിക്കുന്നുവെന്നു കണ്ടുകൊണ്ട് മനസ്തപിച്ചു പ്രധാന പുരോഹിതന്മാരുടേയും പ്രമുഖന്മാരുടേയും 30 വെള്ളിനാണ്യം കൊണ്ടുവന്നു; പറഞ്ഞതാവിതു്. നിമ്മലരക്തത്തെ ഊററി കൊടുത്തതിനാൽ ഞാൻ അപരാധിയായിരിക്കുന്നു. അവർ പ്രതിവചിച്ചു. അതുകൊണ്ടു ഞങ്ങൾക്കെന്താ! അതെപ്പററി ചിന്തിച്ചുകൊള്ളുക.” മക്കോസ് 27—3-4.

സമയം, പ്രഭാതം. ദുഖവെള്ളി, ദൈവാലയത്തിൽ യൂദാസ്സിതാ രണ്ടാം പ്രാവശ്യവും ആനതനായിരിക്കുന്നു. ഇപ്പോൾ അവൻ വന്നിരിക്കുന്നതു് പാപകാരണമായ ആ മുപ്പതു് വെള്ളിക്കാശ്ശു് അമിതമായി വിലമതിച്ചുകൊണ്ടല്ല; ലജ്ജാവഹമായ അപരാധസ്മരണയിൽനിന്നു ചുഴിഞ്ഞുകയറുന്ന വ്യഥയാൽ പ്രേരിതനായി വ്യഗ്രനായനായി, സവ്വാശയുമസ്തമിക്കുവാൻപോകുന്ന ആ അവസാനനിമിഷം, തൻെറ നാഥനെ മരണശിക്ഷയിൽനിന്നു രക്ഷിക്കുവാൻ ശ്രമിച്ചുകൊണ്ടാണു ദൈവാലയത്തിൽ അവൻ പാഞ്ഞെത്തിയതു്. പുരോഹിതസമക്ഷം നിലകൊണ്ടു് അവരുടെ സിരകളിലുള്ള രക്തം ഘനീഭവിപ്പിക്കുമാറു അവനാക്രോശിച്ചു. ‘നിമ്മലരക്തം ഊററിക്കൊടുത്തതിൽ ഞാൻ അപരാധിയായിരിക്കുന്നു. ഝടുതി

രക്തമയവും രക്തപ്രായവുമായ ആ പ്രോജ്വലനേത്രങ്ങൾ ആർദ്രമായ ഒരു വീക്ഷണം പ്രതിക്ഷിച്ചുകൊണ്ട് ഒന്നു ഒന്നിനെനോക്കി. ഓരോ അധരവും കരുണാപൂർണ്ണമായ വാക്യം ഉച്ചരിക്കുവാൻ ഒന്നു മറെറാന്നിനോടു ആവശ്യപ്പെട്ടം. ഫലം നാസ്തി. ആരും അതിന്നു മുതിൎന്നില്ല. ആദരപ്രതികൂലസൂചകമായ ആ വീക്ഷണം യൂദാസിനെ ഒരു പാപകരമായ ബലിയാക്കിത്തീൎത്തു. സദാ ഉന്മേഷശാലികളായ ആ പുരോഹിതന്മാർ അന്നത്തെ ഈശ്വരനിഗ്രഹത്തോടെ വേറൊരു കൊലക്കൂടി നടത്തി. യൂദാസ്സ് അവിടംവിട്ടുപോയി തൂങ്ങിമരിച്ചു.

ജീവിതത്തിൽ വിവിധാവശ്യങ്ങളാൽ പ്രേരിതരായി ദുഷ്ടർ നമ്മെ അഭയംപ്രാപിക്കുന്ന സമയമുണ്ടാകും. ഒരു പക്ഷെ ആ അധാൎമ്മികന്റെ ജീവിതം ഭയങ്കരപാപങ്ങളാൽ ദുഷ്ടമായിരിക്കാം. ഈശ്വരന്റേയും മനുഷ്യന്റേയും നിയമം നിരന്തരം നിരാകരിച്ചിട്ടുള്ളവനാകാം അവൻ. എങ്കിലും ഇപ്പോൾ സന്തപ്തമാനസനായി സായൂജ്യോപയുക്തമായ പന്ഥാവിലൂടെ ചരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടും നമ്മുടെ സഹായം കേണപേക്ഷിച്ചുകൊണ്ടും ആ നികൃഷ്ടൻ ഇതാ ആഗതനായിരിക്കുന്നു. അവൻ ഒരു കുടിലഹൃദയനാകാം. അപഖ്യാതി അവനിൽ ധാരാളം. ആവൎത്തിച്ചാവൎത്തിച്ചുള്ള വാഗ്ദാനം അവൻ അതിലംഘിച്ചിട്ടുണ്ട്. വാസ്തവം തന്നെ. പക്ഷെ, ഇപ്പോൾ അവന്റെ ദുൎമാൎഗ്ഗം അവൻ പാടെ വെടിഞ്ഞിരിക്കാം. കരുണാപൂൎവ്വം നാം കരം നീട്ടുകമാത്രം ചെയ്താൽ അവൻ സ്വൎഗ്ഗപദത്തിലൂടെ സഞ്ചരിച്ചേക്കാം. വിവിധജോലിക്കുമദ്ധ്യേ ഒരു സാന്ത്വനവചനം ശ്രവിക്കുവാനും സാഹാ

യ്യകരം ആശ്ലേഷിക്കുവാനും ആമോദം അനുഭവിക്കുവാനും പ്രതിദിനം നമ്മെ— നാം കൃത്യാന്തരബാഹുല്യത്താൽ വലയുന്നവരാണ്; അഥവാ ആത്മസംതൃപ്തിയോടുകൂടി പ്രസംഗവേദിയിലൊ ബലിപീഠത്തിങ്കലോ വ്യാപരിക്കുന്നവരാണ് അസ്വാസ്ഥഹൃദയർ. അവരെ നാം അഭയം പ്രാപിക്കുന്നു. അവരുടെ ദുഃഖഭാരത്തേയും പാപക്ലേശത്തേയും പററി നമ്മെ അറിയിക്കുന്നു. പിതാക്കന്മാർ, മാതാക്കൾ ഏവക്കും ഇത്തരത്തിലുള്ള ഹൃദയപീഡയെ സമാശ്വസിപ്പിക്കാൻ ചുമതലയുണ്ട്.

ആചാൎയ്യന്മാർ, സഹപ്രവൎത്തകർ, മിത്രങ്ങൾ തുടങ്ങി ബാലന്മാർ അവരെ സമീപിക്കുന്നു. അവർ ആത്മാവും പാപത്താൽ അലങ്കോലപ്പെടുത്തുവാൻ തുടങ്ങിയിട്ടേയുള്ളു. ഇപ്പോൾ അവരെ ഉപദേശിക്കുന്നപക്ഷം അത്തരം ദുരാചാരജീവിതം എന്നേയ്ക്കുമായി അവർ പരിവൎജ്ജിക്കും. ദിവ്യപഥമതിലംഘിച്ചു ചരിക്കുവാനാരംഭിക്കുന്ന യുവാക്കന്മാരായിരിക്കാം അവർ. എന്നാൽ അവരെ അന്യഥാ നയിക്കുന്നെങ്കിൽ പിതൃഗൃഹത്തിലേക്കു അവർ തിരിഞ്ഞേക്കാം. അവർ ആ മാൎഗ്ഗം അന്വേഷിക്കുവാൻ ലജ്ജിക്കുന്നെന്നുമാത്രം. വൃദ്ധന്മാർ, പലപ്പോഴും തങ്ങൾതന്നെ ജീവിതത്തിൽ വരുത്തി ദുരിതമയമായ ക്ലേശത്താൽ വലയുന്നവരായി സങ്കോചപൂൎവ്വം നമ്മെ ശരണം പ്രാപിക്കുന്നു. സങ്കടനിവാരണം അല്പമെങ്കിലും ഉണ്ടാക്കിക്കൊടുപ്പാൻ അപേക്ഷിക്കുന്നു. അപ്പോൾ പഴയനിയമത്തിലെ അവിശ്വാസ്തപുരോഹിതന്മാരെ നാം സസന്തോഷം ചിലപ്പോൾ അനുഗമിക്കുന്നു. കഷ്ടം! മാൎഗ്ഗഭ്രംശം പിണ

ഞ്ഞു അലഞ്ഞു നടക്കുന്നതിനെപ്പററി അവരെ നാം പഴി ക്കുക പതിവുണ്ട്. എന്നാൽ നാം നിനക്കുന്നില്ല; നമ്മു ടെ ഉദ്ദ്യോഗം അവരെ അധിക്ഷേപിക്കുവാനും അവഹേ ളിക്കുവാനുമല്ലെന്നു്. അഹംഭാവത്തോടുകൂടിയ ശകാരവ ർഷംപൊഴിക്കുക നമ്മുടെ കടമയല്ല അതെ അതു നമ്മുടേ തെന്നൊന്നു നല്ലവണ്ണം നാം ഗ്രഹിക്കണം. ക്ഷുത്പിപാ സാബാധിതമായ ആത്മാവിൽനിന്നു ഭക്ഷ്യപാനീയങ്ങൾ അപഹരിക്കേണ്ടവരല്ലനാം. നമ്മളും ബഹിഷ്കൃതരാണ്. നമ്മുടെ പിതൃഭവനം അതിവിദൂരം. നമുക്കു മദ്ധ്യെ മാ ർഗ്ഗം പ്രമാദംപിണയുകയില്ലെന്നു ആർ കണ്ടു. അപ്പോൾ നാം എന്തുചെയ്യും. പോരെങ്കിൽ നമ്മുടെ ശാശ്വതമി ത്രത്തിൻെറ ജീവിതരീതി അത്തരത്തിലുള്ളതല്ലായിരുന്നു. ഇന്നും അത്തരമല്ലതാനും 'അവിടുന്നു് ഉണങ്ങിയ ഞാങ്ങ ണ ഞെരിച്ചില്ല. കത്തുന്ന പന്തം കെടുത്തില്ല' ദേഹി ദേഹത്തിൽനിന്നു പിരിയുന്നതുവരെ അവിടുന്നു തൻെറ പ്രസാദവരം നമ്മുടെ മേൽ വർഷിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ കഴിഞ്ഞ ജീവിതത്തെപ്പററി അവിടുന്നു ചിന്തി ക്കുന്നേയില്ല. ഇങ്ങനെ ദിവ്യനാഥൻ സദാ അനുകമ്പ പ്രദർശിപ്പിക്കുമ്പോൾ നാമാണൊ വിധിയാളന്മാരായി വ ർത്തിക്കുവാൻ മുതിരുന്നതു്. മനുഷ്യഹൃദയം വികാരവി ധേയം, അപകവം, പരാവഹേളനത്തിൽ വ്യഗ്രത പ്രാ പിക്കുന്നതും. അതു് അതിതീവ്രവ്യഥ അനുഭവിക്കുവാൻ നാം ഇടകൊടുക്കുമോ? ഒരു പക്ഷേ അവക്കു അന്യരി ലുള്ള വിശ്വാസം അസ്തമിച്ചിട്ടുണ്ടാകാം, അവരുടെ ശ രണം തീരെ നഷ്ടീഭവിച്ചിട്ടുണ്ടാകാം. അവരുടെ അന

ത്ഥകരമായ മുൻ വിധിക്കു മാററു കൂട്ടുവാൻ കരുത്തുള്ള തൊ നമ്മുടെ പ്രവൃത്തി! ഒരു പക്ഷെ ദൈവനിയോഗ പ്രകാരം അവരെ അവിടുത്തോടു അനുബന്ധിക്കേണ്ടവർ നാം ആയിരിക്കാം. അവർ ദൈവത്തിൽനിന്നു വിട്ടക നുപോകുവാൻ നാം കാരണമാകരുത്. ശ്രദ്ധവെക്കണം.

കരുണാപൂർണ്ണനും സൌമ്യനുമായുള്ളോവേ! എനിക്കു ശിക്ഷണം നല്കിയും, ഭഗവൻ! അവിടുത്തെ ക്ഷമാശീലം അഭ്യസിപ്പിച്ചാലും. സഹോദരസ്നേഹത്തിനു വിരുദ്ധമാ യ വിധി ഉച്ചരിക്കുവാൻ ഞാൻ സദാ നിരതനാണ്. നാഥാ! അവിടുത്തെ സൌമ്യമാർഗ്ഗം എന്നെ പഠിപ്പിച്ചാ ലും. മാർഗ്ഗഭ്രംശത്താൽ വലയുന്ന ആത്മാക്കളെ അവിടു ത്തെ സമീപത്തിലേക്കാനയിക്കുവാൻ എന്നെ കനിഞ്ഞാ ലും. എപ്പോഴെങ്കിലും കക്കശമായി പെരുമാറേണ്ടിവന്നാ ൽ, അന്യരെ പഴിക്കേണ്ടിവന്നാൽ, അിടുത്തെ മാതൃക അ നുസരിച്ചു, അവരെ അവഹേളിക്കാതെ, പ്രമാദത്തിൽ നിന്നു് രക്ഷിപ്പാൻ എനിക്കു പ്രകാശം നല്കിയാലും. അ ങ്ങനെ അവിടുത്തെ അഭീഷ്ടാനുസരണം അവിടുത്തെ അഭിലാഷം ഞാൻ സാധിക്കും. അവിടുത്തെ മക്കളെ അവിടുത്തെ സമക്ഷം ഞാൻ തിരിച്ചെത്തിക്കും.

“അനുകമ്പനിറഞ്ഞ ഒരു ജീവിതത്തിന്നു നിന്നെ പ്രതിഷ്ഠിക്കുവാൻ സാന്ത്വനം നല്കുവാനുള്ള നൈപുണ്യം കനിഞ്ഞരുളുവാൻ ദൈവത്തെ പ്രാത്ഥിക്കുക. എന്തു കൊണ്ടെന്നാൽ ഓരോ ഹൃദയം വഹിക്കുന്ന ക്ലേശഭാരം വളരെയാകുന്നു. യേശുവിനു തുല്യരായ ആശ്വാസകരെ ധാരാളം അവശ്യം ആവശ്യകം.—

# അദ്ധ്യായം 26.

## 'നിഗൂഢവിജ്ഞാനം.'

"അവിട്ടത്തെ വാക്യം ശ്രവിക്കേണമെങ്കിൽ ഇന്നു നിങ്ങഠം ഹൃദയം കഠിനമാക്കരുതെ."

പ്രസംഗം കഴിഞ്ഞു. വത്സലശിഷ്യന്മാരുടെ പ്രശംസാധ്വനിക്കു മദ്ധ്യേ സുശക്തവും സുഘടിതവുമായ ആകാരത്തോടുകൂടിയ ഒരു യുവാദ്ധ്യാപകൻ—ബാസ്സ് സ്വദേശികൻ—സാമോദം അദ്ധ്യാപനമുറിയിൽനിന്ന് 'വരാന്ത'യിലേയ്ക്കു് ഇറങ്ങി. അവിടേയും പ്രശംസാശബ്ദം മുഖരിതമായിക്കൊണ്ടിരുന്നു. അഹങ്കാരം സുവ്യക്തം അദ്ദേഹത്തിൻെറ മുഖത്തു കളിയാടിയിരുന്നു. ജഗദീശ്വരൻ തൻെറ അനല്പദാനത്താൽ ആ മഹാനെ ധന്യനാക്കിച്ചെയ്തിരുന്നു. അവയുടെ ദാതാവിനു കൃതജ്ഞത പ്രകടിപ്പിച്ചിരുന്നു അദ്ദേഹം. ശരിയാണ്; എങ്കിലും അവയുടെ മാധുര്യമദ്യം കുറച്ചുമിതമായി അദ്ദേഹം പാനംചെയ്തുപോന്നു. പുസ്തകങ്ങളെപ്പററിയും അവയിൽ നിക്ഷിപ്തമായിരിക്കുന്ന വിജ്ഞാനത്തെപ്പററിയും ആയിരുന്നു അയാളുടെ ചിന്ത. അവയുടെ ആശയങ്ങളും അവയിൽ അന്തർഭവിച്ചിരുന്ന വിജ്ഞാനവുമായിരുന്നു അയാളുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചതു്. എന്നാൽ അയാഠം അറിയാതെത്തന്നെ ഒരു ക്ലേശം തന്നെ ബാധിച്ചിരുന്നു. ഒരിക്കൽ ഒരു പടയാളിയും, ഇപ്പോഠം ഒരു പുണ്യശ്ലോകനും

ആയിത്തീൎന്നിരിക്കുന്ന ഇഗ്നേഷ്യസ് ഈ അസ്വാസ്ഥ്യ ത്തിൻെറ ഉഗ്രത നന്നായി ഗ്രഹിച്ചു. ഇന്നലെയെന്ന പോലെ, അതിൻെറ തലേദിനവും നിശ്ശബ്ദനായി ഒരു മനുഷ്യൻ, ഫ്രാൻസീസ് പ്രസംഗം അവസാനിപ്പിച്ച് പ്രസംഗമണ്ഡപത്തിൽനിന്ന് ഇറങ്ങിയപ്പോൾ അദ്ദേഹ ത്തിനു മംഗളം ആശംസിച്ചു. ക്രിസ്തുവിൻെറ ആദൃശ്യ ത്തെപ്പുലത്തുവാനുള്ള ഉദ്ദേശ്യത്തോടെ, ദൈവത്തിൻെറ സ്വന്തമാകുവാനിരുന്ന ആത്മാവിൽ തറച്ചിരിക്കുന്ന അ ഹംഭാവമാകുന്ന ശരത്തെ ശക്തിപൂൎവ്വം ദിവ്യോക്തിയാ കുന്ന സായകത്താൽ എയ്തു പറിച്ചുകളയുവാൻ ഉദ്യമിച്ചു. 'ഫ്രാൻസീസേ! ഫ്രാൻസീസേ! ഈ ലോകം മുഴുവനും നേ ടിയാലും ആത്മനാശം സഹിക്കുന്നെങ്കിൽ ഒരു മനുഷ്യന് എന്തു പ്രയോജനം.' ഒരു ചെറുവാചകം മാത്രം. എ ന്നാൽ ദിവസന്തോറും ഈ വാക്ശരം തന്നെ ആവൎത്തി ച്ചെയ്തുകൊണ്ടിരുന്നു. ആ ത്യാഗിവൎയ്യൻെറ സ്വാധീന തയിൽനിന്നു പുറത്തുചാടുന്നതിന്നു ഫ്രാൻസീസ് ഉദ്യ മിച്ചു. പക്ഷെ ഫലം നാസ്തി. അദ്ദേഹം അതു സസ ന്തോഷം പറിച്ചുകളയുമായിരുന്നു. ഇഗ്നേഷ്യസിൻെറ ദിവ്യോക്തി അയാൾ കിഞ്ചിൽ കരിക്കുമായിരുന്നു. എ ന്നാൽ സേവ്യർ ഒരു ഗാഢതാത്വികൻ, അഭിജ്ഞൻ, ധീ വിലാസത്താൽ അതിയായി കടാക്ഷിക്കപ്പെട്ടവൻ ഇതി നെപ്പററി ചിന്തിക്കുവാനാരംഭിച്ചു. തൽഫലം ക്രിസ്തു ഒരു യോദ്ധാവിനെ ഹസ്തഗതമാക്കി. വി. സഭ ഒരു പ്രേ ഷിതനേയും.

വി. ഫ്രാൻസീസ്സിനെന്നപോലെ നമുക്കോരോരു ത്തക്കും ഈശ്വരേച്ഛപ്രകാരം ശക്തിപൂർവ്വകമായ പ്രസാദ വരപ്രചോദനം ഉണ്ടാവുന്നുണ്ട്. കുറച്ചുകാലം ശിശുതു ല്യം ചിന്താവിഹീനരായി നാം അലഞ്ഞുനടക്കുന്നു. ഇ ത്രമാത്രം ഹൃദയപ്രസന്നതയോടെ എന്തുകൊണ്ടാണ് ദൈ വപരിചരണം സാധിക്കുന്നതെന്ന് അറിവാൻതന്നെ അശക്തരാണ് നാം. അങ്ങനെയിരിക്കെ നേരം പ്രഭാ തമാകുന്നു. യുദ്ധം തുടരുന്നു. ദൈവം നമ്മെ വിളിക്കു ന്നു. അഭൗതികവസ്തുക്കളെ അപേക്ഷിച്ച് ഭൗതികങ്ങളെ ബഹുമാനിച്ചുകൊണ്ടിരിക്കേ, അവയുടെ ബഹിഃപ്രകാശം നശിക്കുന്നു. അപ്പോളായിരിക്കണം നമ്മെ ശക്തിയുക്തം അടിച്ചുണർത്തുന്നത് പ്രസാദവരം. ഇതഃപര്യന്തം ലോ കം ആനന്ദാവഹമായിരുന്നു. ഇതഃപരം അതു യഥാ ർത്ഥം എന്തോ, അതായിബ്ഭവിക്കുന്നു— ഒരു പ്രവാസ ഗേഹം— വർഷം പ്രവഹിച്ചുകൊണ്ടിരിക്കേ പുനരാഹ്വാ നം സാധിക്കുന്നു ദൈവം. ഒരു പക്ഷെ അതു വിശുദ്ധ വിവാഹമെന്ന സംസ്കാരകർമ്മം സ്വീകരിച്ച് ദാമ്പത്യ സ്നേഹത്തിൽ ജീവിക്കുന്നതിനായിരിക്കും. ആ സ്നേഹം യേശുവിനു സഭയോടുള്ള പ്രണയത്തെയാണല്ലോ പറ ഞ്ഞറിയിക്കുന്നത്. ചപലരായ ലൌകികന്മാരുടെ ആ ശയങ്ങളൊന്നും അതിനെ മലീമസമാക്കാതിരിപ്പാനാണു ക്രിസ്തുവിൻെറ പ്രേമത്തെ ആദൃശ്യമായി നല്കിയിട്ടുള്ളത്. ഒരു പക്ഷെ അവിവാഹിതജീവിതാസ്ക്തിഷ്ടരായി, ബ്രഹ്മ ചര്യത്താൽ അലംകൃതമായ ദിവ്യകുഞ്ഞാടിനെ അനുഗ മിക്കുവാനായിരിക്കാം നമ്മെ അവിടുന്നു ക്ഷണിക്കുന്നത്.

നിത്യദൈവത്തിൻെറ പുത്രനെ അവരുടെ ദിവ്യകാമുക നായി വരിക്കുവാൻ ദൈവം അഭിലഷിക്കുന്നു!

ചെറുമന്ത്രണങ്ങളെപ്പററി ഇനി പറയാം. ഇന്ന് അവിടുന്നു നമ്മുടെ നയനങ്ങൾക്കു പ്രകാശം നല്കി. തൻെറ അനുഗാമികളുടെ പൂജ്യത ഹനിക്കുന്ന അസൂയാ ഭണ്ഡാഗാരത്തെ – നമ്മുടെ ആത്മാവിനെ — കാണിച്ചു തന്ന് അത്തരത്തിലുള്ള ബാലിശവൈകല്യത്തിൽനിന്ന് ഒഴിഞ്ഞുജീവിക്കുവാനുപദേശിക്കുന്നു. നാളെ, നമ്മുടെ പ്രാൎത്ഥനയിലുള്ള ആശ്രദ്ധയും സംഭാഷണത്തിലുള്ള പരുഷതവും അവിടുന്നു ചൂണ്ടിക്കാണിക്കാതിരിക്കുന്നില്ല. ഇത്തരത്തിലുള്ള അസഭ്യത അവിടുത്തെ മൈത്രിക്ക് അസഹനീയമെന്നു നമ്മെ അറിയിക്കുന്നു. പിറെറ ദിവസം നമ്മിൽ നിറിക്കുത്തിവരുന്ന അഹംഭാവത്തിൻെറ അതിലജ്ജാവഹമായ ജ്വാല നമുക്കു വിഷയീഭവിപ്പിക്കുന്നു. സ്വൎഗ്ഗവാതിൽ ഇടുങ്ങിയതാകയാൽ അതിലൂടെ വിനീതഹൃദയൎക്കുമാത്രമേ പ്രവേശനം സാധിക്കുകയുള്ളുവെന്നും നമ്മെ പഠിപ്പിക്കും. പലപ്പോഴും പലവിധം നമ്മെ ക്ഷണിക്കുന്നു. എന്നാൽ അവിടുന്നു നമ്മെ ആഹ്വാനം ചെയ്യുമ്പോൾ, ഒരു പക്ഷേ, നമ്മുടെ ഹൃദയം സ്വൎഗ്ഗീയസാന്ത്വനവും സമാധാനവും അനുഭവിക്കുന്നു. അല്ലെങ്കിൽ ദുഃഖനിമഗ്നമായ ഹൃദയം അസംതൃപ്തമായി ഭവിക്കുന്നു.

ഏററവും സ്നേഹമുള്ള ഈശോയേ! അവിടുത്തെ കാരുണ്യാധിക്യം പലപ്പോഴും എന്നെ ക്ഷണിച്ചിട്ടുണ്ട്. എ

നാൽ അവിടുത്തെ പ്രസാദവരം വ്യത്യസ്തമായിരിക്കുന്ന തുപോലെ വ്യത്യസ്തരീത്യാ മാത്രമാണു ഞാനും അവ അന്വേഷിച്ചിട്ടുള്ളതു്. ചിലപ്പോൾ അത്ഭുതകരമാംവണ്ണം ധൈര്യം ഞാൻ പ്രദശിപ്പിച്ചിട്ടുണ്ടു്. പലപ്പോഴും സുദീർഘമായ പോരാട്ടത്തിനുശേഷമേ അവിടുത്തെ വാക്യം ഞാൻ ശ്രവിച്ചിട്ടുള്ളു. പ്രിയ യേശുവേ! അവിടുത്തെ നിമന്ത്രണത്തിനു നിശ്ശേഷം ബധിരനുമായിരുന്നു ഞാൻ മററു ചിലപ്പോൾ. എന്നാൽ ഇനി അങ്ങനെ സംഭവിക്കാതിരിക്കട്ടെ. അവിടുന്നു് ഇഷ്ടപ്പെടുമ്പോൾ—സമയം, സ്ഥലം, വിധം അവഗണിച്ചു—എന്നെ വിളിച്ചാലും.

സർവ്വഥാ എന്നെ നിമന്ത്രിക്കുവാനുള്ള സ്വാതന്ത്ര്യം അവിടുന്നു് അനുഭവിച്ചാലും. അവിടുത്തെ ആഹ്വാനത്തെ ശ്രവിക്കുവാൻ വേണ്ട വരപ്രസാദം എനിക്കു കനിഞ്ഞാലും.

## അദ്ധ്യായം 27.

---

## വിവേകശൂന്യത.

"ഇസ്രായിലിൻെറ ദൈവത്തിൽ ശരണം ഗമിക്കാതെ, ദിവ്യനാഥനോടു സാഹായ്യ്യം അഭ്യർത്ഥിക്കാതെ, അതിശക്തന്മാരായ കുതിരപ്പടയാളികളിലുംസംഖ്യാതീതമായ രഥത്തിലും ശരണം പ്രാപിച്ച് ഈജിപ്തിലേക്കു പോകുന്നവൎക്ക് ദുരിതം."

ക്ലേശബാധിതമായ യഹൂദജനം നവംനവമായ പീഡയെപ്പററി ഭയപ്പെട്ടവാൻ തുടങ്ങുന്നു. പലസ്തീനയിലേക്കു—അതിൻെറനിമ്നോന്നത സമതലങ്ങളിലേക്കു—അസീരിയൻ യോദ്ധാക്കൾ പ്രവഹിക്കുവാൻ തുടങ്ങുന്നു. യഹൂദബാലികാബാലന്മാരെ അവർ ബന്ധിച്ചുകൊണ്ടുപോകും. ആ ക്ഷീണിച്ച ശിശുഗണത്തെ പ്രോജ്വലിക്കുന്ന അഗ്നികുണ്ഡത്തിലേക്കു ഒരു പക്ഷെ അവർ എറിയും. അല്ലെങ്കിൽ നിഷ്ഠുരണം പാറപ്പുറത്ത് മലത്തിക്കിടത്തി ബഹുധാ പീഡിപ്പിക്കും. ആ ദുഷ്ടന്മാർ ഇതാ പുറപ്പെട്ടന്നു. പലതരത്തിലുള്ളദുഃഖഭയം ആ സാധുയഹൂദരെ വലയംചെയ്തിരിക്കുന്നു. അവരുടെ ദൈവത്തെ അബ്രാഹം, ഇസഹാക്, യാക്കോബ്, എന്നിവരുടെ ദൈവമെന്ന് വിളിക്കുവാൻ തൻെറ കാരുണ്യാധിക്യത്താൽ അനുവദിച്ച ആ അനുഗ്രഹമൂർത്തിയെ വിസ്മരിച്ച്, അശാന്തുദ്ധന്മാരെ ഝടുതി തങ്ങളെ ശത്രുകരങ്ങളിൽനിന്ന്

രക്ഷിക്കുവാൻ അഭ്യത്ഥിക്കുന്നതിന്നു ഈജിപ്തിലേക്കയക്കു ന്നു. 'ഈജിപ്ത്'മുതൽ 'ജോവെ' വരേയും എസ്ഡ്രേഡ്റ ഉൻവരേയും, യുദ്ധനിര അണിഞ്ഞു അവരുടെ ഉത്തരഭാ ഗത്തു സ്ഥിതിചെയ്യുന്ന ശത്രുഗണത്തെ പരാജയപ്പെടു ത്തുവാനാണ് അവരുടെ അഭിലാഷം. വിമൂഢയഹൂദർ —അവർ ദൈവത്തെ ശരണം പ്രാപിക്കുന്നില്ല. ദൈവം സന്തോഷം അവരോടറിയിക്കുന്നു. 'ഈജിപ്തിൻെറ ശ ക്തി മാനുഷികമാണ്. ദൈവികമല്ല. അവരുടെ കുതി രകറം ശരീരികളാണ്. അരൂപികളല്ല. ഭഗവാൻ സ്വ കരം പിൻവലിക്കും. ഉപകത്താവു് നിലംപതിക്കും; ഉ പകൃതനും. അവർ ചിന്നിച്ചിതറുകയും ചെയ്യും.

എത്ര പ്രാവശ്യമാണ്—പലപ്പോഴും—യഹൂദരുടെ ഈ വിവേകശൂന്യത, നമ്മുടെ ജീവിതത്തിലും പ്രതിബിം ബിച്ചുകാണുന്നത്. മനുഷ്യൻ ഏകനായിരിക്കുന്നതു് ന ന്നല്ല. വാസ്തവം, അവനു ഏകനായിരിക്കുക അസാ ദ്ധ്യമാണ്. ഒരു സഹപ്രവത്തകനെ തിരഞ്ഞുകൊണ്ടു് അവൻ കരംനീട്ടുന്ന സാംസാരികജീവിതത്തിൻെറ സു ഖദുഃഖങ്ങളിൽ പങ്കുകൊള്ളുവാൻ ഒരു ഉപകത്താവിനെ അവൻ തേടുന്നു. സഹാനുഭോക്താവില്ലാതെ അനുഭവി ക്കുന്ന ആനന്ദം അതിനിസ്സാരമായി ഭവിക്കുന്നു. അവി ഭാജ്യമായ ദുഃഖം നമ്മെ നിലംപതിപ്പിക്കുന്നു. ഇന്നു നമ്മു ടെ ഹൃദയത്തിൽ കുടികൊള്ളുന്ന സന്തോഷജനകമായ ശരണം,നവമായ വിജയപ്രശസ്തിയാൽ പ്രശോഭിക്കുന്ന ന മ്മുടെ മുഖം ഏതൊരുത്തൻ നമ്മുടെ ചരിത്രകഥന ത്താൽ ആനന്ദിക്കുമോ, അയാളുടെ പക്കലേക്കു നമ്മെ

നയിക്കുന്നു, ഉന്മത്തമായ നമ്മുടെ ചരണങ്ങൾ. എന്നാൽ നാളെ അശ്രുപൂർണ്ണരായി ബ്ഭവിക്കുന്നു നാം; അന്ധകാരനിബിഡമായ ഭാവിയേയും, വിഫലീകൃതശരണത്തേയും ദിവംഗതരായ മിത്രങ്ങളേയുംപററി അപ്പോൾ നമ്മുടെ ക്ലേശകരം നാം നിവൎത്തുന്നു. സുസ്മേരവദനനായ മിത്രത്തിൻെറ ഗളത്തിൽ അതു് വെക്കുവാനാണു് നമ്മുടെ ആകാംക്ഷ. ജീവിതാനന്ദത്തിൻെറ ഉച്ചിയിലെന്നപോലെതന്നെ, ആത്മാവു് ക്ലേശാന്ധകാരത്തിലാവൃതമാകുമ്പോഴും നമ്മെപ്പോലെയുള്ള ക്ഷീണബലരായ മനുഷ്യരുടെ സമാശ്വാസം ലഭിക്കുവാൻ നാം ഉത്ക്കണ്ഠരായി കാണപ്പെടുന്നു. തീൎച്ചയാണു്, ഭൌമികസാന്ത്വനം നമുക്ക് ആവശ്യകം. അതു അനുഭവിക്കുവാൻ നമുക്കു സാധിക്കുന്നുവെങ്കിൽ ദൈവത്തെ പ്രകീൎത്തിക്കാം. എന്നാൽ അവർ നമ്മെ ദൈവത്തിങ്കലേക്ക് ആനയിക്കുന്നവരായിരിക്കണം. അത്രമാത്രം. ലൌകികസ്നേഹിതർ നമുക്കു് അവശ്യം ആവശ്യകം. എന്നാൽ അവർ ക്രിസ്തുമിത്രങ്ങളായിരിക്കണമെന്നുമാത്രം. അതിനാൽ ഇപ്പോൾ നമുക്കു് ആവശ്യമുള്ളതു്—നമ്മുടെ പ്രേഷ്ഠനാഥനോടു സൎവ്വവും തുറന്നു പറയുവാൻ വളൎന്നുവരുന്ന ബാലികാബാലന്മാരെ അഭ്യസിപ്പിക്കുന്ന സത്സ്വഭാവിയായ ഒരു മാതാവു്; അബലയായ സഹധൎമ്മിണിക്കു് തൻെറ ദുഃഖസങ്കലിതമായ നിരീക്ഷണം സ്വൎഗ്ഗത്തിലേക്കു് ഉയൎത്തുവാൻ കരുത്തു നല്കുന്ന നിശ്ചിതമതിയും പ്രബലനുമായ ഒരു ഭൎത്താവു്. നമ്മുടെ ഏവരുടേയും മിത്രമായ ക്രിസ്തുവിൻെറ അശ്രാന്തപരിശ്രമത്തെപ്പ

ററി സദാ നമ്മെ പറഞ്ഞറിയിക്കുന്ന ഒരു സ്നേഹിതൻ; സോദരീസോദരന്മാർ.

ദൈവമേ! ഇവരെക്കുറിച്ച് അവിടത്തെ സ്തുതിക്ക് ആരാധന. എന്നാൽ ഇവരെയെല്ലാം അതിശയിച്ച ദൈവ—മനുഷ്യനായ യേശുക്രിസ്തുവിലാണു നാം ശരണംപ്രാപിക്കേണ്ടതു്. തദ്ദ്ദേശ്യാത്മകമാകുന്ന ദിവ്യഅറംത്താരയിൽ അവിടുന്നു് അധിവസിക്കുന്നതു്. സ്നേഹത്തിൻെറ കാരാഗൃഹവാസമനുഭവിക്കുന്നതും. പക്ഷികൾ പറക്കുന്നതുപോലെ,ഒരിക്കൽ കാനായിലെ കല്ല്യാണവിരുന്നിലെന്നപോലെ നമ്മുടെ സന്തോഷത്തിലും ഭാഗഭാക്കായി അതു് അവിടുന്നു പവിത്രീകരിക്കും. അന്നു ശോകാത്തരെ ശ്രുവിച്ച് അവരുടെ ഹൃദയപീഡ സമാശ്വസിപ്പിച്ചതുപോലെ ഇന്നു ജീവിതത്തിൽ ക്ഷീണിച്ച തളരുന്നവക്കു ധൈയ്യവും ആത്മാശ്വാസവും നല്കും. അതിന നാം അവിടത്തെ സമീപിക്കുകമാത്രമേ ചെയ്യേണ്ടതുള്ളൂ. നേരേമറിച്ച സൃഷ്ടികളിൽ അഭയംതേടരുതു്. പതറിയ ഞാങ്കണയ്ക്കുതുല്യമായ ഈജിപ്റ്റിനെ ശരണംഗമിക്കുന്നൊ? അതിന്മേൽ ഒരു മനുഷ്യൻ ചാരുന്നെങ്കിൽ അതൊടിഞ്ഞു അവൻെറ കൈ വ്രണപ്പെടുത്തുന്നു. ഈജിപ്റ്റൻെറ ശക്തി ദൈവീകമല്ല; മാനുഷികം. നാം സാഹായ്യവും സങ്കേതവും സാമയികവസ്തുക്കളിൽ അന്വേഷിക്കുന്നതു കേവലം മൗഢ്യം. അതിൻെറ വിജയപ്രഘോഷണമെല്ലാം ക്ഷണികം. നമ്മെ സഹായിക്കുവാൻ ശക്തനായ യേശുതന്നെയാണു നമ്മുടെ പക്കലെധിവസിക്കുന്നതു്. നമുക്കു സാഹായ്യകരം നീട്ടുവാൻ അവിടുന്നു് അഭിലഷിക്കുന്നുണ്ടുതാനും. തന്നേ

ലം നാം എവിടെ, അവിടെ നമ്മെ ആനന്ദിപ്പിക്കുവാനും സമാശ്വസിപ്പിക്കുവാനും ശ്രവിക്കുവാനും അവിടുന്നു കാടിയെത്തുന്നു. അവിടത്തേക്കുമാത്രമേ നമ്മെ രക്ഷിക്കുവാൻ കഴിവുള്ളൂ; വിവിധ കഥാശ്രവണത്തിനും.

സ്നേഹമുള്ളനാഥാ, ശക്തനായമിത്രമെ! അവിടുന്നാണ് എൻെറ ഹൃദയം അറിഞ്ഞിട്ടുള്ളവരിൽ ശക്തൻ. എങ്കിലും ഞാൻ മനോരാഗചാപല്യങ്ങളുടെ ഒരു കളിക്കോപ്പ്—അവിടുത്തെ സമീപിക്കുവാൻ വൈമുഖ്യം പ്രദർശിപ്പിക്കുന്നു. അതെനിക്കു വലിയ നഷ്ടം. സന്തോഷസങ്കടങ്ങളിൽ അങ്ങയിൽ സമാശ്വസിക്കുവാൻ എന്നെ അഭ്യസിപ്പിച്ചാലും. എന്നെ അങ്ങയുടെ പക്കലേയ്ക്കു നയിക്കുവാൻ ലോകമിത്രങ്ങളെ എനിക്കു നല്കിയാലും.

"അന്ധകാരമയമായ സംശയം നിന്നെ അതിക്രമിക്കുമ്പോഠം അവിടുത്തെ ശരണംഗമിക്കുക; നിൻെറ ശരണം ലാഘവപ്പെട്ടുമ്പോഠം അവിടുത്തെ അഭയംതേടുക; അവിടുത്തെ ശരണാഗതന്നു സൎവ്വോപരി ദുസ്സാദ്ധ്യമാകുമ്പോഠം അവിടുത്തെ വിശ്വസിക്കുക.

# അദ്ധ്യായം 28.

## നവീകരണം.

"ഏതൊരുത്തൻ എൻെറ മാംസമശിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നു, അവൻ നിത്യായുസ്സു പ്രാപിക്കുന്നു; അവനെ അവസാനദിവസം ഞാൻ ഉയൎപ്പിക്കും."

അസ്തമിക്കുന്ന സൂൎയ്യൻെറ അരുണവൎണ്ണമായ മുഖം ഉററുസൂക്ഷിച്ചുകൊണ്ടു്, ക്ഷീണഗ്രസ്തനും കിഴവനുമായ ഒരു മനുഷ്യൻ 'ഫ്ളോറിഡൊ' സമുദ്രതീരത്തു് ഇരിക്കുന്നു. സൂൎയ്യൻെറ അന്തിമകിരണങ്ങൾ ആ ചിന്താനിമഗ്നമായ നയനങ്ങളെ പ്രകാശമാനമാക്കിയിരിക്കുന്നു. ആ മെലിഞ്ഞുചുളിഞ്ഞ മുഖത്തിൻെറ പ്രതിഛായ പ്രവൃദ്ധമാനമായിക്കൊണ്ടിരുന്നു. അപ്പോൾ അയാളുടെ മുഖത്തിൽ ആശാഭംഗം പരന്നുപിടിക്കുന്നതായിക്കണ്ടു. യാതൊന്നിൻെറ നവീകരണം അദ്ദേഹമാഗ്രഹിച്ചിരുന്നു, അതു് എന്നേക്കുമായി മറഞ്ഞുകഴിഞ്ഞിരിക്കുന്നു. അസ്തമനസൂൎയ്യൻെറ കിരണങ്ങളും വനാന്തർഭാഗത്തിന്നായി അഭയംപ്രാപിച്ച പക്ഷികളുടെ കൂജിതവും അവിഭാജ്യമായ ശാന്തി സമാശ്ലേഷിക്കുവാൻ അദ്ദേഹത്തിൻെറ ആത്മാവു താമസംകൂടാതെ പുറപ്പെടണമെന്നു് അനുസ്മരിപ്പിക്കുന്നതായി അയാൾക്കു തോന്നി. പോൺസ് ഡിലെയോൻ—അതായിരുന്നു ആ വൃദ്ധൻെറ പേരു—ചി

ത്തത്തിൽ കെട്ടിപ്പൊക്കിയ സനാതനയുവശ്രീമന്ദിരത്തെ വായുതരംഗങ്ങൾ നശിപ്പിച്ചു.

ഇത്തരം മിഥ്യാഭിലാഷത്താൽ വിലോഭിതരാകുമാറു പട്ടവിഡ്ഡികളല്ല നാം. ശരിതന്നെ; എന്നാൽ നമ്മിൽ മിക്കവരും അന്യഥാ മൂഢന്മാരായിതന്നെ വർത്തിക്കുന്നു. അദ്ദേഹം ഭൗമികജീവിതനിധി അന്വേഷിച്ചു; അതു് പ്രാപിക്കുവാൻ അശക്തനായി. അതു് അസംഭവ്യമായതാണു് അതിന്നുള്ള കാരണം. എന്നാൽ നാം നിത്യജീവന്റെ നിശ്രേണി പ്രാപിക്കുവാൻ അനുത്സേകരായിത്തന്നെ വ്യാപരിക്കുന്നു. അതു നമ്മുടെ സമീപത്തുതന്നെ സ്ഥിതിചെയ്യുന്നുണ്ടുതാനും. നാളിതുവരെ തരണം ചെയ്യാത്ത സമുദ്രത്തേയോ, പാദസ്പർശനമേൽക്കാത്ത മരുഭൂമിയേയോ, അരണ്യത്തേയോ ക്രിസ്തുവെ ദർശിക്കുന്നതിന്നു അതിക്രമിച്ചു കടക്കേണ്ടതായിട്ടില്ല. ബലിപീഠത്തിൽ പിതാവിന്നു സമർപ്പിക്കുന്ന തിരുശരീരവും രക്തവും നമ്മുടെ അലംഘനീയമായ ജീവിതസരണിയാണെന്നു ദിവ്യനാഥൻ കല്പിച്ചരുളിയിട്ടുണ്ടു്. അതെ, നിത്യവും യുവശ്രീയെ പരിപോഷിപ്പിച്ചു രക്ഷിച്ചുപോരുന്ന ഒരു സിദ്ധൌഷധമാണതു്.

പുലർകാലത്തു് ആ ബലിപീഠത്തിന്റെ മുമ്പിൽ മുട്ടുകുനിച്ചുനിന്നു് നമ്മുടെ ഒട്ടിയ ഉദരത്തെ ദൈവദൂതന്മാരുടെ ഭക്ഷണംകൊണ്ടു സംതൃപ്തമാക്കുന്നെങ്കിൽ യൗവനത്തിലെ യുവശ്രീയാൽ നമ്മുടെ ആത്മാവു് ആനന്ദപുളകിതനായി തീരുന്നു. വിജയം സുനിശ്ചിതമായ ഒരു ജീവയാത്ര ആരംഭിക്കുവാൻ നാം ചാടിയിറങ്ങുന്നു. ജ്ഞാനസ്നാ

നത്തിൽ നമുക്കു സിദ്ധിച്ച നൈമ്മല്യവും പ്രതാപവും പ്രകാശവും വേണ്ടപോലെ നാം പാലിച്ചുപോന്നിട്ടുണ്ടെങ്കിലും ഗുരുതരമായ പാപങ്ങൾകൊണ്ട് പങ്കിലമാക്കീട്ടില്ലെങ്കിലും, അല്ല, നശിപ്പിച്ചിട്ടുണ്ടെങ്കിൽതന്നെ ക്രിസ്തുവിൻെറ പ്രസാദവരത്തിനു നമ്മെ നവയൗവ്വനത്തിൽപ്പോററിപ്പോരുവാനും സാധിക്കുന്നതാണ്. ഈ ജീവിതത്തിൽ അന്ധകാരമയമായ ഘട്ടങ്ങൾ ധാരാളമുണ്ടാകുന്നു. ക്ലേശങ്ങൾ ഒന്നൊന്നായി ജീവിതത്തെ അലട്ടികൊണ്ടിരിക്കുന്നു. മിത്രരാഹിത്യം വരുത്തികൂട്ടുന്ന ഏകാന്തത ഒരു ഭാഗത്ത്; ലൗകികാനന്ദത്തിലേയ്ക്കു നമ്മെ ശക്തിയായി വലിച്ചുകൊണ്ടിരിക്കുന്ന ലോകം മറുഭാഗത്ത്. എന്നാൽ അവകൊണ്ട് എന്തുപദ്രവം! അതിദാരുണമായ ജീവിതഭാരംപോലും സന്തോഷത്തോടെ വഹിക്കുവാൻ സാധിക്കുമാറു നവയൗവ്വനയുക്തമായ ഒരവസ്ഥയാണു നാം അനുഭവിക്കുന്നത്. നമ്മുടെ ഹൃദയത്തിൽനിന്നു നിർഗ്ഗളിക്കുന്ന സ്വർഗ്ഗീയഗാനം, ദൈവദൂതന്മാരുടെ ആനന്ദഗീതം, ലോകത്തിൻെറ മിഥ്യാനന്ദത്തിൻെറ ആമന്ത്രണത്തിൽ അന്തർഭവിച്ചിരിക്കുന്നുണ്ടെന്നു തോന്നിപ്പോകുന്ന ഐശ്വര്യം നശിപ്പിക്കുന്നു. ഇജ്ജീവിതത്തിൽനിന്നു നാം വേണ്ടത്ര പാഠം ചെയ്തിട്ടുണ്ട്. പാപപരിഹാരാർത്ഥം നിരവധി ക്ലേശങ്ങൾ നമ്മെ അഭിമുഖീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ജീവിതത്തിൻെറ പവിത്രീകരണത്തിന് ആ ദുഃഖം ഉപകരിച്ചു. കാലയവനികയ്ക്കുള്ളിൽ ഒളിഞ്ഞുകിടന്നിരുന്ന പീഡകളെ കയ്യും നീട്ടി സ്വീകരിക്കുവാൻ അത് നമ്മെ സഹായിച്ചു. സഹനവും നാം അഭ്യസിച്ചു. ക്ഷണികാന്ധകാരത്തോടു

ധിരധീരം പോരാടി. ഈ ദുഃഖപൂണ്ണമായ ലോകത്തു്, ഹ്രസ്വജീവിതത്തിൽ അല്ലാല്ലം സഹിച്ചു് സ്നേഹിച്ചു് ജീവിച്ചു് ക്രിസ്തുവിനെ അനുകരിക്കുവാൻ ഉപദേശിക്കുന്ന അവിടുത്തെ മധുരവാക്കുകഠം ശ്രവിച്ചിരുന്നെങ്കിൽ! മരണം സംഭവിക്കുമ്പോഠം—അതു സംഭവിച്ചേ മതിയാവു —അതു് അന്ധകാരമയമായ ജീവിതത്തിൻെറ ഒരു വിരാമം മാത്രമായിരിക്കും. എവിടെ നമ്മുടെ സുഹൃത്തധിവസിക്കുന്നു, എവിടെ സമയം അജ്ഞാതമായിരിക്കുന്നു, അവിടേയ്ക്കുള്ള പ്രവേശം മാത്രമായിരിക്കുമതു്. മരണത്തെപ്പററി പൗരാണികകാലംമുതൽ എഴുതിയിരിക്കുന്നു: എല്ലാ മനുഷ്യരും ഒരിക്കൽ മരിക്കണമെന്നു്. അതു മാജ്ജനം ചെയ്യിട്ടില്ലതാനും.

യേശുവേ! നിത്യമിത്രമേ! അവിടുന്നു് എത്ര സത്തമനാകുന്നു. അവിടുന്നു് കാരുണ്യത്തോടെ മുൻവിചാരണയാൽ ഹൃദയത്തെ സന്തോഷപുളകിതമാക്കിയിരുന്നതും പ്രാപ്തധൈയ്യമാക്കിയിരുന്നതുമായ ആ സങ്കല്പകഥയുടെ സ്ഥാനത്തു യഥാത്ഥമായതു് സ്ഥാപിച്ചിരിക്കുന്നു. പുരാണകാലത്തു ജനങ്ങഠം ഒരു നിത്യയൗവ്വനപ്രസ്രവണം മനസാ നിരൂപിച്ചുപോന്നു. എന്നാൽ ഇന്നു് അവിടുത്തെ നല്ലവണ്ണം അറിയുവാൻ ഇടവന്നിട്ടുള്ള ഞങ്ങഠംക്കു് അതേപ്പററി ഒരിക്കലും സ്വപ്നദശനത്തിനു് ആവശ്യമില്ലതന്നെ. അവിടുന്നു് സദാ യുവശ്രീലാളിതനായിരിക്കുന്നതുപോലെ, അവിടുത്തെ ഞങ്ങഠം സമീപിച്ചു്, തിരുശ്ശരീരം പുരോഹിതൻെറ അനുഗ്രഹീതകരങ്ങളിൽനിന്നു ഭക്ഷിക്കുന്നെങ്കിൽ നമ്മളും തത്തുല്യം വത്തിക്കും. നിത്യജീവ

ൻെറ ജലം പ്രവഹിക്കുന്ന ആ കേന്ദ്രം സമ്പ്രാപിക്കുവാൻ, ആ യൗവ്വനം അവിടുത്തോടും പ. ക. മറിയത്തോടും സകല സിദ്ധന്മാരോടുംകൂടി അനവരതം അനുഭവിക്കുവാൻ എന്നെ കടാക്ഷിച്ചാലും.

'ഓ! സത്തമനായ മേഷപാലകാ! യേശുവേ! അവിടുത്തെ സ്നേഹത്തിൻെറ ഭക്ഷണംകൊണ്ടു ഞങ്ങളെ പാലിച്ചാലും, അനുഗ്രഹിച്ചാലും; നവീകരിച്ചാലും, സഹായിച്ചാലും. ജീവൻെറ രാജ്യത്ത് അവിടുത്തെ ദശിക്കുവാൻ അനന്തനന്മയാകുന്ന ദിവ്യഭോജനം കനിഞ്ഞു നല്കിയാലും. സർവ്വശക്തനും അനന്തജ്ഞാനിയും ആയ അവിടുന്ന്, ഇഹത്ത് ഇമ്മാതിരി ഭക്ഷണം വിതരണം ചെയ്യുന്ന അവിടുന്ന്, ഞങ്ങളും ഈ സ്വർഗ്ഗീയസദ്യയിൽ സിദ്ധരോടുകൂടി അവകാശികളും അതിഥികളും ആയിത്തീരുവാൻ പ്രസാദത്തോടെ അനുഗ്രഹിച്ചാലും.

# അദ്ധ്യായം 29.

## മിത്രവിയോഗം.

"നിങ്ങളെ അനാഥരായി ഞാൻ പരിത്യജിക്കുകയില്ല; നിങ്ങളുടെ പക്കലോട്ടു ഞാൻ വരും."

പലപ്പോഴും മിത്രവിരഹം നാം അനുഭവിക്കാറുണ്ട്. അതു നമ്മുടെ അകതാരിൽ ഭയാനകതാപമങ്കുരിപ്പിക്കുന്നു. മനുഷ്യവാഗ്വിലാസത്തിനു പൂർണ്ണത വരുത്തുവാൻ അശക്തമായവിധം അത്രക്കഗാധവും അതിവിസ്തൃതവുമായ അന്തരം എനിക്കും എന്റെ ചുററുമുള്ളവക്കും തമ്മിൽ ചിലപ്പോളുണ്ടാകുന്നു. അപ്പോളാണ് ഉത്കഷ്പൂവ്മായ സാന്ത്വനം മനുഷ്യന്നാവശ്യം; ഉത്തമമായ പ്രോത്സാഹനം അത്യന്താപേക്ഷിതം. എന്റെ നഷ്ടധൈയ്യവും ക്ലേശഗ്രസ്തവുമായ ഹൃദയത്തിനു ശക്തിയും ധീരതയും പ്രദാനം ചെയ്യുന്ന സുസ്മേരവദനരായ സ്നേഹിതർ എനിക്കുണ്ട്; എങ്കിലും, എന്റെ ആന്തരികജീവിതം ഏകാന്തവും മിത്രരഹിതവുമാണെന്നുള്ള വസ്തുത ഭീതിജനകമായ ഒരു യാഥാത്ഥ്യമാണ്. ഞാൻ ഏകനായി ജീവിക്കുന്നു; വിശിഷ്ടവും ശ്രേഷ്ഠവും ഉത്കൃഷ്ടവുമായ എല്ലാ സംഗതികളിലും എനിക്കു മറെറാരുത്തനായി അംശഭാക്കാകുവാനുള്ള അപരിത്യാജ്യമായ ഒരഭിലാഷം എന്നിൽ നൃത്തം ചെയ്തുകൊണ്ടിരിക്കുന്നു. ഞാൻ ഏകൻ; എങ്കിലും അതിശക്തമായ ഒരു മൗലികാകാംക്ഷയാൽ പ്രേരിതനായി

സദാ എൻെറ ഹൃദയത്തിൻെറ അതി നിഗൂഢമായ വികാരവും ഭയവും അഭിലാഷവും വേണ്ടവിധം ഗ്രഹിക്കുന്ന ഒരുത്തനോടു പറഞ്ഞറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നാം പലരോടും ഗാഢമൈത്രി പരിപാലിച്ചുപോരുന്നുണ്ടു്. നമുക്കു അവരോടുള്ള സ്നേഹത്തിനു തുല്യമായ ഒരു സ്നേഹം അവക്കു നമ്മോടുമുണ്ടു്. എന്നാൽ അവരുടെ ശക്തിവെറും മാനുഷികം. ആകയാൽ പിന്നെയും നാം ഏകർതന്നെ. യേശുവിൻെറ മൈത്രിമാധുരി അനുഭവിക്കുന്നില്ലെങ്കിൽ നാം ഏകരായി മരണത്തിൻെറ കാളനഖങ്ങളാൽ മർദ്ദിതരാകേണ്ടവരായി അതി വിസ്തൃതവും പാപസംപൂൎണ്ണവുമായ മാൎഗ്ഗത്തിലൂടെ സഞ്ചരിക്കുന്നു. ആത്മരക്ഷണാൎത്ഥം, സൂൎയ്യതാപവുമേററു് പാലസ്റ്റൈൻ പാതകളിലൂടെ ചുററി സഞ്ചരിച്ചവനും ഗലീലയൻ തടാകത്തിൻെറ ഉപരിഭാഗത്തുകൂടി നടന്നവനുമായ യേശുഭഗവാൻ ആത്മാക്കളുടെ ഈ ശക്തമായ ആകാംക്ഷയ്ക്കു—അവിടുത്തേയ്ക്കു് മാത്രമേ അതിനു സാദ്ധ്യമാവുകയുള്ളു.—വിശ്രാന്തി നല്കിയിട്ടുണ്ടു്. ആത്മാക്കളുടെ മൎമ്മഭേദകമായ ഈ വ്യഥ അവിടുന്നു ഗ്രഹിച്ചു. അതു നമ്മെ ചുഴിഞ്ഞുകയറുന്നു. അവാച്യമായവിധം നമ്മുടെ ഹൃദയത്തെ പീഡിപ്പിക്കുന്നു. ഏകാന്തതയുടെ അവൎണ്ണ്യവും അത്യന്തനാശകരവുമായ ദണ്ഡനം അവിടുന്നു് ഗ്രഹിച്ചിട്ടുണ്ടു്. അതിനാൽ നമ്മെ അനാഥരായി അവിടുന്നു് പരിത്യജിച്ചിട്ടില്ല. അവിടുന്നു് നമ്മോടു് സഹവസിക്കുന്നു. നാം അവിടുത്തെ പ്രാപിച്ചു

നമ്മെ സംബന്ധിക്കുന്ന സർവ്വസംഗതികളും പറഞ്ഞറി യിക്കുവാൻ അവിടുന്നു് നമ്മുടെ പക്കൽ വർത്തിക്കുന്നു.

ഒരു മാതാവു്, തൻെറ വത്സലസന്താനങ്ങളെപ്പ റ്റി സംസാരിക്കുന്നു. അവരെക്കുറിച്ചുള്ള സങ്കോചം ആ സച്ചിദാനന്ദമൂർത്തിയെ അനുസ്മരിപ്പിക്കുന്നു; അവിടുത്തെ മുമ്പിൽ മുട്ടുകുനിച്ചുനിന്നു്, കൃത്യാന്തരബഹുലതയാൽ തരളിതമായിരിക്കുന്ന കച്ചവടക്കടകളിലെ നിശിതതമ മായ അപജയത്തെ അധികരിച്ചു് ഒരു പിതാവു്, തുട ൎന്നു അതു വരുത്തിവെക്കാവുന്ന അനൎത്ഥത്തെപ്പററി ആ കരുണാമൂൎത്തിയെ പറഞ്ഞറിയിക്കുന്നു; കൂടാതെ, അടുത്തു ഭാവിയിൽ രക്ഷകൻെറ സാഹായ്യകരം നീട്ടി അനുഗ്രഹി ക്കാത്തപക്ഷം ക്ഷുത്പിപാസയാൽ വലയുന്ന കുട്ടികളു ടെ ദർശനമുളവാക്കാവുന്ന ശോകത്തെ പുരസ്കരിച്ചും അ ന്യഥാ ധരിക്കുമെന്നുള്ള ഭയം വിനാ, അഗണ്യമാക്കിത്ത ള്ളിക്കളയുമെന്നുള്ള ഭീതിയെന്യേ, സർവ്വവും പറഞ്ഞറിയി ക്കുന്നു:—ഭയവിഹ്വലത, ഹൃദയവ്യാകുലത, മനഃക്ലേശം, ഭവിഷ്യന്നിഷ്ടയെപ്പററിയുള്ള സങ്കോചം; അതീതദിവസ ത്തിലെ അധൎമ്മം. അവിടുന്നാണു് നമ്മുടെ മഹാ സ ങ്കേതകേന്ദ്രം. പീഡകളുടെ ശക്തിയ്ക്കു അധികമധികം ഞാൻ വിധേയനാകുമ്പോഴും, നമ്മെ ആവൃതമായിരിക്കു ന്നതും, ആകുവാനിരിക്കുന്നതും ആയ ക്ലേശം നമ്മെ അ ന്ധരാക്കുമ്പോഴും യജ്ഞവേദിയിൽ വിനയപൂർവ്വം പ്രവേ ശിച്ചു്, നിശ്ശബ്ദമായി അവിടുത്തെ സങ്കേതം പ്രാപിക്ക ണം; 'പ്രാഞ്ചിക്കിതച്ചു' നടക്കുന്ന ബാലന്മാരെപ്പോലെ നമ്മുടെ ക്ഷതം സൗമ്യമതിയായ മാതാവിനു കാണിച്ചു

കൊടുക്കണം. അവർ അതു് വീക്ഷിക്കുക മാത്രം ചെയ്താൽ നാം ആരോഗ്യപ്രാപ്തരായി. എന്നാൽ ഏതൊരു മാതാവിൻെറ സൗമ്യതയാണു് അവിടുത്തേതിനെ വെല്ലുന്നതു്.

യേശുവേ! മനുഷ്യഹൃദയങ്ങളെയും അവയുടെ ആവശ്യങ്ങളേയും പരിപൂർണ്ണമായി അറിയുന്ന നാഥാ! അവിടുന്നു് ഞങ്ങളെ അനാഥരായി വിട്ടുപിരിയാതിരുന്നതിനു നന്ദിചൊല്ലുന്നു. ശരിയാണു്, ചിലപ്പോഠം, ശാരീരികദൃഷ്ട്യാ 'സംസ്കാരചിഹ്ന' "Sacramental" ത്തിൻെറ യവനികയെ അതിക്രമിച്ചു് അവിടുത്തെ മാധുര്യജനകമായ മുഖദശ്നത്തിനു ഞങ്ങഠം അശക്തരാകുന്നു. എന്നാൽ അവിടുന്നു ഞങ്ങളോടുകൂടി വസിച്ചിരുന്നില്ലെങ്കിൽ, ജീവിതം അന്ധകാരമയവും ക്ലേശാവഹവും ഭയംകരമാംവണ്ണം ഏകാന്തവുമായി ബ്ഭവിക്കുമായിരുന്നു. ഞങ്ങളുടെ ജീവിതാവശ്യം അവിടുന്നു് സമ്യക്കായി കരുണാപൂവ്വം നിവ്ഹിച്ചിട്ടുണ്ടു്. സ്നേഹമുള്ള യേശുവേ! തദത്ഥം അവിടുത്തെ നമസ്കരിക്കുന്നു.

പകൽ കഴിഞ്ഞു; അതാ രാത്രി സമീപിക്കുന്നു. നാഥാ! അവിടുന്നു് ഞങ്ങളുടെ മദ്ധ്യേ അധിവസിച്ചാലും. ബാലരുടെ പ്രകാശമായ അവിടുന്നു് അവരെ വിട്ടുമാറുന്നെങ്കിൽ അവരെന്തുചെയ്യും?

# അദ്ധ്യായം. 30.

## ഏകാന്തം.

"എന്റെ മക്കളേ! യഥേഷ്ടം വിട്ടുപോകുവിൻ; ഞാൻ ഏകനായിത്തീൎന്നു."

വിവിക്തമായ കാരാഗൃഹവാസമാണു, മനുഷ്യജ്ഞാനത്തിൽപ്പെട്ടിടത്തോളം ക്ലേശാവഹമായ ശിക്ഷ. സാഹായ്യദാതാവായ ഒരു സ്നേഹിതൻ നമ്മുടെ പാൎശ്വത്തിലുണ്ടെങ്കിൽ ഓരോ ദുഃഖവും തുടൎന്നുതുടൎന്നു നമ്മെ അഭിമുഖീകരിക്കുന്നെങ്കിലും, അവസാനം സ്വാസ്ഥ്യംതന്നെ നാം പ്രാപിക്കുന്നു. ഓരോ നവീനക്ലേശത്തേയും വിജയപൂൎവ്വം നാം എതൃക്കുന്നു. സന്തോഷംതന്നെ നമ്മെ സമാഗമിക്കുകയാണെന്നിരിക്കട്ടെ, നാം ഏകരായി, ആ ആനന്ദചിത്രം രുചിക്കുന്നെങ്കിൽ അതു കലുഷീതമായ ഒരു ആമോദംമാത്രം. സഹോദരരിൽനിന്നു വിയുക്തമാകുക, മനുഷ്യസംസൎഗ്ഗം സാധിക്കാത്ത സ്ഥലത്തു അധിവസിക്കുക, അഭിപ്രായവൈപരീത്യത്താൽ അവരിൽനിന്നു് അതിവിദൂരം സ്ഥിതിചെയ്യുക, അതിതിക്തമായ ഒരു കുരിശാകുന്നു. ഇവ ബലവാന്മാരായ മഹതീമഹാന്മാരുടെ അധഃപതനത്തിനുപോലും കാരണമായിത്തീൎന്നിട്ടുണ്ടു്.

നമ്മെപ്പോലെത്തന്നെ ദിവ്യനാഥനും ഏകാന്തത വെറുക്കുന്നു. സ്വേച്ഛയാ, കാരാഗൃഹവാസമനുഭവിക്കു

ന്ന അവിടുന്നു സ്വമിത്രങ്ങളാൽ വഞ്ചിതനാകുവാൻ ഒരിക്കലും ആശിക്കുന്നില്ല. വിജനത സഹർഷം കളിയാടുന്ന സ്ഥലത്തു നിവസിക്കുവാനല്ല, ആരാധകരാൽ സന്ദർശിക്കപ്പെടുന്നതിനാണു് അവിടുന്നു ഇക്കാരാഗൃഹവാസമിഷ്ടപ്പെട്ടതു്. ദുഷ്ടന്മാരാൽ തിരുവോസ്തിയെ അപഹസിക്കാതിരിപ്പാൻ, ബുദ്ധിവിഹീനങ്ങളായ സത്വങ്ങളാൽ അതു കളങ്കപ്പെടുത്താതിരിപ്പാൻവേണ്ടി മാത്രമാണു് അവിടുന്നു പൂട്ടപ്പെട്ട ദിവ്യമണ്ഡപത്തിന്നകത്തിരിക്കുന്നതു്. എങ്കിലും ഭവനവാതിൽ പ്രഭാതംമുതൽ പ്രദോഷംവരെ തുറന്നിട്ടുണ്ടു്. നമ്മുടെ സന്ദർശനം അവിടുന്നു പാർത്തിരിക്കുന്നു. ഇത്തരത്തിലുള്ള സഹനശക്തി ദൈവത്തിനുമാത്രമേ ഉണ്ടാവുകയുള്ളു. ചിലർ അതിദുർലഭം അവിടെ കയറിച്ചെല്ലുന്നു. മററുചിലർ പലപ്പോഴും എന്നാൽ വേറെ ചിലർ, അവരെസംബന്ധിച്ചേടത്തോളം അവിടുത്തെ പൂർണ്ണമായി ഏകാന്തതയിൽത്തന്നെ പരിത്യജിക്കുന്നു. അവർ മാത്രമായിരുന്നു അവിടുത്തെ സന്ദർശനാർത്ഥം സമീപിച്ചിരുന്നതെങ്കിൽ പണ്ടെതന്നെ അവിടുത്തെ പക്കലോട്ടുള്ള മാർഗ്ഗം തൃണനിബിഡമായിത്തീരുമായിരുന്നു. അവരുടെ ഇതരമിത്രങ്ങളെപ്പററി അവർ സോൽക്കണ്ഠം വർത്തിക്കുന്നു. അവരെ വലിയ ക്ലേശമോ, രോഗമോ, ബാധിക്കുന്നെങ്കിൽ അവരുടെ പക്കലെത്തി ശോകപൂർണ്ണമായ സമയത്തെ സാമോദം കഴിക്കുവാൻ അവരെ സഹായിക്കുന്നുണ്ടു്. അവക്കു സ്നേഹസൂചകമായ സമ്മാനങ്ങളും അയക്കാറുണ്ടുപോലും; അവരുടെ സുഖവാർത്ത അന്വേഷിക്കുന്ന കരുണാസമ്മിളിതമായ ലേഖനങ്ങളും മധു

രപദാൎത്ഥങ്ങളും. എന്നാൽ യേശുനാഥനെപ്പററിമാത്രം അവർ ചിന്തിക്കുന്നില്ല. ലോകം അവരെ ആനന്ദാൎത്ഥം നിമന്ത്രിക്കുന്നു; അതു് അവൎക്കു ശ്രവിക്കണം. ക്രിസ്തുവാകട്ടെ, അവരെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അവരെ പാൎത്തിരിക്കുന്ന കാരാഗൃഹവാസിയെ അവർ വിസ്മരിക്കുന്നു.

എന്നാൽ നമ്മുടെ ദിവ്യനാഥനെ സന്ദൎശിക്കുവാൻ അണയുന്ന ചിലരുണ്ടു്. അവരുടെ സാന്നിധ്യത്തിൽ ക്രിസ്തു അല്പംമാത്രമേ മൈത്രി കണ്ടെത്തുന്നുള്ളു. അവരുടെ മനസ്സും ദിവ്യനാഥൻേറതും പരസ്പരവിരുദ്ധമാണു്. അവരുടെ ആശയം ദിവ്യനാഥൻേറതിനോടു കേവലം വ്യത്യസ്തമാണു്. താരതമ്യേന വീക്ഷിക്കുന്നെങ്കിൽ അതിയായ അതുല്യത നാം ദൎശിക്കുന്നു. അവൎക്കും ദിവ്യനാഥനും പരസ്പരം പ്രിയംകരമായ ഒരു വസ്തു ഇവിടത്തേയ്ക്കു സന്തോഷപൂൎവ്വം അൎപ്പിക്കുവാൻ അവർ അശക്തരാകുന്നു, ലോകത്തോടു അത്രത്തോളം സുഘടിതമാണവരുടെ ഹൃദയം. ക്രിസ്തു ശരീരപരമായി ആ അവസരത്തിൽ അവരുടെ പക്കലുണ്ടെന്നുമാത്രം. ശ്രദ്ധിക്കുന്നപക്ഷം ഇവ്വാക്യം അവിടുന്നു പറയുന്നതായി നാം ശ്രവിക്കും. വിജനപ്രദേശത്തെ ഒരു ഞാറപ്പക്ഷിക്കുതുല്യമായി ഞാൻ തീൎന്നിരിക്കുന്നു. പുരപ്പുറത്തിരിക്കുന്ന കുരുവിയ്ക്കുതുല്യം ഞാൻ ഏകനായി പ്രതീക്ഷിച്ചിരുന്നു.

ഭഗവൻ! സ്വമേധയാ കാരാഗൃഹവാസമനുഭവിക്കുന്ന നാഥാ! അവിടുത്തെ കേവലം ഏകാന്തനായി ഞാൻ

പരിത്യജിക്കുവാൻ അവിടുന്നു് അനുവദിക്കരുതേ. ഇതരെ അതിശയിച്ച അവിടുത്തെ നിർദ്ധാരണംചെയ്യുവാൻ അവിടുന്നു എന്നെ അനുഗ്രഹിച്ചിട്ടുണ്ടു്. അവിടുത്തെ തിരുഹൃദയത്തിലെ നിഗൂഢമായ ആഗ്രഹം ഞാൻ അറിയുന്നു. എൻെറ സഹോദരനായ മിത്രത്തെ വെല്ലുന്ന വിധം അവിടുത്തെ ഞാൻ വിലമതിക്കുകയില്ലന്നോ! യേശുവേ! പലപ്പോഴും അവിടുത്തെ ഞാൻ വന്നുകാണും, അവിടുത്തോടുകൂടി സല്ലപിക്കും. എൻെറ ദൈവത്തിൻെറ സാന്നിധ്യത്തിൽ ഒരു ആത്മമിത്രത്തോടെന്നപോലെ ഞാൻ വർത്തിക്കും. അങ്ങനെ നമ്മുടെ—അവിടുത്തെ മാനുഷികഹൃദയവും എൻെറ ഹൃദയവും—ഹൃദയം അതിവ ആനന്ദം കണ്ടെത്തും.

# അദ്ധ്യായം 31.

## മിത്രകാരുണ്യം.

"ഈ സ്ഥലം എത്ര ഭയങ്കരം. ഇതു ദൈവത്തിൻെറ ആലയമാകുന്നു; ദൈവമന്ദിരമെന്നു വിളിക്കപ്പെടുന്ന സായൂജ്യകവാടമാകുന്നു."

സ്നേഹിതൻ നമുക്കു സംപൂജ്യൻ; ആരാധ്യൻ; ആദരണീയൻ. സ്നേഹിതരുടെ സമ്പക്കത്തിൽ സ്വാതന്ത്ര്യം ധാരാളം. അവർ പരിപൂണ്ണമായ നിസ്വാത്ഥതയോടെ പെരുമാറുന്നു. സവ്വത്തിലും സമാവകാശം. അവർ ഏകീഭവിച്ചു പ്രവത്തിക്കുന്നു. പരസ്പരം യഥാഹം ബഹുമാനിക്കുന്നു. അവരുടെ സ്വാതന്ത്ര്യം പുച്ഛജനകമല്ലെന്നും യാതൊരു അനാദരവും അവരുടെകൂടെ കടന്നുകൂടിയിട്ടില്ലെന്നും ഒരു ആഗന്തുകദശകനുപോലും സുഗ്രാഹ്യമാണു്. എൻെറ മിത്രത്തെ ധന്യനാക്കുവാൻ എനിക്കു എന്മാത്രം ഔദായ്യവും ഉൽകണ്ഠയും ഉണ്ടായിരുന്നു, അമ്മാത്രം പ്രബലമായിരിക്കും അദ്ദേഹത്തിനോടുള്ള എൻെറ വശ്യശക്തിയും. യഥാത്ഥസ്നേഹിതനെ മാത്രമേ നാം സഹായാത്ഥം വിളിക്കുകയുള്ളൂ. നിസ്സംശയം എൻെറ അഭിലാഷം അയാറം പൂത്തിയാക്കുന്നു.

യേശുവിൻെറ സ്നേഹിതരുടെ സ്ഥിതിയും ഇതിൽനിന്നൊട്ടും വ്യത്യസ്തമല്ല. ഇതു് അവബോധിക്കുവാൻ

ദൈവാലയകവാടത്തിൽ അല്പനേരംനിന്നു ഉൾപ്രവേശിക്കുന്നവരെ ഉററുസൂക്ഷിച്ചാൽമതി. അവരുടെ പെരുമാററത്തിലുള്ള സഭ്യത; പ്രവൃത്തിയിലുള്ള ആര്യത; സൗമ്യത! ഏതൊരു അടയാളത്താൽ അവിടുത്തെ ജനം സുജ്ഞാതമായിരിക്കുന്നു, ആ ചിഹ്നം പരിശുദ്ധജലംകൊണ്ടു തങ്ങളുടെ നെററിയിൽ അവർ കുറിക്കുന്നു. അവിടുത്തെ സാമീപ്യമണഞ്ഞു്, വിനയസമന്വിതം അവർ മുട്ടുമടക്കുന്നു. എന്തൊരു ശ്രേഷ്ഠത്വമാണു അവരുടെ മുഖകമലങ്ങളിൽ പ്രകാശിക്കുന്നതു്! അതു അവരുടെ ആത്മാവിൻെറ ഗാഢതരമായ പ്രണാമം വിളിച്ചറിയിക്കുന്നു. അവരുടെ പ്രാൎത്ഥനാനിരതമായ ദൎശനം, അലോകപരമായ നില, ഒരു നിമിഷത്തേയ്ക്കോ, രണ്ടുനിമിഷത്തേയ്ക്കോ, അല്ല ഒരു മണിക്കൂർസമയത്തേയ്ക്കോ ആയിരിക്കാം. എങ്ങനെയായാലും, അതു അവർ സല്ലപിക്കുന്ന രാജകീയമിത്രത്തെപ്പററി സംസാരിക്കുന്നു. ആരാധനയ്ക്കു് ഉചിതമാംവിധം അവർ മുട്ടുകുനിച്ചു നില്ക്കുന്നതായാലും, ക്ലേശാധിക്യത്താൽ ഇരിക്കുന്നതായാലും, അവർ സ്വസ്നേഹിതനോടുള്ള മധുരസംഭാഷണം തുടൎന്നുപോകുന്നു. വളരെ സ്നേഹപൂൎവ്വമാണു ദിവ്യനാഥനെ അവർ ധ്യാനിക്കുന്നതെന്നു് അവരുടെരീതി, ശിഷ്ടാചാരം, നമ്മെ ഉപദേശിക്കുന്നു.

ഇത്തരത്തിലല്ലാതെ ഇതെപ്പററി ചിന്തിക്കുവാൻ സാദ്ധ്യമോ? ഇഹത്തിലും പരത്തിലും നരകത്തിലും ഏതൊരു നാമശ്രവണമാത്രയിൽ മുട്ടുമടക്കുന്നു, ആ നാമവാഹനല്ലയോ സത്തമനായ യേശുനാഥൻ! ഏതൊരുത്ത

ൻെറ ആജ്ഞയ്ക്കു എതിരില്ലയോ ആ സർവ്വലോകനിയന്താവല്ലയോ യേശു! ശക്തിപൂർവ്വം ഈജിപ്തിനെ ശിഥിലീഭവിപ്പിച്ച ദൈവം അവിടുന്നല്ലയോ? അവിടുത്തെ സന്നിധാനാവസരത്തിൽ മേഘധ്വനിയാൽ സീനായിമലയെ കിടുകിടെ വിറപ്പിച്ചവൻ ആവിടുന്നല്ലയോ; അവിടുത്തെ കേവലം ഒരു മനുഷ്യനായിമാത്രം പരിഗണിക്കുന്നെങ്കിൽതന്നെ ശ്രേഷ്ഠാചാരത്തോടെ സേവനംചെയ്യേണ്ടവനല്ലയോ അവിടുന്നു? ഉത്തമരായ സ്നേഹിതരുടേയും ദിവംഗതരായ ശ്രേഷ്ഠരുടേയും കാരുണ്യാധിക്യവും പുണ്യസമ്പന്നതയും സദ്ഗുണസമ്പത്തും കനുചേർത്ത്, അല്ല, സഹസ്രഗുണമാക്കി, അത്യന്തസൗമ്യനും പ്രേമാർഹനുമായ ഭഗവാൻെറ ഹൃദയത്തോട് തട്ടിച്ചുനോക്കുമ്പോൾ അവ തുലോം നിസ്സാരംമാത്രം. അതിനാൽ ഈ സ്ഥലം ഭയംകരം! എന്നു അവിടുത്തെ ആലയത്തെപ്പററി നമുക്കു പറഞ്ഞുകൂടയോ? അതേ! നമ്മുടെ ഹൃദയത്തിൽ ഭയമുളവാക്കുന്ന ഒരു സ്ഥലംതന്നെയാണ് അത്. എന്നാൽ അതു ദാസസഹജമായ ഭീരുത്വത്തിൽനിന്നുണ്ടാകുന്ന ഒരു ഭീതിയല്ല; ആർദ്രതമമായ ഒരു പിതാവിനോടുണ്ടാകേണ്ട പുത്രോചിതവും പൂജ്യാത്മകവും ആയ ഭക്തിയാണ്. അവിടുത്തെ ഭവനം നിശ്ചയമായും ദൈവത്തിൻെറ ആലയമെന്നും സായൂജ്യകവാടമെന്നും ദൈവമന്ദിരമെന്നും വിളിക്കപ്പെടും. അവിടുന്നു നമ്മിൽനിന്നു തിരോധാനംചെയ്തിരിക്കുന്നു. മാനുഷികചക്ഷുസ്സുകളെ അതിഗമിക്കുന്നവിധം വിശ്വാസയവനികയിൽ മറഞ്ഞിരിക്കുന്നു. ആഹ്ലാദിതനായ അവിടുത്തെ പ്രതാപം

രാജകീയംതന്നെ. നമ്മുടെ രാജാവും ദിവ്യമണ്ഡപത്തിൽ ആസനസ്ഥനായിട്ടുണ്ടെന്നു് ഏവരോടും നാം പറയുന്നു. അതിപൂജ്യനായ ഒരു രാജാവിൻെറ സമീപത്തു വത്തിക്കുന്ന വിനയരായ രാജസേവകക്ക് ഉചിതമല്ലാത്ത ആചാരം നമ്മിൽ അവർ ദശിക്കുമോ? നമ്മുടെ ശാരീരികയത്നങ്ങൾ അവിടുത്തെ നൃപതപ മാഹാത്മ്യം ദശിക്കുവാൻ അശക്തമാകാം. എന്നാൽ ജഡികേന്ദ്രിയങ്ങൾക്കു അതീതമായ നമ്മുടെ വിശ്വാസപ്രഖ്യാപനം നമുക്കു സന്ത്യജിക്കാമോ?

യേശുവേ! രാജാധിരാജാ! അവിടുത്തെ സന്ദശനരീതിയിൽനിന്നു അങ്ങെ എൻെറ രാജാവായി ഞാൻ വരിച്ചിട്ടുണ്ടെന്നു ജനങ്ങൾ വിശ്വസിക്കുമോ? ഒരു രാജസേവകൻ തൻെറ നൃപനോടു, ഒരു നിദ്ധനസ്നേഹിതൻ തൻെറ അതിപ്രതാപവാനായ മിത്രത്തോടു പ്രദശിപ്പിക്കേണ്ടതായ ബഹുമാനം ഞാൻ പ്രദശിപ്പിക്കുന്നുണ്ടോ? ഞാൻ അങ്ങേ എൻെറ രാജാവായി, നാഥനായി, മനുഷ്യരിൽ ശ്രേഷ്ഠനായി, സവ് ശക്തിയുടേയും പ്രവാഹകേന്ദ്രമായി പരിഗണിക്കുന്നു. യേശു മാത്രമാണു് നാഥനെന്നു ഞാൻ വിശ്വസിക്കുന്നു. സവ്വവിധ ആചാരോപചാരങ്ങളും അവിടുത്തേയ്ക്കു ഞാൻ അപ്പിക്കുന്നു. ആദ്യുത്തമനായ അവിടുത്തോടു അനാദരപൂവ്വം വ്യാപരിക്കുവാൻ എനിക്കു ഇഷ്ടമില്ല.

# അദ്ധ്യായം 32.

## സമ്മാനദാനം.

"മൂല്യരഹിതമായ ഒരു ഹോമം (ബലി) എൻെറ നാഥനായ ദൈവത്തിനു ഞാൻ അൎപ്പിക്കുകയില്ല."

മോറിയായുടെ ഉച്ചിയിലുണ്ടായിരുന്ന ഒരു കട്ടത്തപാറ. അവിടെ ദാവീദുരാജൻ നിന്നിരുന്നു. അതു് അറെവുന ഒരു കളമാക്കി ഉപയോഗിച്ചു പോന്നിരുന്നു. സജീവനായ ദൈവത്തിനു് ഒരു യജ്ഞവേദി പണിയുവാൻ അതു് കിട്ടേണമെന്നു ദാവീദ്‌രാജാവു് അയാളോടു ആവശ്യപ്പെട്ടു. ആജെബൂസേയക്കൻ കളം തൻേറതാണെന്നു ശഠിച്ചു. അതിവേഗം ആ ദൈവദാസൻ ശക്തിപൂൎവ്വം പ്രതിവചിച്ചു. "ഞാൻ നിൻെറ പക്കൽനിന്നു അതു വാങ്ങിക്കും. മൂല്യരഹിതമായ ഒരു ഹോമം എൻെറ നാഥനായ ദൈവത്തിനു ഞാൻ അൎപ്പിക്കുകയില്ല.

മൂല്യാൎഹമായ വസ്തു മാത്രമെ സ്നേഹിതർ പരസ്പരം സംഭാവന ചെയ്യാറുള്ളു. അപൂൎവ്വതരവും മതാൎഹവുമായ ഒരു സമ്മാനം മിത്രത്തിൻെറ ഗാഢസ്നേഹത്തെ സൂചിപ്പിക്കുന്നു. ഏവൎക്കും വാങ്ങിക്കാവുന്ന ഒരു നിസ്സാരസാധനം മാത്രമേ സ്മരണാൎത്ഥം നല്കുവാൻ അതി നിൎദ്ധനനായ ഒരു സ്നേഹിതനു സാധിക്കുകയുള്ളു. പരസ്പരസ്നേഹം യഥാൎത്ഥമായി അനുഭവിച്ചുപോകുന്നവർ മഹാൎഘ്യമായി മതിക്കുന്ന വസ്തുമാത്രമേ സ്മരണാൎത്ഥം കൈയ്മാററം ചെയ്യാറുള്ളുവെന്നു സാരം.

എന്നാൽ എന്തുകൊണ്ടാണ് ഇതിൽ വ്യത്യസ്തമായ വിധം യേശുവിനോടു നാം പ്രവത്തിക്കുന്നതു്? അവിടുത്തെ നാം സ്നേഹിക്കുന്നുവെന്നു പറയുന്നു. അപ്രകാരം നാം ചെയ്യുന്നുണ്ടുതാനും. എന്നാൽ എന്തുകൊണ്ടാണ് അവിടുത്തേയ്ക്കു ഒരു അല്പബലി മാത്രം അപ്പിക്കുന്നതു്. നമ്മുടെ ജോലിക്കു് മുമ്പും പിമ്പും നാം അവിടത്തേയ്ക്കു ഉപഹാരം നല്കുന്നുണ്ടു്. ശരിതന്നെ. സ്വാഭിലാഷപൂത്തീകരണത്തിനുശേഷം സമയമുണ്ടെങ്കിൽ അവിടുത്തെ നാം പ്രാത്ഥിക്കുന്നു. ചിലപ്പോഠം അവിടുത്തെ സാന്നിധ്യമണഞ്ഞു്, അതിൽനിന്നുള്ള ആനന്ദം അനുഭവിക്കുവാൻ നാം വഴിപ്പെടുന്നുണ്ടു്. തന്മൂലം ഇതരമിത്രത്തോടുള്ള സഹവാസത്തിനു ഉടവു് തട്ടാത്തപ്പോഠം ശാത്രമേ അങ്ങനെ ചെയ്യുന്നുള്ളൂ. അവിടുത്തെപ്പോലെ ആയ്ത്തീരുന്നതിന്നും അവിടുത്തെ പരിശുദ്ധത അണിയുന്നതിന്നും നാം കാംക്ഷിക്കുന്നു; എന്നാൽ അപ്രകാരം ക്ലേശമനുഭവിപ്പാൻ ഇടവരാത്ത ഘട്ടത്തിലും തത്പ്രാപ്യാത്ഥം ഉപയുക്തമാക്കേണ്ട ഉപാധികഠം ദുർവഹമല്ലാത്ത സമയത്തും മാത്രമേ അതിനു നാം തുനിയുന്നുള്ളൂ. ഏവംവിധമുള്ള ഉപഹാരങ്ങഠം അവിടുത്തേയ്ക്കു് അപ്പിക്കുന്നു. എന്നാൽ അവ നമ്മെ ക്ലേശിപ്പിക്കാത്തപ്പോഠം മാത്രം. ഇങ്ങനെയെല്ലാമെങ്കിലും നമ്മുടെ ജീവിതത്തിൽ ഉപഹാര്യങ്ങളായ പ്രവൃത്തികഠം ബഹുലമാണ്. ജിഹ്വാഗ്രം നിയന്ത്രിച്ചു, അന്യൻെറ പ്രതാപം മലിനമാക്കാതിരുന്നുവെങ്കിൽ പ്രതിനിമിഷം നമ്മിലലച്ചുകയറുന്ന അക്ഷമത സംയമനം ചെയ്യുന്നെങ്കിൽ, നമ്മുടെ സവ് പ്രവൃത്തികളിലും വിനീതവേഷമണിഞ്ഞിരിക്കുന്ന അഹംഭാവത്തെ നിയന്ത്രിക്കുന്നുവെങ്കിൽ, ക്രിസ്തുവിനു പ്രദാനം ചെയ്യു

വാൻ അത്യുത്തമവും ഉത്കൃഷ്ടവും കാമ്യവുമായ വസ്തുക്കളല്ലാതെ നമ്മുടെ പക്കൽ മററൊന്നും തന്നെ ഉണ്ടാവുകയില്ല. അവിടുന്ന് അയയ്ക്കുന്ന കുരിശുകളാകുന്ന സങ്കടത്താൽ നമ്മുടെ ജീവിതം നിബിഡമെങ്കിലും സർവ്വദാ അവിടുന്ന് വളരെ സന്തുഷ്ടനായ്ത്തീരുന്നു. അവിടുത്തെ സമക്ഷം അത്ര മഹത്തരമെന്നുള്ളതാണ് അതിനുള്ള കാരണം. ജീവിതത്തിൽ ഇഴഞ്ഞുകയറുന്ന അസൂയ നാം തട്ടിനീക്കി കളയുന്നെങ്കിൽ, പരൻെറ വിജയത്തിൽ നാം അസൂയാകലുഷിതരാകുന്നില്ലെങ്കിൽ, സർവ്വോപരി, നിദ്രാസമയം കുറച്ച്, അതിരാവിലെ, ദിവ്യ അൾത്താരയെ സമീപിച്ച്, അവിടുത്തെ അതിഥിയായി അകതാരിൽ സ്വീകരിക്കുന്നുവെങ്കിൽ അവിടുന്ന് അമിതമായ ആനന്ദം കണ്ടെത്തുന്നു.

യേശുവേ! ചിന്താരഹിതമായി വ്യയം ചെയ്ത നിമിഷത്തെപ്പററി ആരായുമ്പോൾ ഹൃദയഭാരത്തോടെ അവിടുത്തെ സ്നേഹം യഥാർത്ഥവും നിസ്വാർത്ഥവുമാണെന്നു മനസ്സിലാകുന്നു. എന്നാൽ എൻെറ സകല ഉപഹാരത്തിലും ഞാൻ അനുദാരനായിരുന്നു. എൻെറ പ്രവർത്തിപദ്ധതി ഒരു സ്വാർത്ഥസ്നേഹിയുടേതായിരുന്നു. ദിവ്യയേശുവേ! ഇതാണ് അതീതകാലത്തെ എൻെറ ചരിത്രം! ജീവിതചര്യ! ഇന്നാകട്ടെ അവിടുത്തെ കാരുണ്യസമ്മിളിതമായ പ്രസാദവരസാഹായ്യത്താൽ എൻെറ കൈവശമുള്ളതിൽ ശ്രേഷ്ഠമായിട്ടുള്ളത് വിവാദമെന്യേ, അവിടുത്തേക്കപ്പിക്കുന്നു. മരണനേരം എൻെറ ആത്മാവിനേയും എൻെറ ആസ്തിത്വത്തിൻെറ നിസ്സാരശക്തികളേയും അവിടുത്തേയ്ക്കു നിവേദിക്കുന്നതുവരെ ഈ വിധം ഞാനാചരിക്കും.

# അദ്ധ്യായം 33.

## സുശീലത—ം.

"അവഠം പ്രതിവചിച്ചു: നിങ്ങളെ ഉപേക്ഷിച്ച് ഞാൻ വിട്ടുപോകേണമെന്ന് ആഗ്രഹിക്കമാറ് എൻെറ പക്കൽനിന്നു മുഖം തിരിക്കല്ലേ. എന്തുകൊണ്ടെന്നാൽ നിങ്ങഠം എവിടെ പോകും അവിടെ ഞാനും പോകും. എവിടെ നിങ്ങഠം വസിക്കും അവിടെ ഞാനും. നിങ്ങളുടെ ജനം എൻെറ ജനവും; നിങ്ങളുടെ ദൈവം എൻെറ ദൈവവും."

അനന്തരം ആ 12 പേരോടു ചോദിച്ചു: നിങ്ങളും എന്നെ വിട്ടകലുമോ?

ബത്ലഹത്തിലെ വിദൂരസ്ഥമായ വയലുകളിൽ ദുഃഖിതയായി നിന്നിരുന്ന നവോമിയോടുകൂടി നാം പലപ്പോഴും നിലകൊണ്ടിട്ടുണ്ടാകാം. അവഠം അന്തിമയാത്ര 'രൂത്തിന്' ആശംസിച്ച്, പിതൃഗൃഹത്തിലേയ്ക്കു തിരിച്ചുവിടുന്നതു ശ്രവിച്ചിട്ടുമുണ്ടാകാം. 'രൂത്ത്' അവളിൽനിന്നു വിട്ടകന്നപ്പോഠം അവളെ കാണാതിരിക്കുമാറു മുഖം തിരിക്കുന്നതു് കണ്ടു. എങ്കിലും അവഠം വീണ്ടും മരുമകളെ ഒന്നു വീക്ഷിച്ചു. മ്ലാനമയമായിരുന്ന മുഖത്ത് ആനന്ദപ്രകാശം ഉദിച്ചുയന്നു. കാരണം സങ്കടസമ്മിളിതമായ ആ വിരഹവാചകം ഉച്ചരിച്ച് കഴിഞ്ഞതോടെ, ഭവിഷ്യജ്ജീവിതം എന്തു തനിക്കു തയ്യാറാക്കുമെന്നു ചിന്തിക്കാതെ, നവോമിയെ അനുഗമിക്കുവാൻ ശക്തിപൂവ്വം

ഉറച്ച് തൻെറ ഒരുക്കത്തെ 'റൂത്ത്' അമ്മായിയമ്മയെ വിളിച്ചറിയിച്ചു.

ഇങ്ങനെ പണ്ട് ആ വയലുകളിൽവെച്ചു നടന്ന ഒരു സുശീലഹൃദയത്തിൻെറ വാഗ്ദാനം നാം ശ്രവിച്ചു. 'റൂത്തി'ൻെറ ഗൃഹത്തിൽനിന്നു അതിദൂരമല്ലാത്ത കിഴക്കൻപ്രദേശത്തു തന്നെയാണു നമ്മളും സ്ഥിതിചെയ്യുന്നതു്. അവളുടെ രാജകീയപുത്രൻ, നമ്മുടെ യജമാനൻ, നാഥൻ, ഇന്നു്, നവോമിയെപോലെയല്ല, സംഭാഷിക്കുന്നതു്; നാം തന്നെ, അതികാരുണ്യവാനായ അജപാലകനെ വിട്ടകലുന്ന മൂഢ അജഗണതുല്യം വിട്ടുമാറുന്നതിനല്ല അവിടുന്നു അഭിലഷിക്കുന്നതു്; ആത്മാക്കളെ അന്വേഷിക്കുന്നവൻേറതാണു്, അവിടുത്തെ ചോദ്യം, സംഭാഷണം, അഭിലാഷം. അതു നമ്മുടെ ഹൃദയത്തിൽ പുഴിഞ്ഞുകയറേണ്ടതുമാണു്.

ക്രിസ്തുവിനെ അനുഗമിക്കുക, ധീരവും ക്ഷമാവഹവുമായ ഒരു പ്രവൃത്തിയാണു്. അതു പൂൎണ്ണവളൎച്ച വന്ന ഒരു മനസ്സിന്നു മാത്രമേ സാധിക്കുകയുള്ളൂ. ഭീരുക്കളും അലസരും അസ്ഥിരരും മുൾക്കിരീടധാരിയായ രാജാവിൻെറ അനുഗാമികളാകുവാൻ പോരുന്നവരല്ല. അവിടുത്തെ പരിചരണത്തിൽ ആനന്ദാവഹമായ ദിവസങ്ങളുണ്ടു്. ക്രിസ്തുവിനെ സ്വമേധം അനുഗമിക്കുന്ന ഓരോ ആത്മാക്കൾക്കും ഓരോ ദിവസവും വസന്തകാലത്തിലെ ദിനംപോലെയാണു്. ലോകത്തിനു പ്രദാനം ചെയ്യുവാൻ അസാദ്ധ്യമെന്നപോലെതന്നെ അപഹരിക്കുവാനും ദുസ്സാധമായ സമാധാനം അവർ അനുഭവിക്കുമെന്നുള്ളതാണു് അതിന്നുള്ള കാരണം. എന്നാൽ വൈ

ഷികമായ പോരാട്ടത്തിലേപ്പെട്ടു് ആദ്യമായി സ്വാത്മാവിനെ രക്ഷിക്കണം; അനന്തരം അന്യൻെറ ആത്മാവിനേയും. തീവ്രമായ വിലോഭനങ്ങൾ ഉടനടി ജയിക്കേണ്ടതായിട്ടുണ്ടാകും. അവിടുത്തെ സേവനാൎത്ഥം മൎമ്മഭേദകമായ അവഹേളനം അനുഭവിക്കേണ്ടി വരാം. ഗലീലായുടെ സമതലത്തു് അവിടുത്തെ സാമീപ്യം നിലകൊള്ളുമ്പോൾ, അവിടുന്നു നമ്മോടു് ആവശ്യപ്പെടുന്ന ജീവിതചൎയ്യ ഇതാണു്. അതിനു് ഉദ്യമിക്കുമാറു നാം ധൈൎയ്യമുള്ളവരാണോ? അല്ലാതെ ആത്മവിശ്വാസമില്ലാത്ത സ്ത്രീപുരുഷന്മാരെപ്പോലെ ഭീരുക്കളായി നമ്മളും വിട്ടുമാറുമോ? പ്രലോഭനതരംഗങ്ങൾ തടയുവാനും പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിക്കുവാനും വേണ്ട ധൈൎയ്യം നമുക്കുണ്ടോ? നമ്മുടെ ദൂഷിതഹൃദയത്തേയും അതിൻെറ ചാപല്യങ്ങളേയും സംയമനം ചെയ്യുവാൻ നാം ശക്തരാണോ? വീട്ടിലോ, അദ്ധ്യാപനശാലയിലോ നമ്മെ സമാശ്രയിച്ചു നില്ക്കുന്ന ആത്മാക്കളെ പാപപങ്കിലമായ മാൎഗ്ഗത്തിൽനിന്നുദ്ധരിച്ചു നിൎമ്മലവും സ്നിഗ്ദ്ധവുമായി സൂക്ഷിക്കുവാൻ, നമ്മുടെ ദൈനംദിനമുള്ള ജീവിതത്തിൽ ക്രിസ്തുവിനുതുല്യം പോരാടുവാൽ ഒരുക്കമുള്ളവരൊ നാം! ആദ്ധ്യാത്മികലോകവും വിഷയാത്മകലോകവും പരസ്പരമുള്ള പോരാട്ടം അതിഭയങ്കരവും ശക്തവുമാകുന്നു. ക്രിസ്തു നമ്മെ ക്ഷണിക്കുമ്പോൾ ആ ക്ലേശങ്ങൾനമ്മെ അറിയിക്കാതിരിക്കുന്നില്ല. നിഷ്കളങ്കതയോടെ തൻെറ പടയാളികളെ അവിടുന്നു സമരഭൂമിയെപ്പററി പറഞ്ഞറിയിക്കുന്നു. തൻെറ യോദ്ധാക്കൾ നിരാശ്രയരും നിരായുധരുമായി യുദ്ധം ചെയ്യേണ്ടിവരുകയില്ലെന്നു വിശിഷ്യ അവരെ

ധരിപ്പിക്കുന്നു. ക്ഷീണബാധിതമായ ഹൃദയത്തെ പ്രകാശമാനമാക്കുന്ന തന്റെ സ്നേഹത്തെസ്സംബന്ധിച്ച് അവരെ പറഞ്ഞറിയിക്കുന്നു. സവ്വത്തും അവിടുത്തേയ്ക്കുവേണ്ടി സാധിക്കുവാൻ പോരുന്ന അജയ്യമായ ശക്തി കരഗതമാകുന്നതുവരെ ബലഹീനമായ ആത്മാക്കളെ അവിടുന്നു പ്രസാദവരത്താൽ ശക്തിപ്പെടുത്തുന്നു. ഈ ശക്തി തന്നെ മരണം വിജയപ്രദമായി ആശ്ലേഷിക്കുവാനുള്ള കരുത്തു നമുക്കു നല്കും. സകലതും പറഞ്ഞശേഷം അവിടുന്നു മറുവടി പ്രതീക്ഷിക്കുന്നു. അപ്പോഠം നാമും അവിടെ നിന്നുപോകുകയോ?

യേശുവേ! എന്റെ രാജാവേ! അവിടുന്നു് ഇതുവരെ പറഞ്ഞതിനു് ഒരു മറുവടി മാത്രമേയുള്ളു. ഞാൻ ബലഹീനൻ; എന്നാൽ അവിടുന്നു ശക്തൻ. ഞാൻ ഭീരു; പക്ഷെ അവിടുന്നു ധീരൻ. അവിടുന്നു എന്നെ സഹായിക്കുവാൻ എന്റെ പാശ്വത്തുണ്ടുതാനും എന്നു ഞാൻ അറിയുന്നുണ്ടു്; പോരാട്ടം ക്ലേശാവഹം—യുദ്ധം സുദീഘം—എന്നാൽ എന്റെ ദൈവമേ! എന്റെ ഹൃദയം സജ്ജമാക്കിയിരിക്കുന്നു. 'വരുന്നു്' അന്നു് നവോമിയോടെന്നപോലെ ഇന്നു ഞാൻ അവിടുത്തോടു്, എന്റെ ശാശ്വതമിത്രമേ! വാഗ്ദാനം ചെയ്യുന്നു. എന്റെ യേശുവേ! എവിടെ യുദ്ധം ഭയങ്കരമായിരിക്കുന്നു, അവിടെ എന്നെ ആനയിച്ചാലും. അതെ, എന്നെ ആനയിച്ചാലും. എന്തുകൊണ്ടെന്നാൽ അശ്രുപൂണ്ണമായ ലോകത്തിൽ അവിടുത്തെ ഭടനു് ഉചിതമായ വിധത്തിൽ സേവിക്കുവാൻ എനിക്കു കുറച്ചു സമയം മാത്രമേയുള്ളു.

# അദ്ധ്യായം 34.

## ആകസ്മികദൎശനം.

'എവിടെ നിൻെറ നിധി, അവിടെ നിൻെറ ഹൃദയം.'

മദ്ധ്യാഹ്നസമയം: ജനനിബിഡമായ ആ വലിയ നഗരത്തെ സംവീക്ഷിച്ചുകൊണ്ടു നില്ക്കുന്നു, സൂൎയ്യൻ. അവിടെ വ്യാപാരനിരതമായ ലോകം ധനം സമ്പാദിക്കുവാൻ ക്ലേശിച്ചുകൊണ്ടിരിക്കുന്നു. അപ്പോഠം അടുത്തുള്ള ജീൎണ്ണമയമായ ഒരു പള്ളിയുടെ വാതിൽ തുറന്നുകിടന്നിരുന്നു. അവിടെ നമ്മുടെ ദിവ്യനാഥൻ ഇരിക്കുന്നു, തൻെറ ദിവ്യതേജസ്സ് മറച്ചുകൊണ്ട്. അതു ഒരു ആരാധനയുടെ സമയമായിരുന്നു. അവിടത്തെ ചുററും ആചാരപൂൎവ്വം വലിയ ഒരു ജനക്കൂട്ടം മുട്ടുകുത്തി നില്ക്കുന്നുണ്ട്. അതിൽ ഉച്ചഭക്ഷണംപോലും ഉപേക്ഷിച്ച സ്വരാജാവിൻെറ സന്നിധിയിൽ ജപമാല ജപിക്കുവാൻ ഓടിക്കൂടിയിട്ടുള്ള യുവതികഠം അനേകം. അവിടെ കിഴവികളും എത്തിയിട്ടുണ്ട്. അവരുടെ ചിരന്തനസ്നേഹിതനോടു സ്വഹൃദയക്ലേശങ്ങഠം പറഞ്ഞറിയിക്കുവാൻ യുവാക്കന്മാരും അവിടെ കുറവല്ല. ഇവർ, അവരുടെ സേനാനായകനായ യേശുവോട് അനുരൂപരായി വൎത്തിക്കാമെന്നു വാഗ്ദാനം ചെയ്യുന്നു. അവിടെ ജരാനരാക്രാന്തന്മാരായ വണിഗ്വരന്മാർ സുലഭം. എന്തുകൊണ്ടെന്നാൽ വേണ്ടു

വിധം സ്വർഗ്ഗവിത്തം വിലമതിക്കുവാൻ അവക്കു അറിയാം. ഏവരും അവരുടെ നാഥന്റെ മുമ്പിൽ പ്രണാമം ചെയ്തു. വിവിധകഥാകഥനാർത്ഥം അവർ ആ സമയം വിനിയോഗിച്ചു്, ജീവിതക്ലേശം അഭിമുഖീകരിക്കുവാൻ ധൈര്യം പ്രാപിച്ചവരായി അവർ അവിടംവിട്ടു. ഇങ്ങനെ തുടരെത്തുടരെ പ്രാർത്ഥനയുടെ സ്വരം അവിടെ സദാ ഉയൎന്നുകൊണ്ടിരുന്നു. നിശ്ശബ്ദരായി അവിടെ നിന്നു് ആരും പിൻതിരിഞ്ഞില്ല. ആ ദിവസം മുഴുവനും മെഴുകുതിരികളും ഭജനപരായണന്മാരെപ്പോലെതന്നെ കത്തിജ്വലിച്ചുകൊണ്ടിരുന്നു.

ഇപ്രകാരമാണു് ക്രിസ്തുവിന്റെ മിത്രങ്ങൾ അനുവൎത്തിക്കുന്നതു്. ഇതാകുന്നു ക്രിസ്തുവിന്റെ മിത്രങ്ങളുടെ ചരിത്രം. എന്നാൽ അവരോടുകൂടെ ഞാനുണ്ടായിരുന്നോ? ദിവ്യമായ ആ അരമനവാതിലൂടെ കടന്നുപോകുമ്പോൾ എന്റെ ചരണങ്ങൾ നൈസൎഗ്ഗികമായി അവിടുത്തെ പക്കലോട്ടു തിരിയുന്നുണ്ടോ? എന്റെ കരങ്ങൾ നീട്ടി അവിടുത്തേ ആശ്ലേഷിച്ചു്, ഒരു വാക്കു്, അതെ, ഒരു വാക്കെങ്കിലും അവിടുത്തോടു് ഉണൎത്തിക്കുവാൻ ഞാനുദ്യമിക്കുന്നോ? ചില പ്രദേശങ്ങളിൽ ഒരാകസ്മികദൎശനം നടത്തിപ്പോരാറുണ്ടു്, അന്യർ, മിത്രങ്ങൾ പരസ്പരം വിസ്മരിച്ചിട്ടില്ലെന്നു ഗ്രഹിക്കുന്നതിന്നു്. അങ്ങനെ മിത്രത്വം നവീകരിച്ചുകൊണ്ടുപോകുന്നു. അടിയുറച്ചതായി അതു് വളരുന്നു. എന്നാൽ ഈദൃശമായ സന്ദൎശനംകൊണ്ടു നമ്മുടെ ഉത്തമസുഹൃത്തിന്നു് ആനന്ദം വളൎത്തുവാൻ നമ്മെ അനുവദിക്കുകയില്ലായിരിക്കാം.

എന്നാൽ, അവിടുത്തെ പക്കൽ നമ്മെ അവിടുന്നു കാണുന്നതിലും നാം അവിടുത്തെ സ്നേഹിക്കുന്നുവെന്നു അറിയുന്നതിലും അവിടുന്നു സന്തുഷ്ടികണ്ടെത്തുന്നു. നമ്മുടെ ജീവിതത്തെ ആനന്ദസൂര്യൻ പ്രകാശിപ്പിക്കുന്നെങ്കിൽ; ഹൃദയത്തിൽ സന്തോഷജലം തുളുമ്പുന്നെങ്കിൽ; ആ ആമോദത്തെ അവിടുന്ന് അപ്പോഠം പവിത്രീകരിക്കും. കാരണം, നമ്മുടെ ആനന്ദത്തിൽ അവിടന്നും പങ്കുകൊള്ളുന്നുവെന്നുള്ളതുതന്നെ. അഥവാ നമ്മുടെ ജീവിതം ക്ലാന്തമായിരിക്കാം, ഖേദഭാരത്താൽ വലയുകയായിരിക്കാം. എന്നാൽ ഒരു സന്ദൎശനം പൂൎണ്ണസൗഭാഗ്യമൊ, സങ്കടവിരാമമൊ പ്രദാനംചെയ്യുകയുമില്ലായിരിക്കാം. പക്ഷെ ദൈവഹിതാനുസരണമുള്ള ആ ക്രൂശുവഹിക്കുവാൻ പോരുന്ന ഈശ്വരപ്രസാദം നമുക്കു അതു കൈവരുത്തുന്നതാണ്; നിശ്ചയം. ജീവിതം ക്ലേശവിഹീനമെങ്കിലും ആ ജീവിതത്തെ നിലനിറുത്തിപ്പോരുവാൻ വേണ്ട അനുഗ്രഹം ഈ പുതിയ സന്ദൎശനം നൽകാതിരിക്കുകയില്ല. അവിടുത്തെ സ്നേഹാഗ്നികുണ്ഡലത്തിൽ ശുചീകരിക്കുമ്പോഠം, അനുഗ്രഹിതവും അലോകപരവുമായ ഒരു വസ്തുവായിത്തീരുമതു്. നമുക്കതിൽ അവിടുത്തെ സമീപിക്കുക മാത്രമേ വേണ്ടൂ. അവിടെ അധികസമയം വ്യയംചെയ്യാം. അവിടത്തോടു യഥേഷ്ടം സല്ലപിക്കാം. എന്നാൽ നമ്മുടെ ജീവിതപരിപാടി ഈദൃശ സല്ലാപത്തിനും അനുവദിക്കുന്നില്ലെങ്കിൽ പെട്ടെന്നുള്ള സന്ദൎശനം നടത്തി മടങ്ങാം. അനുഗ്രഹവൎഷത്തിനു നാം അവിടുത്തെ ചെന്നു കാണണമെന്നു മാത്രമേയുള്ളു.

പ്രേമസ്വരൂപൻ! അവിടുന്നു് എൻെറ മേൽ അധികമായി കനിഞ്ഞാലും, അവിടുത്തെ പക്കൽ ഞാൻ ഒരു വൈദേശിയാകാതെയിരിക്കുന്നതിന്നു്. ഞാൻ അവിടുത്തെ ശരണം ഗമിക്കുന്നു; അവിടുന്നു് എൻെറ സ്നേഹിതനെന്നു ഞാൻ അറിയുന്നു. അവിടുത്തെ പക്കൽ കൂടെക്കൂടെ ഞാൻ വരുന്നതാണു്. ദുർവ്യയംചെയ്ത സമയത്തെക്കുറിച്ചു ഞാൻ പരിതപിക്കുന്നു. നാഥാ! അങ്ങെ ഞാൻ സ്നേഹിക്കുന്നു. പ്രതിദിനവും ഈ സ്നേഹത്തിൽ ഞാൻ വളൎന്നു വരുന്നതാണു്. എപ്പോളെല്ലാം അവിടുത്തെ സമീപിക്കുവാൻ സാധിക്കും, അപ്പോളെല്ലാം ഞാൻ അവിടുത്തെ തൃപ്പാദത്തിൽ ഓടിയെത്തും. എൻെറ സമാഗമം ഒരു പക്ഷെ അല്പസമയത്തേക്കു മാത്രമായിരിക്കാം. എങ്കിലും അവിടുത്തേക്കു് അതു പ്രിയകരം. ആ ദൎശനം ഒരു കൃത്യവ്യാപൃതനായ ഒരു സ്നേഹിതൻെറതെന്നു് അവിടേക്കറിയാം. അതു് എൻെറ സ്നേഹത്തിൻെറ പ്രകാശനവും സൂചകവും ആണു്.

## അദ്ധ്യായം 35.

### ആത്മദുഃഖം.

"എൻെറ ആത്മാവു മരണപീഡ അനുഭവിക്കുന്നു; നിങ്ങൾ ഇവിടെ എന്നോടുകൂടെ ഉണർന്നിരിക്കുവിൻ."

ചിലപ്പോൾ പുരുഷോചിതമായ ധൈര്യം നമ്മെ വിട്ടുമാറുന്നു; മനുഷ്യബലഹീനത നമ്മെ വലയം ചെയ്യുന്നു; പൗരുഷം അസ്തമിക്കുന്നു. നമ്മുടെ പ്രകൃതി അതികലശലായി യന്തിക്കേണ്ടിവരുന്നു; പീഡനവും അപകഷവും വിട്ടകലുവാൻ. ഈ ഘട്ടങ്ങളിൽ 'ഒലിവു'തോട്ടത്തിൽ ഭയവിഹ്വലനായി സാഷ്ടാംഗപ്രണാമം ചെയ്യുന്ന ദിവ്യനാഥൻെറ പക്കൽ അടുത്തു ചെല്ലാം. അതു ഭയങ്കരവും ക്ലേശകരവുമായ ഒരു വസ്തുതയാണു്; ഏതു്? എന്നിലങ്കുരിക്കുന്ന ഭയരാഗത്തിന്നു വിധേയനാകുക, ദുർവികാരങ്ങളുടെ അടിമയാകുക, അല്പപീഡനംപോലും സഹിക്കുവാൻ അശക്തനാകുക, മററുചിലപ്പോൾ, ഞാൻ വളരെ ശക്തനെന്നു ഗണിച്ചുപോരുക. അതിൻെറ ഒരു പൂർണ്ണതതന്നെ തനിക്കു കൈവന്നപോലെ ഞാൻ ചിന്തിക്കുന്നു. എന്നാൽ കഷ്ടം: എവിടെ ഉപദേശങ്ങൾ ഞാൻ ആശിച്ചു; അവിടെ മൗഢ്യപ്രബോധനമാണു് ഞാൻ നല്കിയിരിക്കുന്നതു്. ഇപ്പോൾ അന്യരുടെ ജീവിതചര്യയിൽ വരുത്തിക്കൂട്ടിയ പ്രമാദങ്ങളെപ്പററി ഞാൻ പരിതപിക്കുന്നു. എൻെറ ജീവിതത്തിൽ ഹൃദയവിശാ

ലത, സംഭാഷണസൗമ്യത, അടിയുറച്ചിട്ടുണ്ടെന്നു ഞാൻ വിചാരിച്ചുപോന്നു. എന്നാൽ അല്പമായ അവഹേളനം, അസഭ്യവാക്കുകൾ പുറപ്പെടുവിക്കുവാൻ കാരണമായി. അതേപ്പററി ചിന്തിക്കുമ്പോൾ എൻെറ ഹൃദയം ലജ്ജാഭാരത്താൽ താഴുന്നു. സ്വാത്ഥം അവഗണിക്കുവാൻ ഞാൻ വളരെ പരിശ്രമിച്ചിട്ടുണ്ടു്. അന്യഹിതത്തിനു, സ്വാഭീഷ്ടം ഉപേക്ഷിച്ചു വഴിപ്പെടുവാൻ ഞാൻ സ്വയം ശിക്ഷണം നടത്തി. എങ്കിലും സ്വാത്ഥലോലുപനായ്ത്തന്നെ ഞാൻ വ്യാപരിക്കുന്നു. അന്യക്കു ലഭിക്കുന്ന നിസ്സാരപ്രശംസ എൻെറ അസൂയയെ ഉദ്ദീപിപ്പിക്കുന്നു. അന്യഹിതം ഞാൻ തിരെ അവഗണിക്കുന്നു. പൂണ്ണത പ്രാപിക്കുന്നവനായി ഞാൻ സ്വയം കരുതുന്നു. എന്നാൽ ഇപ്പോൾ അനുഭവം വിദിതമാക്കിയിരിക്കുന്നു; തന്നിഷ്ടം സാധിക്കുവാൻ കിടന്നുരുണ്ടു കരയുന്ന ഒരു ശിശുവിനു തുല്യമാണു ഞാനെന്നു്. ഇത്തരം അധമങ്ങളായ ആശകളുടെ അടിമകളാണു് ഇപ്പോൾ നമ്മുടെ ആത്മാക്കൾ. ഇതു് ഒരു ദാരുണാവസ്ഥതന്നെ. അപ്പോളാകട്ടെ; അഭിമാനവും നിരത്ഥകത്വവും സ്വയം അവഗണിക്കപ്പെടുവാൻ സസന്തോഷമാഗ്രഹിക്കും. ഗത്സേമനിയിലെ മ്ലാനപ്രതിഛായയെ അപ്പോളാണു് നാം അനുഗമിക്കുക. അവിടെ പീഡകൾക്കു തന്നെത്തന്നെയിരയാക്കി, ദുഃഖിക്കുന്നവനായി, ഇതികത്തവ്യമൂഢനായി, പരിഭ്രമചിത്തനായി, നിലകൊള്ളുന്ന നമ്മുടെ സേനാധിപനെ കാണാം. നമ്മുടെ ശോകപൂണ്ണമായ ആത്മാവു് അവിടുത്തേക്കു് ഉപഹരിക്കണം. എൻെറ ക്ലേശം ക്ഷ

മാപൂർവ്വം സഹിക്കുവാൻ എനിക്കു ശക്തി നല്കിയതിന് അവിടുത്തേക്കു കൃതജ്ഞത ചൊല്ലണം. അവിടെ എൻെറ ധൈര്യം പുനർജ്ജീവിക്കുന്നതുവരെ ആ സാഷ്ടാംഗപ്രണാമം ചെയ്തു കിടക്കുന്ന മർത്ത്യരൂപം ഞാൻ ഉററു സൂക്ഷിക്കും. അപ്പോൾ ദാസൻ യജമാനനേക്കാൾ വലിയവനല്ലെന്ന് എനിക്കു മനസ്സിലാകും. തരളചിത്തത്തിൻെറ ചാപല്യങ്ങൾക്കു വിധേയനായിരിക്കുന്ന ഒരു നിസ്സാരക്രിമിയാണ് ഞാൻ. എന്നുതന്നെയല്ല, എൻെറ ജീവിതചര്യയിൽ പുരുഷോചിതമായ യാതൊരു സ്ഥൈര്യത്തിൻെറ കണികപോലുമില്ല. അതു സുതരാം ഗണിക്കുന്നില്ല. കാരണം, എൻെറ പരാജയം എന്നിൽ വരുത്തിവെക്കുന്ന വിനീതത്വം സസന്തോഷം സ്വീകരിച്ച്, എൻെറ നിർണ്ണയസംഹിത നവീകരിച്ച്, സ്വമതം നിയന്ത്രിച്ച് സ്വർഗ്ഗത്തിൽ എനിക്ക് ഒരുക്കപ്പെട്ടിരിക്കുന്ന മഹാസ്ഥാനം പ്രതീക്ഷിച്ചിരിക്കുക മാത്രമേ ആവശ്യമുള്ളു.

# അദ്ധ്യായം 36.

## 'ക്ഷീണം.'

"ലോകജീവിതം ഒരു തീൎത്ഥാടനമാകുന്നു."

യാത്രയുടെ അന്ത്യം നമ്മുടെ ഭവനത്തിലേക്കുതന്നെയായിരുന്നാലും, സുദീൎഘപൎയ്യടനം നമ്മെ സാധാരണ ക്ഷീണഗ്രസ്തരാക്കിത്തീക്കുന്നു. ഇതായിരുന്നു ഈജിപ്തിൽനിന്നു സീനായി മലയിലേക്കും, തദനന്തരം മരുഭൂമിയിൽകൂടി വാഗ്ദാനത്തിൻെറ രാജ്യത്തേക്കും പുറപ്പെട്ട യഹൂദരുടെ അനുഭവവും. വിശ്രമരഹിതമായ ജീവിതത്താൽ അവർ കുഴഞ്ഞിവശായി. അവക്കു തോന്നിപ്പോയി; ദൈവത്താൽ സജ്ജീകൃതമായ വിശ്രമസ്ഥലം സംപ്രാപിക്കുവാൻ ദിവസംതോറുമുള്ള അവരുടെ യാത്ര ഉപകരിക്കുകയില്ലെന്നു്. നാളെ, ആ സ്ഥലത്തു പ്രവേശിക്കാമെന്നുള്ള അഭിവാഞ്ഛ നിഷ്ഫലമായി കാണുകയാൽ അവർ വ്യാകുലചിത്തരായിത്തീൎന്നു. അവരുടെ ക്ഷീണിച്ച ചരണങ്ങറം വിശ്രമാൎത്ഥം നിലവിളിച്ചു തുടങ്ങി. ഓരോ രാത്രിയേയും തുടൎന്നുവരുന്ന പകൽ സമയം പുതിയ യാത്രയ്ക്കു അവരെ തയ്യാറാക്കുക മാത്രമേ ചെയ്തുള്ളു. ആ ക്ലേശകരമായ യാത്ര അവസാനിക്കുവാൻ അവർ വളരെ ആഗ്രഹിച്ചു. ശരിയാണു്; ഓരോ രാത്രിയും അവക്കു നവംനവമായ ശക്തി പ്രദാനം ചെയ്തിരുന്നു; പുലർകാലത്തു് അവരെ ഉന്മേഷചിത്തന്മാരാക്കിയിരുന്നു. എങ്കി

ലും പിതൃഗൃഹത്തിൽനിന്ന് അകലെ സ്ഥിതി ചെയ്യുന്നവരായി അവക്കു തോന്നി.

മൂശയുടെ സഹോദരി—മേരി—മരണമടഞ്ഞിരുന്നു. അഹറോൻെറ ശവകുടീരം ഹോർമലയായും തീന്നിരുന്നു. ചെങ്കടൽ കടന്നപ്പോഠം ഉണ്ടായിരുന്നവരിൽ പലരും മരണത്തിൻെറ ശീതളകരത്താൽ ബന്ധിക്കപ്പെട്ടിരുന്നു. ലക്ഷ്യം അവരുടെ വീക്ഷണത്തിൽനിന്ന് അകന്നുമാറുന്നതുപോലെ അവക്കുതോന്നി. അവർ ചോദിക്കുന്നു: എന്തിനാണ് അപ്രാപ്തമായ അന്ത്യത്തിലോട്ടു യാത്ര തുടരുന്നത്?

ദൈവത്തിൻെറ പക്കലോട്ടു തീത്ഥാടനം ചെയ്തുകൊണ്ടിരിക്കുന്ന നാം മേലുദ്ധരിച്ച സംഭവത്തിൽ നമ്മുടെ ജീവിതത്തിനു താരതമ്യം കണ്ടെത്തുന്നില്ലെന്നോ? നമ്മുടെ തീത്ഥയാത്ര സുദീഘം; തപാവഹം; പാദം രക്തമലിനം; ദൃഷ്ടി ബാഷ്പകലുഷിതം. യാത്രാഭാരം നമ്മെ ക്ഷീണിപ്പിച്ചുവരുന്നു. എന്നാൽ സദാ നമ്മെ ഒന്ന് ഉന്മേഷചിത്തരാക്കിക്കൊണ്ടിരിക്കുന്നുണ്ട്. സവ്വാഭിലാഷനിധി: നാകം. ആ അനുഗ്രഹപൂരിതമായ മറുകരയിൽ വസിക്കുന്ന സിദ്ധഗണം സസന്തോഷം കൈകഠം നീട്ടി നമ്മെ ആശ്ലേഷിക്കുവാനാഗ്രഹിക്കുന്നു. ഇങ്ങനെയെല്ലാമാണെങ്കിലും പിതൃഗൃഹത്തിലേക്കു നയിക്കുന്ന വഴിയുടെ ക്ലേശം, ദൈഘ്യം, നാം അനുഭവിക്കാറുണ്ട്; അക്കാരണത്താൽ തപ്തമനസ്കരായിത്തീരുക പതിവാണ്. ഒരിക്കൽ സ്വഗ്ഗത്തിലേക്കുള്ള വഴി നമുക്കു സുകരമായിരുന്നു. തദ

ത്ഥമുള്ള ക്ലേശം നിസ്സാരവും. നാം അഭിലഷിച്ചിരുന്നു, ദൃഢഭക്ത്യാ ദൈവപരിചരണം ചെയ്യുവാൻ, പ്രസാദവ രാഹപനം സശ്രദ്ധം അനുഗമിക്കുവാൻ; സ്വാത്ഥം പരി വജ്ജിച്ചു, മനസ്സ് അവിടുത്തേക്കു നിവേദിക്കുവാൻ; ജീ വിതത്തിൽ അവിടുന്ന് എന്റെ ഏകനാഥനായി വാണരുളുവാൻ. അതു സ്നേഹോദ്ദീപ്തമായ സമയത്തെ സ്വ പ്നമായിരുന്നു; നമ്മുടെ ക്ഷീണഹൃദയത്തിന്റെ ഒരഭ്യത്ഥ നയായിരുന്നു. എന്നാൽ ഇപ്പോഠം ജീവിതമാഗ്ഗം ഏതുവി ധമാണു നാം ദശിക്കുന്നത്. ഇതുവരേയും നമ്മുടെ ആ ശാസാഫല്യം കൈവരാത്തതിനാൽ, ദിവ്യഗൃഹത്തിലോ ട്ടുള്ള ആകഷ്ണം കുറഞ്ഞുവരുന്നുണ്ടോ? നമ്മുടെ യാത്രാ ലക്ഷ്യം നാം സമീപിക്കുന്നുണ്ട്. എന്നാൽ അതു പ്രാപി ക്കുവാൻ പുരോഗമനം ചെയ്യുവാൻ നമ്മുടെ പാദം വിമു ഖത പ്രദശിപ്പിക്കുന്നുണ്ടോ? നമുക്കു മംഗളമരുളുവാനി രിക്കുന്ന സായൂജ്യം നമ്മെ ഹഷപിത്തരാക്കി ചെയ്യുന്നു ണ്ടോ? നമ്മുടെ ജീവിതം പവിത്രമായ പ്രവൃത്തിയാൽ സമ്പുഷ്ടലമെങ്കിൽ! എന്നാൽ ഇപ്പോഠം ലഘുവായ ധ മ്മവൃത്തിപോലും ക്ലേശാവഹമായിത്തീന്നിരിക്കുന്നു, മഹ ത്തായ പുണ്യവൃത്തി നമ്മുടെ ശക്തിക്കതീതവുമാണ്. അതിനാൽ ദൈവത്തിന്റെ അജഗണം യാത്രാഭാരത്താ ൽ ക്ലേശിതരായി ബഹ്ഭവിച്ചിരിക്കുന്നു. നമുക്കു നമ്മുടെ ജീവിതം ഉദ്ദീപ്തമാക്കാം. താരാഗണങ്ങഠംക്കുപരിഭാഗത്തു പരിലസിക്കുന്ന മോക്ഷം നമ്മുടെ ചിന്താവിഷയമായിരി ക്കട്ടെ. വിശ്വസിക്കു; നാം നിരൂപിക്കുന്നതുപോലെ അ ത്ര വിദൂരമാകുകയില്ല നമ്മുടെ യാത്രാന്ത്യം. വഴിമദ്ധ്യേ

അലഞ്ഞുനടക്കുന്നതും സ്വാർഗ്ഗവിത്തരഹിതനായി മരണാബ്ധിയിലിറങ്ങുന്നതും ലജ്ജാവഹം.

എൻെറ യേശുവേ! അവിടുത്തെ പക്കലോട്ടുള്ള വഴി ചിലപ്പോഠം അതിവിദൂരമായിത്തോന്നുന്നു. മാർഗ്ഗം നിമ്നോന്നതം; അന്തരീക്ഷം അന്ധകാരമയം. ഈ തീർത്ഥാടനത്തിൽ എൻെറ ഭൗമീകസ്നേഹിതന്മാർ എന്നെ ഏകനായി വിട്ടും. എങ്കിലും എൻെറ പാദം ഞാൻ മന്ദീഭവിപ്പിക്കുകയില്ല. കാരണം; അവിടുന്ന് എന്നെ വിളിക്കുന്നു; പ. ക. മറിയം എന്നെ ക്ഷണിക്കുന്നു; ദൈവദൂതർ എന്നെ പ്രേരിപ്പിക്കുന്നു; പരിശുദ്ധന്മാരും തത്തുല്യം; അതിനാൽ, സദാ, അവിടുത്തെ ഹിതം പാലിക്കുവാൻ എൻെറ ആത്മാവിനെ ഞാൻ ഒരുക്കാം. ഒരു തീർത്ഥാടകൻെറ ക്ഷീണം എന്നിൽനിന്ന് അകററിയാലും.

# അദ്ധ്യായം 37.

## ബാലിശം.

'എഴുപതു ആളുകൾ നിന്നിരുന്നു.'

ദിവ്യമണ്ഡപത്തിൻെറ അരികെ മോസ്സസിൻെറ ചുററും. ദൈവം മേഘമദ്ധ്യേ എഴുന്നുള്ളി മോസ്സസ്സിലുണ്ടായിരുന്ന ദിവ്യാത്മപി (എടുത്തു് ആ 70 പേക്കു പ്രദാനം ചെയ്തു) അദ്ദേഹത്തോടു സംഭാഷിച്ചു. ഉടനെ പിൻഭാഗത്തുണ്ടായിരുന്ന പാളയത്തിൽവെച്ചു അദ്ദേഹം ശ്രവിച്ചു; എല്ലാഡം മേഡാഡം പ്രവചനശക്തി കൈവരിച്ചിരിക്കുന്നുവെന്ന വാത്ത. കൂടാതെ, ജോസൂവേ കേണപേക്ഷിച്ചു. "ശ്രേഷ്ഠനായ മോസ്സസ്സേ, അവർ അപ്രകാരം ചെയ്യാതിരിപ്പാൻ കല്പിച്ചാലും." മോസ്സസാകട്ടെ, സാധാരണ വിദ്വേഷാതിത്ത്വി അതിലംഘിച്ചവനായി, തൻെറ വിശ്വസ്ത അനുയായിയുടെ വാക്കുപോലും നിരാകരിച്ചു; "എന്നെക്കുറിച്ചു എന്തിന്നുക്ലേശിക്കുന്നു; സ്വല്പ് വിചാരിക്കുന്നു: ഭഗവാൻ ആക്കു തൻെറ അത്മപി നൽകുന്നു, അവരേവരും പ്രവചിക്കട്ടെ." ഇസ്രായിലിൻെറ മഹിമാവു് മാത്രമേ മോസ്സസ്സ് കാംക്ഷിച്ചുള്ളൂ. ഈ ഉദ്ദേശ്യാത്ഥം സ്വാത്ഥപരവും വ്യക്തിപരവും ആയ ഗുണങ്ങൾ ആ മഹാപുരുഷൻ തൃണവൽഗണിച്ചു.

നമ്മുടെ പ്രവൃത്തിപദ്ധതി ഇതിന്നു തുല്യമോ? അല്ലെന്നു മാത്രമല്ല; നമ്മുടെ ഈഷ്യ്യകാരണത്താൽ നാം

ബഹുതരങ്ങളായ ക്ലേശം അനുഭവിക്കുന്നുണ്ട്. ബുദ്ധി നമ്മേ അതു ബാലോചിതമായ ദുർഗ്ഗുണമാണെന്നു പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവ്, പ. ജോബിൻെറ പുസ്തകത്തിൽ പറയുന്നു: "അസൂയ അല്പനായവനെ നിഗ്രഹിക്കുന്നു." സുഭാഷിതങ്ങളിൽ തുടരുന്നു. "അസ്ഥികളുടെ വിനാശം മാത്സര്യമാകുന്നു." പ്രവയസ്കന്മാരുടെ ഒരു അപരാധമല്ല അതു്; തീച്ചതന്നെയാണ്. എങ്കിലും അതിൻെറ കാളനഖങ്ങളിൽനിന്നു മുക്തിപ്രാപിച്ചിട്ടുള്ളവർ വളരെ ദുർലഭം.

('നമ്മുടേതാകുന്നു,) മിത്രസംപാദനാർത്ഥമുള്ള വിദഗ്ദ്ധത,' അവർ നമുക്കു ചുററും കൂടി സ്നേഹസല്ലാപം നടത്തുന്നുണ്ടു്; അവരുടെ പ്രീതി നമുക്കു ഹസ്തഗതമാകുന്നുമുണ്ടു്; എന്നാൽ ഇതരന്മാർ അവരുടെ സ്നേഹമാർജ്ജിക്കുമ്പോൾ നാം പലപ്പോഴും സന്തപ്തഹൃദയരാകുന്നു. ഒരു പക്ഷെ വിദ്യാസമ്പാദനവിഷയത്തിൽ നമ്മുടെ സഖാക്കളെക്കാളധികം പ്രാമുഖ്യം നമുക്കുണ്ടായിരിക്കാം; അപ്പോൾ ഒരുത്തൻ നമ്മോടു തുല്യനായി, അഥവാ, ബുദ്ധി പ്രകർഷത്തിലതിശയിക്കുന്നവനായി, കയറി വരുന്നുവെങ്കിൽ നമ്മുടെ ഹൃദയം അതി തീവ്രമായ വ്യഥ അനുഭവിക്കുന്നു; അതിവിപുലമായ ഇഹത്തിൽ, നമ്മെപ്പോലെയുള്ള ഒരു സൃഷ്ടിയുടെ ബുദ്ധിക്കുകൂടി സ്ഥാനമുണ്ടാകുവാൻ സുസാധമല്ലെന്നു നമ്മുടെ പ്രവൃത്തി പ്രേക്ഷകന്മാരെ ഗ്രഹിപ്പിക്കുന്നു. നമ്മെക്കാൾ കനിഷ്ഠതരമായ ഒരു സഖാവിനെ—നമ്മുടെ ചിന്താമാനദണ്ഡപ്രകാരം അവൻ നമ്മെക്കാൾ പ്രാപ്തനാണ്—ന

മ്മുടെ അധികാരിയായി സ്ഥാപിക്കുമ്പോഠം നമ്മില ലച്ചുകയറുന്ന അഹങ്കാരത്തിരതല്ലൽ, ആത്മാവിൻെറ സമനിലയെ അതീവം തരളമാക്കുന്നു: അല്പസംഗതികഠം എത്ര കഠിനവ്യഥക്കാണു കാരണമാകുന്നതു്; നിസ്സാരകാൎയ്യങ്ങഠം, അതെ വെറും നിരത്ഥകമായ സംഗതികളിൽക്കൂടി നാം പങ്കുകൊള്ളാത്തതായ ഒരു വിശേഷാനുഗ്രഹം അന്യനു കൈവരുക; നമ്മുടെ നാമത്തെ അനുസ്മരിക്കാത്ത പ്രശംസ അനുഭവിക്കുക; നാം ആഗ്രഹിക്കുന്നപോലെ നമ്മേ ആദരിക്കാതെയിരിക്കുക. എങ്കിലും പകപമനസ്ഥിതി കൈയ്‌വന്നവരാണു നാമെന്നു് സഹഷം ഘോഷിക്കുന്നു: പോരെങ്കിൽ നാം കൊട്ടിഘോഷിക്കുന്നു; സുഖകരവും ഹാൎദ്ദ്യവും ആയ ഒരു വീക്ഷണത്താൽ ലോകത്തെ നാം അനുഗ്രഹിക്കുന്നു; ഗാൎഹ്യമായ അല്പതപത്തെ ആശ്ലേഷിക്കുന്നവരെ നാം അതിശയിക്കുന്നു. ഉത്താനഹൃദയന്മാർ! നമ്മുടെ വീക്ഷണം ഹ്രസപമാകുകയാൽ നമ്മുടെ ബഹിൎഭാഗം നാം ദശിക്കുന്നില്ല. നമ്മുടെ നീചാസ്തിതപത്തിൽ കാണുന്ന അതി നിസ്സാരങ്ങളായ സദ്ഗുണങ്ങഠം പൎവ്വതീകരിച്ചു, നാം മാത്രമാണു് പ്രശംസാൎഹരെന്നും മററൊരുത്തനും യാതൊരു അനുഗ്രഹത്തിനുപോലും അനൎഹനെന്നും സപയം പരിഗണിക്കുന്നു. കൂടാതെ നമ്മുടെ പ്രധാന്യം ഏവനും അനുവദിച്ചു തരുവാൻ ഇച്ഛരിക്കുകയും ചെയ്യുന്നു.

ഓ! യേശുവേ! നാഥാ! ഞാൻ ഒരു ശിശുവാകുന്നു. എൻെറ ജീവിതം ദോഷഭൂയിഷ്ഠമാണു്. ഈ അപരാധം ഉത്തമന്മാൎക്കു് അനുചിതമാകുന്നു. അതു് വെറും നീചമാ

കുന്നു; അപരിപൂർണ്ണമാകുന്നു. ഞാൻ പലപ്പോഴും വിചാരിക്കുന്നതുപോലെ സൃഷ്ടികൾക്കു യഥേഷ്ടം വ്യാപരിക്കാവുന്ന ഒരു മണ്ഡലമാണ് ലോകം. എന്നാൽ മിഥ്യമായ അടിസ്ഥാനത്തിൽ—ഞാൻ അത്ഭുതാവഹമായ സൃഷ്ടിയാണെന്നുള്ള ബോധത്തിൽ—സുസ്ഥിരനായിരിക്കുന്നതിനാൽ അപരാധത്തെ വെല്ലുന്നതാണ് എൻെറ വൈകല്യം: കാരണം; അത്ഭുതാവഹമായ ഒരു സൃഷ്ടിയാണോ ഞാൻ. എന്നെ സദ്ഗുണൈശ്വര്യങ്ങളിൽ വെല്ലുന്നവരെ സൃഷ്ടിച്ചിട്ടില്ലായിരുന്നുവെങ്കിൽ ലോകം സൗന്ദര്യാവഹമായിരിക്കുമോ? ഒ! ഭഗവൻ! എനിക്കു കനിഞ്ഞരുളിയാലും; മോസ്സസ്സിലുണ്ടായിരുന്ന ആ സ്വഭാവഗുണം അസൂയയുടെ കണികൾ എന്നെ വലയം ചെയ്യുമ്പോൾ സദാ ആ ദിവ്യമനുഷ്യനോടുകൂടെ നിലവിളിക്കുവാൻ അനുവദിച്ചാലും: ദിവ്യനാഥൻ അവക്കു ശക്തി നൽകട്ടെ; എല്ലാ ജനങ്ങളും പ്രവചിക്കത്തക്കവണ്ണം.

## അദ്ധ്യായം 38.

---

### 'ആശ്ചര്യരാജ്യം'

"ആരംഭത്തിൽ ആനന്ദസംപൂർണ്ണമായ ഒരു പറുദീസ ദൈവം നിർമ്മിച്ചു. അവിടെ അവിടുന്നു മനുഷ്യനെ സൃഷ്ടിച്ചു സ്ഥാപിച്ചു."

ശിശുക്കൾക്കേവർക്കും ഈ ലോകം ആശ്ചര്യജനകമാകുന്നു. പിതാവായ ദൈവം നാം ബാല്യമതിക്രമിക്കുവാൻ ഒരിക്കലുമാഗ്രഹിക്കുന്നില്ല. അവിടത്തേക്കു 'ഗാഢവയസ്കന്മാരായ ബാലന്മാരായിരിക്കണെ'മത്രെ നാം. നമ്മുടെ ശൈശവകാലത്തു നമുക്കുചുററും അത്ഭുതജനകമായ ഒരു പ്രപഞ്ചം നാം ദശിച്ചു. നമ്മുടെ ജീവിതം മിഥ്യാപര്യടനത്തിൽ ആനന്ദം കണ്ടെത്തി. അത്യാനന്ദമനുഭവിക്കുന്നുവെന്നു് ചിന്തിക്കപ്പെട്ട മനുഷ്യരുടെ വസ്ത്രാഞ്ചലംപിടിച്ചു് അലഞ്ഞുനടക്കുക മാത്രമാണു് അന്നു നാം ചെയ്തുപോന്നതു്. അന്നു സദാ നാം സന്തോഷവും അനുഭവിച്ചുപോന്നു. എന്നാൽ വഷങ്ങൾ നിഷ്ഠൂരമായി പ്രവഹിച്ചതോടെ ആ ലോകം നാം തരണംചെയ്തു. അവിടെ സസന്തോഷം ജീവിച്ചവരെന്നു കരുതിപ്പോന്നവർ ആ സൌഭാഗ്യം കൈവരാത്തവരെന്നു നാം ധരിച്ചു. എങ്കിലും നാം ഇപ്പോഴും ആശ്ചര്യാവഹമായ ഒരു രാജ്യത്തുതന്നെയാണു് അധിവസിക്കുന്നതു്. ആ ലോകത്തിൽ നാം ഒരിക്കലും വാദ്ധക്യം പ്രാപിക്കുകയില്ല. എന്തുകൊണ്ടെ

നാൽ മരണം അവിടെ നമുക്കു നിത്യഭവനം സ്ഥാപിക്കു കമാത്രമാണ്.

ആ വിസ്മയാവഹരാജ്യത്തു നിവസിക്കുന്ന പൌരന്മാർ എത്ര ആശ്ചര്യാവഹന്മാർ! അതത്രെ നമ്മുടെ പരേതന്മാരുടെ മാധുര്യഭവനം: അവർ ആരാണ്? കുറച്ചുകാലത്തേക്കു നമ്മോടുകൂടെ വിനോദത്തിലേപ്പെട്ടിരുന്നവർതന്നെ അവരിൽ ചിലർ. അങ്ങനെയിരിക്കെ മരണവിനാഴിക അവരെ സമീപിച്ചു. രക്താഭാവത്താൽ അവരുടെ കരങ്ങൾ ധവളീകൃതമായി. അവ നാം ആശ്ലേഷിച്ചു. അവരുടെ തണുത്തുമരവിച്ച അധരപുടങ്ങൾ നാം ചുംബിച്ചു. ശ്മശാനസ്ഥലത്തു് അവക്കു സ്വസ്തി ചൊല്ലിപ്പിരിഞ്ഞു നാം; ദൈവശക്തി അവരെ പുനർജ്ജീവിപ്പിച്ചു. അവർ 'മറുകര'യിൽ ഇപ്പോൾ ജീവിച്ചു വരുകയാണ്. അവിടെ അമരന്മാരായ യോദ്ധാക്കളുണ്ട്. ഉജ്വലിച്ചുകൊണ്ടിരിക്കുന്ന ദിവ്യമണ്ഡപത്തിൽനിന്നു ആഹൂതന്മാരായ ദൈവദൂതന്മാരാണ് അവർ. രാപ്പകൽ അവർ നമ്മുടെ ആത്മാക്കളെ കാത്തു പോരുന്നു. പാരത്രികയോദ്ധാക്കൾക്കുചിതമായ വിധം അവർ അരൂപന്മാരാണ്. എങ്കിലും അവരെ ഭാരമേല്പിച്ചിരിക്കുന്ന നശ്വരോദ്യോഗഫലപ്രാപ്തിക്കു സദാ ദത്തശ്രദ്ധരുമാണ്. പോരെങ്കിൽ അവിടെ ഒരു 'സിൻഡ്രേല്ലാ'ളയുണ്ട്. ആ മഹതി ഒരു പൌരസ്ത്യകുഗ്രാമീണയാണ്: ഗലിലായിലെ സൌമ്യതയാണവൾ. അവൾ ദൈവഹൃദയം കവന്നെടുത്തു. അവൾ രാജാധിരാജന്റെ മാതൃപദത്തിലേക്കുയർത്തപ്പെട്ടു. ഏതന്ന്യായേന

അവഠം നമ്മുടെ ഏവരുടേയും മാതൃപദമണിയുന്നു. അവളെ വെല്ലുന്ന ഒരു രാജ്ഞിയില്ല. അവളേക്കാഠം വത്സലതരമായ ഒരു മാതാവില്ല.

ഇതരഹൃദയസ്നേഹം കൈവരിക്കുന്നതിന്നു പ്രഛന്നവേഷധാരന്മാരായ രാജപുത്രന്മാരെപ്പററി, ബാല്യകാലത്തു, നമ്മുടെ അധ്യാപനപുസ്തകത്തിൽ നാം വായിച്ചിട്ടുണ്ടു്. എന്നാൽ അവരെല്ലാം കാലയവനികക്കുള്ളിൽ തിരോധാനം ചെയ്തുകഴിഞ്ഞപ്പോഠം അധമമായ ഒരു വേഷവുമണിഞ്ഞുകൊണ്ടു യാത്രികന്മാരായ മിത്രങ്ങളുടെ സ്നേഹാജ്ജനാത്ഥം ഇറങ്ങിപ്പുറപ്പെട്ട ഒരു രാജനെ ഇന്നു നാം കാണുന്നു. അതെ, നമ്മുടെ ദിവ്യനാഥൻ തൻെറ പ്രണയം നിയന്ത്രിച്ചുകൊണ്ടു്, ഹൃദയങ്ങളെ സമാകഷിക്കുവാൻ അപ്പത്തിൻെറ രൂപത്തിൽ സ്വയമൊളിഞ്ഞിരിക്കുന്നു. ഒരു ചെറിയ പെട്ടകത്തിൽ ബന്ധിതനായി അവിടുന്നു കഴിച്ചുകൂട്ടുന്നു. പ്രണയസാധാത്ഥമുള്ള ചിരന്തനമായ ഒരു അഭ്യത്ഥന; സഹനാധിക്യം; സ്നേഹപ്രതീക്ഷ; നോക്കുക. മാനുഷികചക്ഷുസ്സുകഠംക്കു് ഒരിക്കലും ദശിക്കുന്നതിന്നു പോരാത്തവണ്ണമുള്ള അമൂല്യനിധിയാൽ ധന്യനാകുന്നു ആ ആഛരാദിതനായ രാജൻ. അവിടുത്തെ പ്രസാദവരത്താൽ മനുഷ്യരെ അഭ്യസിപ്പിക്കുന്നു. അതെ, പുരോഹിതന്മാരെ അവിടുന്നു രൂപവൽക്കരിക്കുന്നു. അവരാണു് "ഇതരയേശുമാർ." പുരാണത്തിലെ അത്ഭുതകഥാകഥനത്തിന്നു പാത്രമായ 'മിഡീയസ്സ്'രാജനെപ്പോലെ അവരുടെ സ്പശനം സവ്വത്തേയും സനാതനസുവണ്ണമാക്കിപ്പകത്തുന്നു. അവരുടെ അലങ്കാരര

ഹിതമായ വാക്കുകൾ ആദ്ധ്യാത്മികമരണമാകുന്ന പാപത്തെ അകററുന്നു; അനുതപ്തങ്ങളായ ഹൃദയങ്ങൾക്കു് ദിവ്യപ്രസാദവരം വർഷിക്കുന്നു. പുരോഹിതന്മാർ മരണക്കട്ടിലിന്നരികെ പാഞ്ഞെത്തുന്നു; ദിവ്യ എണ്ണകൊണ്ടു ക്ഷീണഗ്രസ്തങ്ങളായ ബാഹ്യേന്ദ്രിയങ്ങളെ പൂശുന്നു. അതുവഴി ക്ഷീണിച്ച ചരണങ്ങൾ പിതൃഗൃഹത്തിലേക്കു സുരക്ഷിതം യാത്ര തുടരുന്നു. എന്നാൽ ആശ്ചര്യമേ! ദൈവപരിചരണാർത്ഥം പുരോഹിതോചിതമായ വസ്ത്രങ്ങളണിഞ്ഞു നിർമ്മലമായ തിരുവോസ്തിയും വഹിച്ചു, ദിവ്യവചനം ഉച്ചരിക്കുന്ന പുരോഹിതൻെറ മാഹാത്മ്യം! അത്ഭുതമേ! ആ പുരോഹിതശ്രേഷ്ഠൻ സ്വന്തജനമദ്ധ്യേ എഴുന്നെള്ളി ഗമിക്കുന്നു.

അതിനാൽ നാം പ്രയത്നിക്കുമ്പോൾ, വിനോദത്തിലേപ്പെട്ടിരിക്കുമ്പോൾ, പ്രാർത്ഥനാനിരതരായിരിക്കുമ്പോൾ, കോലാഹലരഹിതമായ ജീവിതം നയിക്കുമ്പോൾ, ആശ്ചര്യകരമായ വിധം ദൈവപ്രസാദവരം നമ്മിലേക്കു് പ്രവഹിച്ചു്, വരുവാനിരിക്കുന്ന നാകലോകത്തിൻെറ മാഹാത്മ്യം എന്നും നവീകരിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

ഓ! യേശുവേ! നിത്യദൈവമേ! ഈ ആശ്ചര്യാവഹമായ ലോകം നിർമ്മിച്ചതിനു് അവിടുത്തേക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. അവിടുത്തെ സൃഷ്ടികളിൽ അത്യു ശ്രേഷ്ഠം. ബാല്യത്തിലെ മിഥ്യാരാജ്യം എത്ര യഥാർത്ഥം! സദാ നവീകരണത്തിൻ വിധേയമായിക്കൊണ്ടി

രിക്കുന്ന ആശ്ചര്യജനകമായ ലോകം നിത്യമെന്നപോലെ ഞാൻ ജീവിക്കുന്നതു് എത്ര ഹീനവും നിസ്സാരവും ബല ക്ഷയവുമാകുന്നു. ഓ! നാഥാ! അവിടുത്തേക്കല്ലാതെ മററാ ൎക്കു് ഇതെല്ലാം രൂപവൽക്കരിക്കുന്നതിന്നു സാധിക്കും? ഏതൊരുത്തൻ ഇതേപ്പററി ചിന്തിക്കുന്നതിന്നു ശക്തരാ കും? അങ്ങേക്കു് സ്തുതി; കൃതജ്ഞതാപ്രകടനം; ഒരിക്കല ല്ല; ഒരായിരം പ്രാവശ്യം: എൻെറ കാവൽദൂതന്മാരെക്കു റിച്ചു്, പുനരുദ്ധരിച്ച ദിവംഗതന്മാരെക്കുറിച്ചു്, രാജ്ഞി കളിൽ ഉദാരതമയും, മാതാക്കളിൽ അത്യുത്തമയുമായപ. ക. മറിയത്തെപ്രതി, അങ്ങേക്കു കൃതജ്ഞത പ്രകാശിപ്പി ച്ചുകൊള്ളുന്നു. ഓ! നാഥനായ യേശുവേ! തിരോധാനം ചെയ്തിരിക്കുന്ന അവിടുത്തെ പ്രതിയും അവിടുത്തോടു കൃ തജ്ഞത ചൊല്ലിക്കൊള്ളുന്നു. ഓ! ആ വിസ്മയാവഹ മായ രാജ്യത്തു് എന്നെ പരിലാളിക്കുന്നതിന്നു കനിഞ്ഞാ ലും.

# അദ്ധ്യായം 39.

## സ്നേഹിതപ്രകീൎത്തനം.

"അടുത്ത ദിവസം യോഹന്നാനും അയാളുടെ രണ്ടു ശിഷ്യന്മാരും വീണ്ടും ആഗതരായി; സമീപിക്കുന്ന യേശുവേ ദശിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ദിവ്യ ചെമ്മരിയാട്ടിൻകുട്ടിയെ കാണുവിൻ: ആ രണ്ടു ശിഷ്യന്മാർ അദ്ദേഹത്തിൻെറ വാക്യം ഗ്രഹിച്ചു."

ഒരുസ്നേഹിതൻെറ സൽഗുണങ്ങളെ പ്രകീൎത്തിച്ചറിയിക്കുക നമുക്കേവൎക്കും പ്രത്യേക സന്തോഷകാരണമാകുന്നു. ആപത്ഘട്ടം നമ്മെ പാഞ്ഞെത്തിയപ്പോൾ അയാൾ നമ്മെ എങ്ങനെ സഹായിച്ചുവെന്നും, നമ്മുടെ ഹൃദയഭാരം ഘനീഭവിച്ചപ്പോൾ നമ്മുടെ ഹൃദയതന്തുക്കളെ എപ്രകാരം ബലപ്പെടുത്തിയെന്നും മററുള്ളവർ ബോധിക്കുന്നതു നമ്മുടെ അതിമ്ലാനമായ ജീവിതവിനാഴികകളെപ്പോലും സന്തോഷസൂൎയ്യകിരണത്താൽ പ്രകാശമാനമാക്കിച്ചെയ്യുന്നുണ്ടു്. എന്നാൽ എൻെറ സുഹൃത്തിനെ ഞാൻ അവധാരണം ചെയ്തിട്ടുള്ള വിധം ഇതരർ അവിടുത്തേ അറിയണം. അപ്പോൾ മാത്രമേ അവരുടെ സ്നേഹഭക്തി എൻേറതിനോടു ഏകീഭവിച്ചു്, അതു അഭിവൃദ്ധമാക്കിച്ചെയ്യുകയുള്ളു. ആ ദിനം യോൎദ്ദനാൻ നദീതീരത്തു നിന്നുകൊണ്ടു്, യോഹന്നാൻ മാംദാന മിത്രമായ

യേശുവേ അന്യൎക്കു വെളിപ്പെടുത്തിയപ്പോൾ അവിടുന്നനുഭവിച്ച ആനന്ദപാരമ്യമത്തരത്തിലുള്ളതായിരുന്നു.

അതെ, നമ്മുടെ ആപ്തമിത്രമായ യേശുവേപ്പററിയുള്ള നമ്മുടെ പ്രവൎത്തനപദ്ധതിയും അത്തരത്തിലുള്ളതായിരിക്കേണ്ടതാണു്; ആയിരിക്കുകയും വേണം. നമ്മുടെ ജീവിതത്തിലെ ആമോദകിരണങ്ങൾ അസ്തപ്രായമായപ്പോൾ, അവിടുന്നല്ലാതെ മററാരും നമുക്കു സാന്ത്വനം ചൊല്ലിത്തന്നില്ല; നമ്മുടെ ആത്മാവും പീഡഗ്രസ്തമായപ്പോൾ, ഇന്ദ്രിയപ്രലോഭനാന്ധകാരം നമ്മെ ശക്തിപൂൎവ്വകം എതിൎത്തപ്പോൾ, നാം ഇതികൎത്തവ്യതാമൂഢരായി, ആ അന്ധകാരത്തിൽ കൈനീട്ടിയപ്പോൾ നമ്മുടെ പാൎശ്വത്തു് അവിടുത്തെ കാണാത്തതായ ഒരു നിമിഷം പോലുമുണ്ടായിട്ടില്ല.

അവിടുത്തോടുകൂടെ സ്നേഹസല്ലാപം കാംക്ഷിച്ചപ്പോൾ അവിടുത്തെ സ്വരം ശ്രവിക്കാത്ത ഒരു സമയമുണ്ടായിട്ടില്ല. തത്തുല്യംതന്നെ ആ ഹൃദയവ്യഥ വിട്ടുമാറിയപ്പോൾ, താപദിവസമുദിച്ചുയൎന്നപ്പോൾ, അവിടുത്തെപ്പോലെ ആരാണു നമ്മെ ആനന്ദചിത്തരാക്കിയതു്; ആരാണു് നമ്മുടെ സന്തോഷം പരിപൂരിപ്പിച്ചതു്. പ്രതാപോദയാസ്തമനങ്ങളിൽ അവിടുന്നാണു് നമ്മുടെ മിത്രം.

അതീതദിനങ്ങളിലെ അവിടുത്തെ സ്നേഹത്തെക്കുറിച്ചു, കരുണാൎദ്രതമമായ സാഹായ്യത്തെപ്പററി, സന്തോ

ഷസംപൂൎണ്ണമായ വാങ്മാധുൎയ്യത്തെയധികരിച്ചു്, ഇതര രോടു സംഭാഷിക്കുക മധുരതരമായിട്ടുള്ളതാണു്. നാം അ വിടുത്തെ അറിയുന്നവിധം മററുള്ളവർ അവിടുത്തെ ഗ്ര ഹിച്ചിട്ടില്ലായിരിക്കാം; നമ്മെപ്പോലെയുള്ള സുപരിചിത സഖ്യം അവർ അനുഭവിക്കുന്നില്ലായിരിക്കാം. നമ്മുടെ സത്തമനായ സ്നേഹിതൻ അജ്ഞാതനായിക്കഴിയുന്നതി നു നാം അനുവദിക്കുമോ? അവിടുത്തെ നിഗൂഢവിധിപ്ര കാരം മററുള്ള ആത്മാക്കളെ അവിടുത്തോടു് ആകൎഷിക്കു വാൻ നമ്മോടായിരിക്കാം ആവശ്യപ്പെടുന്നതു്. സൎവ്വശ ക്തനായ അവിടുത്തോടു് അന്യരെ സമാഗമിപ്പിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടുമാത്രം ദിവ്യനാഥൻ വൎത്തിക്കുവാൻ എൻെറ അലസത കാരണമാകുമോ? ഒരിക്കലുമില്ല. നേ രെ മറിച്ചു്, എൻെറ ചുററും ഞാൻ ബാലികാബാലന്മാ രെ വിളിച്ചുവരുത്തും; അവരുടെ അനലങ്കാരജീവിതത്തെ സ്നേഹിക്കുന്നവനും, പിഞ്ചുഹൃദയങ്ങളുടെ വികാരങ്ങളെ ഗ്രഹിച്ചിരിക്കുന്നവനും ആയ സ്നേഹിതനെപ്പററി അവ രോടു സംഭാഷിക്കും; ബാല്യദശ അതിക്രമിച്ചവരോടു് ബെത്ലഹത്തിലെ പുൽക്കൂടിനേയും, കാൽവരി മലയേ യും, പററി അവരോടു സംസാരിക്കും; ഓരോരുത്തരോടും അവരുടെ ദുഃഖം നിറഞ്ഞ ഹൃദയങ്ങൾക്കു് എങ്ങനെ വി ശ്രാന്തി പ്രാപിക്കാമെന്നുപദേശിക്കും, അതുപോലെ പ്ര ശോഭിതമായ ജീവിതം എപ്രകാരം നവംനവങ്ങളായ ആ നന്ദം കണ്ടെത്തുമെന്നും; എൻെറ ശബ്ദം ഇടറിയാലും പതറിയാലും, എൻെറ അധരങ്ങൾ നിശ്ചലങ്ങളായി ബ്ഭവിച്ചാലും, പരസൌഭാഗ്യചിന്തനത്താൽ പ്രേരിത

നായി സ്വയം പ്രദമനം സാധിച്ചിട്ടുകൂടി അവിടുത്തെപ്പറ്റി അവരെഞ്ഞാൻ അറിയിക്കും. എന്തുകൊണ്ടെന്നാൽ അവിടുത്തെ സമ്പക്കം തദത്ഥം എന്നെ ശക്തിപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ അവിടുത്തെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുമ്പോഠം ശബ്ദകോലാഹലമെന്ന്യേയുള്ള കഥാകഥനം അതിൻെറ പാരമ്യം പ്രാപിക്കുന്നതാണ്. ഇത്തരത്തിലുള്ള ഒരു സ്നേഹിതദശനം അസ്ഥാനത്താകുകയില്ലെന്നു് എനിക്കറിയാം.

ഓ! ഭഗവൻ! യേശുവേ! ഇതരർ പരാജയം കണ്ടെത്തുന്ന സ്ഥലത്തു്, സ്നേഹിതാ! മററുള്ളവർ അസാദ്ധ്യമെന്നു വിധിക്കുന്ന പ്രദേശത്തു, അവിടുത്തെ ആയുർവ്വൃത്തിയുടെ ചരിത്രകഥനം സാധിച്ചു, അവരെ ഓരോരുത്തരേയും അവിടുത്തോടു സ്നേഹം പ്രദശിപ്പിക്കുന്നതിന്നു പ്രേരിപ്പിക്കുവാൻ എനിക്കു സാധ്യമായിരുന്നുവെങ്കിൽ! എന്നാൽ കഷ്ടമേ! അതൊരു മിഥ്യാഭിലാഷം മാത്രം. എങ്കിലും, എൻെറ ഈ ചുരുങ്ങിയ ജീവിതദിവസം ഞാൻ ചിലരുടെ മദ്ധ്യേ കഴിക്കുന്നു; മററുചിലർ എന്നോടുകൂടെ എൻെറ വസതിയിൽതന്നെ താമസിക്കുന്നു; വേറെ ഒരു കൂട്ടർ കൃത്യാന്തരബാഹുല്യത്താൽ കിടന്നു വലയുന്നവരായി ഞാൻ കാണുന്നു; കുറഞ്ഞപക്ഷം ഇവരെയെങ്കിലും അവിടുത്തെ മിത്രത്വസൌഭാഗ്യം ഞാൻ പഠിപ്പിക്കുന്നതിന്നു പോരുമോ? ഈ കുറഞ്ഞ എണ്ണത്തെയെങ്കിലും അവിടുത്തെ അനുഗ്രഹിതദാനമനുഭവിപ്പിക്കുന്നതിന്നു്, മഹാഘ്ലസ്നേഹത്തിൽ പങ്കുകൊള്ളിപ്പിക്കുവാൻ ഞാൻ കാ

രണമാകുമോ? ഓ! യേശുവേ! എന്റെ സ്നേഹമണ്ഡല ത്തിൽ പ്രകാശിക്കുന്ന ഏവനേയും അവിടുത്തെ മിത്രമാക്കിത്തീക്കുന്നതിന്നു് അവിടുന്നു കനിയേണമേ!

"അവിടുത്തെ കൂടാതെ എനിക്കു യാതൊന്നും പ്രവത്തിക്കുന്നതിന്നു സാദ്ധ്യമല്ല; ലോകം പ്രദാനം ചെയ്യുന്ന അമൂല്യങ്ങളും കാമ്യതമങ്ങളുമായ ദാനത്തേക്കാറം ശ്രേഷ്ഠമായ ഒരു നിധിയാകുന്നു എനിക്കു യേശുഭഗവാൻ: എന്നാൽ അവിടുത്തെ എത്ര ഉൽകൃഷ്ടതരനായി ഞാൻ ദശിക്കുന്നു, എത്ര വിശിഷ്ടനായി ഞാൻ വീക്ഷിക്കുന്നു, അതെ അതിശയിക്കുന്നവിധം നിനക്കു് അവിടുന്നു് എത്രത്തോളം കാമ്യനായിരിക്കുന്നുവെന്നു് അറിയുന്നതിന്നു് ഞാൻ അഭിലഷിക്കുന്നു.

# അദ്ധ്യായം 40.

---

## ദൈവാലയം.

"ഓ! ഇസ്രായേലിൻെറ പ്രത്യാശയെ! ക്ലേശഭരിതമായ സമയത്തിൽ ആശ്വസിപ്പിക്കുന്നവനേ! അവിടുന്ന് എന്തുകൊണ്ട് അവിടുത്തെ രാജ്യത്ത് ഒരു വിദേശനായിവത്തിക്കുന്നു; അവലംബസ്ഥാനം തേടുന്ന ഒരു യാത്രക്കാരനെപ്പോലെ എന്തുകൊണ്ടു വ്യാപരിക്കുന്നു; ശക്തനെങ്കിലും സ്വരക്ഷയ്ക്ക് അശക്തനെപ്പോലെ അലഞ്ഞുനടക്കുന്നത് എന്തുകൊണ്ട്?"

ഓരോ കത്തോലിക്കാ ദേവാലയവും ക്രിസ്തുവിൻെറ ഗൃഹമാകുന്നു. എന്നാൽ, നമ്മുടെ സ്നേഹാർഹക്കു സ്വാഗതമരുളുന്നതും സുഹൃത്തുക്കൾ പരസ്പരം സല്ലപിക്കുന്നതുമായ ഒരു സ്ഥലമാകുന്നു ഗൃഹമെന്ന സംജ്ഞയാൽ വിവക്ഷിക്കപ്പെടുന്നത്. മിത്രരഹിതനായ ഒരുത്തനു ഒരു ഗൃഹമുണ്ടാകുവാൻ സാധ്യമല്ലെന്നാണ് ഈ നിർവ്വചനം നമ്മെ പഠിപ്പിക്കുന്നത്. എന്തുകൊണ്ടെന്നാൽ പരിത്യക്തമായ ഒരു കെട്ടിടം ഒരു വീടായി തീരുന്നില്ല. എങ്കിലും ക്രിസ്തുവിൻെറ ഭവനം പരിവജ്ജിതമായിട്ടല്ലയോ ഇരിക്കുന്നത്. ഇതെപ്പററി, ജെറെമിയാസ്സിൻെറ വാക്യത്തിൽ നമുക്ക് അവിടുത്തോടു ചോദിക്കാം! "അവിടുന്ന്.................വ്യാപരിക്കുന്നു." ഓ! യേശുനാഥാ! അവിടുന്ന് സന്തോഷോത്തേജകമായ അഭിവന്ദനാലാപ

ത്തേയും, ഹൃദ്യാശ്ലേഷത്തേയും വൃത്ഥം അന്യരാജ്യത്തു അഭിലഷിക്കുന്നവനെപ്പോലെ വത്തിക്കുന്നതു് എന്തു കൊണ്ടു്? ഏതത്പ്രാപ്ത്യാത്ഥം അനഹനായി ബ്ഭവിച്ച തിനാൽ മിത്രാനന്ദരഹിതനായി ഒരു സത്രത്തിൽ കയറി പ്പററി ഹൃദയഭാരത്തെ പേറുന്നവനേപ്പോലെ വ്യാപരി ക്കുന്നതു എന്തുകൊണ്ടു്?

അവിടുത്തേ മറുപടിക്കു നാം ദത്തശ്രദ്ധന്മാരാകുന്നു വെങ്കിൽ അതിപ്രകാരം നമ്മുടെ കണ്ണേന്ദ്രിയങ്ങളിൽ ധ്വ നിക്കും "എന്തുകൊണ്ടെന്നാൽ ഇസ്രായേൽ എന്നെ അറിയുന്നില്ല; എൻെറ ജനം എന്നെ ഗ്രഹിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ അവർ എന്നെ വിസ്മരിച്ചു; അവി ശ്വസ്തരായ ഒരു ജനതക്കു എൻെറ കരം ഞാൻ നീട്ടി. അവരുടെ വികാരമനുസരിച്ചു ദുർമാഗ്ഗത്തിലൂടെ അവർ ചരിക്കുന്നു. അപരാധം എന്നിലല്ല; ഒരു മനുഷ്യനല്ല, ഒരു ദൈവത്തിനുപോലും പ്രവത്തിക്കാവുന്നതെല്ലാം ഞാൻ പ്രവത്തിച്ചിട്ടുണ്ടു്. അനാദിമുതൽ നിങ്ങൾ ഓരോരു ത്തരുടേയും, എല്ലാവരുടേയും സ്നേഹം കരഗതമാക്കുവാൻ ഞാൻ ദത്തശ്രദ്ധനായിരുന്നു. എൻെറ ദൈവത്വത്തെ ഞാൻ തിരോധാനം ചെയ്തു. ആകൃതിയിൽ ഞാൻ നി ങ്ങൾക്കു തുല്യനായ്ത്തീന്നു. മനുഷ്യവേഷം ഞാൻ ധരി ച്ചു. അല്പകാലം നിങ്ങളോടുകൂടെ ഇഹത്തിൽ വസിച്ചു. അനന്തരം നിങ്ങളെ വിട്ടുപിരിയുന്നതിനു ഞാൻ വിമു ഖനായി തീന്നു. നിങ്ങളുടെ മദ്ധ്യേ എൻെറ വാസ സ്ഥലം ഒരിക്കൽകൂടെ, എൻെറ മനുഷ്യപ്രകൃതിപോലും

ഗോപ്യമാക്കിക്കൊണ്ട്, ഞാൻ സ്ഥാപിച്ചു. "വചനം—മാംസം—ധരിച്ച" ഞാൻ അപ്പത്തിൻെറ സാദൃശ്യം കൈവരിച്ചു. ഞാൻ നിവസിച്ചതുപോലെ തന്നെ ഇപ്പോഴും വ്യാപരിച്ചുവരുന്നു. ദിവ്യമണ്ഡപത്തെ എൻെറ ഭവനമാക്കിപ്പകത്തുന്നതിന്നു് 1900 വത്സരങ്ങളിൽപരം—ദീർഘങ്ങളും മന്ദവാഹികളുമായ വഷങ്ങൾ—അവിടെ താമസിച്ചു. എന്തിന്? അതാണു് എൻെറ ഭവനം: എന്തുകൊണ്ടെന്നാൽ അവിടെയാണു് എൻെറ സ്നേഹിതന്മാക്ക ഞാൻ സ്വാഗതമരുളുന്നതു്. എന്നാൽ എൻെറ പ്രതീക്ഷ എപ്രകാരമാണു് വിഫലീഭവിച്ചിരിക്കുന്നതെന്നു നോക്കുക. യാതൊരുത്തക്കായി എൻെറ ജീവിതം ഞാൻ ഹോമിച്ചു, അവരിൽ നിരവധി പേർ സ്വമനസാ എന്നെ സംദശിക്കുകപോലും ചെയ്യുന്നില്ല. അവരിൽ ചിലർ ഘോരപാപഭയവിഹ്വലരായി, ഞായറാഴ്ച അതിരാവിലെയുള്ള ദിവ്യസംസ്കാരകമ്മത്തിൽ പങ്കുകൊള്ളുന്നു: ചുരുക്കംപേർ അടുത്തു എൻെറ പക്കൽ വരുന്നു. എന്നാൽ ഇവരിൽ വളരെ തുച്ഛം പേർ മാത്രമേ എന്നോടുള്ള നിരന്തരസഹവാസത്തിൽ ഹൃദ്യചിത്തരാകുന്നുള്ളൂ. ഹാ! ഞാൻ ദൈവമല്ലായിരുന്നുവെങ്കിൽ! ദൈനംദിനം അവിച്ഛിന്നമായി, നാളിതുവരെ അനുഭവിച്ചു വരുന്ന കൃതഘ്നത പേറുന്നതിന്നു ഞാൻ അപ്രാപ്തനാകുമായിരുന്നു. ഞാൻ മനുഷ്യരുടെ ഉത്തമസുഹൃത്താകുന്നു. 'എങ്കിലും ഞാൻ സ്വയം രക്ഷിക്കുവാൻ സാധിക്കാത്ത ഒരശക്തനെപ്പോലയും യാത്രികനെപ്പോലെയും ആകുന്നു.' മനുഷ്യരുടെമേൽ വഷിച്ചിട്ടുള്ള ബഹുല

ങ്ങളായ നന്മകൾക്കുപകരം അവർ പ്രദേശിപ്പിച്ചിട്ടുള്ള അനാസ്ഥകളും ഉദാസീനതകളും കുറഞ്ഞ പരിഹാരമെങ്കിലും എനിക്കു ആവശ്യപ്പെട്ടുകൂടെയോ. എന്റെ ഗൃഹം ഒരു യഥാൎത്ഥഭവനമാക്കുന്നതിന്നു നിന്നോടു എനിക്കു ആജ്ഞാപിച്ചുകൂടെയോ? ഓരോ മണിക്കൂറുകളിലും നിശ്ശബ്ദത ഭഞ്ജിക്കുന്നതിന്നും, ഇഷ്ടികകളിൽക്കൂടെ നടക്കുന്ന സ്നേഹിതരുടെ പാദചലനത്തിന്റെ പ്രതിധ്വനി മണിക്കൂറുതോറും ശ്രവിക്കുന്നതിന്നും ആ ദിവ്യമണ്ഡപത്തിലിരുന്നുകൊണ്ടു ഞാൻ അഭിലഷിക്കുന്നു. നിന്റെ തഥ്യതമനായ സ്നേഹിതൻ, ഞാൻ, ഏകനായി പരിത്യജിക്കപ്പെട്ടുകയോ?“............പ്രാസാദതളത്തിൽനിന്നുകൊണ്ടു് എന്റെ യാമം ഞാൻ നിൎവ്വഹിക്കും. എന്തൊന്നാണു് എന്നോടു പറയുന്നതെന്നു ഞാൻ ഉറ്റുസൂക്ഷിക്കും.”

നാഥനായ യേശുവേ! എന്റെ ജീവിതസ്മരണ എന്നെ ലജ്ജിപ്പിക്കുന്നു. എന്റെ അതീതജീവിതം എന്നെ ഭ്രാന്തചിത്തനാക്കുന്നു. എന്തുകൊണ്ടെന്നാൽ അന്നു് അവിടുത്തെ ശരിയായി ഞാൻ അറിഞ്ഞിട്ടില്ല. ഞങ്ങളുടെ ഹൃദയത്തെപ്പോലെ സ്നേഹരാഗത്താൽ തരളിതമാകുന്ന ഒരു ഹൃദയം അവിടുത്തേക്കുണ്ടെന്നു ഞാൻ തീരെ ഗ്രഹിച്ചില്ല. വിസ്മൃതനും ഏകാന്തനും ആയി അവിടുന്നു കഴിച്ചുകൂട്ടുന്നതിൽ അനുഭവിക്കുന്ന ക്ലേശം എനിക്കു അജ്ഞാതമായിരുന്നു. ആകസ്മികമായി മാത്രമാണു ഞാൻ അവിടുത്തെ വന്നുകണ്ടിട്ടുള്ളതു്. എന്റെ ഹൃദയം അപാരമായ സന്തോഷമോ, സങ്കടമോ, അനുഭവിച്ച

പ്പോഠ മാത്രമാണ അവിടുത്തെ സാമീപ്യം ഞാൻ പ്രാപിച്ചതു്. അവിടുത്തേ വികാരങ്ങഠ എന്നോടു പറയണമെന്നുള്ള ഒരാശപോലും എന്നിലുണ്ടായിരുന്നില്ല. അങ്ങയിൽ എന്നെ സംതൃപ്തനാക്കുന്നതിന്നുപോലും ഞാൻ പരാങ്മുഖനായിബ്ഭവിച്ചു. എൻെറ ഈ അവജ്ഞ അവിടുന്നു ക്ഷമിച്ചാലും ഒ! ഭഗവൻ! എൻെറ സ്വാത്ഥത്തെപ്പററി ചിന്തിക്കുമ്പോഠ ലജ്ജയാൽ എൻെറ മുഖം വിളറുന്നു. ഞാൻ ഒരു സ്വാൎത്ഥിയെങ്കിലും അവിടുന്നു എന്നെ സസന്തോഷം ഇപ്പോഠ സ്വീകരിക്കുമെന്നു് എനിക്കറിയാം. അവിടുത്തെ സമക്ഷം എൻെറ ആത്മാവിൻെറ വില മഹത്തരമാകുന്നു. അതിനാൽ ഒ! യേശുനാഥാ! അവിടുത്തെ ഞാൻ സംപ്രാപിക്കും. സാധ്യമാകുമ്പോളൊക്കെ അവിടുത്തെ പക്കൽ ഞാൻ സമാഗമിക്കും. സൗഹാർദ്ദപൂർവ്വം അവിടുന്നു എന്നോടു ചേരുന്നതിനും ഞാൻ ശ്രമിക്കും. അങ്ങയിൽ ഞാൻ സന്തോഷിക്കും.

## അദ്ധ്യായം 41.

### ദിവ്യസാന്ത്വനം.

"ദൈവത്തിൻെറ ജനതക്കു വിശ്രാന്തിക്ക് ഒരു ദിനമുണ്ട്."

ഹന്നിബാൾ സേനാധിപൻെറ യോദ്ധാക്കൾ അവരുടെ ആഫ്രിക്കൻ വസതികളെ വെടിഞ്ഞു; യൂറോപ്യൻ സമുദ്രതീരത്തെ അതിവേഗത്തിലതിക്രമിച്ചു; ആൽഫ്സ് പർവ്വതത്തിൻെറ അതിമോഹനമാർഗ്ഗത്തെ അതിലംഘിച്ചുപോയിരുന്നു. ഹേമന്തകാലമായിരുന്നതിനാൽ ശൈത്യത്തോടവർക്കു ധീരധീരം പോരാടേണ്ടിയിരുന്നു. അത്തരത്തിലുള്ള ശൈത്യം അവരുടെ സ്വദേശത്തൊരിക്കലും അവർക്ക് അനുഭവപ്പെട്ടിരുന്നില്ല. അതിനാൽ ആ മഹാസൈന്യനിര പതറുവാൻ തുടങ്ങി. അവരുടെ പാദം മരവിച്ചു വിറച്ചു തുടങ്ങി. അഭിശമനം അസാദ്ധ്യമെന്ന മട്ടിലായി. എന്നാൽ ആ വ്യാധി അല്പസമയത്തേക്കു മാത്രമാണ് അവരെ ഗ്രസിച്ചത്. ഹിമാവൃതമായ ശിഖരങ്ങളിൽ സദാ കളിയാടിയിരുന്ന നിശ്ശബ്ദത ഭഞ്ജിച്ചു, നിർഭയനായ ആ സേനാനിയുടെ ധീരോത്തേജകമായ പൗരുഷാട്ടഹാസം അവിടെയെല്ലാം പ്രതിധ്വനിച്ചു. "ആൽഫ്സ് പർവ്വതത്തിനുശേഷം ഇത്താലിയാരാജ്യം." പുനർജ്ജീവിച്ച ആത്മവിശ്വാസത്തോടെ ആ അസംസ്കാരവർഗ്ഗം അതീവ ഉന്മേഷഭരിതരായി ശിഥില

ശക്തി ക്രോഡീകരിച്ച് അലച്ചുകൊണ്ടിരുന്നു. പ്രചണ്ഡ മാരുതനെതിരായി തലയുയൎത്തി ഉറച്ചു കിടന്നിരുന്ന മഞ്ഞുകട്ടകളിലൂടെ ഊൎജ്ജസ്വലമായി നടകൊണ്ടു. ഈ ക്ലേശാവഹമായ പൎയ്യടനത്തിനുമദ്ധ്യേ മനോഹരമായ ഇത്താലിയാ മൈതാനം അവരുടെ മനസ്സിലുദിച്ചുയൎന്നു് നൎത്തനം ചെയ്തുകൊണ്ടിരുന്നു.

ശ്മശാനസ്ഥലത്തിന്റെ ഇക്കരയിൽ വെച്ചുതന്നെ നമ്മിൽ കുറച്ചുപേരെങ്കിലും ക്ലേശമാകുന്ന ആൽഫ്സ് പൎവ്വതം കണ്ടുമുട്ടും. സങ്കടസമ്പൂൎണ്ണമാകുന്ന ഇജ്ജീവിതത്തെ സങ്കടതരമാക്കുന്ന സമയം സമാഗതമാകും. അശ്രുസമ്പൂൎണ്ണമായ ഇജ്ജീവിതോഹരണമാൎഗ്ഗം തിക്തതരമായിത്തീരും. ആ അതിദുൎഗ്ഗമമായ മാൎഗ്ഗം കുനിച്ചു കയറുവാൻ നാം അശക്തരായി ബ്ഭവിക്കും. യഥാൎത്ഥത്തിൽ നമ്മുടെ ജീവിതത്തിൽ പല സൗഭാഗ്യാനന്ദങ്ങളുമുണ്ടു്. സങ്കടസമ്മിളിതങ്ങളല്ലാത്ത മധുരമയമായ സന്തോഷങ്ങളുമുണ്ടു്. കൂടാതെ, വാത്സല്യത്തോടുകൂടി നമ്മുടെ നേരെ നീട്ടിയിരിക്കുന്ന ദിവ്യകരങ്ങളുടെ സാഹായ്യം നമ്മുടെ മേൽ സദാ വർഷിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും മനുഷ്യപരമായ വ്യഥയും സമയഭാരവും നമ്മെ അലംപാക്കികൊണ്ടിരിക്കുന്നു. തമോനിമഗ്നമായ ഹൃദയത്തെ സന്തോഷജനകമായ്പ്പകൎത്തുവാൻ ആ നിമിഷം ചിലരുടെ സാമീപ്യം അവശ്യം ആവശ്യകമാകുന്നു. അപ്പോഠം പിതൃഗൃഹം കരഗതമാക്കുവാൻ നാം ക്ലേശിക്കുകയാണെന്നു നമ്മെ അനുസ്മരിപ്പിക്കുവാൻ ചിലർ വേണ്ടിവരും. ശ്രവണേന്ദ്രിയത്തിനു വിരളവും പ്രശാന്തവുമായ ആ വാക്യം; വിശ്വാ

സല്പ്രദീപം യാതൊരുവൻ എടുക്കാതെ ജ്വലിപ്പിച്ചുപോരുന്നു, അവനു വിദിതവും സുപ്രശസ്തവുമായ ആ വാക്യം, ദിവ്യമണ്ഡപത്തിൽനിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്നു.

എൻെറ അനന്തസ്നേഹത്തിനു് അഹനായ യേശുവേ! ദൈവത്തിൻെറ ജനത്തിനു ദിവ്യസാന്ത്വനത്തിനായി ഒരു ദിനമുണ്ടെന്നു അനുസ്മരിക്കേണമേ! ത്വരിതഗതികളായ കുറച്ചുവഷങ്ങൾക്കുശേഷം, ഈ ഹ്രസ്വജീവിതാവുധിക്കുശേഷം, നിത്യതപമാകുന്ന പിതൃഗൃഹത്തിലേക്കു ഞാൻ വന്നു നിന്നെ ആനയിക്കും. നിൻെറ ജ്യേഷ്ഠസഹോദരനായ എന്നോടൊന്നിച്ചു് അവിടെ നീ നിവസിക്കും. എൻെറ സ്നേഹക്കതിർ വിശ്വാസയവനികയുടെ ഉള്ളിലൂടെ മാത്രമേ നിന്നെ സ്പശിക്കുന്നുള്ളൂ. ഏതൊരുത്തനേയും നിമ്മലമായി സ്നേഹിക്കുന്ന ഒരു മാതാവോടൊന്നിച്ചു നീ വാഴും. ആൽഫ്സ് പവ്തത്തിനുശേഷം ഇത്താലിയാ; തത്തുല്യം ഇജ്ജീവിതാന്ത്യത്തിൽ സായൂജ്യം: പ്രവാസകാലത്തിനുശേഷം പിതൃഭവനം.

ദുഃഖപൂണ്ണമായ ലോകത്തിൽ പ്രവാസമനുഭവിക്കുന്നവരുടെമിത്രമായ യേശുവേ! എൻെറ പുരോഗമനത്തിലും, ആരോഹണമാഗ്ഗത്തിലും എന്നെ സന്തോഷചിത്തനാക്കുവാൻ അവിടുത്തെ ഞാൻ പ്രതീക്ഷിക്കുന്നു. എൻെറ ദീഘമല്ലാത്ത ജീവിതപയ്യടനം എൻെറ പിതൃഗൃഹം സമാഗമിക്കുന്നതിനാണു്. എന്നാൽ യേശുവേ! ആ ഭവനം ചിലപ്പോളൊക്കെ ദൂരദൂരം, അല്ല, അയഥാത്ഥമാണെന്നുപോലും തോന്നിപ്പോകുന്നു. എന്നാൽ എൻെറ

സത്തമനായ യജമാനാ! അവിടെ സസുഖം പ്രത്യാഗമിക്കുന്നതിന്നു് അങ്ങയെ ഞാൻ ശരണം ഗമിക്കുന്നു. എൻെറ സമീക്ഷണത്തിൽ പലപ്പോഴും പതറിക്കൊണ്ടിരിക്കുന്ന മറുകരയെ പുരസ്കരിച്ചുള്ള സ്നേഹത്താൽ പ്രേരിതനായി അവിടുത്തെ പക്കലോട്ടു വിടർത്തിയിരിക്കുന്ന കരങ്ങളെ ദശിച്ചാലും. ആര്യനായ സേനാധിപാ? നിശാന്ധകാരത്താൽ എൻെറ ലക്ഷ്യം ഞാൻ വിട്ടുപോകുമ്പോഠം, പിതൃഗൃഹത്തിൽനിന്നു് അതിവിദൂരം ഞാൻ സ്ഥിതിചെയ്യുമ്പോഠം കൈക്കുപിടിച്ചു് എന്നെ അവിടുന്നു നയിച്ചാലും.

"രക്തം പ്രസ്രവിക്കുന്ന അവിടുത്തെ ശരീരത്തിൽനിന്നു് അവിടുത്തെ ആത്മാവു് വിട്ടിറങ്ങിയതുപോലെ എൻെറ നാഡികളിൽനിന്നു ജീവിതം ക്രമശഃ അന്ത്യത്തിലേക്കു് ഒഴുകിക്കൊണ്ടിരിക്കുന്നു. ആ നിത്യസാഗരത്തിലോട്ടു പാഞ്ഞൊഴുകുന്ന എൻെറ ജീവൻ സസുഖം അതിലെത്തിച്ചേരുവാൻ കനിഞ്ഞാലും."

# അദ്ധ്യായം 42.

## ജീവിതാമോദം.

യാതൊരുത്തൻേറയും ജീവിതം അവിച്ഛിന്നം സുഖത്തോടെ അന്ത്യംപ്രാപിക്കുന്നില്ല. സുഖദുഃഖങ്ങൾ ഇടകലൎന്നു, ദൈവനിശ്ചിതസമയത്തു നമ്മെ എത്തിച്ചേരുന്നു. അവ നമ്മുടെ അത്യുൽകൃഷ്ടമായ കൎമ്മചൎയ്യ പരിപൂൎണ്ണമാക്കിക്കൊണ്ടിരിക്കുന്നു. അതെ നമ്മുടെ ജീവിതത്തെ അവ അലങ്കരിക്കുന്നു. ചിലപ്പോൾ നാം സന്താപഗ്രസ്തരാകുന്നു. സങ്കടം മറവിലൊളിഞ്ഞു് എത്തിനോക്കിക്കൊണ്ടിരിക്കുമ്പോൾ, ആനന്ദം സസന്തോഷം നമ്മിൽ നൎത്തനം ചെയ്യുന്നു. ഇന്നു സന്തോഷാഗ്നിക്കരികെ നാം ആസനസ്ഥരാകുന്നു. ദുഃഖതമസ്സ് നമ്മുടെ മനോരംഗത്തു വിജയപതാക പറപ്പിച്ചുകൊണ്ടിരിക്കുന്നില്ല. നാളെ നമ്മുടെ നിരവലംബം നശ്വരമായ ലോകത്തിലെ പൂൎവ്വക്ലേശത്തിൻേറ ചരിത്രങ്ങളായി വൎത്തിക്കുന്നു. ജീവിതം ക്ലേശാവഹമായ ഒരു യാഥാൎത്ഥ്യം! ദാരുണസ്വപ്നദൎശനത്താൽ വഞ്ചിതനായി, നമ്മുടെ അല്പമനോരഥം തരളമാകുമാറു ചിലപ്പോൾ ജീവിതം അതീവക്ലേശാവഹമായ ഒന്നായി ബ്ഭവിക്കാറുണ്ടു്. ബാല്യദശ, മനോമോഹനമായ ഒരു രാജ്യം നമ്മിൽ ചിത്രീകരിച്ചിരുന്നു. അവിടെ പ്രൗഢവയസ്കന്മാർ യഥേഷ്ടം വ്യവഹരിക്കുന്നതായി, അത്ഭുതകരമാംവണ്ണമുള്ള സൗഭാഗ്യം അനുഭവിക്കുന്നതായി, ബാല്യത്തിൽ നാം ദൎശിച്ചിരുന്നു.

പരദ്വേഷം ജനിപ്പിക്കത്തക്ക സ്വാതന്ത്ര്യം കൈവന്നവ രായി നാം അവരെ നോക്കിക്കൊണ്ടിരുന്നു. എന്നാൽ ശൈശവദശയിലെ വികാരങ്ങൾ അസ്തമിച്ചു: തത്തുല്യം കല്പനാത്മകമായ സൗഭാഗ്യവും ആനന്ദസൗധവും സമയ പൂൎണ്ണതയിൽ ജീവിതം അതിൻെറ സഹജമായ നശ്വര ലക്ഷണം പ്രകടിപ്പിക്കുവാൻ തുടങ്ങി. തുടിച്ചുകൊ ണ്ടിരുന്ന ഹൃദയം മുമ്പേതന്നെ ശോകഭാരം വഹിച്ചു പോന്നു. പോരെങ്കിൽ, നമ്മിൽനിന്നു ദേഹവിയോ ഗം വഴി, മറുകര പ്രാപിച്ചവരെപ്പററിയുള്ള പരിതാപം; ജീവിതമാസ്വദിക്കുന്നവരെപ്പററിയുള്ള സഹതാപം; ദൈ വം സ്വപരിചരണാൎത്ഥം ആഹ്വാനം ചെയ്യുന്നവരുടെ ജീവിതത്തിരഞ്ഞെടുപ്പ്, ഉല്ലംഘിക്കുവാൻ അസാധ്യമാ യി വരുമ്പോൾ നമ്മിലുളവാകുന്ന ഹൃദയവ്യഥ. പ്രാപ്ത ക്ഷയദിനങ്ങളോടു ബഹുധാ സംപ്രാപിക്കുന്ന രോദനാഹ മായ ദോഷാചാരം ജനിപ്പിക്കുന്ന ഹൃദയപീഡ: എന്നാൽ പ്രകാശം അന്ധകാരത്തെ ദൂരീകരിക്കുന്നതു പോലെ തന്നെ, ആമോദം ഇതാ കൈവന്നിരിക്കുന്നു. ക്ലേശാവസാ നത്തിൽ മകുടീകൃതമായ ഉദ്യമങ്ങളുടെ ദീൎഘകഥാകഥ നത്താൽ നമ്മുടെ സ്നേഹിതരോടുകൂടി സമയം വ്യയം ചെ യ്തിരുന്നപ്പോൾ നമ്മിലുൽഭൂതമായ ശ്ലാഘ്യാഹ്വവിജയാന ന്ദം: തജ്ജന്യമായ സൗഭാഗ്യം; ഇഹത്തിലെ അന്ധകാര ത്തെ എതിൎത്തു് കീഴ്പ്പെടുത്തുന്നതിന്നു്, സ്വയം ഖഡ് ഗചൎമ്മങ്ങൾ ധരിച്ചു്, പരിപക്വദശ പ്രാപിക്കുന്ന വ ത്സലസന്താനങ്ങളെ ദശിക്കുന്നതിൽ നിന്നു പൊങ്ങിവരു ന്ന മാതാപിതാക്കന്മാരുടെ പ്രമോദം: സ്വസ്രഷ്ടാവിനെ സ്നേഹിക്കുന്നതിന്നു ഓരോ ആത്മാവിനേയും രോഗശയ്യ

ക്കരികയോ, അധ്യയനമുറിയിലോ, സൂര്യതാപം സഹി
ക്കാതെ, ദിവസം മുഴുവൻ ക്ലേശിക്കുന്ന മഹതിമഹാന്മാരു
ടെ ഹൃദയഹർഷം!

ജീവിതം അതിൻെറ ക്ലേശം അനുഭവിക്കുന്നു. ത
ത്തുല്യം അതിൻെറ ആനന്ദവും: എന്നാൽ അവിടുത്താര
യുടെ മുമ്പിൽ അവ അർപ്പിതമാകുന്നില്ലെങ്കിൽ, അവ
അതി തീവ്രമായിരിക്കും. എന്തുകൊണ്ടെന്നാൽ പകൽ
സമയത്തു സൂര്യതാപത്തിൽനിന്നു നമ്മെ വിമുക്തരാക്കു
വാൻ അവിടെ ഒരു ദിവ്യമണ്ഡപമുണ്ടു്. പ്രമോദദിവാ
കരൻ ഉദയം ചെയ്യുന്ന സമയത്തു്, സർവ്വും നമ്മെ
അഭിമുഖീകരിക്കുന്ന സമയത്തു്, ദൈവത്തെ വിസ്മരി
ക്കുന്നതിന്നുപോലും നാം ഇഷ്ടപ്പെടുന്നവരായിക്കാണുന്നു
ണ്ടു്. "മാരിയിൽനിന്നും പ്രചണ്ഡമാരുതനിൽനിന്നും സ
മാശ്രയവും ആലംബവു"മെന്ന വാക്യത്താൽ പ്രലോ
ഭനാന്ധകാരവും തജ്ജന്യമായ ഹൃദയഭാരവും സൂചി
പ്പിക്കുന്നു: ബാലാമെന്ന പ്രവാചകൻ, സ്വന്തം വിജ്ഞാ
നത്തെ അതിശയിക്കുമാറു നമ്മോടു സംഭാഷിക്കുന്നു. ഓ!
യാക്കോബേ! ഓ! ഇസ്രായേൽ! അവിടുത്തെ കൂടാരവും ദി
വ്യമണ്ഡപവും എത്രമാത്രം സൗന്ദര്യാവഹം! മനുഷ്യരക്ഷ
കർ അധിവസിക്കുന്ന ദിവ്യമണ്ഡപം! അല്പകാലത്തേക്കു
മനുഷ്യപുത്രൻ ശയിക്കുന്ന കൂടാരം. 'വൃക്ഷനിബിഡമാ
യ താഴ്‌വരകളെപ്പോലെ, നദീപാർശ്വങ്ങളിലുള്ള പൂ
ന്തോട്ടങ്ങളെപ്പോലെ, ദിവ്യനാഥൻ നിർമ്മിച്ചിരിക്കുന്ന
ദിവ്യമണ്ഡപങ്ങളെപ്പോലെ, ജലത്തിനരികെ വളരുന്ന
താരകവൃക്ഷങ്ങളെപ്പോലെ അവിടെ സത്തമനായ ഒരു

യജമാനനുണ്ട്. പൗരാണികകാലത്ത്, കുലടമഗ്ദലേനയെ പ്രതീക്ഷിച്ചിരുന്നതുപോലെ, നമ്മെ ആശ്ലേഷിക്കുന്നവൻ അവിടുന്ന് ഉററു നോക്കിക്കൊണ്ടിരിക്കുന്നു. ഗലിലായിൽ തൻെറ എളിയവീട്ടിൽ കയറിച്ചെന്നു വാതുക്കൽ തട്ടിയ ആ അനാരോഗ്യൻെറ അപേക്ഷ സ്വീകരിച്ചതുപോലെ, ആവശ്യസമയത്തു, നമ്മുടെ പാദശബ്ദം പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ശ്മശാനസ്ഥലത്തിനു അപ്പുറമുള്ള ദിവ്യഭവനത്തിലേക്കുള്ള നമ്മുടെ യാത്രയിൽ മാർഗ്ഗഭ്രംശം പിണയാതിരിപ്പാൻ, എന്നും നമ്മെ നിയന്ത്രിച്ചാനയിക്കുന്ന പകൽസമയത്തെ ഒരു മേഘപടലവും രാത്രിസമയത്തെ ഒരു ഉജ്ജ്വലമായ അഗ്നിപ്രകാശവും ധൂമപടലവുമായിരിക്കും അവിടുന്ന് നമുക്ക്.

ഭഗവൻ! സൗമ്യനായ രക്ഷകാ! അവിടുന്ന് സ്നേഹിക്കുന്നവരെപ്പററി അത്ഭുതകരമായ മുൻവിചാരണയുള്ള ദൈവമേ! എനിക്കേകനായി അഭിമുഖീകരിക്കുവാൻ വിഷമാവഹമായ ഒരു വിഷയമാകുന്നു ജീവിതം. എൻെറ വിജയത്തിൽ ഞാൻ ആശ്ചര്യഭരിതനാകാതെയിരിക്കുവാൻ, അന്ധകാരത്തിൽപെട്ടു നശിച്ചുപോകാതിരിക്കുവാൻ, അവിടുത്തെ മാർഗ്ഗദർശകനായി ലഭിക്കുന്നതിന്നു ഞാൻ ആഗ്രഹിക്കുന്നു. ദിവ്യനാഥാ! അവിടുന്ന് എൻെറ പക്കലധിവസിച്ചാലും! എന്നെ ഏകാന്തനായി പരിത്യജിക്കരുതേ! അവിടുന്ന് എൻെറ പക്കൽനിന്നു മുഖം തിരിക്കുകയില്ലെന്ന് എനിക്കറിയാം. പക്ഷെ ഞാൻ പറയുന്നതിൻെറ സാരമിതാകുന്നു. അങ്ങുന്നു എൻെറ പക്കലുണ്ടെന്ന

നുസ്മരിക്കുന്നതിന്നു, ഗ്രഹിക്കുന്നതിന്നു, അവിടുന്നു് കനിഞ്ഞാലും: ജീവിതസൂൎയ്യൻ പരിപൂൎണ്ണാമോദത്തോടെ എന്നിലുദിച്ചുയരുമ്പോൾ, ലജ്ജ അഗണ്യമാക്കിക്കൊണ്ടു്, മുമ്പിലിരിക്കുന്ന ആനന്ദം വിസ്മരിച്ചു്, ക്രൂശും വഹിച്ചു്, ശോകസംപൂൎണ്ണമായ മനുഷ്യ-രൂപത്തെ സ്മരിക്കുവാൻ എന്നെ അനുഗ്രഹിച്ചാലും: നമ്മുടെ സ്നേഹാൎഹമായ ആനന്ദപ്രകാശത്തെ ഇരുളടയ്ക്കുവാൻ സങ്കടധൂമപടലം പൊങ്ങുമ്പോൾ ഞാനിപ്രകാരം അനുസ്മരിക്കട്ടെ. ഇവൻ അവിടുത്തെ മാത്രമാണു് അഭിവന്ദിക്കുന്നതെന്നു ദൃഢവിശ്വാസമുണ്ടാകട്ടെ: ഇവൻ പ്രലോഭിതനാകുന്നുവെങ്കിൽ അതു മകുടം ധരിക്കുന്നെന്നും, അതു് ഇപ്പോൾ പീഡനത്തിനു കയ്യാളിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ അപ്പോൾ അതു സുരക്ഷിതമാകുമെന്നും, അതു് ഇന്നും സ്മരണത്തിനു വിധേയമായിരിക്കുന്നുവെങ്കിൽ അന്നു കാരുണ്യത്തിനൎഹമാകുമെന്നും, എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ നാശത്തിൽ അവിടുന്നു് സന്തോഷചിത്തനാകുന്നില്ല; പ്രശാന്തത, പ്രചണ്ഡമാരുതനെ അനുഗമിക്കുവാൻ അവിടുന്നു് കനിയുന്നു; അശ്രുപ്രവാഹാനന്തരം, വിലപനാനന്തരം, ഞങ്ങൾ സന്തോഷമാധുൎയ്യമനുഭവിക്കുവാനും അവിടുന്നു് കാംക്ഷിക്കുന്നു. “ലോകം മുഴുവനും ശോകനിമഗ്നയായിവൎത്തിക്കുമ്പോൾ, നിശാതുല്യമുള്ള അന്ധകാരത്തിലാവൃതമാകുമ്പോൾ, ദിവ്യനാഥാ! ഇഹത്തിൽ സൎവ്വദാ പ്രകാശമാനമായി വിളങ്ങുന്ന ഒരു സ്ഥലം, ദിവ്യമണ്ഡപം, ഉണ്ടെന്നു എന്നെ അനുസ്മരിപ്പിച്ചാലും.”

## അദ്ധ്യായം. 43.

---

### ദിവ്യവത്സരം.

"എന്റെ അതീതദിവസത്തെപ്പററി ഞാൻ ചിന്തിച്ചു; നിത്യത്വം എന്റെ ബോധത്തിൽ പരിലസിച്ചിരുന്നു. അതേപ്പററി ഞാൻ ധ്യാനിച്ചു."

ദിവ്യനാഥന്റെ മറെറാരു വത്സരവും ഇതാ കാലചക്രഭ്രമണത്തിന്റെ മദ്ധ്യേ നമ്മെ അതിക്രമിച്ചു. മന്ദമന്ദം കടന്നുപോയിട്ടുള്ള സമയത്തിന്റെ ശേസഹസ്രക്കണക്കിനുള്ള നിമിഷത്തിൽ ഒന്നിനെയെങ്കിലും തടയുവാൻ ശക്തമായ കരം ഉയർത്തുവാൻ ശക്തനായ മനുഷ്യനില്ല. ദിവ്യനാഥന്റെ മറെറാരുവർഷം! വിസ്മൃതകാലത്തെ അതീതപ്രവൃത്തികളെ ഫലസംപുഷ്ടലമായ സ്മരണേന്ദ്രിയത്തിന്റെ ഭണ്ഡാഗാരത്തിൽനിന്നു, ഇന്നു, വിസിൽവെസ്റ്ററിന്റെ തിരുനാൾ സാഘോഷം കൊണ്ടാടുന്ന ഈ രാത്രി, ഉദ്ദീപ്തമാക്കി മനനംചെയ്യുന്നതായാൽ അവ അത്ഭുതാവഹങ്ങളായിരിക്കും. പുതുവത്സരം അതിന്റെ നവവും പ്രകാശമാനവും ആയ മാർഗ്ഗം നമുക്കു വെളിപ്പെടുത്തിയപ്പോൾ എത്ര ആഹ്ളാദത്തോടുകൂടിയാണു നമ്മൾ അതു് അഭിമുഖീകരിച്ചതു്. അപ്പോൾ ക്രിസ്തുവിനുവേണ്ടി സഹിക്കുന്നതിന്നും തപിക്കുന്നതിന്നും എ

ത്രമാത്രം സനാഥരായിരുന്നു നാം, എന്നാൽ ദിനം ദിനത്തെ അനുഗമിച്ചു; ദിനം ആഴ്ചയായിപ്പകന്നു: ആഴ്ച മാസമായിബ്ഭവിച്ചു. അതോടെ നമ്മുടെ നശ്വരജീവിതത്തിലെ ക്ലേശങ്ങൾ തീവ്രതരങ്ങളായിത്തീൎന്നു. ഏതത്കാരണത്താൽ നമ്മുടെ ഉത്കൃഷ്ടനിൎണ്ണയങ്ങളിൽനിന്നും നാം വ്യതിചലിച്ചു. എന്നാൽ നമ്മുടെ ഉപേക്ഷ അവിചാരിതമല്ലായിരുന്നു. ദൈവം പ്രകീൎത്തിക്കപ്പെടട്ടെ. എന്തുകൊണ്ടെന്നാൽ പിന്നേയും നമ്മുടെ ദൃഷ്ടി ക്രിസ്തുവിൽ സ്ഥിരീകരിച്ചു. അവിടുന്നാണു "നമ്മുടെ വിശ്വാസത്തിൻെറ കൎത്താവും നിവൎത്തകനും." യോഗ്യോചിതമായി പ്രതിജ്ഞാപരിപാലനാൎത്ഥം നമ്മൾ അദ്ധ്യവസായം ചെയ്തു. എങ്കിലും ചിലപ്പോളൊക്കെ നാം ക്ഷീണബലരായിബ്ഭവിച്ചു. നിൎദ്ദിഷ്ടാദശത്തിൽ നാം നിരുത്സാഹന്മാരായിത്തീൎന്നു. നമ്മുടെ പിശുനാധരങ്ങളിൽനിന്നു അസ്നേഹപരമായ വാക്യം നിൎഗ്ഗളിച്ചു; സരോഷനയനങ്ങളിൽനിന്നു പ്രതിക്രിയാസ്മരണം ദൎശിച്ചുതുടങ്ങി. അസൂയാസ്തൃത്തരംഗമായ നമ്മുടെ മനസ്സിൽ ദോഷപരമായ വിചാരം സ്ഥലംപിടിച്ചു. നമ്മുടെ ദിവ്യാഹ്വാനത്തിൻെറ മാഹാത്മ്യം നമ്മൾ വിസ്മരിക്കുകയും ചെയ്തു. മുൾക്കിരീടം വഹിക്കുന്ന രാജനെ അതിദൂരെനിന്നു നാം അനുഗമിച്ചു. ലോകത്തിനും അതിൻെറ മിഥ്യാശോഭനത്തിനും നമ്മെ ആകൎഷിക്കുവാൻ സുതരാം സാധിച്ചു. ക്ഷണികാനന്ദത്തിൽ ഹൃദയവിശ്രാന്തി കണ്ടെത്തുവാൻ നാം പരിശ്രമിച്ചുതുടങ്ങി.

കൃപാപൂർവ്വം നീട്ടിയിരിക്കുന്ന ദൈവതൃക്കരം അനുഗ്രഹം വർഷിച്ചുകൊണ്ടു സർവ്വദാ—അഹന്നിശം—നമ്മെ ശക്തിപ്പെടുത്തിപ്പോരുന്നു. ക്രിസ്തുമസ്കാലം, ഉയിപ്പുകാലം, നോമ്പുകാലം, അമ്പതാംതിരുനാളവസരം, പ. ക. മറിയത്തിൻെറ തിരുനാൾ മഹാമഹം, എന്നിവ മഹാർഹമായ പ്രസാദവരം നമുക്കു പ്രദാനംചെയ്യുന്നു. നാം ഉണർന്നു എഴുന്നേല്ക്കുന്ന ഓരോ പ്രഭാതത്തിലും ദിവസത്തിൻെറ ക്ലേശത്തിൽനിന്നു വിമുക്തമാകുന്ന ഓരോ പ്രദോഷത്തിലും, മദ്ധ്യാഹ്നസമയത്തും നവീകരണോദകമായ പാരത്രികപ്രസാദവരം നമുക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്നു. പല പ്രഭാതത്തിലും, അല്ല, ദൈവകൃപാതിരേകത്താൽ ഓരോ അരുണോദയസമത്തും ഒരു പക്ഷേ, ദിവ്യരാജൻെറ സിംഹാസനത്തിങ്കൽ നാം സാഷ്ടാംഗപ്രണാമംചെയ്തിട്ടുണ്ടാകാം. ദിവ്യനാഥൻ ഹീനവേഷധാരിയായി നമ്മെ അടുത്തു. ഹൃദയമണ്ഡപത്തു ആസനസ്ഥനാകുന്നു. ആ ദിവസങ്ങൾ അനുഗൃഹീതങ്ങളായിരുന്നു: ദൈവം അവരോഹണം ചെയ്തു നമ്മിലധിവസിച്ച നിമിഷം സൗഭാഗ്യാവഹം തന്നെ. ഇക്കാരണത്താൽ അതു 'ദിവ്യവത്സര'മെന്നു ആഹ്വാനം ചെയ്യപ്പെടുന്നതു സമുചിതം. സേനാനിയായ യേശു നമ്മുടെ പാർശ്വത്തിൽ നില്ക്കുമ്പോളല്ലാതെ, യാതൊരു നിമിഷവും നിത്യതയിലേക്കു ലയിച്ചുചേരുന്നില്ല; യാതൊരു വിനാഴികയും നമ്മെ ശ്മശാനത്തിലോട്ടു അടുപ്പിക്കുന്നില്ല. അവിടുന്നു് സർവ്വദാ സുദൃഢമായ വിജയപോരാട്ടത്തിനു

നമ്മെ ശക്തിപ്പെടുത്താത്തതായ ഒരു നിമിഷവുമില്ല. ഇ ഹത്തു ദൈവം മനുഷ്യനെ സൃഷ്ടിച്ച നിമിഷംമുതൽ, ച ക്രവാളത്തിൻെറ ഒരററംമുതൽ മറെറ അററംവരെ തിര ഞ്ഞാലും, നിൻെറ ജീവിതത്തിനുമുമ്പു് അതീതമായിരി ക്കുന്ന പൗരാണികകാലത്തേക്കു കണ്ണുതിരിച്ചാലും! ഇത്ത രത്തിലുള്ള ഒരു സംഗതി സംഭവിച്ചിട്ടുള്ളതായി അറിയു കയില്ല.

എൻെറ ഈശ്വരാ! മറെറാരു വർഷംകൂടെയിതാ കടന്നുപോകുന്നു. അവ്വണ്ണമാകട്ടെ, അവിടുത്തെ ശിഥി ലബലനായ യോദ്ധാവിനെ നമ്രമുഖനാക്കുന്നതിനുള്ള കാരണങ്ങൾ ധാരാളം. ലജ്ജാകരമായ അനവധി ദുരാ ചാരം അനുഷ്ഠിക്കുന്നുണ്ടെങ്കിലും, അവിടുത്തെ അനല്പമാ യ പ്രസാദവരമാഹാത്മ്യത്താൽ എൻെറ ലക്ഷ്യം ഞാൻ നഷ്ടീഭവിപ്പിച്ചിട്ടില്ല. അങ്ങെ പതാക ഞാൻ മലിനീ ഭവിപ്പിച്ചിട്ടില്ല. ശക്തനായ നായകാ! ഞാൻ ഒരു പുതു വർഷം അഭിമുഖീകരിക്കുന്നതിനു തുടങ്ങുന്നു. ഏതൊ രു ക്ലേശാവഹമായ പോരാട്ടത്തിലാണു ഞാൻ ഏൎപ്പെടു വാൻ പോകുന്നതെന്നു എനിക്കു അറിഞ്ഞുകൂടാ. അവി ടുത്തെ ശക്തിമാഹാത്മ്യംമുഖേന എന്തും സഹിച്ചു സാ ധിക്കുവാൻ അങ്ങയുടെ ഭടൻ തയ്യാറാണു; ഒരു ദിവസം തദ്ദൃശ്യമത്തിൽ മരണം ആശ്ലേഷിക്കുവാനും എൻെറ രാ ജാവെ! നാഥാ! പ്രകാശപ്രമോദങ്ങളായ ദിവസം അനു ഭവിക്കുമ്പോൾ എൻെറ പാൎശ്വത്തിൽ അവിടുന്നു എഴു ന്നെള്ളിയാലും. ദിവ്യനാഥൻെറ അവസാനമധുരതമമാ

യ വത്സരം! വേഗം അവസാനിപ്പിക്കത്തക്ക മനുഷ്യ ശക്തിയെ അതിശയിക്കുന്ന ദുഃഖസംപൂൎണ്ണങ്ങളായ അന്തിമപോരാട്ടം കഴിയുന്നതുവരെ എന്നെ അതിക്രമിക്കുന്ന അന്ധകാരത്തിനു എതിരായി എന്നെ കവചം ധരിപ്പിച്ചാലും.

"വേറെയൊരു വർഷമിതാ ഉദയംചെയ്യുന്നു: എന്തിനു? പ്രയത്നിക്കുന്നതിനോ പ്രതീക്ഷിക്കുന്നതിനോ! അഥവാ, ഇഹത്തിലോ പരത്തിലോ."



St. Mary's Orphanage Press, Trichur.

# ശുദ്ധിപത്രം.

| പക്ഷം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 7 | 1 | അവിടുത്തേയും | അവിടുത്തെ |
| 8 | 3 | നാമും | നമുക്കും |
| 15 | 16 | പ്രതദിനം | പ്രതിദിനം |
| 18 | 13 | കൂടിയ | കൂടിയതുമായ |
| 22 | 13 | നിരോധിച്ച | നിരോധിച്ചും |
| 39 | 8 | അവഗണിച്ച | അവഗണിച്ചു |
| 53 | 20 | ഇദ്യമിക്കാം | ഉദ്യമിക്കാം |
| 84 | 23 | കാരഗാരം | കാരാഗാരം |
| 89 | 18 | തുടങ്ങിയതു | ഇടുങ്ങിയതു |
| 98 | 11 | അവർ | അവരുടെ |
| 111 | 10 | പ്രവൃദ്ധമാന | പ്രവർദ്ധമാന |
| 137 | 17 | അനുഗ്രഹീതവും | അനുഗൃഹീതവും |
| 156 | 14 | കാംക്ഷച്ചി | കാംക്ഷിച്ചു |
| 169 | 19 | വ്യഹരിക്കുന്ന | വിഹരിക്കുന്ന |

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|